ബദർ
വീക്കിലി ഖാദിയാൻ
The weekly
BADAR Qadian
Malayalam

## സീറത്തുന്നബി സ്പെഷ്യൽ

# ഉള്ളടക്കം

വിശുദ്ധഖുർആനിൽ
നബി ﷺ തിരുമേനിയുടെ അനുഗൃഹീതനാമം

നബി ﷺ തിരുമേനിയുടെ
അമൂല്യമായ ഉപദേശങ്ങൾ

ഉപദേശങ്ങൾ
സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)

ഖലീഫത്തുൽമസീഹിന്റെ
ജൽസാ സമാപനപ്രഭാഷണം ഖാദിയാൻ 2018

ഉഹുദു രണാങ്കണത്തിലെ
ഉദ്വേജക നിമിഷങ്ങൾ

നബി ﷺ തിരുമേനിയുടെ ജീവചരിത്രം
(മാനവികതയോടുള്ള ആദരവ്)

സ്വലാത്തിന്റെ അനുഗ്രഹങ്ങളും
ആത്മീയ സ്വാധീനങ്ങളും

നബി ﷺ തിരുമേനിയുടെ
വിട്ടുവീഴ്ചയും മാപ്പും

മക്കളുടെ ശിക്ഷണവും
നബി ﷺ തിരുമേനിയുടെ മാതൃകയും

## നബി(സ)തിരുമേനിയുടെ അത്യുന്നതസ്ഥാനം കൊണ്ട് റോമാചക്രവർത്തിപോലും തനിക്ക് അദ്ദേഹത്തെ കാണാൻ ഭാഗ്യം കിട്ടിയാൽ അദ്ദേഹത്തിന്റെ കാലുകഴുകുമായിരുന്നുവെന്ന ആഗ്രഹം പ്രകടിപ്പിച്ചു.

സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്ത്വഫാ(സ)യെ അല്ലാഹു മനുഷ്യകുലോത്തമനും നബിമാരിൽ ശ്രേഷ്ഠനും എല്ലാ നബിമാരുടേയും നേതാവും ഖാത്തമുന്നബിയ്യീനുമാക്കി നിയമിച്ചു. അവിടത്തെ സൃഷ്ടിപ്പിന്റെ കാരണം പ്രപഞ്ചമാണ്. 'ഖുദ്സി'യായ ഹദീഥുണ്ട്: 'മുഹമ്മദേ! നിന്നെ ഞാൻ സൃഷ്ടിക്കാൻ ഉദ്ദേശിച്ചിരുന്നില്ലെങ്കിൽ ഞാൻ പ്രപഞ്ചത്തെതന്നെ സൃഷ്ടിക്കുമായിരുന്നില്ല.' നബി(സ)തിരുമേനി സ്വയമേവ പറഞ്ഞു: അനാ സയ്യിദു വുൽദി ആദമ. ഞാൻ മനുഷ്യരാശിയുടെ നേതാവാകുന്നു. അല്ലാഹു വിശുദ്ധഖുർആനിൽ തന്റെ സ്നേഹം കരസ്ഥമാക്കുന്നതിന് നബി(സ)തിരുമേനിയുടെ അനുധാവനം നിർബന്ധമാക്കി നിശ്ചയിച്ചിരിക്കുന്നു. ഇപ്രകാരംതന്നെ വിശുദ്ധഖുർആനിൽ അല്ലാഹു തന്റെ പ്രവൃത്തിയെ അവിടത്തെ പ്രവൃത്തിയായും അദ്ദേഹത്തിന് ചെയ്യുന്ന ബയ്അത്ത് തനിക്കു ചെയ്യുന്ന ബയ്അത്തായും നിശ്ചയിച്ചിരിക്കുന്നു. നബി(സ)തിരുമേനിയുടെ അത്യുന്നതമായ സവിശേഷഗുണത്തിന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു. ആത്മീയലോകത്തെ തിളങ്ങുന്ന സൂര്യനായി ആ മഹാത്മാവിനെ വിശേഷിപ്പിക്കുന്നു. മനുഷ്യകുലത്തോടുള്ള അവിടത്തെ സ്നേഹത്തെ സംബന്ധിച്ചിടത്തോളം അത് എത്രമാത്രം കടുപ്പമുള്ളതായിരുന്നുവെന്നാൽ അല്ലാഹു പറയുന്നു: 'മുഹമ്മദേ! ഈയാളുകൾ വിശ്വസിക്കാത്ത കാരണത്താൽ നീ നിന്നെത്തന്നെ നശിപ്പിച്ചുകളയുമോ?' ഈമാനില്ലാത്ത കാരണത്താൽ, ഏതൊരു ഉന്നത അസ്തിത്വത്തിന്റെ ജ്ഞാനത്തിൽനിന്നാണോ അവർ നിഷേധിക്കപ്പെട്ടിരുന്നത്, ആ ദുഃഖമായിരുന്നു വാസ്തവത്തിൽ അദ്ദേഹത്തിന്. അല്ലാഹുവിനോടുള്ള അവിടത്തെ സ്നേഹവും മനുഷ്യകുലത്തോടുള്ള അവിടത്തെ അനുകമ്പയും ശരിയായനിലയിൽ അളക്കുക എന്നതും അവിടത്തെ ഉന്നതവും ഉദാത്തവുമായ തേജോവിലാസം മനസ്സിലാക്കുകു എന്നതും ആരുടേയും കഴിവിൽപെട്ടതല്ല എന്നതാണ് യാഥാർഥ്യം.

അവിടത്തെ ഉന്നത സ്ഥാനവും പദവിയും പോലെതന്നെ അവിടത്തോടുള്ള ശത്രുതയും ഏറ്റവും കൂടുതലായിരുന്നു. ഏറ്റവും കൂടുതൽ തെറി വിളിച്ചത് അദ്ദേഹത്തെ ആയിരുന്നു. ഏറ്റവും കൂടുതൽ ആക്ഷേപം ഉന്നയിക്കപ്പെട്ടത് അദ്ദേഹത്തിന്റെ മേലായിരുന്നു. കോടിക്കണക്കിന് ഗ്രന്ഥങ്ങൾ ഇസ്‌ലാമിനും ഇസ്‌ലാംമത സ്ഥാപകർക്കും വിശുദ്ധഖുർആനുമെതിരെ രചിക്കപ്പെട്ടു. മൂവായിരം എന്നല്ല അതിനേക്കാളേറെ ആക്ഷേപങ്ങൾ ആരോപിക്കപ്പെട്ടു. അവിശുദ്ധമായ ആക്രമണങ്ങളിലും ഹൃദയഭേദകമായ ചീത്തവിളികളിലും മുൻപന്തിയിലുണ്ടായിരുന്നത് പാതിരിമാർ ആയിരുന്നു.

സയ്യിദുനാ ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:

"യഥാർഥത്തിൽ പാതിരിസാഹിബുമാർ നിന്ദിക്കുന്നതിലും അപമാനിക്കുന്നതിലും ചീത്തവിളിക്കുന്നതിലും ഒന്നാംസ്ഥാനത്താണുള്ളത്. അത്തരം പാതിരിമാരുടെ ഗ്രന്ഥങ്ങളുടെ ഒരു ഖജനാവുതന്നെ നമ്മുടെ പക്കലുണ്ട്. അവർ തങ്ങളുടെ വാക്യങ്ങളെ നൂറുക്കണക്കിന് ചീത്തകൾകൊണ്ട് നിറച്ചു." (നൂറുൽ ഖുർആൻ, നമ്പർ 2, റൂഹാനീഖസാഇൻ, വാള്യം 9, പേജ് 375)

വീണ്ടും അവിടന്ന് പറയുന്നു: "ഞാനിപ്പോൾ വിവരിച്ചുവന്ന മുസ്‌ലിമിലെ ഹദീഥ് അനുസരിച്ച്, നമ്മൾ ആദമിന്റെ സൃഷ്ടിപ്പുമുതൽ ഇന്നുവരെ എഴുത്തിലൂടെ നമുക്ക് കിട്ടിയിട്ടുള്ളതും ദജ്ജാലെന്നതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുള്ള ലോകത്തെ എല്ലാ ആളുകളുടേയും അവസ്ഥയിൽ ദൃഷ്ടിപായിക്കുകയുമാണെങ്കിൽ ഇക്കാലഘട്ടത്തിലെ പാതിരിമാരുടെ ദജ്ജാലിയത്തിന്റെ സമാനത ഒരിക്കലും നമുക്ക് മറ്റെവിടേയും കിട്ടുകയില്ലെന്ന് നാം വാദത്തോടെ പറയുന്നു." (ഇസാലയെ ഔഹാം, റൂഹാനീ ഖസാഇൻ, വാള്യം 30, പേജ് 362)

കിതാബുൽ ബരിയ്യ എന്ന ഗ്രന്ഥത്തിൽ അദ്ദേഹം എഴുതുന്നു: "ബ്രിട്ടീഷ് ഇന്ത്യയിൽ അക്കാലത്തെ ധാരാളം പാതിരിമാരുടെ ജോലിതന്നെ രാപകൽ നമ്മുടെ സയ്യിദും മൗലായുമായ നബി(സ)തിരുമേനിയെ ചീത്തകൾ വിളിച്ചുകൊണ്ടിരിക്കുക എന്നതായിരുന്നു. ചീത്തവിളിക്കുന്നതിൽ പാതിരി ഇമാദുദ്ദീൻ അമൃതസരിയുടെ നമ്പറാണ് ഏറ്റവും കൂടുതൽ മുന്തിനില്ക്കുന്നത്. അയാൾ തന്റെ ഗ്രന്ഥങ്ങളിൽ 'തഹ്ഖീഖുൽ ഈമാൻ' തുടങ്ങിയവയിൽ പരസ്യമായി നബി(സ)തിരുമേനിയെ ചീത്തവിളിക്കുന്നു." (റൂഹാനീഖസാഇൻ, വാള്യം 13, പേജ് 120)

ഇതിനുശേഷം നബി(സ)തിരുമേനിയെ അതി കഠിനമായി ചീത്തപറഞ്ഞിട്ടുള്ള പല പാതിരിമാരുടേയും പേര് ഹദ്റത്ത് മസീഹ് മൗഊദ്(അ) എണ്ണുകയും അവരുടെ ഗ്രന്ഥങ്ങളെക്കുറിച്ച് പറയുകയും ചെയ്തു.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇസ്‌ലാമിന്റേയും ഇസ്‌ലാംമത സ്ഥാപകരായ ഹദ്റത്ത് മുഹമ്മദ് മുസ്ത്വഫാ(സ)യുടേയുംമേൽ ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങൾക്ക് വായടപ്പൻ മറുപടി നല്കുകയും ക്രൈസ്തവ പാതിരിമാരുടെ അന്നം മുട്ടിക്കുകയും ചെയ്തുവെന്ന് മാത്രമല്ല, പ്രത്യുത അവിടന്ന് ജീവിക്കുന്ന നബിയാണെന്നും ഖിയാമത്തുന്നാൾവരെ അവിടത്തെ ആത്മീയമായാനുഗ്രഹം ഒഴുകിക്കൊണ്ടിരിക്കുമെന്നും സ്ഥാപിക്കുകയും ചെയ്തു. ഒന്നിനുപിറകെ ഒന്ന് എന്ന നിലയിൽ ഗംഭീരമായ വെല്ലുവിളിയോടുകൂടി മനോഹരമായ വർണത്തിൽ അവിടന്ന് തന്റെ യജമാനന്റെ ആത്മീയജീവിതത്തിന് തെളിവ് നല്കി. അതിനു തുല്യത മുൻഗാമികൾക്കോ പിൻഗാമികൾക്കോ ഒരിക്കലും അവതരിപ്പിക്കാൻ സാധ്യമല്ല. പാതിരി അബ്ദുല്ലാഹ് ആഥമിനെ അവിടന്ന് പ്രവചനമനുസരിച്ച് നരകത്തിലേക്ക് അയച്ചു. അയാൾ തന്റെ ഗ്രന്ഥമായ 'അൻദറോനെ ബൈബിളിൽ' നബി(സ)തിരുമേനിയെ ദജ്ജാൽ എന്നു പറഞ്ഞിരുന്നു. നബി(സ)തിരുമേനി യെ ഒരു കടിഞ്ഞാണുമില്ലാതെ ചീത്തപറഞ്ഞുകൊണ്ടിരുന്ന ലേഖ്റാമിനെ സംബന്ധിച്ച് നശിക്കുമെന്ന് അദ്ദേഹം പ്രവചനം ചെയ്തു. ഗംഭീരമായ രീതിയിൽ അത് പുലരുകയും ചെയ്തു. ആര്യസമാജക്കാരുടെ വീടുവീടാന്തരം മുറവിളികൾ ഉയർന്നു. നബി(സ)തിരുമേനിയെ കള്ളനെന്നും കറ്റുകെട്ടുകാരനെന്നും മനസ്സിലാക്കുകയും ആ മഹാത്മാവിനെ ചീത്തപറയുകയും എഴുതുകയും ചെയ്തിരുന്ന അമേരിക്കക്കാരനായ ഡൂയിയെ സംബന്ധിച്ച് തന്റെ ജീവിതത്തിൽതന്നെ അപമാനത്തോടും നിന്ദ്യതയോടുംകൂടി മരിക്കുമെന്ന് അവിടന്ന് പ്രവചനം ചെയ്തു; അങ്ങനെതന്നെ

(ശേഷം പേജ് 3ൽ)

**ഖത്തമുന്നുബുവ്വത്തിന്റെ അർഥം മുഹമ്മദ് റസൂലുല്ലായുടെ സ്ഥാനം എല്ലാ നബിമാരേക്കാളും ശ്രേഷ്ഠമാണെന്നാണ്. അവിടത്തെ സാക്ഷ്യമുദ്രയില്ലാതെയും അവിടത്തെ അധ്യാപനത്തിന്റെ സാക്ഷ്യം കൂടാതെയും ഒരാളും നുബുവ്വത്തിന്റേയോ വിലായത്തിന്റേയോ സ്ഥാനം പ്രാപിക്കുകയില്ല.**

# വിശുദ്ധഖുർആനിൽ നബിﷺതിരുമേനിയുടെ അനുഗൃഹീതനാമം

★ وَمَا مُحَمَّدٌ اِلَّا رَسُوْلٌ ۚ قَدْ خَلَتْ مِنْ قَبْلِهِ الرُّسُلُ ؕ اَفَاۡئِنْ مَّاتَ اَوْ قُتِلَ انْقَلَبْتُمْ عَلٰٓى اَعْقَابِكُمْ ؕ وَمَنْ يَّنْقَلِبْ عَلٰى عَقِبَيْهِ فَلَنْ يَّضُرَّ اللّٰهَ شَيْـًٔا ؕ وَسَيَجْزِى اللّٰهُ الشّٰكِرِيْنَ ۝ (آل عمران:145)

മുഹമ്മദ് ഒരു (ദൈവ)ദൂതൻ മാത്രമാണ്. അദ്ദേഹത്തിനു മുമ്പേയുണ്ടായിരുന്ന എല്ലാ ദൈവദൂതന്മാരും കാലഗതി പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അപ്പോൾ, അദ്ദേഹം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ നിങ്ങളുടെ കുതികാലുകളിന്മേൽ പിന്തിരിഞ്ഞുപോവുകയോ? ഏതൊരാൾ തന്റെ കുതികാലുകളിന്മേൽ പിന്തിരിഞ്ഞുപോകുമോ അയാൾ അല്ലാഹുവിന് ഒരിക്കലും ഒരു ദോഷവും വരുത്തുകയില്ല. നന്ദി കാണിക്കുന്നവർക്ക് അല്ലാഹു തീർച്ചയായും പ്രതിഫലം നല്കുന്നതാണ്. (3:145)

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽറാബിഅ്(റഹ്) പറയുന്നു:

"ഈ വിശുദ്ധവചനത്തിൽ ഹദ്റത്ത് ഈസാ(അ)ന്റെ മരണം ഖണ്ഡിതമായി വിളംബരം ചെയ്തിരിക്കുകയാണ്; മുഹമ്മദും അല്ലാഹുവിന്റെ റസൂലാണെന്നും റസൂലിനേക്കാളുപരി ഒന്നുമല്ലെന്നും അദ്ദേഹത്തിനു മുമ്പേ വന്നുകഴിഞ്ഞിട്ടുള്ള എല്ലാ റസൂൽമാരും മരിച്ചുകഴിഞ്ഞിട്ടുണ്ടെന്നും പറഞ്ഞതുപോലെ. 'ഖലാ' എന്ന പദം ഉപാധിയില്ലാത്ത നിലയിൽ ആരെയെങ്കിലും കുറിച്ചുപറഞ്ഞാൽ അതിന്റെ ഉദ്ദേശ്യം യാത്രക്കാരൻ കഴിഞ്ഞുകടന്നതുപോലെ കഴിഞ്ഞുപോയി എന്നല്ല. പ്രത്യുത കഴിഞ്ഞുകടന്നുപോകുക എന്നതിന്റെ അർഥം വഫാത്താകുക എന്നാണ്. അതിനാൽ ഈസാ(അ) അല്ലാഹുവിന്റെ റസൂലാണെങ്കിൽ നിർബന്ധമായും വഫാത്തായി കഴിഞ്ഞിട്ടുണ്ട്. (തർജമത്തുൽ ഖുർആൻ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അർറാബിഅ്, പേജ് 108, 2014 ഖാദിയാൻ പതിപ്പ്)

★ مَا كَانَ مُحَمَّدٌ اَبَآ اَحَدٍ مِّنْ رِّجَالِكُمْ وَلٰكِنْ رَّسُوْلَ اللّٰهِ وَخَاتَمَ النَّبِيّٖنَ ؕ (الاحزاب:41)

മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റേയും പിതാവല്ല (ആകുകയുമില്ല); പക്ഷേ, അല്ലാഹുവിന്റെ റസൂലാണ്. എന്നല്ല (അതിനേക്കാളുപരി) നബിമാരുടെ മുദ്രയുമാകുന്നു. അല്ലാഹു എല്ലാ കാര്യത്തെ കുറിച്ചും നല്ലവണ്ണം അറിയുന്നവനാകുന്നു (33:24)

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഥ്ഥാനീ(റ) ഈ ആയത്തിന്റെ വിശദീകരണത്തിൽ എഴുതുന്നു:

مَا كَانَ مُحَمَّدٌ اَبَآ اَحَدٍ എന്ന വാക്കുകൾ വിശുദ്ധ ഖുർആനിലുണ്ട്. കാന 'ഇസ്തംറാറി'ന്റെ അർഥം നല്കുന്നു എന്നത് അറബിഭാഷയിലെ നിയമമാണ്. അതിനാൽ നാം 'ഇസ്തംറാറി'ന്റെ അടിസ്ഥാനത്തിലാണ് ആയത്തിന്റെ തർ ജമ ചെയ്തിട്ടുള്ളത് ഇങ്ങനെയാണ്. മുഹമ്മദ്(സ) ഒരു പുരുഷന്റേയും പിതാവായിരുന്നില്ല, പിതാവല്ല, പിതാവാകുകയുമില്ല.

നബിമാരുടെ മുദ്ര എന്നതിനെ കുറിച്ച് പറഞ്ഞു:

അവിടത്തെ സാക്ഷ്യമുദ്രയില്ലാതെയും അവിടത്തെ അധ്യാപനത്തിന്റെ സാക്ഷ്യം കൂടാതെയും ഒരാളും നുബുവ്വത്തിന്റേയോ വിലായത്തിന്റേയോ സ്ഥാനം പ്രാപിക്കുകയില്ല. 'നബിമാരുടെ മുദ്ര' എന്ന സ്ഥാനത്ത് ആളുകൾ 'അവസാനത്തെ നബി' എന്ന് അർഥം കൊടുത്തിരിക്കുന്നു. എന്നാൽ, അതിലും ഞങ്ങളുടെ നിലപാടിന് ഒരു വ്യത്യാസവുമുണ്ടാകുകയില്ല. നബി(സ) തിരുമേനിയുടെ മിഅ്റാജിനെ പരിഗണിക്കുകയാണെങ്കിൽ പ്രവാചകന്മാരുടെ വംശവിവര പട്ടിക മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ പറഞ്ഞതനുസരിച്ച് ഇങ്ങനെ ആയിരിക്കും

| | |
|---|---|
| സിദ്റത്തുൽ മുൻതഹാ | മുഹമ്മദ് റസൂലുല്ലാഹി(സ) |
| ഏഴാനാകാശം | ഹദ്റത്ത് ഇബ്റാഹീം(അ) |
| ആറാനാകാശം | ഹദ്റത്ത് മൂസാ(അ) |
| അഞ്ചാനാകാശം | ഹദ്റത്ത് ഹാറൂൺ(അ) |
| നാലാനാകാശം | ഹദ്റത്ത് ഇദ്‌രീസ്(അ) |
| മൂന്നാനാകാശം | ഹദ്റത്ത് യൂസുഫ്(അ) |
| രണ്ടാനാകാശം | ഹദ്റത്ത് ഈസാ, ഹദ്റത്ത് യഹ്‌യാ(അ) |
| ഒന്നാനാകാശം | ഹദ്റത്ത് ആദം(അ) |

### ഭൂവാസികൾ

ഈ പട്ടിക നോക്കുകയാണെങ്കിൽ സൃഷ്ടികളുടെ സ്ഥാനത്ത് നില്ക്കുന്ന ഒരാളുടെ ദൃഷ്ടി ആദ്യം പതിയുന്നത് ഹദ്റത്ത് ആദം(അ)മിൽ ആയിരിക്കും. ഏറ്റവും അവസാനം അയാളുടെ ദൃഷ്ടി പതിയുന്നത് മുഹമ്മദ് റസൂലുല്ലാഹി(സ)യുടെ മേലായിരിക്കും. അതായത് എല്ലാ നബിമാരിലും അവസാനത്തെ നബി റസൂൽകരീം(സ)യാണെന്ന് അയാൾ പറയും. ഇതിനുപുറമെ ആദം ജനിക്കുന്നതിനുമുമ്പേ താൻ ഖാത്തമുന്നബിയ്യീനായിരുന്നു എന്ന് നബി(സ)തിരുമേനി പറഞ്ഞ ഹദീഥ് എടുക്കുകയാണെങ്കിൽ വംശപരമ്പരയിൽ സ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ റസൂൽ കരീം(സ)ന് ഉന്നതസ്ഥാനം കരസ്ഥമാണ്. റസൂൽകരീം(സ)മിഅ്റാജിൽ ഏറ്റവും മുകളിലെത്തിയെങ്കിൽ മുഹമ്മദീസ്ഥാനം അവസാന നുബുവ്വത്തിന്റെ സ്ഥാനമായി. ഇതിന്റെ അടിസ്ഥാനത്തിലും നാം ചെയ്ത അർഥമാണ് ശരി. അതായത് ഖത്തമുന്നുബുവ്വത്തിന്റെ അർഥം മുഹമ്മദ് റസൂലുല്ലായുടെ സ്ഥാനം എല്ലാ നബിമാരെക്കാളും അതിശ്രേഷ്ഠമാണ്. (തഫ്സീർ സ്വഗീർ പേജ് 695)

★ اَلَّذِيْنَ كَفَرُوْا وَصَدُّوْا عَنْ سَبِيْلِ اللّٰهِ اَضَلَّ اَعْمَالَهُمْ ۝١ وَالَّذِيْنَ اٰمَنُوْا وَعَمِلُوا الصّٰلِحٰتِ وَاٰمَنُوْا بِمَا نُزِّلَ عَلٰى مُحَمَّدٍ وَّهُوَ الْحَقُّ مِنْ رَّبِّهِمْ ۙ كَفَّرَ عَنْهُمْ سَيِّاٰتِهِمْ وَاَصْلَحَ بَالَهُمْ ۝٢ (سورہ محمد:2-3)

അവിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് ജനങ്ങളെ തടയുകയും ചെയ്യുന്നവരാരോ അവരുടെ പ്രവർത്തനങ്ങളെ അല്ലാഹു നിഷ്ഫലമാക്കിക്കളയുന്നതാണ്. വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും മുഹമ്മദിന് ഇറക്കപ്പെട്ടതിൽ–അവരുടെ നാഥനിൽനിന്ന് ഇറക്കപ്പെട്ടതാണത്–വിശ്വസിക്കുകയും ചെയ്തവരാരോ അവരുടെ തിന്മകൾ അവരിൽനിന്ന് അവൻ അകറ്റുകയും അവരുടെ സ്ഥിതി നന്നാക്കിത്തീർക്കുകയും ചെയ്യുന്നതാണ് (47:2–3)

★ مُحَمَّدٌ رَّسُوْلُ اللّٰهِ ؕ وَالَّذِيْنَ مَعَهٗۤ اَشِدَّآءُ عَلَى الْكُفَّارِ رُحَمَآءُ بَيْنَهُمْ تَرٰىهُمْ رُكَّعًا سُجَّدًا يَّبْتَغُوْنَ فَضْلًا مِّنَ اللّٰهِ وَرِضْوَانًا ۫ سِيْمَاهُمْ فِىْ وُجُوْهِهِمْ مِّنْ اَثَرِ السُّجُوْدِ ؕ ذٰلِكَ مَثَلُهُمْ فِى التَّوْرٰىةِ ۛۚ وَمَثَلُهُمْ فِى الْاِنْجِيْلِ ۛ۫ كَزَرْعٍ اَخْرَجَ شَطْــَٔهٗ فَاٰزَرَهٗ فَاسْتَغْلَظَ فَاسْتَوٰى عَلٰى سُوْقِهٖ يُعْجِبُ الزُّرَّاعَ لِيَغِيْظَ بِهِمُ الْكُفَّارَ ؕ وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا وَعَمِلُوا الصّٰلِحٰتِ مِنْهُمْ مَّغْفِرَةً وَّاَجْرًا عَظِيْمًا ۝٢٩ (الفتح:30)

മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാകുന്നു. അദ്ദേഹത്തിന്റെ കൂടെയുള്ളവർ അവിശ്വാസികൾക്ക് വഴങ്ങാത്തവരും പരസ്പരം കാരുണ്യമുള്ളവരുമാണ്. നമിക്കുന്നവരും സാഷ്ടാംഗം പ്രണമിക്കുന്നവരുമായി നിനക്കവരെ കാണാം. അവർ അല്ലാഹുവിൽനിന്നുള്ള അനുഗ്രഹവും പ്രീതിയും അന്വേഷിച്ചുകൊണ്ടിരിക്കുന്നു. സാഷ്ടാംഗപ്രണാമത്തിന്റെ ഫലമായി അവരുടെ മുഖങ്ങളിൽ അവരുടെ ലക്ഷണമുണ്ട്. ഇത് അവരെ സംബന്ധിച്ചുള്ള തൗറാത്തിലെ വിവരണമാണ്. ഇഞ്ചീലിലെ വിവരണത്തിൽ അവരുടെ സ്ഥിതി ഒരു കൃഷി (വിത്ത്) പോലെയാണ്. അത് അതിന്റെ മുള പുറത്തുകൊണ്ടുവന്നു. എന്നിട്ട്, അത് അതിനെ ശക്തിപ്പെടുത്തി. അനന്തരം അത് ബലം പ്രാപിച്ചു. അങ്ങനെ കർഷകർക്ക് കൗതുകം ജനിപ്പിക്കുന്ന വിധത്തിൽ അത് അതിന്റെ കാണ്ഡത്തിന്മേൽ നിവർന്നുനിന്നു. (സത്യവിശ്വാസികൾ വളർന്ന് ഈ സ്ഥിതിപ്രാപിച്ചാൽ) അതിന്റെ ഫലമായി അവർ നിമിത്തം അവിശ്വാസികൾക്ക് അവൻ കോപം ജനിപ്പിക്കും. അവരിൽനിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു. (48:30)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഇതിന്റെ വിശദീകരണത്തിൽ പറയുന്നു:

നബി(സ)തിരുമേനിയുടെ സവിശേഷഗുണങ്ങൾ വിവരിക്കപ്പെട്ടിരിക്കുന്ന ഈ വചനം അദ്ദേഹത്തിന്റെ സത്തയിൽമാത്രം ഒതുക്കിനിറുത്തിയില്ല. പ്രത്യുത ഉടനെ പറഞ്ഞത് വല്ലദീന മഅഹു അദ്ദേഹത്തിന്റെ സവിശേഷഗു

ണങ്ങൾ അദ്ദേഹത്തിന്റെ ഒപ്പമുള്ളവരിലും പ്രവഹിക്കുന്നതാണ്. സവിശേഷഗുണങ്ങളിൽ ഒന്നാമത്തെ കാര്യം അശിദ്ദാഉ അലൽ കുഫ്ഫാർ എന്നതാണ്. ഇതുകൊണ്ടുള്ള ഉദ്ദേശ്യം തന്റെ കഠിനഹൃദയം കാരണത്താൽ അവിശ്വാസികളുടെമേൽ അക്രമം കാണിക്കുമെന്നല്ല. പ്രത്യുത സത്യനിഷേധത്തിന്റെ സ്വാധീനം സ്വീകരിക്കാത്തതിന്റെ അടിസ്ഥാനത്തിലാണ് അവരെ ശദീദ് എന്ന് പറയപ്പെട്ടിരിക്കുന്നത്;വഴങ്ങാത്തവർ. പക്ഷേ, അവരുടെ മനസ് കാരുണ്യംകൊണ്ട് നിറഞ്ഞതായിരിക്കും. ഇക്കാരണത്താൽ സത്യവിശ്വാസി പരസ്പരം കാരുണ്യത്തോടും വാത്സല്യത്തോടും പെരുമാറുന്നതായിരിക്കും. അവരുടെ ജിഹാദിന്റെ ഉദ്ദേശ്യം ദൈവപ്രീതി മാത്രമാണ്; ഭൗതിക സമ്പത്ത് സമ്പാദിക്കുകയല്ല. അവർ അല്ലാഹുവിന്റെ തിരുസന്നിധിയിൽ നമിച്ചുകൊണ്ടും സാഷ്ടാംഗം പ്രണമിച്ചുകൊണ്ടും കുനിയുന്നതായിരിക്കും. അവനോട് ഫള്ൽ അതായത് ദൈവപ്രീതിയുള്ള ഭൗതികസമ്പത്ത് അവർ ചോദിക്കുന്നതായിരിക്കും. ഇത് തൗറാത്തിൽ അവരെക്കുറിച്ച് വിവരിക്കപ്പെട്ടിട്ടുള്ള അവരുടെ ജിഹാദിന്റെ കേന്ദ്രവശമാണ്.

നബി(സ)തിരുമേനിയുടെ ഉമ്മത്തിൽ അവസാനകാലഘട്ടത്തിൽ വരുന്ന മസീഹിനേയും അദ്ദേഹത്തെ വിശ്വസിക്കുന്നവരേയും സംബന്ധിച്ചിടത്തോളം അവരുടെ ഉദാഹരണം ഇഞ്ചീലിൽ 'മുളയോടു'സാദൃശ്യപ്പെടുത്തിയിരിക്കുന്നു. അത് ഘട്ടമായി വളരുകയും അതിന്റെ കാണ്ഡത്തിൽ ഉറച്ചുനില്ക്കുകയും ചെയ്യുന്നു. അതുകൊണ്ട് വിതച്ചയാൾ അതായത് ദീനീസേവനത്തിൽ ഭാഗഭാക്കാകുന്നവർ സന്തോഷിക്കുന്നതായിരിക്കും. തൽഫലമായി അവിശ്വാസികൾക്ക് അവരോടു വീണ്ടും ദ്വേഷമുണ്ടാകും. അല്ലാഹു അവനിൽ വിശ്വസിക്കുകയും അവനോടു പാപപൊറുതി തേടുകയും ചെയ്യുന്നവർക്കും മഹത്തായ പാപപൊറുതിയുടേയും പ്രതിഫലത്തിന്റേയും സുവാർത്ത നല്കുന്നു. (തർജമത്തുൽ ഖുർആൻ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അർറാബിഅ് പേജ് 928)

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഥ്ഥാനി(റ)ഈ വചനത്തിന്റെ വിശദീകരണത്തിൽ പറയുന്നു:

ഈ വചനത്തിൽ ഇഞ്ചീലുകാർക്കെതിരിൽ ഇസ്‌ലാമിക വിഭാഗത്തിന്റെ ഉദാഹരണം വിവരിക്കപ്പെട്ടിരിക്കുകയാണ്; അത് മുഹമ്മദീ മസീഹിന്റെ ജമാഅത്താണ്.

ഈ വചനത്തിൽ മത്തായി 13:3–9ലെ വാക്കുകളിൽ വിവരിക്കപ്പെട്ടിരിക്കുന്ന പ്രവചനമാണ് സൂചിപ്പിക്കപ്പെട്ടിരിക്കുന്നത്.

"വിതയ്ക്കുന്നവൻ വിതയ്ക്കാൻ പുറപ്പെട്ടു. വിതയ്ക്കുമ്പോൾ ചിലത് വഴിയരികെ വീണു; പറവകൾ വന്ന് അത് തിന്നുകളഞ്ഞു. ചിലത് പാറസ്ഥലത്ത് ഏറെ മണ്ണില്ലാത്തയിടത്തു വീണു; മണ്ണിന് താഴ്ചയില്ലായ്കയാൽ ക്ഷണത്തിൽ മുളച്ചുവന്നു. സൂര്യൻ ഉദിച്ചപ്പോൾ ചൂട് തട്ടി, വേര് ഇല്ലായ്കയാൽ അത് ഉണങ്ങിപ്പോയി. മറ്റു ചിലത് മുള്ളിന്നിടയിൽ വീണു; മുള്ള് മുളച്ചുവളർന്ന് അതിനെ ഞെരുക്കിക്കളഞ്ഞു. മറ്റു ചിലത് നല്ല നിലത്തു വീണു, നൂറും അറുപതും മുപ്പതും മേനിയായി വിളഞ്ഞു. ചെവിയുള്ളവർ കേൾക്കട്ടെ."

വിശുദ്ധഖുർആനിലെ ഈ വചനത്തിൽ പറയപ്പെട്ടിരിക്കുന്നത്; മുഹമ്മദീ ഉമ്മത്തിൽ ആഗതരാകുന്ന മസീഹിന്റെ ജനതയും നല്ല മണ്ണിൽ വിതയ്ക്കപ്പെട്ട വിത്തുപോലെയായിരിക്കുമെന്നാണ്. അല്ലാഹു അതിൽ എത്ര അനുഗ്രഹം ചൊരിയുമെന്നാൽ ഓരോരോ ധാന്യത്തിൽനിന്നും 60 60, 70 70 എന്നല്ല നൂറുനൂറുമേനി വിളയുണ്ടാകും. എന്നാൽ, അത് പെട്ടെന്നായിരിക്കുകയില്ല. പ്രത്യുത ഘട്ടംഘട്ടമായിട്ടായിരിക്കും.

(തഫ്സീർ സ്വഗീർ പേജ് 855)

.........☆.........☆.........☆.........

(– പേജ് 1ൽ നിന്ന്)

പുലരുകയും ചെയ്തു.

ഇപ്രകാരംതന്നെ ഒരവസരത്തിൽ, ഒരു പാതിരി നബി(സ) തിരുമേനിയുടെ പരിശുദ്ധ വ്യക്തിത്വത്തെ ആക്ഷേപിച്ചു.

അവിടന്ന് അയാൾക്ക് വളരെ മനോഹരമായ നിലയിൽ തെളിവുദ്ധരിച്ച് വായടപ്പൻ മറുപടി നല്കി. അത് മനസ്സിന്റെ ആഴങ്ങളിൽ ഇറങ്ങിച്ചെല്ലുന്നതും നാഡി ഞരമ്പുകളിൽ സമാവേശം ചെയ്യുന്നതുമായ മറുപടിയാണ്. അതിൽനിന്ന് നബി(സ)തിരുമേനിയുടെ മഹത്ത്വവും പ്രൗഢിയും അവിടത്തെ ഉന്നതവും ഉദാത്തവുമായ സ്ഥാനവും അറിയാൻ കഴിയുന്നു. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ മറുപടി യഥാർഥത്തിൽ അനുവാചകരുടെ സന്നിധിയിൽ അവതരിപ്പിക്കുക എന്നതാണ് നമ്മുടെ ഉദ്ദേശ്യം; പ്രത്യേകിച്ചും റോമിലെ ഖയ്സ്വർ ചക്രവർത്തി നബി(സ) തിരുമേനിയുടെ കാലുകഴുകാൻ ആഗ്രഹം പ്രകടിപ്പിച്ച ഭാഗം!

ഗുരുദാസ്പൂർ ജില്ലയിലെ ഫത്ഹ് ഗഢുകാരനായ പാതിരി ഫത്ഹെ മസീഹ് ഒരു കത്തിലൂടെ നബി(സ) തിരുമേനിയുടെമേൽ വ്യഭിചാരകുറ്റം ചുമത്തി. അസഭ്യപരമായ ധാരാളം പദങ്ങൾ ഉപയോഗിച്ചു. ഹദ്റത്ത് ആഇശാ സിദ്ദീഖായെ കുറിച്ച് നബി(സ)തിരുമേനി ഒമ്പതാം വയസിലാണ് അവരെ വിവാഹം കഴിച്ചതെന്ന് പാതിരി എഴുതുകയും അത് വ്യഭിചാരമാണെന്ന് പറയുകയും ചെയ്തു. അതിനുള്ള മറുപടിയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതി: 'ഒന്നാമതായി 9 വർഷമെന്ന് നബി(സ)തിരുമേനി പറഞ്ഞതായി സ്ഥാപിതമല്ല. അതിനെ സംബന്ധിച്ച് ഒരു വെളിപാടും ഉണ്ടായിട്ടില്ല. 9 വർഷം തന്നെയാണെന്ന് മുത്തവാത്തിറായ വിവരങ്ങൾകൊണ്ട് സ്ഥിരീകരിക്കപ്പെട്ടിട്ടുമില്ല. ഒരു റാവി പറഞ്ഞുവെന്നത് മാത്രമാണ് അതിന്നാധാരം. അറേബ്യൻ ജനത ജനന രജിസ്റ്റർ സൂക്ഷിക്കാറുണ്ടായിരുന്നില്ല. അവർ നിരക്ഷരരായിരുന്നു. അവരുടെ അവസ്ഥ നോക്കുമ്പോൾ രണ്ടുമൂന്ന് വർഷത്തെ ഏറ്റക്കുറച്ചിൽ സ്വാഭാവികമാണ്. നമ്മുടെ രാജ്യത്തേയും മിക്കനിരക്ഷരർക്കും രണ്ടുനാലു വർഷത്തെ വ്യത്യാസം നല്ലവണ്ണം സൂക്ഷിച്ചുവെക്കാൻ സാധിക്കുകയില്ല. ഇനി താൽക്കാലികമായ സങ്കല്പിച്ചാൽതന്നെയും അതായത് ദിവസേനയുള്ള കണക്കുകൂട്ടി 9 വർഷമാണെങ്കിൽത്തന്നെയും ഒരു ബുദ്ധിമാനും ആക്ഷേപം ഉന്നയിക്കുകയില്ല. എന്നാൽ, മൂഢന് ചികിത്സയൊന്നുമില്ല. 9 വയസ്സിനുള്ളിൽ പെൺകുട്ടികൾ പ്രായപൂർത്തിയാകുമോ എന്ന് ഞാൻ ഡോക്ടർമാരുടെ ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്റെ പുസ്തകത്തിൽ സ്ഥാപിച്ചു കാണിക്കുന്നതായിരിക്കും. എന്നല്ല, 7-ാം വയസ്സിലും കുട്ടികളുണ്ടാകാം. വലിയ വലിയ പരിശോധനകളിലൂടെ ഡോക്ടർമാർ സ്ഥാപിച്ചിട്ടുള്ളതാണിത്. നൂറുക്കണക്കിനാളുകൾ ഇതിന് ദൃക്സാക്ഷികളുമാണ്; ഇതേ രാജ്യത്ത് 8,9 വയസ്സുള്ള പെൺകുട്ടികൾക്ക് മക്കളുണ്ട്. എന്നാൽ, താങ്കളെ ഓർത്തു വിഷമമൊന്നുമില്ല. വിഷമിക്കാനും പാടില്ല. കാരണം താങ്കൾ വെറും പക്ഷപാതി മാത്രമല്ല, മറിച്ച് ഒന്നാംതരം മൂഢനുമാണ്. പാതിരിമാരുടെ നീചത്വം കണ്ടാലും! ഇയാൾ എഴുതുന്നു: 'നബി(സ)തിരുമേനി ഇംഗ്ലീഷ് സർക്കാരിന്റെ പ്രജയായിരുന്നെങ്കിൽ, അങ്ങയോടു എങ്ങനെയായിരിക്കും പെരുമാറുക; അതായത് നബി(സ)തിരുമേനി നഊദുബില്ലാഹ് ഇരുമ്പഴിയ്ക്കുള്ളിലാകുമായിരുന്നുവെന്ന്."

സർക്കാർ നിയമങ്ങൾ പൊതുജനങ്ങളുടെ അഭ്യർഥന കണക്കിലെടുത്ത് അവരുടെ ആചാരങ്ങളും സൊസൈറ്റിയുടെ അവസ്ഥയുടെ അടിസ്ഥാനത്തിലുമാണ് തയ്യാറാക്കപ്പെടുന്നതെന്നുള്ള വിവരംപോലും താങ്കൾക്കില്ല..... താങ്കൾ ആവർത്തിച്ച് ആവർത്തിച്ച് ഇംഗ്ലീഷ് സർക്കാരിനെ കുറിച്ച് പറയുന്നു.... നാം അതിനെ പാപത്തിൽനിന്ന് മുക്തമെന്ന് മനസ്സിലാക്കുന്നില്ല. അവരുടെ നിയമങ്ങൾ യുക്തിപരമായ ഗവേഷണങ്ങളിൽ അധിഷ്ഠിതമാണെന്നും മനസ്സിലാക്കുന്നില്ല. പ്രത്യുത നിയമങ്ങളുണ്ടാക്കുന്നതിന്റെ തത്ത്വം പ്രജകളുടെ ഭൂരിപക്ഷാഭിപ്രായമാണ്. തങ്ങളുടെ നിയമങ്ങളിൽ തെറ്റുവരുത്താതിരിക്കാൻ സർക്കാരിന് എന്തെങ്കിലും വെളിപാടൊന്നുമുണ്ടാകുന്നില്ല. നിയമങ്ങൾ സുരക്ഷിതമായിരുന്നെങ്കിൽ എപ്പോഴും പുതിയ പുതിയ നിയമങ്ങൾ ഉണ്ടാക്കുന്നതെന്തിന്. ഇംഗ്ലണ്ടിൽ പെൺകുട്ടികൾ പ്രായപൂർത്തിയാകുന്ന കാലം 18 വയസ്സായി നിശ്ചയിച്ചു. ഉഷ്ണരാജ്യങ്ങളിൽ പെൺകുട്ടികൾ വളരെ വേഗം പ്രായപൂർത്തിപ്രാപിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ദൈവഗ്രന്ഥങ്ങളെപോലെ സർക്കാരിന്റെ നിയമങ്ങൾ കുറ്റങ്ങളിൽനിന്ന് മുക്തമല്ലെങ്കിൽ അതിനെക്കുറിച്ച് പറയുന്നത് ഒന്നുകിൽ വിഡ്ഢിത്തംകൊണ്ടാണ്. അല്ലെങ്കിൽ പക്ഷപാതിത്വം കൊണ്ടാണ്. എന്നാൽ, താങ്കൾ കഴിവില്ലാത്തയാളാണ്. സർക്കാരിന് തങ്ങളുടെ നിയമങ്ങളിൽ വിശ്വാസമുണ്ടായിരുന്നെങ്കിൽ, എന്തുകൊണ്ട് വർത്തമാനകാലത്ത് യൂറോപ്പിൽ വലിയ ഗവേഷണങ്ങളിലൂടെ 9 വയസ്സ് എന്നല്ല ഏഴു വയസ്സിലും ചില സ്ത്രീകൾ പ്രായപൂർത്തിയാകുന്നുണ്ടെന്ന് പറഞ്ഞ ഡോക്ടർമാരെ ശിക്ഷിച്ചില്ല.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിന്റെ അടിസ്ഥാനത്തിലും പാതിരിയുടെ വിവരങ്ങൾ എടുക്കുകയും, താങ്കൾ സർക്കാരിന്റെ നിയമം ഉദ്ധരിക്കുന്നതിനു പകരം തന്റെ മതഗ്രന്ഥത്തിന്റെ ഉദ്ധരണി നല്കുകയായിരുന്നു വേണ്ടിയിരുന്നതെന്ന് പറയുകയും ചെയ്തു. അവിടന്ന് പറയുന്നു:

9 വയസ്സിന്റെ പ്രായത്തെ സംബന്ധിച്ച് ആക്ഷേപം ഉന്നയിച്ച് തൗറാത്തിന്റേയും ഇഞ്ചീലിന്റേയും ഒരു ഉദ്ധരണിയും നല്കാൻ താങ്കൾക്ക് കഴിഞ്ഞില്ല. കേവലം സർക്കാരിന്റെ നിയമത്തെ കുറിച്ച് പറഞ്ഞു. ഇതിൽനിന്ന് താങ്കൾക്ക് തൗറാത്തിലും ഇഞ്ചീലിലും വിശ്വാസമില്ലെന്ന് മനസ്സിലായി. ഇല്ലെങ്കിൽ 9-ാം വയസ്സിൽ വിവാഹം കഴിക്കുന്നത് നിഷിദ്ധമാണെന്ന് തൗറാത്തിൽനിന്ന് സ്ഥാപിക്കണമായിരുന്നു. അല്ലെങ്കിൽ ഇഞ്ചീലിൽനിന്ന് സ്ഥാപിക്കേണ്ടതായിരുന്നു. പാതിരിസാഹിബേ! ഇതാണ് കളവ്. ദൈവഗ്രന്ഥങ്ങളുടെ പ്രശ്നങ്ങളിൽ താങ്കൾ സർക്കാർ നിയമമാണ് സമർപ്പിച്ചത്.

താങ്കളുടെ വിശ്വസ്തത എന്നു പറയുന്നത് താങ്കൾ അത് ഇഞ്ചീലിൽനിന്ന് സ്ഥാപിക്കുമ്പോഴായിരുന്നു. ഇഞ്ചീൽ താങ്കളെ തള്ളിപുറത്തിട്ടു. അവിടെ കാര്യം നടക്കാതെ വന്നപ്പോൾ സർക്കാരിന്റെ കാലിൽ വന്നുവീണു. ഓർക്കുക! ഈ ചീത്തവിളി കേവലം സാത്താനികമായ പക്ഷപാതിത്വത്തിൽനിന്നാണ്. പരിശുദ്ധനായ നബി(സ)തിരുമേനിയെ കുറിച്ച് ആജ്ഞാലംഘനത്തിന്റേയും കുറ്റകൃത്യത്തിന്റേയും അപരാധം പറയുക എന്നത് ശയ്ത്വാന്റെ പണിയാണ്. ആ രണ്ട് പരിശുദ്ധ നബിമാരുടേയും മേൽ അതായത് നബി(സ) തിരുമേനിയുടേയും ഹദ്റത്ത് മസീഹ്(അ)ന്റേയും മേൽ ദുഷ്ടപ്രകൃതക്കാരായ ചിലയാളുകൾ ഇല്ലാത്ത കാര്യം കെട്ടിയുണ്ടാക്കി പറഞ്ഞു. അങ്ങനെ ഈ വൃത്തിഹീനർ ലഅനത്തുല്ലാഹി അൽകാദിബീൻ ആദ്യം നബി(സ)തിരുമേനിയെ വ്യഭിചാരി എന്നു പറഞ്ഞു; താങ്കളെപോലെ! മറ്റേയാളെ വ്യഭിചാരപുത്രനെന്ന് പറഞ്ഞു; വൃത്തികെട്ടവരായ യഹൂദികളെപോലെ!അത്തരം ആക്ഷേപങ്ങൾ ഉന്നയിക്കുന്നതിൽനിന്ന് വിട്ടുനില്ക്കുകയായിരുന്നു താങ്കൾക്ക് വേണ്ടിയിരുന്നത്.

നബി(സ)തിരുമേനി ബ്രിട്ടീഷ് സർക്കാരിന്റെ പൗരനായിരുന്നുവെങ്കിൽ നഊദുബില്ലാഹ് ശിക്ഷ കിട്ടുമായിരുന്നു എന്ന പാതിരിയുടെ ആക്ഷേപത്തിനുള്ള മറുപടിയിൽ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)

(ശേഷം പേജ് 24ൽ)

# നബി ﷺ തിരുമേനിയുടെ അമൂല്യമായ ഉപദേശങ്ങൾ

★ اِنَّمَا الْاَعْمَالُ بِالنِّيَّاتِ، وَاِنَّمَا لِكُلِّ امْرِىٍٔ مَّا نَوٰى

❁ 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.' *(ബുഖാരി ബാബുകയ്ഫ കാന ബദഉൽവഹ്യ് ഇലാ റസൂലില്ലാഹ്)*

★ اِنَّ اللّٰهَ لَا يَنْظُرُ اِلٰى اَجْسَامِكُمْ وَلَا اِلٰى صُوَرِكُمْ وَلٰكِنْ يَنْظُرُ اِلٰى قُلُوْبِكُمْ.

❁ 'അല്ലാഹു നിങ്ങളുടെ ശരീരത്തേയോ നിങ്ങളുടെ രൂപത്തേയോ (സൗന്ദര്യവാനാണോ അല്ലേ) അല്ല നോക്കുന്നത്. അവൻ നിങ്ങളുടെ മനസ്സുകളെയാണ് നോക്കുന്നത്.' (അവയിൽ എത്രമാത്രം ആത്മാർഥതയും സദുദ്ദേശ്യവും ഉണ്ടെന്ന്) *(മുസ്‌ലിം കിതാബുൽ ബിർറി വസ്സ്വില ബാബ് തഹ്‌രീമുള്ള്വുൽമിൽമുസ്‌ലിമി)*

★ اِنَّمَا الْاَعْمَالُ كَالْوِعَاءِ اِذَا طَابَ اَسْفَلُهٗ طَابَ اَعْلَاهُ وَاِذَا فَسَدَ اَسْفَلُهٗ فَسَدَ اَعْلَاهُ.

❁ 'കർമങ്ങൾ ഒരു പാത്രത്തിൽ കിടക്കുന്ന വസ്തുപോലെയാണ്. അതിൽ കിടക്കുന്ന വസ്തുവിന്റെ താഴത്തെ ഭാഗം നല്ലതാണെങ്കിൽ അതിന്റെ മുകളിലത്തെ ഭാഗവും നല്ലതായിരിക്കും. അതിന്റെ താഴത്തെ ഭാഗം വൃത്തികെട്ടതും ദുഷിച്ചതുമാണെങ്കിൽ മുകളിലത്തെ ഭാഗവും വൃത്തികെട്ടതും ദുഷിച്ചതുമായിരിക്കും.' (ഇതേ അവസ്ഥയാണ് കർമങ്ങളുടേയും). *(ഇബ്നുമാജ അബ്‌വാബുസ്സുഹ്ദ് ബാബ് അത്തവഖ്ഖീ അലൽഅമലി)*

★ اِنَّ اللّٰهَ كَتَبَ الْحَسَنَاتِ وَالسَّيِّاٰتِ ثُمَّ بَيَّنَ ذٰلِكَ: فَمَنْ هَمَّ بِحَسَنَةٍ فَلَمْ يَعْمَلْهَا كَتَبَهَا اللّٰهُ تَبَارَكَ وَتَعَالٰى عِنْدَهٗ حَسَنَةً كَامِلَةً، وَاِنْ هَمَّ بِهَا فَعَمِلَهَا كَتَبَهَا اللّٰهُ عَزَّوَجَلَّ عِنْدَهٗ عَشْرَ حَسَنَاتٍ اِلٰى سَبْعِ مِائَةِ ضِعْفٍ اِلٰى اَضْعَافٍ كَثِيْرَةٍ، وَاِنْ هَمَّ بِسَيِّئَةٍ فَلَمْ يَعْمَلْهَا كَتَبَهَا اللّٰهُ تَعَالٰى عِنْدَهٗ حَسَنَةً كَامِلَةً، وَاِنْ هَمَّ فَعَمِلَهَا كَتَبَهَا اللّٰهُ سَيِّئَةً وَّاحِدَةً.

❁ 'അല്ലാഹു നന്മകളും തിന്മകളും എഴുതിവെക്കുകയും എല്ലാവർക്കും വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ ആരാണോ നന്മ ചെയ്യാൻ ഉദ്ദേശിക്കുകയും പക്ഷേ, അത് ചെയ്യാൻ കഴിയാതിരിക്കുകയും ചെയ്യുന്നത് അവന് പൂർണമായും ഒരു നന്മയുടെ ഫലം ലഭിക്കുന്നതാണ്. ഉദ്ദേശിച്ചതിനുശേഷം ആ നന്മ ചെയ്യുകയാണെങ്കിൽ അല്ലാഹു 10 മുതൽ 700 ഇരട്ടിവരെ എന്നല്ല അതിനെക്കാൾ കൂടുതൽ നന്മകൾ അവന്റെ കണക്കിലെഴുതുന്നു. ആരെങ്കിലും തിന്മ ഉദ്ദേശിക്കുകയും പക്ഷേ, അത് ചെയ്യുന്നതിൽനിന്ന് പിന്മാറുകയും ചെയ്യുകയാണെങ്കിൽ അല്ലാഹു തന്റെ സന്നിധിയിൽ അവന് ഒരു പൂർണമായ നന്മ എഴുതുന്നതായിരിക്കും. എന്നാൽ, ആരെങ്കിലും മനഃപൂർവം ഈ തിന്മ ചെയ്താൽ അല്ലാഹുവിന്റെ പക്കൽ അവന്റെ ഒരു തിന്മ എഴുതപ്പെടുന്നതായിരിക്കും.' *(മുസ്‌ലിം കിതാബുൽ ഈമാൻ)*

★ مَنْ لَا يَشْكُرِ النَّاسَ لَا يَشْكُرِ اللّٰهَ

❁'ജനങ്ങളോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കാത്തവനാണ്.'*(തുർമുദി)*

★ كُلُّ اَمْرٍ ذِىْ بَالٍ لَمْ يُبْدَاْ فِيْهِ بِالْحَمْدِ اَقْطَعُ - وَفِىْ رِوَايَةٍ كُلُّ كَلَامٍ لَا يُبْدَاُ فِيْهِ بِحَمْدِ اللّٰهِ فَهُوَ اَجْزَمُ

❁ 'ആദരാർഹമായ ഏതൊരു പ്രവൃത്തിയും അല്ലാഹുവിനെ സ്തുതിക്കാതെയും പ്രശംസിക്കാതെയും തുടങ്ങിയാൽ അത് അനുഗ്രഹമില്ലാത്തതും അപൂർണവുമായിരിക്കും. മറ്റൊരു നിവേദനത്തിൽ വന്നിട്ടുണ്ട്. ആദരാർഹമായ സംസാരം (പ്രസംഗം തുടങ്ങിയവ) അല്ലാഹുവിനെ സ്തുതിക്കാതെയും പ്രശംസിക്കാതെയും ആരംഭിച്ചാൽ അത് അനുഗ്രഹമില്ലാത്തതും ഫലമില്ലാത്തതുമായിരിക്കും.' *(ഇബ്നുമാജ, അബ്‌വാബുന്നിക്കാഹ്)*

★ مَنْ سَرَّهٗ اَنْ يُحِبَّ اللّٰهَ وَرَسُوْلَهٗ اَوْ يُحِبَّهُ اللّٰهُ وَرَسُوْلُهٗ فَلْيَصْدُقْ حَدِيْثَهٗ اِذَا حَدَّثَ وَلْيُؤَدِّ اَمَانَتَهٗ اِذَا ائْتُمِنَ وَلْيُحْسِنْ جِوَارَ مَنْ جَاوَرَهٗ.

❁ 'നിങ്ങൾ അല്ലാഹുവിനേയും അവന്റെ റസൂലിനേയും യഥാർഥത്തിൽ സ്നേഹിക്കുകയും അല്ലാഹുവും അവന്റെ റസൂലും നിങ്ങളേയും സ്നേഹിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നെങ്കിൽ, നിങ്ങളെപ്പോഴും സത്യം പറയുകയും വിശ്വസിച്ചേല്പിക്കുന്ന മുതലിൽ വഞ്ചന കാണിക്കാതിരിക്കുകയും നിങ്ങളുടെ അയൽവാസിയോടു നല്ലരീതിയിൽ പെരുമാറുകയും ചെയ്യുക.' *(മിശ്ക്കാത്ത്, ബാബു അശ്ശഫഖത്തു വർറഹ്മ അലൽ ഖൽഖി)*

★ اَفْضَلُ الذِّكْرِ: لَآ اِلٰهَ اِلَّا اللّٰهُ وَاَفْضَلُ الدُّعَاءِ: اَلْحَمْدُ لِلّٰهِ.

❁ 'ഉത്തമമായ ദിക്ർ (ദൈവസ്മരണ) തൗഹീദിന്റെ വാക്യമാണ്. അതായത് ലാ ഇലാഹ ഇല്ലല്ലാഹ്(അല്ലാഹുവല്ലാതെ ആരാധനയ്ക്കർഹൻ ആരുമില്ലെന്ന്) ഏറ്റുപറയുക. ഏറ്റവും ഉത്തമമായ പ്രാർഥന അൽഹംദുലില്ലാഹ് എന്നതാകുന്നു. *(തുർമുദി കിതാബുദ്ദഅ്‌വാത്ത്)*

★ مَثَلُ الَّذِىْ يَذْكُرُ رَبَّهٗ وَالَّذِىْ لَا يَذْكُرُهٗ مَثَلُ الْحَيِّ وَالْمَيِّتِ - وَرَوَاهُ مُسْلِمٌ فَقَالَ مَثَلُ الْبَيْتِ الَّذِىْ يُذْكَرُ اللّٰهُ فِيْهِ وَالْبَيْتِ الَّذِىْ لَا يُذْكَرُ اللّٰهُ فِيْهِ مَثَلُ الْحَيِّ وَالْمَيِّتِ -

❁ 'ദൈവസ്മരണ ചെയ്യുന്നവന്റേയും ചെയ്യാത്തവന്റേയും ഉദാഹരണം ജീവിച്ചിരിക്കുന്നവന്റേയും മരിച്ചവന്റേതുമാണ്. അതായത് ദൈവസ്മരണ ചെയ്യുന്നവൻ ജീവിച്ചിരിക്കുന്നവനാണ്. ചെയ്യാത്തവൻ മരിച്ചവനാണ്. മുസ്‌ലിമിലുള്ള നിവേദനമാണ്. നബി(സ) തിരുമേനി പറഞ്ഞു: ദൈവസ്മരണയുള്ള വീടിന്റേയും ഇല്ലാത്തവീടിന്റേയും ഉദാഹരണം ജീവിച്ചിരിക്കുന്നവനും മരിച്ചവനും പോലെയാണ്.' *(ബുഖാരി, കിതാബുദ്ദഅ്‌വാത്ത്)*

★ مَنْ كَانَ يُحِبُّ اَنْ يَّعْلَمَ مَنْزِلَتَهٗ عِنْدَ اللّٰهِ تَعَالٰى فَلْيَنْظُرْ كَيْفَ مَنْزِلَةُ اللّٰهِ تَعَالٰى عِنْدَهٗ فَاِنَّ اللّٰهَ تَعَالٰى يُنْزِلُ الْعَبْدَ مِنْهُ حَيْثُ اَنْزَلَهٗ مِنْ نَفْسِهٖ -

❁ 'അല്ലാഹുവിന്റെ പക്കൽ തനിക്കുള്ള സ്ഥാനം അറിയാൻ ആഗ്രഹിക്കുന്നവൻ അല്ലാഹുവിനെക്കുറിച്ച് തന്റെ സങ്കല്പം എന്താണെന്ന് നോക്കിക്കൊള്ളട്ടെ. കാരണം തന്റെ ദാസന്റെ മനസ്സിൽ തനിക്കുള്ള നിലയനുസരിച്ചാണ് അല്ലാഹു തന്റെ ദാസനെ വിലയിരുത്തുന്നത്.' *(ഖുശയ്‌രിയ്യ ബാബുദിക്ർ പേജ് 118)*

★ يُصْبِحُ عَلٰى كُلِّ سُلَامٰى مِنْ اَحَدِكُمْ صَدَقَةٌ فَكُلُّ تَسْبِيْحَةٍ صَدَقَةٌ، وَكُلُّ تَحْمِيْدَةٍ صَدَقَةٌ وَكُلُّ تَهْلِيْلَةٍ صَدَقَةٌ، وَكُلُّ تَكْبِيْرَةٍ صَدَقَةٌ، وَاَمْرٌ بِالْمَعْرُوْفِ صَدَقَةٌ، وَنَهْىٌ عَنِ الْمُنْكَرِ صَدَقَةٌ، وَيُجْزِئُ مِنْ ذٰلِكَ رَكْعَتَانِ يَرْكَعُهُمَا مِنَ الضُّحٰى

❁ 'നിങ്ങളുടെ ശരീരത്തിന്റെ എല്ലാ ഓരോ ഭാഗത്തേയും നന്മയിലും ദാനധർമത്തിലും ഉൾപ്പെടുത്താൻ കഴിയുന്നതാണ്. എല്ലാ തസ്ബീഹും സ്വദഖയാണ്. അൽഹംദുലില്ലാഹ് എന്ന് പറയുന്നത് സ്വദഖയാണ്. ലാഇലാഹ ഇല്ലല്ലാഹ് എന്നു പറയുന്നത് സ്വദഖയാണ്. തക്ബീർ ചൊല്ലുന്നത് സ്വദഖയാണ്. നന്മ കല്പിക്കുന്നത് സ്വദഖയാണ്. തിന്മയെ തടയുന്നത് സ്വദഖയാണ്. പൂർവാഹനത്തിൽ (ളുഹാനേരത്ത്) രണ്ട് റക്അത്ത് നമസ്കരിക്കൽ ഈ എല്ലാ നന്മകൾക്കും സമമാണ്.' *(മുസ്‌ലം കിതാബുസ്സ്വലാത്ത്, ബാബു സ്വലാത്തുള്ളുഹാ)*

(മലിക് സയ്ഫുർറഹ്മാൻ സാഹിബിന്റെ ഹദീഖത്തുസ്സ്വാലിഹീൻ എന്ന ഗ്രന്ഥത്തിൽനിന്നെടുത്തത്)

.........☆.........☆.........☆.........

## ഹദീസുന്നബ്‌വി(സ)

**കള്ളം പറയുന്നതിൽ നിന്നും അതുപോലുള്ള പ്രവൃത്തികളിൽനിന്നും വിമുക്തനാകാത്ത ഒരാൾ തന്റെ ആഹാരപാനീയങ്ങൾ ഉപേക്ഷിക്കുന്നതുകൊണ്ട് അല്ലാഹുവിന് യാതൊരു കാര്യവുമില്ല. (ബുഖാരി)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family,**
**Ahmadiyya Jama-ath Mannarkad(Kerala)**

# എല്ലാ ആദരവിനെക്കാളുമുപരി റസൂലുല്ലാഹിﷺന്റെ ആദരവാണ്. അതിന്റെ സ്വാധീനം മുഴുവൻ ഇസ്‌ലാമികലോകത്തുമുണ്ട്. നമുക്ക് അല്ലാഹു നൽകിയ നബി, ഖാത്തമുൽ മുഅ്മിനീനും ഖാത്തമുൽ ആരിഫീനും ഖാത്തമുന്നബിയ്യീനുമാണ്.

## ഉപദേശങ്ങൾ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)

### ഫാറാൻ പർവ്വതത്തിൽ സിറാജ് മുനീറിന്റെ ഉദയം

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നബി(സ)തിരുമേനിയുടെ കാലഘട്ടത്തെ അല്ലാഹു ഇരുട്ടിലും വഴികേടിലും കണ്ടപ്പോൾ നാലുഭാഗത്തും മാർഗഭ്രംശത്തിന്റേയും അന്ധകാരത്തിന്റേയും ഇരുണ്ട കാർമേഘങ്ങൾ ലോകത്ത് നിഴൽവീഴ്ത്തിയപ്പോൾ, ആ ഇരുട്ടിനെ അകറ്റുന്നതിനും മാർഗഭ്രംശത്തെ സന്മാർഗത്തിലേക്കും സൗഭാഗ്യത്തിലേക്കും പരിവർത്തനം ചെയ്യിക്കുന്നതിനും വേണ്ടി ഒരു സിറാജുമ്മുനീർ (പ്രകാശദീപം) ഫാറാൻ പർവ്വതത്തിൽ ഉദയം ചെയ്തു. അതായത് നബി(സ)തിരുമേനി നിയമിതനായി.' *(മൽഫൂദാത്ത്, വാള്യം 1, പേജ് 83, 2018 ഖാദിയാൻ)*

### നബി(സ) തിരുമേനിയുടെ അതുല്യസ്ഥാനം

'നമ്മുടെ നബികരീം(സ) മുഴുലോകത്തിലേയും മനുഷ്യരുടെ ആത്മീയ തർബിയ്യത്തിന് (വിദ്യാഭ്യാസം നല്കി സംസ്കരിക്കാൻ) വേണ്ടിയാണ് വന്നിരുന്നത്. അതുകൊണ്ട് ഈ വർണം ഹുദൂർ അലയ്സ്സ്വലാത്തുവസ്സലാമിൽ തികവുറ്റ നിലയിലുണ്ടായിരുന്നു. വിശുദ്ധഖുർആൻ നിരവധി സ്ഥലങ്ങളിൽ ഹുദൂറിനെ സംബന്ധിച്ച് സാക്ഷ്യം നല്കിയ ആ സ്ഥാനമാണിത്. അല്ലാഹുവിന്റെ സവിശേഷഗുണങ്ങളുടെ മുന്നിലും അതേവർണത്തിലും നബി(സ) തിരുമേനിയുടെ സവിശേഷഗുണങ്ങളും പറഞ്ഞിരിക്കുന്നു. *മാ അർസൽനാക്ക ഇല്ലാ റഹ്മത്തൻല്ലിൽ ആലമീൻ*(21:108) അതുപോലെ തന്നെ പറഞ്ഞു: ഖുൽ യാ അയ്യുഹന്നാസു ഇന്നീ റസൂലുല്ലാഹി ഇലയ്ക്കും ജമീആ(7:159) വിശുദ്ധഖുർആനിലെ മറ്റു സ്ഥലങ്ങളിൽ ചിന്തിക്കുമ്പോൾ അറിയാൻ കഴിയുന്നത് നബി(സ)തിരുമേനിയെ അല്ലാഹു നിരക്ഷരൻ എന്നു പറഞ്ഞിരിക്കുന്നു. കാരണം അല്ലാഹുവല്ലാതെ ആരും ആ മഹാത്മാവിന്റെ ഉസ്താദായി ഉണ്ടായിരുന്നില്ല. എന്നാൽ, അവിടന്ന് നിരക്ഷരനായിരുന്നെങ്കിലും.... വിശുദ്ധഖുർആൻ കണ്ട് അത്ഭുതപ്പെട്ടുപോകുന്നു; ആ നിരക്ഷരൻ ഗ്രന്ഥവും തത്ത്വജ്ഞാനവും മാത്രമല്ല പറഞ്ഞത് പ്രത്യുത ആത്മസംസ്കരണത്തിന്റെ വഴികൾ പരിചയപ്പെടുത്തുകയും ചെയ്തു. എത്രത്തോളമെന്നാൽ, *അയ്യദഹും ബിറൂഹിൻ മ്മിൻഹു*(58:23) വരെ എത്തിച്ചു. നോക്കുക! തികഞ്ഞ ചിന്താദൃഷ്ടിയോടെ നോക്കുക! വിശുദ്ധഖുർആൻ ഏതു രീതിയിലുള്ള വിദ്യാർഥിയേയും അവന്റെ ഉദ്ദേശ്യംവരെ എത്തിക്കുകയും നേരിന്റേയും സത്യസാക്ഷ്യത്തിന്റേയും എല്ലാ ദാഹികളേയും വയറുനിറയെ കുടിപ്പിക്കുകയും ചെയ്യുന്നു. പക്ഷേ, ഈ യുക്തിജ്ഞാനത്തിന്റേയും ഈശ്വരീയജ്ഞാനത്തിന്റേയും നദി, സത്യസന്ധത യുടേയും പ്രകാശത്തിന്റേയും അരുവി ആരിലാണ് ഇറങ്ങിയതെന്ന് ഒന്ന് ചിന്തിച്ചു നോക്കുക. ഒരുഭാഗത്ത് നിരക്ഷരനെന്ന് പറയപ്പെടുകയും മറുഭാഗത്ത് പരിപൂർണതക ളും യാഥാർഥ്യങ്ങളും വായിൽനിന്ന് പുറപ്പെടുകയും ചെയ്യുന്ന അതേ മുഹമ്മദ് റസൂലുല്ലായുടെമേൽ! ലോകചരിത്രത്തിൽ അതിന് തുല്യത കാണുകയില്ല. (Ibid, പേജ് 104)

### നബി(സ)തിരുമേനിയുടെ സ്വഭാവപരമായ ദിവ്യദൃഷ്ടാന്തം

"ഹുദൂർ സയ്യിദുൽ മുർസലീ(സ)ന്റെ സ്വഭാവപരമായ ദിവ്യദൃഷ്ടാന്തങ്ങളിൽ ഒന്ന് ഇതും ആയിരുന്നു. ഒരിക്കൽ അവിടന്ന് ഒരു മരത്തിന്റെ താഴെ ഉറങ്ങിക്കിടക്കുകയായിരുന്നു. അപ്രതീക്ഷിതമായ ഒരു ഒച്ചയും ബഹളവും കേട്ട് ഉണർന്നപ്പോൾ കാണുന്നത് കാട്ടറബി വാൾ ഉയർത്തിപ്പിടിച്ച് ഹുദൂറിന്റെ മുമ്പിൽ നില്ക്കുന്നതാണ്. അയാൾ ചോദിച്ചു: മുഹമ്മദേ!(സ) എന്റെ കൈയിൽനിന്ന് ഇപ്പോൾ നിന്നെ രക്ഷിക്കാൻ ആർക്കാണ് കഴിയുക?' അവിടന്ന് തികഞ്ഞ ശാന്തിയോടും സത്യമായ സമാധാനത്തോടുംകൂടി പറഞ്ഞു: 'അല്ലാഹ്.' അവിടന്ന് ഇപ്പറഞ്ഞത് സാധാരണമനുഷ്യരെപ്പോലെ അല്ലായിരുന്നു. അല്ലാഹുവിന്റെ ഒരു വ്യക്തിഗതമായ നാമമാണ് അല്ലാഹ് എന്നത്. അവൻ എല്ലാ സമ്പൂർണമായ സവിശേഷഗുണങ്ങളുടേയും സമുച്ചയമാണ്. ഏതുരീതിയിലാണ് അത് അവിടത്തെ വായിൽനിന്ന് പുറപ്പെട്ടത്. അതായത് അത് മനസ്സിൽനിന്ന് പുറപ്പെടുകയും മനസ്സിൽതന്നെ ചെന്നുനില്ക്കുകയും ചെയ്തു. പറയുന്നു: *ഇസ്മെ അഅ്ളം* ഇതുതന്നെയാണ്. അതിൽ വലിയ വലിയ അനുഗ്രഹങ്ങളുണ്ട്. പക്ഷേ, ആർക്കാണോ ആ അല്ലാഹുവിനെ ഓർമ തന്നെ ഇല്ലാത്തത്, അവൻ അതിൽനിന്ന് എന്തു ഫലമെടുക്കാനാണ്. ചുരുക്കത്തിൽ അത്തരം നിലയിൽ അല്ലാഹു എന്ന പദം നബി(സ)തിരുമേനിയുടെ വായി ൽനിന്ന് പുറപ്പെട്ടു; അയാളിൽ ആദരയുക്തമായ ഭയം പെട്ടെന്ന് പ്രകടമായി. കൈകൾ വിറച്ചു. വാൾ താഴെ വീണു. ഹദ്റത്ത്(സ) അതേ വാൾ കൈയിലെടുത്തുകൊണ്ട് ചോദിച്ചു: 'ഇനി പറയുക, എന്റെ കൈയിൽനിന്ന് നിന്നെ ആർക്കാണ് രക്ഷിക്കാൻ കഴിയുക?' ആ ദുർബലമാനസനായ കാടന് ആരുടെ പേരാണ് പറയാൻ കഴിയുക? അവസാനം നബി(സ) തിരുമേനി തന്റെ ശ്രേഷ്ഠമായ സൽസ്വഭാവത്തിന്റെ മാതൃക കാണിക്കുകയും പോകുക എന്നു പറഞ്ഞ് വിടുകയും ചെയ്തു. അവിടന്ന് പറഞ്ഞു: 'മനുഷ്യത്വവും ധീരതയും എന്നിൽനിന്ന് പഠിക്കുക.' ഈ സ്വഭാവപരമായ ദിവ്യദൃഷ്ടാന്തം അയാളിൽ എങ്ങനെ സ്വാധീനം ചെലുത്തിയെന്നാൽ, അയാൾ മുസ്‌ലിമായി." (Ibid, പേജ് 86)

### മുഴുവൻ ഇസ്‌ലാമിക ലോകത്തും അതിന്റെ സ്വാധീനമുണ്ട്.

എല്ലാ ആദരവിനെക്കാളുമുപരി റസൂലുല്ലാഹി(സ)യുടെ ആദരവാണ്. മുഴുവൻ ഇസ്‌ലാമികലോകത്തും അതിന്റെ സ്വാധീനമുണ്ട്. അവിടത്തെ(സ)തന്നെ ധാർമികരോഷമാണ് ലോകത്തെ വീണ്ടും ജീവിപ്പിച്ചത്. അറബികളിൽ വ്യഭിചാരം, മദ്യപാനം, യുദ്ധം എന്നിവയല്ലാതെ ഒന്നുമുണ്ടായിരുന്നില്ല. മനുഷ്യരോടുള്ള കടമകൾ പാടേ ഇല്ലാതായിരുന്നു. മനുഷ്യന്റെ സഹതാപത്തിന്റേയും ഗുണകാംക്ഷയുടേയും പേരും അടയാളവുംപോലും വിപാടനം ചെയ്യപ്പെട്ടുകഴിഞ്ഞിരുന്നു. മനുഷ്യരോടുള്ള കടമകൾ മാത്രമല്ല നശിച്ചുകഴിഞ്ഞിരുന്നത്. പ്രത്യുത അല്ലാഹുവിനോടുള്ള കടമകളുടെമേൽ അതിനേക്കാളേറെ ഇരുട്ടുമൂടിക്കഴിഞ്ഞിരുന്നു. അല്ലാഹുവിന്റെ സവിശേഷഗുണങ്ങൾ കല്ലുകൾക്കും മരങ്ങൾക്കും നക്ഷത്രങ്ങൾക്കും നല്കപ്പെട്ടുകഴിഞ്ഞിരുന്നു. പലതരത്തിലുള്ള അന്യാരാധനകളും വ്യാപിച്ചിരുന്നു. ബലഹീനനായ മനുഷ്യനെ എന്നല്ല മനുഷ്യന്റെ രഹസ്യസ്ഥാനത്തെ വരെ പൂജിച്ചുകൊണ്ടിരുന്നു. അത്തരം വെറുക്കപ്പെട്ട അവസ്ഥയുടെ ചിത്രം അല്പനേരത്തേക്ക് ഒരു സൽപ്രകൃതക്കാരന്റെ മുമ്പിൽ വന്നാൽ അവൻ ഒരു ഭയാനകമായ ഇരുട്ടിന്റേയും അക്രമത്തിന്റേയും ഭയാനകവും പേടിപ്പെടുത്തുന്നതുമായ ദൃശ്യം കാണുന്നതായിരിക്കും. പക്ഷവാതരോഗി ഒരു ഭാഗത്ത് വീഴുന്നു. എന്നാൽ, ഈ പക്ഷവാതം എങ്ങനെയുള്ളതായിരുന്നെന്നാൽ, ഇരുവശത്തും അതു വീണിരുന്നു. കലഹം പൂർണമായും ലോകത്ത് ഉണ്ടായിക്കഴിഞ്ഞിരുന്നു. കടലിൽ സമാധാനവും ശാന്തിയുമില്ലായിരുന്നു. കരയിലും സമാധാനവും സൗഖ്യവും ഇല്ലായിരുന്നു. ഈ അന്ധകാരത്തിന്റേയും നാശത്തിന്റേയും കാലഘട്ടത്തിൽ നമ്മൾ നബി(സ) തിരുമേനിയെ നോക്കിക്കാണുകയാണ്. അവിടന്ന് വന്ന് എങ്ങനെയാണ് പൂർണമായനിലയിൽ ഈ ത്രാസിന്റെ രണ്ടുതട്ടും ശരിയാക്കിയത്; അതായത് അല്ലാഹുവിനോടുള്ള കടമകളേയും സൃഷ്ടികളോടുള്ള കടമകളേയും അതിന്റെ യഥാർഥ കേന്ദ്രസ്ഥാനത്ത് സ്ഥാപിച്ചുകാണിച്ചു. നബി(സ)തിരുമേനിയുടെ ധാർമികമായ കഴിവുകൾ മാത്രമേ ആ നേരത്ത് ചിന്തയിൽ വരികയുള്ളൂ; അക്കാലത്തെ അവസ്ഥയിൽ ദൃഷ്ടി പായിക്കുമ്പോൾ! എതിരാളികൾ നബി(സ) തിരുമേനിക്കും അദ്ദേഹത്തിന്റെ അനുയായികൾക്കും എത്രമാത്രം ബുദ്ധിമുട്ടുകളാണുണ്ടാക്കിയത്. അതിനെതിരിൽ അദ്ദേഹത്തിന് അധികാരവും ആധിപത്യവും കരസ്ഥമായിരുന്ന അവസ്ഥയിൽ അവരോടു എങ്ങനെയാണ് പെരുമാറിയതെന്നാൽ അത് അവിടത്തെ മഹിമാവിലാസം പ്രകടിപ്പിക്കുന്നു. അബൂജഹ്‌ലും അയാളുടെ കൂട്ടുകാരും ആ മഹാത്മാവിന്റെ ത്യാഗികളായ സേവകർക്ക് എന്ത് ബുദ്ധിമുട്ടാണ് ഉണ്ടാക്കാതിരുന്നത്. ദരിദ്രരായ മുസ്‌ലിംസ്ത്രീകളുടെ കാലുകൾ ഒട്ടകങ്ങളുടെ കാലുകളിൽ കെട്ടി എതിർദിശയിലേക്ക് പായിച്ചു. അവർ പിളർന്നു മരിച്ചു. ലാഇലാഹ ഇല്ലല്ലായിൽ അവർ വിശ്വസിച്ചു എന്നതു മാത്രമായിരുന്നു അവർ ചെയ്ത പാപം. എന്നാൽ, അവിടന്ന് അതിനെതിരിൽ ക്ഷമയും സഹനവും കൈക്കൊണ്ടു. അങ്ങനെ മക്ക വിജയിച്ചപ്പോൾ *ലാ തഥ്‌രീബ അലയ്ക്കുമുൽയൗമ* എന്ന് പറഞ്ഞു മാപ്പുകൊടുത്തു.(12:93) ഇത് എത്രത്തോളം ധാർമികമായ പരിപൂർണതയാണ്. അത് മറ്റൊരു നബിയിലും കാണാത്തതാണ്. അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ്വഅലാ ആലിമുഹമ്മദ് (കയശറ, പേജ് 484)

നമ്മൾ ആ കഴിവുകൾ പ്രാപിക്കണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. ഓർക്കുക! വിശുദ്ധഖുർആൻ അയച്ചതുകൊണ്ടും നബി(സ)തിരുമേനിയെ നിയോഗിച്ചതുകൊണ്ടും അല്ലാഹു ഉദ്ദേശിക്കുന്നത് ലോകത്ത് മഹത്തായ കാരുണ്യത്തിന്റെ മാതൃക കാണിക്കുക എന്നതാണ്. *മാ അർസൽനാക്ക ഇല്ലാ റഹ്മത്തൻല്ലിൽ ആലമീൻ* (21:108) എന്നു പറഞ്ഞതുപോലെ അതുപോലെ തന്നെ വിശുദ്ധഖുർആൻ അയച്ചതിന്റെ ഉദ്ദേശ്യവും പറഞ്ഞു. *ഹുദൻല്ലിൽ മുത്തഖീൻ* (2:3) ഇത് എങ്ങനെയുള്ള മഹത്തായ ഉദ്ദേശ്യങ്ങളാണെന്നാൽ അതിന് തുല്യത എങ്ങും ഉണ്ടാകുകയില്ല. പ്രവാചകന്മാരിലുണ്ടായിരുന്ന വ്യത്യസ്തമായ

എല്ലാ കഴിവുകളും നബി(സ)തിരുമേനിയിൽ സമാഹരിക്കണമെന്ന് അല്ലാഹു ആഗ്രഹിച്ചു; സമാഹരിക്കുകയും ചെയ്തു. അതുപോലെ എത്രത്തോളം കഴിവുകൾ എല്ലാ ഉമ്മത്തുകളിലും ഉണ്ടായിരുന്നുവോ അവ ഈ ഉമ്മത്തിൽ സമാഹരിച്ചു. അതുകൊണ്ട് ആ കഴിവുകളെ നമ്മൾ പ്രാപിക്കണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. അവൻ മഹത്തായ യോഗ്യതകൾ നമുക്ക് തരാനാഗ്രഹിക്കുന്നതുപോലെ അതനുസരിച്ച് അവൻ നമുക്ക് കഴിവുകളും പ്രദാനം ചെയ്തിട്ടുണ്ടെന്ന കാര്യവും മറക്കാൻ പാടില്ല. അതനുസരിച്ച് കഴിവുകൾ തന്നിട്ടില്ലെങ്കിൽ പിന്നെ നമുക്ക് ആ യോഗ്യതകളെ ഒരുവിധത്തിലും അവസ്ഥയിലും പ്രാപിക്കാൻ സാധിക്കുമായിരുന്നില്ല." (Ibid,പേജ് 310)

## നബി(സ) തിരുമേനിയുടെ ഖാത്തമുന്നബിയ്യിൻ എന്ന സ്ഥാനം:

'നമുക്ക് അല്ലാഹു നല്കിയിരിക്കുന്ന നബി ഖാത്തമുൽമുഅ്മിനീനും ഖാത്തമുൽ ആരിഫീ നും ഖാത്തമുന്നബിയ്യീനുമാണ്. ആ മഹാത്മാവിൽ ഇറക്കിയിട്ടുള്ള ഗ്രന്ഥം ജാമിഉൽ കുതുബും ഖാത്തമുൽ കുതുബുമാണ്. നബി(സ) തിരുമേനി ഖാത്തമുന്നബിയ്യീനാണ്. അവിടത്തെ മേൽ നുബുവ്വത്ത് അവസാനിച്ചു. എന്നുവച്ചാൽ ഈ നുബുവ്വത്ത് ആരെങ്കിലും കഴുത്തുഞെരിച്ചു അവസാനിപ്പിക്കുന്നതുപോലെ അവസാനിച്ചിട്ടില്ല. അങ്ങനെ അവസാനിക്കുന്നത് ആദരാർഹവുമല്ല. പ്രത്യുത നബി(സ)തിരുമേനിയുടെമേൽ നുബുവ്വത്ത് അവസാനിച്ചു എന്നതുകൊണ്ടുള്ള ഉദ്ദേശ്യം സ്വാഭാവികമായ നിലയിൽ അവിടത്തോടുകൂടി നുബുവ്വത്തിന്റെ പരിപൂർണതകൾ അവസാനിച്ചുവെന്നാണ്. അതായത് ആദമിൽ തുടങ്ങി മസീഹുബ്നു മർയംവരെയുള്ള നബിമാർക്ക് നല്കപ്പെട്ടിരുന്ന വിവിധങ്ങളായ സകല പരിപൂർണതകളും– ചിലർക്ക് ചിലത് ചിലർക്ക് മറ്റുചിലത് അതെല്ലാം നബി(സ)തിരുമേനിയിൽ സമാഹരിക്കപ്പെട്ടിരിക്കുന്നു. ഈ രീതിയിൽ അവിടന്ന് സ്വാഭാവികമായി ഖാത്തമുന്നബിയ്യീനായി. ഇപ്രകാരംതന്നെ വിവിധ ഗ്രന്ഥങ്ങളിൽ രേഖപ്പെട്ടുവന്നിട്ടുള്ള ആ എല്ലാ അധ്യാപനങ്ങളും വസ്വിയ്യത്തുകളും ജ്ഞാനങ്ങളും വിശുദ്ധഖുർആനിൽ വന്ന് അവസാനിക്കുകയും വിശുദ്ധഖുർആൻ ഖാത്തമുൽകുതുബ് ആകുകയും ചെയ്തു.' (Ibid, പേജ് 311)

'നാം പൂർണമായ ഉൾക്കാഴ്ചയോടുകൂടി നബി(സ) തിരുമേനിയെ ഖാത്തമുന്നബിയ്യീനായി വിശ്വസിക്കുന്നു. എന്റേയും എന്റെ ജമാഅത്തിന്റേയുംമേൽ ഞങ്ങൾ നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീനാണെന്ന് വിശ്വസിക്കാത്തവരാണെന്നുള്ള ആക്ഷേപം ഉന്നയിക്കപ്പെടുന്നുണ്ടെന്നതും ഓർക്കേണ്ടതാണ്. ഇത് ഞങ്ങളുടെമേലുള്ള ഗുരുതരമായ കറ്റുകെട്ടാണ്. ഞങ്ങൾ ഏതൊരു ദൃഢമായ വിശ്വാസത്തോടും ജ്ഞാനത്തോടും ഉൾക്കാഴ്ചയോടുംകൂടി നബി (സ) തിരുമേനി ഖാത്തമുന്നബിയ്യീനാണെന്നത് അംഗീകരിക്കുകയും ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നുവോ അതിന്റെ ലക്ഷത്തിൽ ഒരു അംശംപോലും അവർ വിശ്വസിക്കുന്നില്ല. അതുമാത്രമല്ല ഖാത്തമുൽഅമ്പിയാ(സ)യുടെ ഖത്തമുന്നുബുവ്വത്തിൽ അടങ്ങിയിട്ടുള്ള ഈ യാഥാർഥ്യത്തേയും രഹസ്യത്തേയും അവർ മനസ്സിലാക്കുന്നതുമില്ല. അവർ പൂർവപിതാക്കളിൽനിന്ന് ഒരു വാക്കു കേട്ടു. അതിന്റെ യാഥാർഥ്യത്തിൽനിന്ന് അജ്ഞരാണ്. ഖത്തമുന്നുബുവ്വത്ത് എന്താണെന്ന് അവർ അറിയുന്നില്ല; അതിൽ വിശ്വസിക്കുക എന്നതിന്റെ പൊരുളെന്താണെന്നും. എന്നാൽ, ഞാൻ സമ്പൂർണമായ ഉൾക്കാഴ്ചയോടുകൂടി (അത് അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ) നബി(സ)തിരുമേനിയെ ഖാത്തമുൽഅമ്പിയാ ആയി ദൃഢമായും വിശ്വസിക്കുന്നു. അല്ലാഹു എന്നിൽ ഖത്തമുന്നുബുവ്വത്തിന്റെ യാഥാർഥ്യം എങ്ങനെ തുറന്നെന്നാൽ, ഞാൻ കുടിപ്പിക്കപ്പെട്ട ഈ ജ്ഞാനത്തിന്റെ ശർബ്ബത്തിൽനിന്ന് ഒരു പ്രത്യേക രുചി ആസ്വദിക്കുന്നു. അതിനെ അളക്കാൻ ആർക്കും സാധ്യമല്ല; ഈ അരുവിയിൽനിന്ന് വയറുനിറയെ കുടിച്ചവരൊഴികെ!' (കയശര, പേജ് 312)

## നബി(സ) തിരുമേനിയുടെ കാലടികളിലൂടെ നടക്കുക

### അണുവോളം അങ്ങോട്ടോ ഇങ്ങോട്ടോ മാറാൻ മുതിരരുത്.

'ഞാൻ നിങ്ങളോട് പറയാനാഗ്രഹിക്കുന്നു, സ്വയംകൃത ജപതാപങ്ങൾകൊണ്ട് ഈ പരിപൂർണതകളെ കരസ്ഥമാക്കാൻ ആഗ്രഹിക്കുന്ന ധാരാളമാളുകളുണ്ട്. പക്ഷേ, ഞാൻ നിങ്ങളോടു പറയുന്നു. ഏതൊരു മാർഗമാണോ നബി(സ) തിരുമേനി സ്വീകരിക്കാതിരിക്കുന്നത് അത് കേവലം വ്യർഥമാണ്. അനുഗൃഹീതരായവരുടെ വഴി സത്യമായ അനുഭവമുള്ളയാൾ നബി(സ) തിരുമേനിയേക്കാളുപരി മറ്റാരാകാനാണ്. അദ്ദേഹത്തിനുമേൽ നുബുവ്വത്തിന്റെ എല്ലാ പരിപൂർണതകളും അവസാനിച്ചുപോയി. അവിടന്ന് സ്വീകരിച്ച വഴി അത് വളരെ ശരിയായതും അധികം അടുത്തതുമാണ്. ആ വഴി വിട്ടുകൊണ്ട് മറ്റൊന്നു കണ്ടുപിടിക്കുക–അത് ബാഹ്യത്തിൽ എത്രമാത്രം സന്തോഷപ്രദമാണെന്ന് മനസ്സിലായാലും–എന്റെ അഭിപ്രായത്തിൽ നാശമാണ്. അല്ലാഹു എനിക്ക് വെളിപ്പെടുത്തി തന്നിട്ടുള്ളത് അങ്ങനെതന്നെയാണ്. നബി(സ) തിരുമേനിയെ സത്യസന്ധമായി പിൻപറ്റുന്നതിലൂടെയാണ് അല്ലാഹുവിനെ കിട്ടുന്നത്. ആ മഹാത്മാവിനെ പിൻപറ്റാതെ ജീവിതം മുഴുവൻ ഒരാൾ തലകുത്തി മറിഞ്ഞാലും ഉദ്ദേശിച്ച മുത്ത് അവന് കൈവരികയില്ല. സഅ്ദിയും നബി(സ)തിരുമേനിയെ പിൻപറ്റേണ്ടതിന്റെ ആവശ്യകത പറയുന്നു. അർഥം: 'നബി(സ)തിരുമേനിയുടെ വഴി നീ ഉപേക്ഷിക്കരുത്. പലതരത്തിലുള്ള ജപങ്ങൾ ആളുകൾ ഉണ്ടാക്കിയിട്ടുള്ളത് ഞാൻ കാണുന്നു. തലകീഴായി തൂങ്ങികിടക്കുന്നു. യോഗികളെപോലെ സന്യാസം സ്വീകരിച്ചിരിക്കുന്നു. പക്ഷേ, ഇതെല്ലാം നിഷ്ഫലമാണ്.' തലകീഴായി തൂങ്ങികിടക്കുക എന്നത് പ്രവാചകന്മാരുടെ സുന്നത്തല്ല. 'നഫീ അഥ്ബാത്തി'ന്റെയും 'അർറ'യുടേയും ദിക്ർ ചൊല്ലുക എന്നതും. നബി(സ) തിരുമേനിയെക്കുറിച്ച് അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത് *ലക്കും ഫീ റസൂലില്ലാഹി ഉസ്‌വത്തുൻ ഹസനത്തുൻ* (33:22) നബി(സ)തിരുമേനിയുടെ കാൽപാദങ്ങളിലൂടെ നടക്കുക, ഒരു അണുവോളം അങ്ങോട്ടും ഇങ്ങോട്ടും മാറാൻ മുതിരാതിരിക്കുക.' (Ibid, പേജ് 323)

## കുൻതും ഖയ്റ ഉമ്മത്തിൻ ഉഖ്‌രിജത് ലിന്നാസി എന്നു പറയപ്പെട്ട പരിശുദ്ധ ജമാഅത്ത് നബി(സ) തിരുമേനി തയ്യാറാക്കിയെടുത്തു.

"അല്ലാഹു പറഞ്ഞു: *ഫസ്തഖിം കമാ ഉമിർത്ത* (11:113) അതായത് നേരെയാകുക. ഒരുതരത്തിലുള്ള ദുഷ്കർമപരമായ വളവും അവശേഷിക്കരുത്. പിന്നീട് തൃപ്തിപ്പെടുന്നതായിരിക്കും. നിങ്ങളും നേരെയാകുക; മറ്റുള്ളവരേയും നേരെയാക്കുക. അറബികളെ നേരെയാക്കുക എന്നത് എത്രമാത്രം പ്രയാസമായിരുന്നു. നബി(സ)തിരുമേനിയോടു ചോദിച്ചപ്പോൾ പറഞ്ഞു, 'എന്നെ സൂറ ഹൂദ് കിഴവനാക്കിക്കളഞ്ഞു. എന്തുകൊണ്ടെന്നാൽ ആ കല്പന കാരണത്താൽ കനപ്പെട്ട ഉത്തരവാദിത്വമാണ് എന്നിലുണ്ടായത്.' സ്വയം നേരെയാക്കുക; അല്ലാഹുവിന്റെ കല്പനകൾ പൂർണമായും അനുസരിക്കുക, സ്വന്തമായ നിലയിൽ ബന്ധപ്പെട്ട കാര്യമാണെങ്കിൽ പൂർത്തിയാക്കാൻ സാധ്യതയുണ്ട്. പക്ഷേ, മറ്റുള്ളവരെ അതുപോലെ ആക്കുക എന്നത് എളുപ്പമല്ല. ഇതിൽനിന്ന് നമ്മുടെ നബിയുടെ ഉന്നതമായ മഹിമയും പരിശുദ്ധശക്തിയും അറിയാൻ കഴിയുന്നു. എങ്ങനെയാണ് നബി(സ)തിരുമേനി ഈ കല്പന നിറവേറ്റിയത്. കുൻതും ഖയ്റഉമ്മത്തിൻ ഉഖ്‌രിജത്ത് ലിന്നാസി എന്നു പറയപ്പെട്ട ആദരണീയ സ്വഹാബത്തിന്റെ ജമാഅത്ത് തയ്യാറാക്കിയെടുത്തു. *റളിയല്ലാഹു അൻഹും വർളൂ അൻഹു* എന്ന അശരീരി അവർക്കു വന്നു. (98:9) അവിടത്തെ ജീവിതകാലത്ത് ഒരു മുനാഫിഖും പരിശുദ്ധ മദീനയിലുണ്ടായിരുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ മറ്റു നബിയുടെ ജീവിത സംഭവങ്ങളിൽ തുല്യതയില്ലാത്ത വിജയമാണ് നബി(സ)തിരുമേനിക്കുണ്ടായത്.' (Ibid, പേജ് 166)

.........☆.........☆.........☆.........

AL ISLAM
www.alislam.org

## പൊതുമുതലും ദൈവഭയവും

✸ഒരിക്കൽ ഇമാം ഹുസയ്നോ ഇമാം ഹസനോ ആണെന്ന് തോന്നുന്നു, വീട്ടിൽ കാരക്ക കൂട്ടിയിട്ടിരിക്കുന്നതു കണ്ടു. ആ ദാന മുതലിൽനിന്ന് ഒരു കാരക്ക എടുത്ത് വായിലിട്ടു. നബി(സ)തിരുമേനി അതു കണ്ടു. ഉടനെ കുട്ടിയുടെ വായിൽനിന്ന് അത് വെളിയിലെടുത്തിട്ടു പറഞ്ഞു, 'നമ്മൾ റസൂലിന്റെ കുടുംബമാണ്. സ്വദക്ക നമുക്കു തിന്നാൻ പാടില്ല.'

✸ഒരു ദിവസം നബി(സ)തിരുമേനി നമസ്കരിപ്പിച്ചു. പെട്ടെന്ന് അവിടന്ന് വെളിയിലേക്കോടി. ഉടനെ തിരിച്ചു വരികയും ചെയ്തു. നബിയുടെ കൈയിൽ ഒരു സ്വർണ നാണയം ഉണ്ടായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'കുറച്ചു നാണയങ്ങൾ വന്നിരുന്നു. എല്ലാം വീതിച്ചു നല്കി. ഇതു മാത്രം ബാക്കിയായി. നമസ്കാരത്തിൽ എനിക്കു ഓർമ വന്നു. പൊതുമുതലിൽനിന്ന് ഒന്നും നമ്മുടെ വീട്ടിലിരിക്കാൻ പാടില്ല.

## ഹദീസുന്നബ്‌വി(സ)

**'അല്ലാഹുവിനെ സ്മരിക്കുന്നവനും സ്മരിക്കാതിരിക്കുന്നവനും യഥാക്രമം ജീവിച്ചിരിക്കുന്നവനും മരിച്ചിരിക്കുന്നവനും പോലെയാണ്.' (മുസ്‌ലിം)**

ത്വാലിബെ ദുആ:
Muhammad Safwan&Family,
Ahmadiyya Jama-ath Kakkanad, Kerala.

## ഹദീസുന്നബ്‌വി(സ)

**"വിശുദ്ധ ഖുർആനിൽ നിന്ന് അല്പമെങ്കിലും പഠിച്ചിട്ടില്ലാത്ത വ്യക്തി ആൾപ്പാർപ്പില്ലാത്ത വീടുപോലെയാണ്." (തിർമിദി)**

ത്വാലിബെ ദുആ:
Dr. C. Salahuddin,
Ameer Ahmadiyya Jama-ath Calicut, Kerala.

**ഞങ്ങൾക്ക് നബി(സ)തിരുമേനിയുടെ ഉന്നത പദവിയുടേയും ഉത്തമസ്ഥാനത്തിന്റേയും ഗ്രാഹ്യം നല്കിയത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)തന്നെയാണെന്ന് ഞങ്ങൾക്ക് ദൃഢഗാഢമായി പറയാൻ കഴിയും.**

**ആ മഹാത്മാവിന്റെ റസൂലിനോടുള്ള സ്നേഹത്തിന്റെ അസംഖ്യം ലിഖിതങ്ങൾ നോക്കുമ്പോൾ, അറബിയിലും ഫാർസിയിലും ഉർദുവിലുമുള്ള അവിടത്തെ ഗ്രന്ഥങ്ങളും ഉപദേശങ്ങളും പദ്യങ്ങളും കാണുമ്പോൾ, ആ മഹാത്മാവിന് നബി(സ)തിരുമേനിയുടെ പ്രേമത്തിലും സ്നേഹത്തിലുമുള്ള സ്ഥാനംവരെ ആർക്കും എത്താൻ സാധിക്കുകയില്ലെന്ന് വ്യക്തമാകുന്നു.**

**അവിടത്തെ ഖസീദകളുടെ രൂപത്തിലുള്ള അറബി ലിഖിതങ്ങളും എങ്ങനെയുള്ളതാണെന്നാൽ അത് വായിച്ച് അറബികളും നബി(സ)തിരുമേനിയെ സ്തുതിച്ചുകൊണ്ട് ഇത്തരം അനുരക്തിയും സ്നേഹവും നിറഞ്ഞ കീർത്തനങ്ങൾ തങ്ങളൊരിക്കലും വായിക്കുകയോ കേൾക്കുകയോ ചെയ്തിട്ടില്ലെന്ന് സമ്മതിക്കുന്നു.**

**നമ്മൾ മുസ്‌ലിമാണെന്നതിന് നമുക്കേതെങ്കിലും ഭരണകൂടത്തിന്റേയോ മതപണ്ഡിതന്റേയോ നാമമാത്ര ആലിമിന്റേയോ സർട്ടിഫിക്കേറ്റിന്റെ ആവശ്യമില്ല. ഏതെങ്കിലും ഫോറത്തിൽ എഴുതുന്നതുകൊണ്ട് നമ്മൾ മുസ്‌ലിമോ അമുസ്‌ലിമോ ആകുകയുമില്ല. നമുക്ക് വേണ്ടുന്നത് ഒരേയൊരു സർട്ടിഫിക്കേറ്റാണ്; അത് അല്ലാഹുവിന്റെ തൃപ്തിയാണ്. അല്ലാഹു നമ്മെ തൃപ്തിപ്പെടണം. നമ്മൾ യഥാർഥത്തിൽ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ ഉമ്മത്തിനോടുള്ള കടമ നിറവേറ്റുന്നവരും ആ ധന്യാത്മാവിനെ പിൻപറ്റുന്നവരുമാകുമ്പോഴുമാണ് അല്ലാഹു ആ സർട്ടിഫിക്കേറ്റ് നമുക്ക് നല്കുക.**

**അങ്ങനെ ഈ വർഷവും ഇവിടെ അവസാനിക്കുകയാണ്. ചില രാജ്യങ്ങളിൽ 24 മണിക്കൂറും ചിലയിടങ്ങളിൽ രണ്ടുപകലും രണ്ടുരാവും ബാക്കിയുണ്ട്. അതിനാൽ ഈ അവസാനനാളുകളേയും സ്വലാത്തുകൊണ്ട് നിറയ്ക്കുക. എത്രയും വേഗം നമ്മൾ നബി(സ)തിരുമേനിയുമായി ബന്ധപ്പെട്ടിരിക്കുന്ന ആ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവരാകാൻ നവവർഷത്തെ സ്വലാത്തും സലാമുംകൊണ്ട് വരവേല്ക്കുക.**

**ഖാദിയാൻ ദാറുൽഅമാനിൽ സംഘടിപ്പിച്ച 2018 ലെ ജൽസാസാലാനയുടെ അവസരത്തിൽ ഡിസംബർ 30 ഞായറാഴ്ച സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് ബയ്ത്തുൽ ഫുതൂഹ് ലണ്ടനിലെ ത്വാഹിർ ഹാളിൽനിന്ന് മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ ഇന്റർനാഷണൽ മുഖേന ലോകമെമ്പാടുമുള്ള അഹ്മദികളെ സംബോധന ചെയ്ത് നടത്തിയ സമാപന പ്രഭാഷണം.**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -

اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -

صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇന്ന് ഈ വർഷത്തെ ഖാദിയാൻ ജൽസസാലാനയുടെ സമാപനദിവസമാണ്. അവസാനത്തെ സെഷനാണ്. ഈ നേരത്ത് ലോകത്തിലെ വിവിധ രാജ്യങ്ങളിൽനിന്നുവന്ന ഏകദേശം പതിനെട്ട് പത്തൊമ്പതിനായിരം അഹ്മദി ആ നാട്ടിൽ സംഘടിച്ചിരിക്കുന്നു. അത് കാലത്തിന്റെ ഇമാമിന്റേയും മസീഹ് മൗഊദിന്റേയും മഹ്ദിയെ മഅ്ഹൂദിന്റേയും നാടാണ്. നബി(സ)തിരുമേനിയുടെ പ്രവചനവും അല്ലാഹുവിന്റെ വാഗ്ദാനങ്ങളുമനുസരിച്ച് ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനി കൊണ്ടുവന്ന ദീനിന്റെ പരിഷ്കരണത്തിന് നിയോഗിതനായ ആളാണ് ആ മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും. അവിടന്ന് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം അനുസരിച്ച് മനുഷ്യരെ അല്ലാഹുവിന്റെ സമീപത്തുകൊണ്ടുവരുന്നതിനുള്ള വഴികൾ കാണിച്ചുകൊടുക്കുകയും വിശുദ്ധഖുർആന്റെ സുന്ദരമായ അധ്യാപനത്തെ ലോകത്തിന് വ്യക്തമാക്കി കൊടുക്കുകയും നബി(സ)തിരുമേനിയുടെ മഹിമാവിലാസത്തേയും ഉന്നതസ്ഥാനത്തേയും കുറിച്ച് ലോകത്തിന് പറഞ്ഞുകൊടുത്ത് സൽപ്രകൃതക്കാരെ മാത്രമല്ല ഇസ്‌ലാമിന്റേമേലുള്ള അന്യരുടെ ആക്രമണങ്ങളാൽ പൊറുതിമുട്ടിയിരുന്ന മുസ്‌ലിംകളുടെ വിശ്വാസങ്ങളെ ശക്തിപ്പെടുത്തുകയും ഇസ്‌ലാമിന്റെ ശത്രുക്കൾക്കും നബി(സ)തിരുമേനിയുടെ വ്യക്തിത്വത്തിനുമേൽ ആക്ഷേപം ഉന്നയിക്കുന്നവർക്കും വായടപ്പൻ മറുപടി നല്കുകയും ചെയ്തു. ഇസ്‌ലാമിന്റെ ശത്രുക്കൾക്ക് അവിടത്തെ തെളിവുകൾകൊണ്ടുള്ള ആക്രമണത്തിൽ ഓടിരക്ഷപ്പെടാനുള്ള വഴി സ്വീകരിക്കുകയല്ലാതെ ഒരു രക്ഷയുമുണ്ടായിരുന്നില്ല. അദ്ദേഹത്തിന് നബി(സ)തിരുമേനിയോടുള്ള സ്നേഹംവരെ ആരും എത്തിയില്ല. എത്താനും സാധ്യമല്ല. ഈ പ്രേമവായ്പിന്റെ അവസ്ഥയും അക്കാരണത്താൽ അദ്ദേഹത്തോടുള്ള അല്ലാഹുവിന്റെ പെരുമാറ്റവും, ഉപഹാരങ്ങളുടെ പെരുമഴയും വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:

"ഒരു രാത്രി എന്റെ ആത്മാവും ഹൃദയവും പരിമളത്താൽ ഭരിതമായിത്തീരുമാറ് ഈ സാധു നബി(സ)തിരുമേനിയുടെമേൽ ധാരാളം സ്വലാത്ത് ചൊല്ലി. അന്നുരാത്രി മലക്കുകൾ സ്വച്ഛജലത്തിന്റെ രൂപത്തിൽ പ്രകാശത്തിന്റെ ശുദ്ധവും തെളിമയാർന്നതുമായ കുടങ്ങൾ ഈ സാധുവിന്റെ വീട്ടിൽ കൊണ്ടുവന്നിരിക്കുന്നതായി സ്വപ്നം കണ്ടു. അവരിൽ ഒരാൾ പറഞ്ഞു. നീ മുഹമ്മദിലേക്ക്(സ)അയച്ചതിന്റെ ബർക്കത്തുകളാണിത്. പിന്നീട് പറയുന്നു: "ഒരിക്കൽ ഇൽഹാമുണ്ടായി. അതിന്റെ അർഥം ഇങ്ങനെയാണ്: മലഉൽ അഅ്ലായിലെ(മലക്കുകളുടെ സമുന്നത സമിതി)ആളുകൾ തർക്കത്തിലാണ്. അതായത് ദൈവികോദ്ദേശ്യം ദീനിനെ പുനരുജ്ജീവിപ്പിക്കാനുള്ള ആവേശത്തിലാണ്. പക്ഷേ മലക്കുകളുടെ സമുന്നത സമിതിയിൽ ദീനിനെ ജീവിപ്പിക്കുന്ന ആളിന്റെ നിർണയം പ്രകടമായില്ല. അതുകൊണ്ട് അവർ അഭിപ്രായ ഭിന്നതയിലാണ്. അതിന്നിടയിൽ സ്വപ്നത്തിൽ കണ്ടു: ജനങ്ങൾ ദീനിനെ ജീവിപ്പിക്കുന്ന ഒരാളെ അന്വേഷിച്ചു നടക്കുകയാണ്. ഒരാൾ ഈ സാധുവിന്റെ അടുക്കൽ വന്നു. ആംഗ്യത്തിൽ അയാൾ പറഞ്ഞു: *ഹാദാ റജുലുൻ യുഹിബ്ബു റസൂലല്ലാഹി* അല്ലാഹുവിന്റെ റസൂലിനെ സ്നേഹിക്കുന്ന വ്യക്തി ഈയാളാണ്. ഈ സ്ഥാനം ലഭിക്കുന്നതിനുള്ള ഏറ്റവും വലിയ നിബന്ധന റസൂലിനോടുള്ള സ്നേഹമാകുന്നു എന്നാണ് ഈ വാക്യത്തിന്റെ അർഥം. അതിനാൽ അത് ഈ വ്യക്തിയിൽ തെളിയിക്കപ്പെട്ടിരിക്കുന്നു." (ബറാഹീനെ അഹ്മദിയ്യാ, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 598, അടിക്കുറിപ്പിന് അടിക്കുറിപ്പ് നമ്പർ 3)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നബി(സ)തിരുമേനിയോടുള്ള സ്നേഹം കാരണത്താലാണ് അല്ലാഹു എനിക്ക് ഈ സ്ഥാനം നല്കിയത്. അവിടന്ന് പറഞ്ഞ ഇക്കാര്യങ്ങൾ കേട്ട് നബി(സ) തിരുമേനിയെ സത്യസന്ധമായി സ്നേഹിക്കുകയും ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിന് അയക്കപ്പെട്ടതുമായ ഈ ദൈവദാസനെ മുസ്‌ലിംകൾ പൊതുവായും ഉലമാക്കളും അദ്ദേഹത്തെ സഹായിക്കുകയായിരുന്നു വേണ്ടിയിരുന്നത്. പക്ഷേ ഉലമാ അങ്ങനെയല്ല. അവരെ നാമധാരികളായ ഉലമാ എന്നാണ് പറയേണ്ടത്– തങ്ങളുടെ ഹൃദയ കാഠിന്യവും അജ്ഞതയും വിദ്വേഷവും കാരണത്താൽ അദ്ദേഹത്തിന്നെതിരിൽ ആക്ഷേപം ഉന്നയിക്കാൻ തുടങ്ങി. ഇന്നും അത് തുടർന്നു വരുന്നു; നഊദുബില്ലാഹ് അവിടന്ന് നബി(സ)തിരുമേനിയുടെ മഹിമാവിലാസത്തെ ഇകഴ്ത്തുന്നുവെന്നും അതുകൊണ്ട് കാഫിറാണെന്നും ആ മഹാത്മാവിനെ വിശ്വസിക്കുന്നവരും കാഫിറാണെന്നും ആക്ഷേപം ഉന്നയിക്കുന്നു. പക്ഷേ, ഇതിന് നേരെ വിപരീതമായി നമ്മൾ ആ മഹാത്മാവിന്റെ റസൂലിനോടുള്ള സ്നേഹത്തിന്റെ അസംഖ്യം ലിഖിതങ്ങൾ നോക്കുമ്പോൾ, അറബിയിലും ഫാർസിയിലും ഉർദുവിലുമുള്ള അവിടത്തെ ഗ്രന്ഥങ്ങളും ഉപദേശങ്ങളും പദ്യങ്ങളും കാണുമ്പോൾ, ആ മഹാത്മാവിന് നബി(സ)തിരുമേനിയുടെ പ്രേമത്തിലും സ്നേഹത്തിലുമുള്ള സ്ഥാനം വരെ ആർക്കും എത്താൻ സാധിക്കുകയില്ലെന്ന് വ്യക്തമാകുന്നു. അത് ആ ധന്യാത്മാ

വിന്റെ ഓരോരോ വാക്കും അല്ലാഹുവിനോടും റസൂലിനോടുമുള്ള അനുരക്തിയിൽ ലയിച്ചിരിക്കുന്നു എന്നതിനുള്ള തെളിവാണ്. ഇതേകാര്യം സൽപ്രകൃതക്കാരായ ഉലമാക്കളിലും (ഉലമാക്കളിലും സൽപ്രകൃതക്കാരുണ്ട്, വിവിധ രാജ്യങ്ങളിലുമുണ്ട്) സാധാരണ മുസ്‌ലിംകളിലും പ്രകടമാകുമ്പോൾ അവർ ബയ്അത്ത് ചെയ്യുന്നു. അവിടത്തെ ദാസത്വം സ്വീകരിക്കുന്നു. ഇപ്രകാരം യഥാർഥമായ നിലയിൽ നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ വന്നുചേരുന്നു. അവിടന്ന് തന്റെ ഒരു ഫാർസി പദ്യത്തിൽ പറയുന്നു:

*ബഅ്ദ് അസ് ഖുദാ*
*ബ ഇശ്ഖെ മുഹമ്മദ് മുഖമ്മറം*
*ഗർ കുഫ്ർ ഈ ബവദ്*
*ബ ഖുദാ സഖ്ത് കാഫിറം*

അല്ലാഹുവിനോടുള്ള അനുരക്തിക്കുശേഷം നബി(സ)തിരുമേനിയോടുള്ള അനുരക്തിയിൽ മുങ്ങിയിരിക്കുന്നതാണ് എന്നെ കാഫിറാക്കുന്നതിന് കാരണമെങ്കിൽ, അല്ലാഹുവാണ! ഞാൻ ഏറ്റവും കൊടിയ കാഫിറാണ്. (ഇസാലയെ ഔഹാം ഭാഗം 1, റൂഹാനീ ഖസാഇൻ, വാള്യം 3, പേജ് 185)

ഇപ്രകാരംതന്നെ അവിടത്തെ ഖസീദകളുടെ രൂപത്തിലുള്ള അറബി ലിഖിതങ്ങളും എങ്ങനെയുള്ളതാണെന്നാൽ അത് വായിച്ച് അറബികളും നബി(സ)തിരുമേനിയെ സ്തുതിച്ചുകൊണ്ട് ഇത്തരം അനുരക്തിയും സ്നേഹവും നിറഞ്ഞ കീർത്തനങ്ങൾ തങ്ങളൊരിക്കലും വായിക്കുകയോ കേൾക്കുകയോ ചെയ്തിട്ടില്ലെന്ന് സമ്മതിക്കുന്നു. റസൂലിന്റെ ഈ പ്രേമിയെ തിരിച്ചറിയാൻ ലോകത്തിലെ മുസ്‌ലിമീംകളെ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. മുസ്‌ലിമീംകൾ എന്തെങ്കിലും ഉദ്ദേശ്യത്താലോ ഉലമായെ (നികൃഷ്ടരായ ഉലമാ എന്നാണ് പറയേണ്ടത്) ഭയന്നോ അല്ലാഹു അയച്ച ഈ റസൂലിന്റെ ഈ പ്രേമിയെ നിഷേധിച്ചുകൊണ്ട് അല്ലാഹുവിന്റെ വിദ്വേഷം വിലക്കുവാങ്ങുന്നവരാകാതിരിക്കട്ടെ.

നികൃഷ്ടരായ ഉലമായെക്കുറിച്ച് പറഞ്ഞപ്പോൾ എനിക്കൊരു ഫലിതം ഓർമവന്നു. കഴിഞ്ഞദിവസം സോഷ്യൽമീഡിയായിൽ ഒരു മൗലാനാ അഹ്മദികൾക്കെതിരിൽ സംസാരിക്കുകയായിരുന്നു. കുഫ്റിന്റെ ഫത്‌വയും പുറപ്പെടുവിച്ചുകൊണ്ടിരുന്നു. തന്റെ അജ്ഞത കൊണ്ടോ തന്റെ സംസാരത്തിന്റെ ഒഴുക്കിലോ ഇങ്ങനേയും അയാൾ പറഞ്ഞു, പലവട്ടം അയാൾ അത് ആവർത്തിച്ചു: 'നമ്മുടെ നികൃഷ്ടരായ ഉലമായിൽ ഗണിക്കപ്പെടുന്ന ഇന്ന വലിയ മൗലാനായും ഇവർ(അഹ്മദി)കാഫിറാണെന്ന് പറഞ്ഞിട്ടുണ്ട്.'

എന്തായാലും അദ്ദേഹത്തിന് നന്ദിയുണ്ട്. ഈ ഫത്‌വ നികൃഷ്ടരായ ഉലമായിന്റേതാണെന്ന് ഞാൻ മുമ്പേ പറഞ്ഞുവരുന്നതാണ്; യഥാർഥ മതപണ്ഡിതന് ഇങ്ങനെ ഫത്‌വ നല്കാൻ സാധ്യമല്ല. ഇവർ ഇങ്ങനെ പറഞ്ഞാലും ഇല്ലെങ്കിലും അല്ലാഹു അയച്ച ആൾക്കെതിരെ ഫത്‌വ നല്കിയവർ ഗണിക്കപ്പെടുന്നത് നികൃഷ്ടരായ ഉലമാഇൽ തന്നെയാണ്.

ഇപ്പോൾ ഞാൻ നബി(സ)തിരുമേനിയോടുള്ള സ്നേഹവും അനുരക്തിയും പ്രകടിപ്പിച്ചും അവിടത്തെ സ്ഥാനവും പദവിയും വിവരിച്ചും അദ്ദേഹം എഴുതിയ ചില ലിഖിതങ്ങൾ സമർപിക്കുകയാണ്. അതിലെ ഓരോരോ വാക്കും അഹ്മദികളേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും കാഫിറെന്ന് പറയുന്നവരുടെ കരണത്തേല്പിക്കുന്ന പ്രഹരമാണ്.

എല്ലാ നബിമാരെക്കാളും ശ്രേഷ്ഠനും ലോകത്തിന്റെ ഏറ്റവും വലിയ പാലകനുമാണ് നബി(സ)തിരുമേനി എന്നു വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:

"ലോകത്തിന്റെ ഏറ്റവും വലിയ മുറബ്ബിയായ നബി(സ)തിരുമേനിതന്നെയാണ് എല്ലാ നബിമാരേക്കാളും ശ്രേഷ്ഠനായ നബി. അതായത് ഏതൊരാളുടെ കൈയാൽ ലോകത്തിലെ ഏറ്റവും വലിയ ഉപദ്രവം പരിഷ്കരിക്കപ്പെട്ടുവോ ആ വ്യക്തി; അദ്ദേഹം കളഞ്ഞുപോയതും അപ്രത്യക്ഷവുമായ തൗഹീദിനെ വീണ്ടും ഭൂമിയിൽ സ്ഥാപിച്ചു. ലോകത്തുനിന്ന് കളഞ്ഞുപോയതും പേരും അടയാളവുംപോലും ഇല്ലാതിരുന്നതുമായ തൗഹീദിനെ വീണ്ടും സ്ഥാപിച്ചു. അദ്ദേഹം നിരർഥമായ എല്ലാ മതങ്ങളേയും തെളിവും പ്രമാണവുംകൊണ്ട് പരാജയപ്പെടുത്തി. വഴികേടിന്റെ സംശയങ്ങളെല്ലാം വിപാടനം ചെയ്തു. അദ്ദേഹം എല്ലാ ഓരോ മതപരിത്യാഗിയുടേയും ദുർബോധനങ്ങൾ അകറ്റി. മോക്ഷത്തിന്റെ സത്യമായ വിഭവങ്ങൾ സത്യസന്ധമായ നിയമങ്ങളുടെ അധ്യാപനം കൊണ്ട് അടിമുടി പരിഷ്കരിച്ചു. അവിടന്ന് പറയുന്നു: അതിനാൽ അദ്ദേഹംകൊണ്ടുണ്ടായ ഫലവും അനുഗ്രഹവും ഏറ്റവുമധികമാണ്, അദ്ദേഹത്തിന്റെ പദവിയും സ്ഥാനവും ഏറ്റവും ഉയർന്നതുമാണ്. ചരിത്രം അത് പറയുന്നു, ദൈവഗ്രന്ഥം അതിന് സാക്ഷിയാണ്. കണ്ണുള്ളവർക്ക് കാണാവുന്നതുമാണ്. ഈ നിയമങ്ങളനുസരിച്ച് വന്നിട്ടുള്ള ആ നബി എല്ലാ നബിമാരേക്കാളും ശ്രേഷ്ഠനാകുന്നു. അത് ഹദ്റത്ത് മുസ്തഫാ(സ)യാണ്.' (ബറാഹീനെ അഹ്മദിയ്യാ, വാള്യം 2, റൂഹാനീ ഖസാഇൻ, വാള്യം 1, പേജ് 97, അടിക്കുറിപ്പ് നമ്പർ 6)

നബി(സ) തിരുമേനിയുടെ സത്യസന്ധതയ്ക്കും അവിടത്തെ ശ്രേഷ്ഠതയ്ക്കുമുള്ള ഒരു തെളിവ് നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ലോകം മുഴുവൻ അന്യാരാധനയും വഴികേടും സൃഷ്ടിപൂജയും വ്യാപിച്ചിരുന്ന കാലത്താണ് നബി(സ)തിരുമേനി നിയോഗിതനായത്. എല്ലാ ആളുകളും സത്യമായ മതാധ്യാപനങ്ങൾ ഉപേക്ഷിച്ചുകഴിഞ്ഞിരുന്നു. നേരായപാത മറന്നുകൊണ്ട് എല്ലാ ഓരോ കക്ഷിയും അനാചാരങ്ങളുടെ വെവ്വേറെ വഴികൾ സ്വീകരിച്ചിരുന്നു. അറേബ്യയിൽ ബിംബാരാധന അങ്ങേയറ്റം ശക്തമായിരുന്നു. ഇറാനികളിൽ അഗ്നിയാരാധന ഏറ്റവും അധികം നടമാടിയിരുന്നു. ഇന്ത്യയിൽ ബിംബാരാധനയ്ക്ക് പുറമെ നൂറുക്കണക്കിന് സൃഷ്ടിപൂജകളും വ്യാപിച്ചിരുന്നു. അക്കാലത്ത് പല പുരാണങ്ങളും പുസ്തകങ്ങളും– അതിന്റെ അടിസ്ഥാനത്തിൽ നിരവധി ദൈവദാസർ ദൈവങ്ങളാക്കപ്പെട്ടു. അവതാരപൂജയ്ക്ക് അടിത്തറ ഇടപ്പെട്ടു– രചിക്കപ്പെട്ടുകഴിഞ്ഞിരുന്നു. ബോർട്ട് സാഹിബ്–ഇവിടെ തെറ്റായിട്ടാണ് അദ്ദേഹത്തിന്റെ പേര് എഴുതിയിട്ടുള്ളത്. യഥാർഥനാമം ജോൺ ദേവൻ പോർട്ട് എന്നാണ്– പറയുന്നു: ഇംഗ്ലീഷുകാരായ പല ശ്രേഷ്ഠവ്യക്തികളും പറഞ്ഞതുപോലെ അക്കാലത്ത് ക്രൈസ്തവമതത്തെക്കാളേറെ മറ്റൊരു മതവും അത്ര മോശമായിരുന്നില്ല. പാതിരിമാരുടെ ദുർന്നടപ്പും അവിശ്വാസവും ക്രൈസ്തവമതത്തിന്മേൽ ഒരു ശക്തമായ പ്രഹരം ഏല്പിച്ചുകഴിഞ്ഞിരുന്നു. ക്രൈസ്തവ മതവിശ്വാസങ്ങളിൽ ഒന്നോ രണ്ടോ അല്ല പല കാര്യങ്ങളും ദൈവത്തിന്റെ സ്ഥാനം കൈക്കലാക്കി കഴിഞ്ഞിരുന്നു. അത്തരം പൊതുവഴികേടിന്റെ നേരത്ത് നബി(സ)തിരുമേനിയുടെ നിയോഗംതന്നെ –നിലവിലെ അവസ്ഥ ഒരു മഹാത്മാവിനെ, ശുശ്രൂഷകനെ, പരിഷ്കർത്താവിനെ ആഗ്രഹിക്കുകയായിരുന്നു. സമ്പൂർണനായ ഒരു മാർഗദർശകന്റെ ആവശ്യമുണ്ടായിരുന്നു–വീണ്ടുമുണ്ടായി തൗഹീദുകൊണ്ടും സൽക്കർമം കൊണ്ടും ഒരു ലോകത്തെ പ്രശോഭിതമാക്കുകയും എല്ലാ ഉപദ്രവങ്ങളുടേയും മാതാവായ അന്യാരാധനയും സൃഷ്ടിപൂജയും ഉന്മൂലനം ചെയ്യുക എന്നതും നബി(സ)തിരുമേനി അല്ലാഹുവിന്റെ സത്യറസൂലും റസൂൽമാരിൽ ശ്രേഷ്ഠനുമാണെന്നതിന് വ്യക്തമായ തെളിവാണ്." (ബറാഹീനെ അഹ്മദിയ്യ, ഭാഗം 2, റൂഹാനീ ഖസാഇൻ, വാള്യം 1, പേജ് 112–113, അടിക്കുറിപ്പ് നമ്പർ 10)

ഒരുഭാഗത്ത് തൗഹീദും സൽക്കർമവും സ്ഥാപിച്ചു. മറുഭാഗത്ത് സൃഷ്ടിപൂജയും അന്യാരാധനയും വിപാടനം ചെയ്തു. അവിടന്ന് പറയുന്നു: ഇക്കാര്യങ്ങൾ എല്ലാതരം അന്യാരാധനയുടേയും മാതാവാണ്. നബി(സ)തിരുമേനി നിയമിതനായ കാലഘട്ടത്തിൽ ഈ ശിർക്ക് അഥവാ അന്യാരാധന ഇത്രത്തോളം വ്യാപിച്ചിരുന്നുവെന്ന് പാതിരിമാർതന്നെ അംഗീകരിക്കുന്നു.

നബി(സ)തിരുമേനി ഏറ്റവുമധികം അല്ലാഹുവിന്റെ പ്രകാശങ്ങൾ കരസ്ഥമാക്കിയ ആളായിരുന്നുവെന്നും ഇക്കാര്യത്തിൽ എല്ലാ നബിമാരേക്കാളും പരിപൂർണനായിരുന്നുവെന്നും വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"നബി(സ)തിരുമേനി തന്റെ ആന്തരികമായ പരിശുദ്ധിയും വിശാലഹൃദയവും പാപരഹിതത്വവും ലജ്ജയും സത്യസന്ധതയും വൃത്തിയും ദൈവാർപണവും കൂറും ദൈവസ്നേഹത്തിന്റെ എല്ലാ അനുപേക്ഷണീയമായ കാര്യങ്ങളിലും എല്ലാ നബിമാരേക്കാളുമുപരി അതിശ്രേഷ്ഠനും അത്യുൽകൃഷ്ടനും സമ്പൂർണനും അത്യുന്നതനും ആയിരുന്നു. അതുകൊണ്ട് പ്രതാപവാനായ അല്ലാഹു അദ്ദേഹത്തെ പ്രത്യേകം സമ്പൂർണ അത്തർകൊണ്ട് ഏറ്റവും കൂടുതൽ സുഗന്ധിതമാക്കി. ഒരു മനുഷ്യനിൽ എത്രത്തോളം പരിപൂർണത ഉണ്ടാകാൻ സാധിക്കുമായിരുന്നുവോ അതനുസരിച്ച് ഏറ്റവും കൂടുതൽ നബി(സ)തിരുമേനിയെ സുഗന്ധപൂരിതമാക്കി. ആ നെഞ്ചകവും മനസും മുൻഗാമികളും പിൻഗാമികളുമായ എല്ലാവരുടേയും നെഞ്ചകത്തെക്കാളും മനസുകളെക്കാളും പരിശുദ്ധവും നിഷ്കളങ്കവും പ്രശോഭിതവും സ്നേഹഭരിതവുമായിരുന്നു. അതിൽ മുൻഗാമികളുടേയും പിൻഗാമികളുടേയും വഹ്‌യിനെക്കാൾ ഏറ്റവും ശക്തവും സമ്പൂർണവും അത്യുന്നതവും തികവുറ്റതുമായ ദൈവസ്വിഫത്തുകൾ പ്രദർശിപ്പിക്കുന്നതിന്, അങ്ങേയറ്റം നിർമലവും വിശാലവും വിസ്തൃതവുമായ കണ്ണാടിപോലുള്ള വഹ്‌യ് ഇറങ്ങുന്നതിന് യോഗ്യമാക്കിത്തീർത്തു; അത് ഏറ്റവും ഉന്നതമായ സ്ഥാനംവരെ എത്തിയിട്ടുള്ളതും അല്ലാഹുവിന്റെ സ്വിഫത്തുകൾ (സവിശേഷഗുണങ്ങൾ) പ്രദർശിപ്പിക്കുന്നതിന് സമ്പൂർണവും തികവാർന്നതുമാണ്." അവിടന്ന് പറയുന്നു: 'അല്ലാഹുവിന്റെ സ്വിഫത്തുകൾ പ്രദർശിപ്പിക്കുന്നതിനുള്ള ഒരു കണ്ണാടിയായിരുന്നു. അ വിടത്തെമേൽ ദൈവവെളിപാട് (വഹ്‌യ്) ഇറങ്ങി. പിന്നീട് അവിടെനിന്ന് പ്രതിഫലിച്ച് (reflect) ലോകമെങ്ങുമെത്തി.' അവിടന്ന് പറഞ്ഞു: 'ഇക്കാരണത്താലാണ് വിശുദ്ധഖുർആന്റെ തീക്ഷ്ണമായ ജ്വാലകൾക്കും ചഞ്ചലമായ കിരണങ്ങൾക്കും മുമ്പിൽ മുൻകഴിഞ്ഞ എല്ലാ ദൈവഗ്രന്ഥങ്ങളുടേയും തിളക്കം മങ്ങിപ്പോയിക്കൊണ്ടിരിക്കുന്നത്. മുമ്പേ തന്നെ അതിൽ പ്രതിപാദിച്ചിട്ടില്ലാത്ത അത്തരം സത്യസാക്ഷ്യം എടുത്തുകാണിക്കാൻ ഒരു ബുദ്ധിക്കും പറ്റുകയില്ല. ആദ്യംതന്നെ അത് അവതരിപ്പിച്ചിട്ടില്ലാത്ത ബുദ്ധിപരമായ ഒരു തെളിവും ഒരു

ചിന്തയ്ക്കും സമർപിക്കാൻ കഴിയുകയില്ല." സകല കാര്യങ്ങളും നബി(സ)തിരുമേനിക്ക് ഇറങ്ങിയ വിശുദ്ധഖുർആനിൽ അടങ്ങിയിരിക്കുന്നു. ശക്തവും ഗംഭീരവുമായ സ്വാധീനം ലക്ഷക്കണക്കിന് മനസുകളിൽ അത് ഇട്ടുവന്നതുപോലെ ഒരു പ്രഭാഷണത്തിനും ശക്തമായ സ്വാധീനം ഒരു മനസിലും ഇടാൻ സാധ്യമല്ല. ആരാണോ വിശുദ്ധഖുർആനെ മനസ്സിലാക്കാൻ ശ്രമിക്കുന്നത് അവർക്ക് സത്യവാനായ അല്ലാഹുവിന്റെ കഴിവുറ്റ സവിശേഷഗുണങ്ങൾ ദർശിക്കുന്നതിനുള്ള ശുദ്ധമായ ഒരു കണ്ണാടിയാണത്. അതിൽ എല്ലാം ലഭിക്കുന്നു. അത് ഒരു സാലിക്കിന് (ദൈവമാർഗത്തിൽ പ്രയാണം ചെയ്യുന്നയാൾ) മഅ്രിഫത്ത് അഥവാ ഈശ്വരീയജ്ഞാനത്തിന്റെ ഉന്നതമായ ഘട്ടംവരെ എത്തുന്നതിന് ആവശ്യമാണ്." (സുർമചശ്മ ആര്യ, റൂഹാനീ ഖസാഇൻ, വാല്യം 2, പേജ് 71–72 അടിക്കുറിപ്പ്)

അതിനാൽ ഇതാണ് മസീഹ് മൗഊദ്(അ)ന്റെ അന്തർദൃഷ്ടി. ഈ അധ്യാപനത്തിനു വെളിയിൽ ഒരു വസ്തുവും ഇല്ലതന്നെ. അപ്പോൾപിന്നെ നബി(സ)തിരുമേനിയുടേയും വിശുദ്ധഖുർആന്റേയും പദവി കുറയ്ക്കുന്ന ആളാണ് നഊദുബില്ലാഹ് ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്ന് എങ്ങനെയാണ് ആക്ഷേപിക്കാൻ കഴിയുക. അവിടന്ന് പറയുന്നു: 'അല്ലാഹുവിനെ കുറിച്ചുള്ള ജ്ഞാനം നബി(സ)തിരുമേനിയുമായി ചേർത്തുനിറുത്തുന്നതിലൂടെ മാത്രമേ കിട്ടുകയുള്ളു. അവിടത്തെമേൽ ഇറങ്ങിയിട്ടുള്ള ശരീഅത്ത് മനസ്സിലാക്കുന്നതിലൂടെ മാത്രമാണ് ലഭിക്കുന്നത്.'

നബി(സ)തിരുമേനിയുടെ സ്വാധീനശക്തി പരിശുദ്ധമായിരുന്നു. അതാണ് ആദരണീയരായ സ്വഹാബത്തിന്റെ ആത്മീയാഭിവൃദ്ധിയെ ഉത്തുംഗസ്ഥാനത്തെത്തിച്ചത്. ഇത് വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:

"നബി(സ)തിരുമേനിയുടെ ജന്മസ്ഥലം ഒരു പരിമിതമായ അറേബ്യൻ ഉപദ്വീപ് ആയിരുന്നുവെന്നത് ബുദ്ധിമാന്മാരിൽ ആരിലും മറഞ്ഞതല്ല. അതിന് അറേബ്യ എന്നു പറയുന്നു. അത് മറ്റു രാജ്യങ്ങളിൽനിന്ന് എപ്പോഴും വേറിട്ട് നിന്നിരുന്നു; ഏകാന്തസ്ഥാനമായി കിടന്നു. നബി(സ)തിരുമേനിയുടെ വെളിപ്പെടലിനുമുമ്പേ ഈ രാജ്യം തികച്ചും മൃഗീയമായതും വന്യമൃഗങ്ങളെപ്പോലുള്ളതുമായ ജീവിതമായിരുന്നു കഴിച്ചിരുന്നത്. മതത്തിൽനിന്നും വിശ്വാസത്തിൽനിന്നും അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള കടമകളിൽനിന്നും അജ്ഞരാകുന്നതും, നൂറ്റാണ്ടുകളായുള്ള ബിംബാരാധനയിലും മറ്റു അവിശുദ്ധ ചിന്താഗതികളിലും മുങ്ങിത്താഴുകയും വിഷയാസക്തിയിലും മദ്യലഹരിയിലും മദ്യപാനത്തിലും ചൂതാട്ടം തുടങ്ങിയ പാപങ്ങളുടെ വഴികളിൽ അങ്ങേയറ്റത്തെ നിലവരെ എത്തുന്നതും, മോഷണം, കൊള്ള, കൊലപാതകം എന്നതും പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടുന്നതും അനാഥരുടെ മുതൽ തിന്നുന്നതും അന്യരുടെ അവകാശങ്ങൾ പിടിച്ചെടുക്കുന്നതുമൊന്നും പാപമായി അവർ മനസ്സിലാക്കിയിരുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ എല്ലാതരത്തിലുള്ള മോശമായ അവസ്ഥയും എല്ലാതരത്തിലുള്ള ഇരുട്ടും എല്ലാതരത്തിലുള്ള അന്ധകാരവും അശ്രദ്ധയും പൊതുവായ നിലയിൽ എല്ലാ അറബികളുടേയും മനസ്സിൽ വ്യാപിക്കുക എന്നത് എങ്ങനെയുള്ള സംഭവമാണെന്നാൽ, പക്ഷപാതിയായ എതിരാളിയ്ക്കുപോലും അത് നിഷേധിക്കുവാൻ സാധിക്കുകയില്ല.' അവിടന്ന് പറയുന്നു: 'അതേ അജ്ഞരും അപരിഷ്കൃതരും വാലും തലയുമില്ലാതെ സംസാരിക്കുന്നവരും ധർമചിന്ത ഇല്ലാത്തവരുമായ ആളുകൾ ഇസ്‌ലാമിൽ പ്രവേശിക്കുകയും വിശുദ്ധഖുർആൻ സ്വീകരിക്കുകയും ചെയ്തതിനുശേഷം എങ്ങനെയായിത്തീർന്നു എന്നതും നീതിമാന്മാരിൽ പ്രകടമാണ്. എന്തുകൊണ്ടെന്നാൽ, ദൈവികവചനങ്ങളുടെ സ്വാധീനവും നിഷ്കളങ്കനായ നബിയുടെ സഹവാസവും വളരെകുറഞ്ഞ കാലംകൊണ്ട് അവരുടെ മനസുകളെ ക്ഷണത്തിലാണ് മാറ്റിമറിച്ചത്. എങ്ങനെയെന്നാൽ അവർ അജ്ഞതയ്ക്കുശേഷം മതപരമായ ജ്ഞാനങ്ങൾകൊണ്ട് സമ്പന്നരായിത്തീർന്നു. ഭൗതികതയോടുള്ള സ്നേഹത്തിനുശേഷം ദൈവസ്നേഹത്തിൽ എങ്ങനെ ലയിപ്പിച്ചുവെന്നാൽ–ആദ്യം ഭൗതികതയോടുള്ള സ്നേഹമായിരുന്നു. പക്ഷേ, അതിനുശേഷം അല്ലാഹുവിനോടുള്ള സ്നേഹത്തിൽ എങ്ങനെ തങ്ങളെ നഷ്ടപ്പെടുത്തിയെന്നാൽ– സ്വന്തം നാടുകളേയും മുതലുകളേയും ബന്ധുക്കളേയും അഭിമാനത്തേയും ജീവ സുഖത്തേയും പ്രതാപവാനായ അല്ലാഹുവിനുവേണ്ടി ഉപേക്ഷിച്ചു. അങ്ങനെ ഈ രണ്ടു പരമ്പരയും അവരുടെ ആദ്യത്തെ അവസ്ഥയും ഇസ്‌ലാമിനുശേഷം അവർക്ക് കിട്ടിയ പുതിയ ജീവിതവും വിശുദ്ധഖുർആനിൽ വ്യക്തമായും രേഖപ്പെടുത്തിയിരിക്കുന്നു; ഒരു സാത്വികനും സൽഹൃദയനുമായ വ്യക്തി അത് വായിക്കുന്ന നേരത്ത് അനിയന്ത്രിതമായി അയാളുടെ കണ്ണുകൾ നിറയുന്നു. അവരെ ഇത്ര പെട്ടെന്ന് ഒരു ലോകത്തുനിന്ന് മറ്റൊരു ലോകത്തേക്ക് വലിച്ചുകൊണ്ടുപോയ ആ കാര്യമെന്തായിരുന്നു? അത് രണ്ടു കാര്യം തന്നെയായിരുന്നു. ഒന്ന് നിഷ്കളങ്കനായ നബി തന്റെ പരിശുദ്ധമായ ശക്തിയിൽ അങ്ങേയറ്റം ആകർഷണശക്തിയുള്ളയാളായിരുന്നു. അങ്ങനെ മുമ്പേയൊരിക്കലും ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകുകയുമില്ല. രണ്ടാമത്തേത് സർവ്വശക്തനും ജീവിച്ചിരിക്കുന്നവനും എല്ലാത്തിനേയും നിലനിറുത്തുന്നവനുമായ അല്ലാഹുവിന്റെ പരിശുദ്ധഗ്രന്ഥം പ്രബലവും അത്ഭുതകരവുമായ സ്വാധീനമായിരുന്നു ചെലുത്തിയത്. അത് വലിയൊരു ജനവിഭാഗത്തെ ആയിരക്കണക്കിന് അന്ധകാരങ്ങളിൽനിന്നെടുത്ത് പ്രകാശത്തിലേക്ക് കൊണ്ടുവന്നു. ഇത് ഖുർആനികമായ സ്വാധീനശക്തിയുടെ ദിവ്യാത്ഭുതമായിരുന്നു എന്നതിൽ സംശയമില്ല; അസാധാരണമാണ്. ഏതെങ്കിലും ഗ്രന്ഥം അങ്ങനെ സ്വാധീനശക്തി പ്രകടിപ്പിച്ചിരുന്നുവെന്ന് ആർക്കും പറയാൻ സാധിക്കുകയില്ല. വിശുദ്ധഖുർആനെപോലെ അത്തരം അത്ഭുതകരമായ പരിവർത്തനവും പരിഷ്കരണവും ഏതെങ്കിലും ഗ്രന്ഥം വരുത്തിയിരുന്നുവെന്ന് തെളിവ് നല്കാൻ ആർക്കാണ് കഴിയുക.' (സുർമ ചശ്മയെ ആര്യ, റൂഹാനീഖസാഇൻ, വാല്യം 2, പേജ് 76–78, അടിക്കുറിപ്പ്)

നബി(സ) തിരുമേനിക്ക് കിട്ടിയതുപോലുള്ള പ്രകാശം മറ്റാർക്കും കിട്ടിയിട്ടില്ല എന്ന് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'മനുഷ്യരിൽവെച്ച് ഏറ്റവും പരിപൂർണനായ മനുഷ്യന് പ്രദാനം ചെയ്യപ്പെട്ട ആ അതിമഹത്തായ പ്രകാശം മലക്കുകളിലോ നക്ഷത്രങ്ങളിലോ സൂര്യനിലോ ചന്ദ്രനിലോ സമുദ്രത്തിലോ നദിയിലോ ഉണ്ടായിരുന്നില്ല. വൈഡൂര്യങ്ങളിലോ മാണിക്യക്കല്ലുകളിലോ രത്നങ്ങളിലോ മുത്തുകളിലോ അത് കണ്ടെത്താവുന്നതായിരുന്നില്ല. ചുരുക്കത്തിൽ ഭൗമികമോ വാനമോ ആയ ഒരു വസ്തുവിലും അതുണ്ടായിരുന്നില്ല. അത് മനുഷ്യരിൽ മാത്രമേയുള്ളൂ; പരിപൂർണനായ മനുഷ്യനിൽ, എന്നുവെച്ചാൽ അതിശ്രേഷ്ഠവും പരിപൂർണവും ഉദാത്തവും സർവ്വോത്തരവും അത്യുൽകൃഷ്ടവുമായ സ്ഥാനമുടയ വ്യക്തിയിൽ. നബിമാരുടെ നായകരും ആത്മീയമായി ജീവിച്ചിരിക്കുന്നവരുടെയെല്ലാം നേതാവുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)തിരുമേനിയിൽ മാത്രമാണ് തികവാർന്നനിലയിൽ അത് വെളിപ്പെട്ടത്. ചുരുക്കത്തിൽ ആ തേജസ് ആ മനുഷ്യനാണ് നല്കപ്പെട്ടത്. അപ്രകാരംതന്നെ ഒരളവോളം പല നിലയിലും അവിടത്തോടു സത്യസാദൃശ്യങ്ങൾ പുലർത്തുന്ന എല്ലാവർക്കുംതന്നെ.' അവർ നബി(സ)തിരുമേനിയെ അനുധാവനം ചെയ്യുന്നവരാണ്. അവർ യഥാർഥത്തിൽ നബി(സ)തിരുമേനിയുടെ ജീവൽമാതൃകയനുസരിച്ച് നടക്കുന്നവരാണ്. അവിടന്ന് പറഞ്ഞു: ഈ തേജോവിലാസം അത്യുന്നതവും പരിപൂർണവും തികവുറ്റതുമായ നിലയിൽ നമ്മുടെ നേതാവും നമ്മുടെ സ്നേഹഭാജനവും നമ്മുടെ മാർഗദർശിയുമായ ആ നിരക്ഷരപ്രവാചകൻ, അതെ സത്യവാനും സത്യസാക്ഷിതനുമായ മുഹമ്മദ് മുസ്തഫാ(സ)തിരുമേനിയിലാണ് ദൃശ്യമായിരുന്നത്. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: *ഖുൽ ഇന്ന സ്വലാത്തീ വ നുസുക്കീ വ മഹ്‌യായ വ മമാത്തി ലില്ലാഹി റബ്ബിൽ ആലമീൻ ലാ ശരീക്കലഹു വബിദാലിക്ക ഉമിർത്തു വ അന അവ്വലുൽമുസ്‌ലിമീൻ* (6:163–164) *വ അന്ന ഹാദാ സിറാത്തീ മുസ്തഖീമൻ ഫത്തബിഊഹു വലാ തത്തബിഉസ്സുബുല ഫത്തഫർറഖബിക്കും അൻ സബീലിഹീ* (6:154) *ഖുൽ ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്കുമുല്ലാഹു വ യഗ്ഫിർലക്കും ദുനൂബക്കും വല്ലാഹു ഗഫൂർറുറഹീം* (3:32)*ഫഖുൽ അസ്‌ലംതു വജ്ഹിയ ലില്ലാഹ്*(3:21) *വ ഉമിർത്തു അൻ ഉസ്‌ലിമ ലി റബ്ബിൽ ആലമീൻ* (40:67)

നീ പറയുക: 'എന്റെ നമസ്കാരവും എന്റെ ത്യാഗവും എന്റെ ജീവിതവും എന്റെ മരണവും

## ഹദീസുന്നബ്‌വി(സ)

**വല്ലവനും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എന്തെങ്കിലും ചെലവഴിച്ചാൽ അതിന്റെ എഴുന്നൂറ് ഇരട്ടി അവന് പ്രതിഫലം എഴുതപ്പെടുന്നതാണ്. (തിർമിദി)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

## ഹദീസുന്നബ്‌വി(സ)

**കാരക്കയുടെ കഷ്ണം ദാനം ചെയ്തിട്ടെങ്കിലും നിങ്ങൾ നരകത്തെ സൂക്ഷിച്ചുക്കൊൾക. (ബുഖാരി)**

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

സർവ്വലോകപരിപാലകനായ അല്ലാഹുവിനുള്ളതാകുന്നു. അവന് ഒരു കൂട്ടുകാരനുമില്ല. അതാണ് എന്നോട് കല്പിക്കപ്പെട്ടിട്ടുള്ളത്. ഞാൻ അനുസരണം പുലർത്തുന്നവരിൽ ഒന്നാമനാകുന്നു.'

അനുസരണം പുലർത്തുന്നവരിൽ ഒന്നാമനാകുന്നുവെന്ന് വിളംബരം ചെയ്യാൻ നബി(സ) തിരുമേനിയോടു അല്ലാഹു പറഞ്ഞു. അതായത് ലോകത്തിന്റെ തുടക്കം മുതൽ അതിന്റെ അവസാനംവരെ എന്നെപോലെ അല്ലാഹുവിൽ പരിപൂർണമായും ലയിച്ചുചേർന്ന ഉന്നതനിലയിലുള്ള മറ്റൊരു സമ്പൂർണമനുഷ്യനുമില്ല; അല്ലാഹുവിന്റെ എല്ലാ അമാനത്തുകളും തിരികെ കൊടുക്കുന്നവനെപോലെയും."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഈ ആയത്തിൽ നമ്മുടെ നബി(സ) തിരുമേനിക്ക് മറ്റു പ്രവാചകന്മാരുടെമേൽ പൂർണമായ ശ്രേഷ്ഠത സ്ഥാപിതമല്ലെന്ന് വിശ്വസിക്കുന്ന അജ്ഞരായ തൗഹീദുവാദികളുടെ ഖണ്ഡനമാണുള്ളത്.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നമ്മുടെ നബി(സ) തിരുമേനിയ്ക്ക് മറ്റു പ്രവാചകന്മാരുടെമേൽ പൂർണമായ ശ്രേഷ്ഠത സ്ഥാപിതമല്ലെന്നു വാദിക്കുന്ന അജ്ഞരായ തൗഹീദുവാദികൾക്കുള്ള ഖണ്ഡനമാണ് ഈ ആയത്തിലുള്ളത്. ദുർബലമായ ഹദീഥുകൾ അവതരിപ്പിച്ചുകൊണ്ട്, തനിക്ക് യൂനുസ് ബിൻ മത്തയെക്കാൾ കൂടുതൽ ശ്രേഷ്ഠത നല്കുന്നത് നബി(സ)തടഞ്ഞുവെന്ന് അവർ പറയുന്നു. ഇനി ആ ഹദീഥ് ശരിയാണെങ്കിൽതന്നെയും അത് താഴ്മയും വിനയവും എന്ന നിലയിലാണെന്ന് ഈ അജ്ഞർ മനസ്സിലാക്കുന്നില്ല; അത് എപ്പോഴും നമ്മുടെ നബി(സ)തിരുമേനിയുടെ ശീലമായിരുന്നു. എല്ലാ ഓരോ കാര്യത്തിനും ഒരു അവസരവും സന്ദർഭവും ഉണ്ടാകാറുണ്ട്. അവിടന്ന് പറയുന്നു: 'സ്വാലിഹ് ആയ ആരെങ്കിലും തന്റെ കത്തിന്റെ അവസാനം 'അഹ്ഖർ ഇബാദില്ലാഹ്'എന്നെഴുതിയാൽ ആ വ്യക്തി യഥാർഥത്തിൽ എല്ലാ ലോകത്തേക്കാളും എത്രത്തോളമെന്നാൽ ബിംബാരാധകരെക്കാളും എല്ലാ ആജ്ഞാലംഘകരെക്കാളും മോശമാമെന്നാണോ അർഥം; കാരണം അയാൾ 'അഹ്ഖർ ഇബാദില്ലാഹ്' എന്ന് സ്വയം സമ്മതിക്കുന്നു. അതായത് എല്ലാവരെക്കാളും, അല്ലാഹുവിന്റെ എല്ലാ ദാസരെക്കാളും നിന്ദ്യനാണെന്ന്. ഇത് എത്രമാത്രം അജ്ഞതയും ആത്മദ്രോഹവുമാണ്. ഇത് വിനയത്തിന്റെ പ്രകടനമാണ്; അത് കത്തെഴുതുന്നയാൾ തന്റെ കത്തിൽ പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്.'

പറഞ്ഞു: 'ചിന്തിച്ചുനോക്കേണ്ടതാണ്. ഏതൊരു അവസ്ഥയിലാണോ പ്രതാപവാനായ അല്ലാഹു നബി(സ)തിരുമേനിയുടെ നാമം 'അവ്വലുൽമുസ്‌ലിമീൻ' എന്നു വെക്കുകയും പിൻപറ്റുന്നുവരുടേയും അനുഗാമികളുടേയും നേതാവാക്കുകയും ചെയ്തത്, സൂക്ഷിക്കാൻ ഏല്പിച്ച മുതൽ ഏറ്റവും പെട്ടെന്ന് തിരിച്ചു കൊടുക്കുന്നയാളാണെന്ന് നബി(സ)തിരുമേനിയെക്കുറിച്ച് പറഞ്ഞത്, അതിനുശേഷം ഏതെങ്കിലും ഖുർആനിനെ അംഗീകരിക്കുന്ന ആൾക്ക് ഉന്നതമായ നബിയുടെ സ്ഥാനത്തിന് എങ്ങനെയാണ് പോറലേൽപിക്കാൻ കഴിയുക. അല്ലാഹു ഉപര്യുക്ത ആയത്തിൽ ഇസ്‌ലാമിന് പല നിലകളും വെച്ച്കൊണ്ട് എല്ലാ നിലയെക്കാളും ഉന്നതനിലയിലാണ് നബി(സ) തിരുമേനിയുടേതെന്ന് നിശ്ചയിച്ചിരിക്കുന്നു. വിവിധ പദവികളുണ്ട് ഇസ്‌ലാമിൽ. ഏറ്റവും ഉന്നതമായ പദവി നബി(സ)തിരുമേനിയുടേതാണ്. കാരണം ആ പദവി അവിടത്തെ പ്രകൃതിയ്ക്ക് അല്ലാഹു പ്രദാനം ചെയ്തതാണ്. സുബ്ഹാനല്ലാഹ് മാ അഉ്ളമു ശാനക്ക യാ റസൂലല്ലാഹ്

ഫാർസിയിലുള്ള അദ്ദേഹത്തിന്റെ ഒരു കവിതയുടെ ഒരു വരിയുടെ അർഥം ഇപ്രകാരമാണ്. മൂസായും ഈസായുമെല്ലാം നിന്റെതന്നെ സൈന്യമാണ്. എല്ലാവരും നിന്റെ ദാക്ഷിണ്യംകൊണ്ടുതന്നെയാണ് ഈ വഴിയിലുളളത്. മൂസായും ഈസായുമെല്ലാം നിന്നെ പിൻപറ്റുന്നവർ തന്നെയാണ്.' പിന്നീട് അവിടന്ന് പറയുന്നു: (ആയത്തുകളുടെ മറ്റു തർജമ). അല്ലാഹു തന്റെ നബിയോടു പറയുന്നു: 'ഇതു തന്നെയാണ് എന്റെ നേരായ മാർഗം. അതിനാൽ നിങ്ങൾ അത് പിൻപറ്റുക. മറ്റു മാർഗങ്ങളെ നിങ്ങൾ പിൻപറ്റരുത്. അപ്പോൾ അവ നിങ്ങളെ അവന്റെ മാർഗത്തിൽനിന്ന് തെറ്റിച്ചു ഭിന്നിപ്പിച്ചുകളയും. പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ, അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യും. അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. പ്രപഞ്ചനാഥന് കീഴ്പ്പെട്ട് ജീവിക്കണമെന്ന് എന്നോട് ആജ്ഞാപിക്കുകയും ചെയ്തിട്ടുണ്ട്." ഇതാണ് എനിക്കുള്ള കല്പന. എന്നെ പിൻപറ്റുകയാണെങ്കിൽ, സ്ഥാനം കരസ്ഥമാകും. ശരിയായ മുസ്‌ലിമാകും. നിങ്ങൾ നിങ്ങളെ സർവലോകപരിപാലകനിൽ ലയിപ്പിക്കുക. ഞാൻ മുഴുലോകത്തിന്റേയും സേവകനാകുന്നതിനും പൂർണമായും അവന്റേതും അവന്റെ വഴിയുടേതും ആകുന്നതിനും വേണ്ടി. ഞാൻ എന്നെ മുഴുവനും, എന്തൊക്കെ എന്റേതായിട്ടുണ്ടോ അതൊക്കെയും അല്ലാഹുവിന്റേതാക്കിയിരിക്കുന്നു. ഇപ്പോൾ എന്റേതായി ഒന്നുമില്ല. എന്റേത് എന്തൊക്കെയുണ്ടോ അതൊക്കെ അവന്റേതാണ്.' (ആയിനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ, വാല്യം 5, പേജ് 160-165)

ഈ ഉദ്ധരണിയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരിക്കുന്ന നബി(സ)തിരുമേനിയുടെ ഉന്നതമായ തേജോവിലാസമാണിത്.

നബി(സ) തിരുമേനിയുടെ സമ്പൂർണ പ്രതിഭയാണെന്ന് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'വിശുദ്ധഖുർആനിൽ പല സ്ഥലങ്ങളിലും സൂചനകൾകൊണ്ടും വിശദീകരണംകൊണ്ടും വിവരിച്ചിട്ടുണ്ട്; അതായത് നബി(സ) തിരുമേനി ഉലൂഹിയ്യത്തിന്റെ (ദൈവത്വത്തിന്റെ) പൂർണപ്രതിഭയാണെന്ന്. അദ്ദേഹത്തിന്റെ വചനങ്ങൾ അല്ലാഹുവിന്റെ വചനങ്ങളാണ്. അദ്ദേഹത്തിന്റെ വെളിപ്പെടൽ അല്ലാഹുവിന്റെ വെളിപ്പെടലാണ്. അദ്ദേഹത്തിന്റെ വരവ് അല്ലാഹുവിന്റെ വരവാണ്. വിശുദ്ധഖുർആനിൽ ഇതുസംബന്ധമായി ഒരു വചനവുമുണ്ട്. *വ ഖുൽ ജാഅൽഹഖ്ഖു വസഹഖൽബാതിലു ഇന്നൽ ബാതില കാന സഹൂഖ* (17:82). നീ പറയുക, സത്യം വന്നു. അസത്യം ഓടിപ്പോയി. അസത്യം ഓടേണ്ടതുതന്നെയായിരുന്നു. അദ്ദേഹം പറയുന്നു: സത്യം കൊണ്ടുള്ള ഉദ്ദേശ്യം പ്രതാപവാനായ അല്ലാഹുവും വിശുദ്ധഖുർആനും നബി(സ)തിരുമേനിയുമാണ്. അസത്യം കൊണ്ടുള്ള ഉദ്ദേശ്യം ശയ്ത്വാനും ശയ്ത്വാന്റെ സംഘവും സാത്താനിക അധ്യാപനങ്ങളുമാണ്. ഓർമിക്കുക. തന്റെ പേരിന്റെ കൂടെ അല്ലാഹു നബി(സ)തിരുമേനിയെ ചേർത്തതെന്തിനാണ്? നബി(സ)തിരുമേനിയുടെ വെളിപെടൽ അല്ലാഹുവിന്റെ വെളിപ്പെടലായി എങ്ങനെയുള്ള പ്രതാപപരമായ വെളിപ്പെടലായിരുന്നുവെന്നാൽ, അതുമുഖേന ശയ്ത്വാൻ തന്റെ എല്ലാ സൈനികരോടുമൊപ്പം ഓടി മറഞ്ഞു. അവന്റെ അധ്യാപനങ്ങൾ നിന്ദ്യവും നികൃഷ്ടവും ആയിത്തീർന്നു. അവന്റെ സംഘത്തിന് കനത്ത പരാജയമുണ്ടായി. ഈ പരിപൂർണമായ കൂടിച്ചേരൽ കാരണത്താൽ ആലുഇംറാൻ എന്ന അധ്യായത്തിൽ മൂന്നാം ഭാഗത്ത് വിശദമായി ഇങ്ങനെ വിവരിച്ചിരിക്കുന്നു. 'മഹത്ത്വത്തിന്റെയും പ്രതാപത്തിന്റെയും തേജോവിലാസമായ ഖത്തമുർറുസുലിൽ- മുഹമ്മദ് മുസ്തഫാ(സ)യിൽ വിശ്വസിക്കുകയെന്നത് നിങ്ങൾക്ക് നിർബന്ധവും അനിവാര്യവുമാണെന്ന് എല്ലാ നബിമാരിൽനിന്ന് അല്ലാഹു ഉടമ്പടി വാങ്ങിയിരിക്കുന്നു. അദ്ദേഹത്തിന്റെ മഹത്വത്തിന്റേയും പ്രതാപത്തിന്റേയും പ്രചാരണത്തിൽ ആത്മാർഥമായി സഹായിക്കേണ്ടതാണ്. ഇക്കാരണത്താൽ ഹദ്റത്ത് ആദം സ്വഫിയുള്ള മുതൽ ഹദ്റത്ത് മസീഹ് കലിമത്തുല്ലാഹ്‌വരെ എത്രത്തോളം ദൈവദൂതന്മാർ കഴിഞ്ഞുകടന്നിട്ടുണ്ടോ അവരെല്ലാവരും നബി(സ)തിരുമേനിയുടെ മഹത്ത്വവും പ്രതാപവും ഏറ്റുപറഞ്ഞുകൊണ്ടാണ് വന്നിട്ടുള്ളത്.' (സുർമചശ്മ ആര്യ, റൂഹാനീഖസാഇൻ, വാല്യം 2, പേജ് 277-280, അടിക്കുറിപ്പ്)

നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനം വിവരിച്ചുകൊണ്ട്, നമ്മുടെ അല്ലാഹു ഏകനായ ആരാധ്യനാണെന്നപോലെ നമ്മുടെ ദൈവദൂതനും ഏകനും അനുസരിക്കപ്പെടുന്നവനുമാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥത്തിൽ പറയുന്നു. അതിന്റെ അറബി വാക്യം ഇതാണ്:

*അമ്മാ ബഅ്ദു ഫയഖൂലു അബ്ദുല്ലാഹിൽഅഹദി അഹ്മദു ആഫാഹുല്ലാഹു വ അയ്യദ..... വമാ ഫഹ്ഹമനീ ഇല്ലാ റബ്ബിയല്ലദീ ഹുവ ഖയ്റുൽമുഫഹ്ഹിമീന..... വ അല്ലമനീ ഫ അഹ്സന തഅ്ലീമീ..... വ ഔഹാ ഇലയ്യ അന്നദ്ദീന ഹുവ ഇസ്‌ലാമു വ അന്നർറസൂല ഹുവൽമുസ്ത്വഫാ അസ്സയ്യിദുൽ ഇമാമു റസൂലുൻ ഉമ്മിയ്യുൻ അമീനുൻ ഫകമാ അന്ന റബ്ബനാ അഹദുൻ യസ്തഹിഖ്ഖുൽ ഇബാദത്ത വഹ്ദഹു ഫ കദാലിക്ക റസൂലുനൽമുത്വാഉ വാഹിദുൻ ലാ നബിയ്യ ബഅ്ദഹു വലാ ശരീക്ക മഅഹൂ വ അന്നഹു ഖാത്തമുന്നബിയ്യീൻ"*

അതിനുശേഷം ഏകനായ അല്ലാഹുവിന്റെ ദാസൻ പറയുന്നു: (അല്ലാഹു അവനെ സൗഖ്യത്തോടെ വെക്കുമാറാകട്ടെ. സഹായത്താലിരിക്കട്ടെ) അല്ലാഹുവല്ലാതെ മറ്റാരും എനിക്ക് മനസ്സിലാക്കിത്തന്നില്ല. മനസ്സിലാക്കിത്തരുന്ന എല്ലാവരിലും അവൻ ഉത്തമനാണ്. അവൻ എന്നെ പഠിപ്പിച്ചു. നല്ലവണ്ണം പഠിപ്പിച്ചു. അല്ലാഹുവിന്റെ ദീൻ ഇസ്‌ലാം തന്നെയാണെന്നും സത്യവാനായ റസൂൽ മുസ്തഫാ(സ)നേതാക്കന്മാരുടെ ഇമാമാണെന്നും നിരക്ഷരനായ റസൂൽ അമീനാണെന്നും അവൻ എനിക്ക് ഇൽഹാം അറിയിച്ചു. ആരാധന കേവലം ഏകനും പങ്കുകാരനില്ലാത്തവനുമായ അല്ലാഹുവിനാണെന്നതുപോലെ നമ്മുടെ റസൂലും പിൻപറ്റപ്പെട്ടു എന്ന കാര്യത്തിൽ ഏകനാണ്. ഖാത്തമുൽഅമ്പിയാ എന്ന കാര്യത്തിലും ഏകനാണ്.' (മിനനുർറഹ്മാൻ, റൂഹാനീ ഖസാഇൻ വാല്യം 9, പേജ് 156-157, 161, 164)

അദ്ദേഹം വാദത്തിനുമുമ്പേ കുറച്ചു പറഞ്ഞു, വാദത്തിനുശേഷം കുറച്ചു പറഞ്ഞു എന്നു പറഞ്ഞ് ആക്ഷേപിക്കാറുണ്ട്. ഈ എല്ലാ വാക്യങ്ങളും വാദത്തിനുശേഷം 1895ലേതാണ്.

മാനുഷികമായ കഴിവുകൾ തന്റെ ജീവിതം മുഖേന മാതൃക കാണിച്ചത് നബി(സ)തിരുമേനി മാത്രമാണെന്ന കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'സകല മതങ്ങളിലും ഇസ്‌ലാംമതം മാത്രമാ

ണ് സത്യമെന്ന് എന്നോട് പറയപ്പെട്ടു. എല്ലാ സന്മാർഗങ്ങളിലും ഖുർആനിക സന്മാർഗം മാത്രമാണ് സുസ്ഥിരതയുടെ പൂർണമായ സ്ഥാനത്തുള്ളതെന്നും മാനുഷികമായ കലർപുകളിൽനിന്ന് പരിശുദ്ധമെന്നും എന്നോടു പറയപ്പെട്ടു. എല്ലാ റസൂൽമാരിൽവച്ചും സമ്പൂർണ അധ്യാപനം നല്കുന്നയാളും ഉന്നതസ്ഥാനീയനായ പരിശുദ്ധനും യുക്തിനിർഭരമായ പാഠം നല്കുന്നയാളും തന്റെ ജീവിതം മുഖേന മാനുഷികമായ കഴിവുകളുടെ മാതൃക കാണിക്കുന്നയാളും ഹദ്റത്ത് സയ്യിദുനാ വ മൗലാനാ മുഹമ്മദ് മുസ്തഫാ(സ)യാണെന്ന് എനിക്ക് മനസ്സിലാക്കപ്പെട്ടിരിക്കുന്നു.' (അർബഈൗൻ, നമ്പർ 1, റൂഹാനീഖസാഇൻ, വാല്യം 17, പേജ് 345)

അവിടന്ന് പറയുന്നു: 'ഹദ്റത്ത് സയ്യിദുനാ വ സയ്യിദുൽ വറാ മുഹമ്മദ് മുസ്തഫാ(സ)യിൽനിന്ന് ഒരു പ്രവചനവും ഒരു ദിവ്യദൃഷ്ടാന്തവും വെളിപ്പെട്ടിട്ടില്ല എന്നു പറയുന്ന ആ പാതിരിസാഹിബുമാർ എവിടെ. ഞാൻ സത്യമായും പറയുന്നു: 'ആരുടെ പ്രവചനങ്ങളും ദുആകളുമാണോ സ്വീകാര്യമാകുകയും മറ്റുള്ള ദിവ്യദൃഷ്ടാന്തങ്ങൾ വെളിപ്പെടുകയും അത് എങ്ങനെയുള്ളതാണെന്നാൽ ഇപ്പോഴും സമുദായത്തിന്റെ സത്യസന്ധരായ അനുയായികൾ മുഖേന അത് നദിപോലെ തിരയടിച്ചുയർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഒരേയൊരു സമ്പൂർണനായ മനുഷ്യനെ ഭൂമിയിൽ കഴിഞ്ഞുകടന്നിട്ടുള്ളൂ. അവിടന്ന് മുഴുവൻ മതക്കാരേയും വെല്ലുവിളിച്ചു. അവിടന്ന് പറയുന്നു: 'ഈ സ്വഭാവവും ശക്തിയും ഉൾക്കൊള്ളുന്ന മതം ഇസ്‌ലാമല്ലാതെ എവിടെയാണുള്ളത്. ഇസ്‌ലാമിക അനുഗ്രഹങ്ങളേയും ദൃഷ്ടാന്തങ്ങളേയും നേരിടാൻ പറ്റിയ ആളുകൾ ഏതുരാജ്യത്താണുള്ളത്" (അർബഈൗൻ നമ്പർ 1, റൂഹാനീഖസാഇൻ, വാല്യം 17, പേജ് 346)

ഇന്നും ഈ ദൃഷ്ടാന്തം കാണുന്നുവെങ്കിൽ ഇസ്‌ലാമിൽ മാത്രമേ ആ ദൃഷ്ടാന്തം കാണാൻ കഴിയുകയുള്ളൂ. അത് നബി(സ)തിരുമേനിയെ സത്യസന്ധവും യഥാർഥവുമായ നിലയിൽ പിൻപറ്റുന്നവരിലെ കാണാൻ കഴിയൂ. വീണ്ടും അവിടന്ന് പറയുന്നു:

'ആദം സന്തതികൾക്ക് ഭൂലോകത്ത് ഇപ്പോൾ വിശുദ്ധഖുർആനല്ലാതെ ഒരു ഗ്രന്ഥവുമില്ല. ആദം സന്തതികളായ സകലർക്കും മുഹമ്മദ് മുസ്തഫാ(സ)തിരുമേനിയല്ലാതെ മറ്റൊരു റസൂലും ശിപാർശക്കാരനുമില്ല. അതിനാൽ ഈ പ്രതാപശാലിയായ നബിയുടെ നേരെ നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്തിക്കൊള്ളുവിൻ. അവിടത്തെക്കാൾ ഉപരിയുള്ള മേന്മ മറ്റാരിലും കല്പിക്കരുത്. ആകാശത്തിൽ നിങ്ങൾ മോക്ഷം പ്രാപിച്ചവരുടെ കൂട്ടത്തിൽ എണ്ണപ്പെടുമാറാകുന്നതിനുതന്നെ. മോക്ഷം എന്നത് മരിച്ചശേഷം മാത്രം വെളിവാകുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തുകൊള്ളുവിൻ. മറിച്ച് യഥാർഥമായ മോക്ഷം ഈ ലോകത്തുവെച്ചുതന്നെ അതിന്റെ വെളിച്ചം കാട്ടുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദ് നബി(സ) തിരുമേനി ആ ദൈവത്തിന്റേയും മുഴുവൻ സൃഷ്ടിജാലത്തിന്റേയും ഇടയിലുള്ള ശിപാർശക്കാരൻ ആണെന്നും ആകാശത്തിനു കീഴിൽ അവിടത്തേക്ക് സമസ്ഥാനീയനായി മറ്റൊരു നബിയും ഇല്ലെന്നും ഖുർആനു തുല്യമായിട്ടുള്ള മറ്റൊരു ഗ്രന്ഥവും ഇല്ലെന്നും എന്നെന്നും ജീവിച്ചിരിക്കുന്നവൻ അവൻ ആരുടെ കാര്യത്തിലും ഇച്ഛിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠപ്രവാചകൻ എക്കാലത്തേക്കും ജീവിച്ചിരിക്കുന്ന നബിയാണെന്നും ഉറച്ചു വിശ്വസിക്കുന്നവൻതന്നെ... മൂസാ പ്രാപിച്ച സമ്പത്ത് ആദ്യത്തെ നൂറ്റാണ്ടുകൾ കളഞ്ഞുകുളിച്ചിരുന്നു. എന്നാൽ, നബി(സ) തിരുമേനി പ്രാപിച്ച സമ്പത്ത് മൂസായുടെ പരമ്പര നഷ്ടപ്പെടുത്തിക്കളഞ്ഞിരിക്കുന്നു. ഇപ്പോൾ മുഹമ്മദീ പരമ്പര മൂസവീ പരമ്പരയുടെ പ്രതിനിധിയാണ്. എന്നാൽ, തേജോവിലാസത്തിൽ ആയിരം മടങ്ങ് അധികം.' (കശ്തിയെനൂഹ്, റൂഹാനീഖസാഇൻ, വാല്യം 19, പേജ് 13–14)

അവിടന്ന് പറയുന്നു: 'നാം അല്ലാഹുവിനെ നബി(സ)തിരുമേനി മുഖേന പ്രാപിച്ചു. സർവ്വശക്തനും സത്യസന്ധനും സമ്പൂർണനുമായ ദൈവത്തെ നമ്മുടെ ആത്മാവും നമ്മുടെ ഓരോ അണുവും സാഷ്ടാംഗം പ്രണമിക്കുന്നു. അവന്റെ കൈയാലാണ് എല്ലാ ഓരോ ആത്മാവും സൃഷ്ടികളുടെ എല്ലാ ഓരോ അണുവും അതിന്റെ ശക്തികളോടുംകൂടി പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. അവന്റെ അസ്തിത്വത്താൽ എല്ലാ ഓരോ അസ്തിത്വവും നിലകൊള്ളുന്നു. ഒരു വസ്തുവും അവന്റെ അറിവിന് വെളിയിലില്ല; അവന്റെ നിയന്ത്രണത്തിനും. അവന്റെ സൃഷ്ടികളിൽനിന്ന് ആരുമുഖേനയാണോ നാം ആ ജീവനുള്ള ദൈവത്തെ പ്രാപിച്ചത് ആ പരിശുദ്ധ നബി മുഹമ്മദ് മുസ്തഫാ(സ)യുടെമേൽ ആയിരോപിആയിരം സ്വലാത്തും സലാമും കരുണയും അനുഗ്രഹവും വർഷിക്കുമാറാകട്ടെ. അവൻ സ്വയം ഭാഷണാമൃതംകൊണ്ട് തന്റെ അസ്തിത്വത്തിന്റെ തെളിവ് നമുക്ക് നല്കുന്നു. അമാനുഷികമായ അടയാളങ്ങൾ കാണിച്ച് തന്റെ പണ്ടുപണ്ടേയുള്ളതും പൂർണവുമായ ശക്തികളുടേയും കഴിവുകളുടേയും തിളങ്ങുന്ന മുഖം നമുക്ക് കാണിക്കുന്നു. അതിനാൽ അല്ലാഹുവിനെ നമുക്ക് കാണിച്ചുതന്ന റസൂലിനെയാണ് നാം പ്രാപിച്ചത്. അവന്റെ ദിവ്യശക്തി എത്രമാത്രം മഹത്ത്വം ഉൾക്കൊള്ളുന്നതാണ്. അവനെ കൂടാതെ ഒരു വസ്തുവും രംഗത്തുവന്നിട്ടില്ല. അവന്റെ ആശ്രയമില്ലാതെ ഒരു വസ്തുവും നിലനില്ക്കുകയില്ല. നമ്മുടെ സത്യവാനായ ദൈവം അസംഖ്യം അനുഗ്രഹമുടയവനാണ്. അസംഖ്യം ദിവ്യശക്തിയുള്ളവനാണ്. അസംഖ്യം സൗന്ദര്യമുള്ളവനാണ്. അസംഖ്യം ഔദാര്യവാനാണ്. അവനല്ലാതെ മറ്റൊരു ദൈവവുമില്ല.' (നസീമെ ദഅ്വത്ത്, റൂഹാനീഖസാഇൻ, വാല്യം 19, പേജ് 363)

തനിക്കെന്തൊന്ന് കിട്ടിയോ അതെല്ലാം നബി(സ)തിരുമേനി മുഖേനയാണെന്ന് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ഞാൻ അവനെ അതായത് അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുകയാണ്. അവൻ ഇബ്റാഹീമിനോടു അമൃതഭാഷണം നടത്തുകയും സംബോധന ചെയ്യുകയും ചെയ്തതുപോലെ പിന്നീട് ഇസ്ഹാഖിനോടും ഇസ്മായീലിനോടും യഅ്ഖൂബിനോടും യൂസുഫിനോടും മൂസയോടും ഈസബ്നുമർയമിനോടും എല്ലാവർക്കുംശേഷം നമ്മുടെ നബി(സ)തിരുമേനിയോടും ഏറ്റവുമധികം പ്രകാശമായതും പരിശുദ്ധമായതുമായ ഭാഷണം നടത്തിയതുപോലെ അവൻ എന്നേയും തന്റെ അമൃതഭാഷണവും സംബോധനയുംകൊണ്ട് മഹത്ത്വപ്പെടുത്തിയിരിക്കുന്നു. എന്നാൽ, ഈ ശ്രേഷ്ഠത എനിക്ക് കരസ്ഥമായിരിക്കുന്നത് നബി(സ)തിരുമേനിയെ അനുധാവനം ചെയ്തതുകൊണ്ടുമാത്രമാണ്. ഞാൻ നബി(സ) തിരുമേനിയുടെ ഉമ്മത്തിൽപ്പെടാതിരിക്കുകയും അദ്ദേഹത്തെ അനുകരിക്കാതിരിക്കുകയും–എന്നാൽ, എന്റെ കർമങ്ങൾ ലോകത്തിലെ സർവ പർവ്വതങ്ങൾക്കും സമാനമായിരുന്നാലും– എനിക്ക് ഒരിക്കലും അമൃതഭാഷണത്തിന്റേയും സംബോധനകളുടേയും ഈ ശ്രേഷ്ഠത കരസ്ഥമാകുമായിരുന്നില്ല. കാരണം ഇപ്പോൾ മുഹമ്മദീ പ്രവാചകത്വമൊഴികെ, മറ്റെല്ലാ പ്രവാചകത്വവും അടഞ്ഞിരിക്കുകയാണ്. ശരീഅത്തോടുകൂടിയ ഒരു പ്രവാചകനും ഇനി വരികയില്ല; ശരീഅത്തില്ലാത്ത പ്രവാചകൻ വരാവുന്നതാണ്; പക്ഷേ, അദ്ദേഹം ഉമ്മത്തിൽപെട്ടയാളായിരിക്കണം. ഈ അടിസ്ഥാനത്തിൽ ഞാൻ ഉമ്മത്തിയാണ്, നബിയുമാണ്." (തജല്ലിയാത്തെ ഇലാഹിയ്യ, റൂഹാനീഖസാഇൻ, വാല്യം 20, പേജ് 411–412)

വീണ്ടും പറയുന്നു: 'ഞാൻ എന്റെ സത്യപൂർവവും സമ്പൂർണവുമായ അറിവുകൊണ്ട് മനസ്സിലാക്കുന്നത് നബി(സ)തിരുമേനിയെ പിൻപറ്റാതെ മനുഷ്യന് അല്ലാഹുവിനോളം എത്താൻ കഴിയുകയില്ല. സമ്പൂർണമായ ഈശ്വരീയജ്ഞാനത്തിൽ ഭാഗഭാക്കാകാനും സാധിക്കുകയില്ല. ഞാൻ ഇവിടെ ഇതുംകൂടി പറയാനാഗ്രഹിക്കുകയാണ്. നബി(സ)തിരുമേനിയെ സത്യസന്ധമായും സമ്പൂർണമായും പിൻപറ്റിയതിനുശേഷം എല്ലാ കാര്യത്തിനുംമുമ്പേ മനസ്സിൽ ഉണ്ടാകുന്നതെന്താണെന്നും കൂടി ഞാൻ ഇവിടെ പറയാം. ഓർമിക്കുക! അത് 'ഖൽബെ സലീം' ആകുന്നു. അതായത് മനസ്സിൽനിന്ന് ഭൗതികതയോടുള്ള സ്നേഹം പുറത്തുപോകുന്നു. മനസ് ഒരു അനശ്വരവും അസ്തമിക്കാത്തതുമായ രുചിയുടെ അന്വേഷകനായിത്തീരുന്നു. ഇതിനുശേഷം ഒരു നിർമലവും സമ്പൂർണവുമായ ദൈവസ്നേഹം ആ 'ഖൽബെസലീം' നിമിത്തം കരസ്ഥമാകുന്നു. ഈ എല്ലാ അനുഗ്രഹങ്ങളും നബി(സ) തിരുമേനിയെ പിൻപറ്റുന്നതിനാൽ അനന്തരാവകാശമെന്ന നിലയിലാണ് ലഭിക്കുന്നത്. ഖുൽ ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്ക്കുമുല്ലാഹ് എന്ന് അല്ലാഹു സ്വയം പറഞ്ഞതുപോലെ. (3:32) അവരോടു പറയുക! നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിൻപറ്റുക. അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതായിരിക്കും." (ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീഖസാഇൻ, വാല്യം 22, പേജ് 64–65)

നബി(സ) തിരുമേനിയോടുള്ള സ്നേഹവും അനുധാവനവും മനുഷ്യനെ ദൈവപ്രീതനാക്കിത്തീർക്കുന്നു. ഇതുസംബന്ധിച്ച് പറയുന്നു: 'അല്ലാഹു, തന്നെ ആരെയെങ്കിലും സ്നേഹിക്കുന്നുവെങ്കിൽ നബി(സ) തിരുമേനിയെ പിൻപറ്റണമെന്ന് നിബന്ധന വെച്ചിരിക്കുന്നു.'

ഒരാളുടെ ആക്ഷേപത്തിന് മറുപടിയായി അവിടന്ന് പറയുന്നു: 'ഇനിയാരുടെയെങ്കിലും ഉദ്ദേശ്യം സൽക്കർമം ചെയ്യുക എന്നതാണെങ്കിൽ മോക്ഷം പ്രാപിക്കുന്നതിനും സ്വീകാര്യനാകുന്നതിനും പിൻപറ്റേണ്ട ആവശ്യമെന്താണ്? ഇതിന്റെ മറുപടി ഇതാണ്, 'സൽകർമം ഉണ്ടാകുക എന്നത് അല്ലാഹുവിന്റെ തൗഫീഖുമായി നിലകൊള്ളുന്നതാണ്. അല്ലാഹു ഒരാളെ തന്റെ മഹത്തായ ഉദ്ദേശ്യത്താൽ ഇമാമും റസൂലുമായി നിശ്ചയിക്കുകയും അയാളെ അനുസരിക്കാൻ കല്പിക്കുകയും ചെയ്യുമ്പോൾ ആ കല്പന കേട്ട് അനുസരിക്കാത്തവന് സൽകർമത്തിനുള്ള തൗഫീഖ് കൊടുക്കാറില്ല." അല്ലാഹു അയച്ച ആളെ പിൻപറ്റുക എന്നത് നിർബന്ധമാണ്. സ്വന്തം കർമങ്ങൾ മാത്രം പ്രയോജനപ്പെടുകയില്ല. എല്ലാത്തിലുമുപരി നബി(സ)തിരുമേനിയെ പിൻപറ്റൽ നിർബന്ധമാണ്.

അവിടന്ന് പറയുന്നു: 'എന്റെ വ്യക്തിപരമായ അനുഭവമാണ്, നബി(സ)തിരുമേനിയെ സത്യഹൃദയത്തോടെ പിൻപറ്റുകയും ആ മഹാത്മാവിനെ സ്നേഹിക്കുകയും ചെയ്യുക എന്നത്

അവസാനം മനുഷ്യനെ ദൈവത്തിന് പ്രിയപ്പെട്ടവനാക്കിത്തീർക്കുന്നു. ഈ രീതിയിൽ സ്വയം അവന്റെ മനസ്സിൽ ദൈവത്തോടുള്ള സ്നേഹത്തിന്റെ ഒരു ജ്വലനം ഉണ്ടാക്കുന്നു. അപ്പോൾ ആ വ്യക്തി എല്ലാ ഓരോ വസ്തുക്കളിൽനിന്നും പിന്മാറി അല്ലാഹുവിലേക്ക് കുനിയുന്നു. അവന്റെ സ്നേഹവും അഭിനിവേശവും അല്ലാഹുവിന് മാത്രമായി അവശേഷിക്കുന്നു. അപ്പോൾ ദൈവസ്നേഹത്തിന്റെ ഒരു പ്രത്യേക ജ്യോതിസ് അവനിൽ പതിയുന്നു. അവന് പ്രേമത്തിന്റെയും സ്നേഹത്തിന്റെയും ഒരു പൂർണമായ വർണം നല്കി ശക്തമായ വികാരത്തോടുകൂടി തന്നിലേക്ക് വലിച്ചെടുക്കുന്നു. അപ്പോൾ വിയേച്ഛകളുടെമേൽ അവൻ വിജയം വരിക്കുന്നു. അവനെ പിന്തുണച്ചും സഹായിച്ചും എല്ലാ ഓരോ വശത്തുടെയും അല്ലാഹുവിന്റെ അത്ഭുതസിദ്ധി കർമപരമായ അടയാളങ്ങളുടെ വർണത്തിൽ പ്രകടമാകുന്നു.' (ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീഖസാഇൻ, വാല്യം 22, പേജ് 67–68, അടിക്കുറിപ്പ്)

അവിടന്ന് പറയുന്നു: 'നബി(സ)തിരുമേനിയുടെ ദയാദൃഷ്ടി നബിയെ സൃഷ്ടിക്കുന്നു. അവിടന്ന് പറയുന്നു: 'പ്രതാപവാനായ അല്ലാഹു നബി(സ)തിരുമേനിയെ ഖാത്തമിന്റെ ആളാക്കിയിരിക്കുന്നു. അതായത് നബി(സ) തിരുമേനിക്ക് സമ്പൂർണ നന്മയുടെ സീലാണ് നല്കിയിരിക്കുന്നത്. മറ്റൊരു നബിയ്ക്കും അത് നല്കപ്പെട്ടിട്ടില്ല. ഇക്കാരണത്താലാണ് നബിയുടെ പേര് ഖാത്തമുന്നബിയ്യീൻ എന്നായിട്ടുള്ളത്. അതായത് അവിടത്തെ ആത്മീയമായ ദൃഷ്ടി നബിയെ വാർത്തെടുക്കുന്നു. ഈ പരിശുദ്ധശക്തി മറ്റൊരു നബിയ്ക്കും കിട്ടിയിട്ടില്ല. ഉലമാഉ ഉമ്മത്തീ കഅമ്പിയാഇ ബനീഇസ്‌റായീൽ എന്ന ഹദീഥിന്റെ അർഥം ഇതാണ്. അതായത് എന്റെ സമുദായത്തിലെ ഉലമാ ബനീഇസ്‌റായീലിലെ നബിമാരെപ്പോലെയാണ്. ബനീഇസ്‌റായീലിൽ ഒരുപാട് നബി വന്നിട്ടുണ്ടെങ്കിലും അവരുടെ നുബുവ്വത്ത് മൂസായെ പിൻപറ്റിയ കാരണത്താലായിരുന്നില്ല. മറിച്ച് ആ നുബുവ്വത്തുകൾ നേരിട്ട് അല്ലാഹുവിന്റെ ഒരു വരദാനമായിരുന്നു. ഹദ്റത്ത് മൂസായെ പിൻപറ്റിയതിന്റെ അല്പംപോലും കൈകടത്തൽ അതിലുണ്ടായിരുന്നില്ല. (ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീഖസാഇൻ, വാല്യം 22, പേജ് 100, അടിക്കുറിപ്പ്)

അതിനാൽ ഞാൻ ഇപ്പോൾ ഉലമായോടു പറയുകയാണ്. അല്ലയോ നാമധാരികളായ ഉലമാക്കളേ! ആലോചിക്കുകയും ചിന്തിക്കുകയും ചെയ്യുക. നബി(സ)തിരുമേനിക്ക് നബിയെ വാർത്തെടുക്കുന്നയാൾ എന്ന സ്ഥാനം നല്കുന്നതുകൊണ്ട് അവിടത്തെ മഹിമാവിലാസം വർധിക്കുകയാണോ അതല്ല ഇടിയുകയാണോ ചെയ്യുന്നത്? പക്ഷേ, നിങ്ങൾ ഇക്കാര്യത്തിൽ ചിന്തിക്കുകയില്ല. കാരണം ഭൗതികമായ നേട്ടങ്ങൾ അതിനെ ബാധിക്കുന്നതായിരിക്കും. പക്ഷേ, ഞങ്ങൾക്ക് നബി(സ) തിരുമേനിയുടെ ഉന്നത പദവിയുടേയും ഉത്തമസ്ഥാനത്തിന്റേയും ഗ്രാഹ്യം നല്കിയത് ഹദ്റത്ത് മിർസാ ഗുലാം അഹ്‌മദ് ഖാദിയാനി(അ) തന്നെയാണെന്ന് ഞങ്ങൾക്ക് ദൃഢഗാഢമായി പറയാൻ കഴിയും. അതുകൊണ്ട് ഓരോ അഹ്‌മദിയും നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുന്നത് തങ്ങളിൽ നിർബന്ധമാക്കുക. അതിന്റെ അനുഗ്രഹത്താൽ നമ്മൾ സമൃദ്ധരായിത്തീരാൻ. അത് അനുഗൃഹീതമായ അവിടത്തെ അസ്തിത്വവുമായി ബന്ധംവെക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയുന്നു:

"നമ്മുടെ സയ്യിദും മൗലായുമായ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി(സ)യുടെതന്നെ സത്യസന്ധതയും കൂറും നോക്കുക. അവിടന്ന് എല്ലാ ദുഷ്ടാഹ്വാനങ്ങളേയും നേരിട്ടു. പലരീതിയിലുള്ള വിപത്തുകളും ബുദ്ധിമുട്ടുകളും വഹിച്ചു. പക്ഷേ, ഒന്നുംവകവെച്ചില്ല. ഈ സത്യസന്ധതയും കൂറും തന്നെയായിരുന്നു അല്ലാഹുവിന്റെ ഫള്ലിന് നിമിത്തമായത്. അതുകൊണ്ട് അല്ലാഹു പറഞ്ഞു: *ഇന്നല്ലാഹ വ മലാഇക്കത്തഹു യുസല്ലൂന അലന്നബിയ്യി യാ അയ്യുഹല്ലദീന ആമനൂ സല്ലൂ അലയ്ഹി വസല്ലിമൂ തസ്‌ലീമാ* (33:57) അല്ലാഹുവും അവന്റെ എല്ലാ മലക്കുകളും റസൂലിനുമേൽ സ്വലാത്ത് ചൊല്ലുന്നു. വിശ്വാസികളേ! ആ നബിയുടെമേൽ നിങ്ങളും സ്വലാത്തും സലാമും ചൊല്ലുക.'

അവിടന്ന് പറഞ്ഞു: 'ഈ ആയത്തിൽനിന്ന് പ്രകടമാകുന്നത് നബി(സ) തിരുമേനിയുടെ കർമങ്ങൾ എങ്ങനെയുള്ളതായിരുന്നുവെന്നാൽ, അല്ലാഹു അദ്ദേഹത്തെ സ്തുതിക്കുന്നതിനും വിശേഷഗുണങ്ങൾ ക്ലിപ്തപ്പെടുത്തുന്നതിനും പ്രത്യേകമായ പദമൊന്നും ഉപയോഗിച്ചില്ല. പരിമിതപ്പെടുത്തിയില്ല. വാക്കുകൾ കിട്ടാഞ്ഞിട്ടല്ല. പക്ഷേ, അല്ലാഹു സ്വയം ഉപയോഗിച്ചില്ല. അതായത് അവിടത്തെ സൽകർമങ്ങളുടെ പ്രശംസ ക്ലിപ്തമായ പ്രശംസയ്ക്കുപരിയായിരുന്നു. അല്ലാഹു അതിന് പരിധിവെക്കാനാഗ്രഹിച്ചിരുന്നില്ല. ഇത്തരത്തിലുള്ള ആയത്ത് മറ്റൊരു നബിയുടേയും വിശേഷണത്തിന് ഉപയോഗിച്ചില്ല.' അവിടന്ന് പറഞ്ഞു: 'അദ്ദേഹത്തിന്റെ ആത്മാവിൽ സത്യസന്ധതയും കൂറുമുണ്ടായിരുന്നു. അവിടത്തെ കർമങ്ങൾ ദൈവദൃഷ്ടിയിൽ എത്രമാത്രം ഇഷ്ടപ്പെട്ടതായിരുന്നുവെന്നാൽ, അല്ലാഹു എന്നെന്നേക്കുമായി കല്പിച്ചു. ഭാവിയിൽ ജനങ്ങൾ നന്ദിപ്രകടനമെന്ന നിലയിൽ സ്വലാത്ത് ചൊല്ലുക." (മൽഫൂദാത്ത്, വാല്യം 1, പേജ് 37–38, 1985 ലണ്ടൻ പതിപ്പ്)

സ്വലാത്ത് എന്ത് ഉദ്ദേശ്യത്തോടെ ചൊല്ലണം എന്ന് വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:

"സ്വലാത്ത് ചൊല്ലേണ്ടത് ഉദാരനായ അല്ലാഹു തന്റെ സമ്പൂർണമായ അനുഗ്രഹങ്ങൾ തന്റെ ഉദാരനായ നബിയുടെമേൽ ഇറക്കുന്നതിനാണ്. അദ്ദേഹത്തെ മുഴുപ്രപഞ്ചത്തിനും അനുഗ്രഹങ്ങളുടെ ഉറവിടമാക്കുന്നതിനാണ്. അദ്ദേഹത്തിന്റെ മഹത്ത്വവും അദ്ദേഹത്തിന്റെ അന്തസ്സും പകിട്ടും ഈ ലോകത്തും ആ ലോകത്തും പ്രകടമാകുന്നതിനാണ്. ഈ ദുആ തികവാർന്ന മനഃസാന്നിധ്യത്തോടുകൂടി ആയിരിക്കേണ്ടതാണ്. അതായത് ഹൃദയവികാരത്തോടെ ആയിരിക്കേണ്ടതാണ്. ഒരാൾ തന്റെ വിപത്തിന്റെ നേരത്ത് മനഃസാന്നിധ്യത്തോടെ ദുആ ചെയ്യുന്നതുപോലെ പ്രത്യേക ശ്രദ്ധയോടെ ദുആ ചെയ്യുക. എന്നല്ല, അതിനേക്കാളുപരി വണക്കത്തോടും വിഷമത്തോടും ചെയ്യേണ്ടതാണ്. തന്റേതായ ഒന്നും അതിനോട് കലർത്താൻ പാടില്ല. അതുകൊണ്ട് തനിക്ക് ഈ പുണ്യം കിട്ടും ഈ പദവി കിട്ടും എന്നൊന്നും വിചാരിച്ചുകൂടാ. മറിച്ച് പൂർണമായ ദൈവാനുഗ്രഹങ്ങൾ നബി(സ)തിരുമേനിയുടെമേൽ ഇറങ്ങണമെന്ന ചിന്തമാത്രമായിരിക്കണം. അതിന്റെ പ്രതാപം ദുൻയാവിലും ആഖിറത്തിലും വിളങ്ങണം. ഈ ഒരൊറ്റ ഉദ്ദേശ്യം മാത്രമായിരിക്കേണ്ടതാണ്. രാവും പകലും പതിവായി ശ്രദ്ധയോടെ ചൊല്ലേണ്ടതാണ്. എത്രവരെയെന്നാൽ അതിനെക്കാൾ കൂടുതൽ ഒരു ഉദ്ദേശ്യവും സ്വന്തം മനസ്സിലുണ്ടാകാൻ പാടില്ല.' (മക്തൂബാത്തെ അഹ്‌മദ്, വാല്യം 1, പേജ് 523 മീർ അബ്ബാസ് അലിയ്ക്ക് എഴുതിയ കത്ത്. നമ്പർ 10)

നമ്മളോട് സ്വലാത്ത് ചൊല്ലാൻ ഉപദേശിച്ചുകൊണ്ട് പറയുന്നു.

"സ്വലാത്ത് ധാരാളമായി ചൊല്ലുവിൻ. ആചാരമെന്നനിലയിലോ ചടങ്ങ് എന്ന നിലയിലോ അല്ല. പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യത്തേയും നന്മയേയും മുന്നിൽവെച്ചുകൊണ്ടും അവിടത്തെ ദർജകളുടെയും നിലകളുടെയും അഭിവൃദ്ധിക്കുവേണ്ടിയും അവിടത്തെ വിജയത്തിനുവേണ്ടിയും.' (മൽഫൂദാത്ത്, വാല്യം 9, പേജ് 23, 1985, ലണ്ടൻ പതിപ്പ്)

അദ്ദേഹത്തിന്റെ വിജയങ്ങളെന്താണ്? യഥാർഥ ഇസ്‌ലാം ലോകത്ത് വ്യാപിക്കുകയും സ്ഥാപിതമാകുകയും ചെയ്യുക. ഇസ്‌ലാമിന്റെ പേരിൽ ഈയിടെയായി പരന്നിട്ടുള്ള ദ്രോഹവും കലഹവും അവസാനിക്കുക. അതുകൊണ്ട് ഇന്ന് എല്ലാ അഹ്‌മദിയുടേയും നിർബന്ധകടമയാണ് ഇങ്ങനെയുള്ള അവസ്ഥ തങ്ങളിൽ ഉണ്ടാക്കുകയും ഇങ്ങനെ ദുആ ഇരക്കുകയും സ്വലാത്ത് ചൊല്ലുകയും ചെയ്യുക എന്നത്. ദുആകൾ മുഖേന ദുൻയാവിലെ ദ്രോഹങ്ങൾ അവസാനിപ്പിക്കാനുള്ള നമ്മുടെ മാർഗമാണിത്.

ഒരവസരത്തിൽ തന്റെ ഒരു ശിഷ്യനെ സ്വലാത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു. താങ്കൾ സ്വലാത്ത് ചൊല്ലുന്നതിൽ എപ്പോഴും ശ്രദ്ധാലുവായിരിക്കുക. തന്റെ പ്രിയപ്പെട്ടവനുവേണ്ടി ആരെങ്കിലും യഥാർഥത്തിൽ ബർക്കത്ത് ആഗ്രഹിക്കുന്നതുപോലെ അഭിനിവേശത്തോടും ആത്മാർഥതയോടുംകൂടി ഹദ്റത്ത് നബി കരീമിനുവേണ്ടി ബർക്കത്ത് ആഗ്രഹിക്കുക; ഒരുപാട് വണക്കത്തോടുകൂടി ആയിരിക്കേണ്ടതാണ്. ആ കേഴലിലും ദുആയിലും ഒരു കൃത്രിമവും ഉണ്ടാകരുത്. മറിച്ച്, ഹദ്റത്ത് നബി കരീം(സ)നോട് സത്യസന്ധമായ സ്നേഹബന്ധവും അനുരക്തിയും ഉണ്ടായിരിക്കണം. യഥാർഥത്തിൽ ആത്മാവിന്റെ സത്യസന്ധതയോടെ ആ അനുഗ്രഹങ്ങൾ നബി(സ) തിരുമേനിക്കുവേണ്ടി യാചിക്കുക; സ്വലാത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നതുപോലെ. വ്യക്തിപരമായി സ്നേഹമുണ്ട് എന്നതിനുള്ള അടയാളം മനുഷ്യൻ ഒരിക്കലും ക്ഷീണിക്കുകയില്ല എന്നതാണ്. ഒരിക്കലും മനഃക്ലേശം ഉണ്ടാകുകയില്ല. നബി(സ) തിരുമേനിയുടെമേൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ പ്രകടമാകണം എന്ന ഉദ്ദേശ്യത്തോടെ മാത്രം സ്വലാത്ത് ചൊല്ലുക."(മക്തൂബാത്തെ അഹ്‌മദ്, വാല്യം 1, പേജ് 534–535, മീർ അബ്ബാസ് അലിക്ക് എഴുതിയ കത്ത്, നമ്പർ 18)

നബി(സ)തിരുമേനിക്ക് മറ്റാരുടേയും ദുആയുടെ ആവശ്യമില്ല. പക്ഷേ, അതിൽ അതിസൂക്ഷ്മമായ ഒരു രഹസ്യമുണ്ട്. അഗാധമായ രഹസ്യമാണ്. ഒരാൾ വ്യക്തിപരമായ സ്നേഹത്താൽ ഒരാൾക്കുവേണ്ടി കാരുണ്യവും അനുഗ്രഹവും ആഗ്രഹിക്കുമ്പോൾ അയാളുമായുള്ള വ്യക്തിപരമായ സ്നേഹത്തിന്റെ അടുപ്പം കാരണത്താൽ ആ വ്യക്തിയുടെ അസ്തിത്വത്തിന്റെ ഒരു ഭാഗമായിത്തീരുന്നു. നബി(സ)തിരുമേനിയുടെമേൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അതിരറ്റതാണ്. അതുകൊണ്ട് സ്വലാത്ത് ചൊല്ലുന്നയാൾക്ക്, വ്യക്തിപരമായ സ്നേഹം നിമിത്തം നബി(സ) തിരുമേനിക്കുവേണ്ടി അനുഗ്രഹം ആഗ്രഹിക്കുന്നതുകൊണ്ട് ഒരളവുവരെ അതിൽനിന്ന് ഭാഗം ലഭിക്കുന്നു. ആത്മീയമായ അഭിനിവേശം കൂടാതെയും വ്യക്തിഗതമായ സ്നേഹം ഇല്ലാതേയും ഈ അനുഗ്രഹം വളരെ

(ശേഷം പേജ് 21ൽ)

# ഉഹുദു രണാങ്കണത്തിലെ ഉദ്വേജക നിമിഷങ്ങൾ

**"എന്റെ ബാപ്പയും എന്റെ ഉമ്മയും അങ്ങേയ്ക്ക് ബലിയായിരിക്കട്ടെ! അല്ലാഹുവിന്റെ റസൂലേ, അങ്ങു ജീവിച്ചിരിക്കുന്നു എങ്കിൽ ആരോ മരിച്ചോട്ടെ, എനിക്കെന്ത്?" ക്രൈസ്തവ ലോകം മഗ്ദലനമർയമും അവരുടെ കൂട്ടുകാരായ സ്ത്രീകളും വെളുപ്പിന് മുമ്പേ ജൂതൻമാരുടെ കണ്ണുവെട്ടിച്ച് യേശുവിന്റെ ഖബ്റന്നിരികെ കുതിച്ചെത്തിയതിനെ അവരുടെ ഭക്തിയായും ധൈര്യമായും അഭിമാനപൂർവം എടുത്തു പറയുന്നു. എന്നാൽ, ബനൂദീനാർ ഗോത്രത്തിലെ ഈ മഹിളാമണിയുടെ ഭക്തിപ്രശ്രയത്തിനും സ്നേഹപാരവശ്യത്തിനും മുമ്പിൽ അതിനെന്ത് താരതമ്യം?**

**(വാഗ്ദത്ത് മസീഹിന്റെ രണ്ടാമത്തെ ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) രചിച്ച 'നബിയോം കാ സർദാർ' എന്ന ഗ്രന്ഥത്തിലെ ഈമാൻ ദൃഢഗാഢമാക്കുന്ന അധ്യായം)**

മക്കക്കാരുടെ സൈന്യം ബദ്റിൽ നിന്നു പലായനം ചെയ്തപ്പോൾ തങ്ങൾ മദീനയെ പിന്നെയും ആക്രമിക്കുന്നതാണെന്നും യുദ്ധത്തിൽ തങ്ങൾക്കുണ്ടായ നഷ്ടത്തിനു പകരം ചോദിക്കുന്നതാണെന്നും മക്കക്കാർ പ്രഖ്യാപിക്കുകയുണ്ടായിട്ടുണ്ട്. ഒരൊറ്റ കൊല്ലമേ കഴിഞ്ഞുള്ളൂ, അവർ സർവശക്തിയോടും കൂടി മദീനയെ ആക്രമിക്കുകയും ചെയ്തു. തങ്ങൾക്കു അനുഭവപ്പെട്ട കടുത്ത പരാജയത്തിൽ അവർ അങ്ങേയറ്റം അപമാനിതരായിത്തീർന്നിരുന്നു. അതിനാൽ, യുദ്ധത്തിൽ കൊല്ലപ്പെട്ടുപോയ തങ്ങളുടെ ബന്ധുക്കളെ ചൊല്ലി വിരഹാർത്തരാരും തന്നെ അലമുറ നടത്തരുതെന്നു മക്കയിലെ മൂപ്പന്മാർ ശാസന പുറപ്പെടുവിക്കുകയുണ്ടായി. അക്കൊല്ലത്തെ കച്ചവടസംഘങ്ങൾക്ക് ലഭിക്കുന്ന മുഴുവൻ ആദായവും യുദ്ധഫണ്ടിലേക്ക് സംഭാവന നൽകണമെന്ന് അവർ പ്രമേയം പാസാക്കി. സർവായുധ സജ്ജീകൃതരായി മൂവായിരം ഭടൻമാരടങ്ങിയ ഒരു സൈന്യം അബൂസുഫിയാന്റെ നേതൃത്വത്തിൽ മദീനയെ ആക്രമിക്കാൻ പുറപ്പെട്ടു. വിവരമറിഞ്ഞ് നബി(സ)തിരുമേനി ആലോചനായോഗം വിളിച്ചു കൂട്ടി. മദീനക്കുള്ളിൽ വെച്ചോ പുറത്തുവെച്ചോ എങ്ങനെയാണ് ശത്രുസൈന്യത്തെ നേരിടേണ്ടതെന്ന് അദ്ദേഹം അനുയായികളോട് അഭിപ്രായമാരാഞ്ഞു. മദീനയ്ക്കകത്തുവെച്ചാവുന്നതാണ് നല്ലതെന്നായിരുന്നു തിരുമേനിയുടെ സ്വന്തം അഭിപ്രായം. മദീനയ്ക്കകത്ത് തന്നെ മുസ്‌ലിമീംകളെല്ലാം താമസിച്ചുകൊള്ളട്ടെയെന്നും മക്കക്കാർ വന്നു അവരെ വീട്ടിൽ കടന്നാക്രമിക്കട്ടെയെന്നും ആയിരുന്നു തിരുമേനിയുടെ നില. അങ്ങനെയായാൽ ആക്രമണത്തിന്റെ സർവോത്തരവാദിത്വങ്ങളും ശത്രുവിനു തന്നെയായിത്തീരും. എന്നാൽ, ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കാതിരുന്ന പലരും ആലോചനാസഭയിലുണ്ടായിരുന്നു. ദൈവമാർഗത്തിൽ സമരം ചെയ്യാൻ അവർക്ക് അതിയായ ആവേശമുണ്ടായിരുന്നു. തുറന്ന നിലയിലുള്ള ഒരു യുദ്ധം തന്നെ നടത്തുന്നതിനും അങ്ങനെ സമരക്കളത്തിൽ വെച്ചു വീരസ്വർഗം വരിക്കാൻ തങ്ങൾക്കവസരമുണ്ടാക്കുന്നതിനും അവർ നിർബന്ധം കാണിച്ചു. അങ്ങനെ ആ പൊതുവഭിപ്രായം നബി(സ)തിരുമേനി സ്വീകരിക്കുകയും ചെയ്തു.

ഈ ആലോചനകൾ നടന്നു കൊണ്ടിരിക്കുന്നതിനിടയിൽ നബി(സ)തിരുമേനി താൻ കണ്ട ഒരു സ്വപ്നവും വിവരിക്കുകയുണ്ടായി: "ഞാൻ ഒരു ദർശനത്തിൽ ഒരു പശുവെ കാണുകയുണ്ടായി. എന്റെ വാളിന്റെ വായ്ത്തല പൊട്ടിപ്പോയതായും കണ്ടു. പശു അറുക്കപ്പെടുന്നതായും എന്റെ കൈകൾ പടയങ്കിക്കുള്ളിൽ ഒതുക്കിവെച്ചിരിക്കുന്നതായും ഞാൻ ദർശിച്ചു. ഞാൻ ഒരു മുട്ടാടിന്റെ പുറത്തു സഞ്ചരിക്കുന്നതായും കാണുകയുണ്ടായി." ഈ സ്വപ്നത്തിന്റെ വ്യാഖ്യാനമെന്താണെന്ന് ശിഷ്യഗണം ചോദിച്ചപ്പോൾ നബി(സ)തിരുമേനി ഇപ്രകാരം പറഞ്ഞു: "പശു അറുക്കപ്പെടുന്നതായി കണ്ടതിന്റെ അർഥം ചില സഹാക്കൾ ഈ യുദ്ധത്തിൽ കൊല്ലപ്പെടുമെന്നാകുന്നു. എന്റെ ബന്ധുക്കളിൽ പ്രധാനികളാരെങ്കിലും മരിക്കുമെന്നാണ് വാളിന്റെ വായ്ത്തല പൊട്ടിയതു സൂചിപ്പിക്കുന്നത്. എനിക്കു തന്നെയും ഏതെങ്കിലും തരത്തിലുള്ള പരിക്കോ വേദനയോ ഏൽക്കാനും സാധ്യതയുണ്ട്. ഞാൻ കൈകൾ പടയങ്കിക്കുള്ളിൽ വെച്ചതിന്റെ അർഥം നാം മദീനയിൽ തന്നെ നിൽക്കുന്നതാണ് നന്നായിരിക്കുകയെന്നത്രെ. ഞാൻ ഒരു മുട്ടാടിന്റെ പുറത്ത് സഞ്ചരിക്കുന്നതായി കണ്ടതിന്റെ അർഥം അവിശ്വാസികളുടെ പടനായകനെ നാം കീഴ്പ്പെടുത്തുമെന്നും അഥവാ അവൻ മുസ്‌ലിമീംകളുടെ കൈയാൽ കൊല്ലപ്പെടുമെന്നുമത്രെ."

ഈ സ്വപ്നവും അതിന്റെ അർഥവും അനുസരിച്ചു മുസ്‌ലിമീംകൾ മദീനയിൽത്തന്നെ നിൽക്കുന്നതായിരുന്നു യുക്തമെന്നു വ്യക്തമാണല്ലോ. എന്നാൽ, നബി(സ)തിരുമേനി ഇക്കാര്യത്തിൽ നിർബന്ധം പിടിച്ചില്ല. എന്തെന്നാൽ, സ്വപ്നത്തിനു സ്വന്തത്തിലൊരർഥം താൻ നൽകിയെന്നല്ലാതെ അതു വെളിപാടു മുഖേനയുള്ള അറിവിന്റെ അടിസ്ഥാനത്തിലുള്ളതായിരുന്നില്ല. ആകയാൽ, ഭൂരിപക്ഷത്തിന്റെ അഭിപ്രായം നബി(സ)തിരുമേനി സ്വീകരിക്കുകയും അപ്രകാരം മദീനക്കു പുറത്തുവെച്ചു തന്നെ ശത്രുവായി ഏറ്റുമുട്ടാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ, നബി(സ) തിരുമേനി യുദ്ധത്തിനായി പുറപ്പെട്ട് കഴിഞ്ഞപ്പോൾ, കൂടുതൽ വിശ്വാസാവേശമുള്ള ഒരു വിഭാഗം മുസ്‌ലിമീംകൾ തങ്ങളുടെ തെറ്റ് മനസ്സിലാക്കി. അവർ തിരുമേനിയെ സമീപിച്ചു പറഞ്ഞു. "നബിയേ അങ്ങയുടെ അഭിപ്രായമാണ് ശരിയെന്നു തോന്നുന്നു. നാം മദീനയിൽത്തന്നെ ഉറച്ചു നിൽക്കുകയാണ് ഉത്തമം. മദീനയിലെ തെരുവുകളിൽ വെച്ചു നമുക്ക് ശത്രുക്കളെ നേരിടാം!"

നബി(സ)തിരുമേനി പ്രതിവചിച്ചു, "അതു ഇപ്പോഴല്ല പറയേണ്ടത്! അല്ലാഹുവിന്റെ പ്രവാചകൻ പോർച്ചട്ടയണിഞ്ഞു കഴിഞ്ഞു. ഇനിയെന്തു വന്നാലും മുന്നോട്ടു പോവുക തന്നെ! നിങ്ങൾ സ്ഥിരചിത്തരും ദൃഢവിശ്വാസികളുമാണെങ്കിൽ ദൈവം നിങ്ങളെ നിശ്ചയമായും സഹായിക്കും."

അങ്ങനെ, ഒരായിരം പടയാളികളെയും നയിച്ചുകൊണ്ടു അല്ലാഹുവിന്റെ പ്രവാചകൻ മുമ്പോട്ടു നീങ്ങി. മദീനയിൽനിന്നു അൽപം അകലെ ഒരിടത്തു രാത്രി അവർ താവളമടിച്ചു. ശത്രുവിനെ നേരിടുന്നതിനു മുമ്പേ കുറച്ചിട തന്റെ യുദ്ധഭടന്മാർക്കു വിശ്രമിക്കാൻ അവസരം നൽകുക തിരുമേനിയുടെ പതിവായിരുന്നു. സുബ്ഹി നമസ്കാര സമയത്ത് നബി(സ)തിരുമേനി ഒന്നു ചുറ്റിയടിച്ചു. മുസ്‌ലിംകളോടൊപ്പം ഏതാനും ജൂതൻമാരും ചേർന്നിരിക്കുകയാണെന്നു അദ്ദേഹം കണ്ടു. മദീനത്തെ ഗോത്രങ്ങളുമായി തങ്ങൾ സഖ്യത്തിലാണെന്നു വരുത്താൻ അവർ ശ്രമിക്കുകയായിരുന്നു. ജൂതൻമാരുടെ ഗൂഢതന്ത്രങ്ങളെകുറിച്ച് അറിവ് കിട്ടിയപ്പോൾ തിരുമേനി അവരെയെല്ലാം പറഞ്ഞയച്ചു. തിരുമേനി ഇപ്രകാരം ചെയ്തപ്പോൾ കപടവിശ്വാസികളുടെ നേതാവായിരുന്ന അബ്ദുല്ലാഹ് ബിൻ ഉബയ് ബിൻ സുലൂൽ തന്റെ മുന്നൂറോളം അനുയായികളോടൊപ്പം പിൻവാങ്ങിക്കളഞ്ഞു. മുസ്‌ലിം സൈന്യത്തിനു അവിശ്വാസികളുടെ സൈന്യവ്യൂഹത്തെ നേരിടാൻ കഴിയുകയില്ലെന്നും യുദ്ധത്തിൽ പങ്കെടുത്താൽ നിശ്ചയമായും ചിലർ കൊല്ലപ്പെടുകയേ ഉണ്ടാവുകയുള്ളുവെന്നും നബി(സ)തിരുമേനി തന്റെ സഖ്യകക്ഷിക്കാരെ തന്നെ പറഞ്ഞയച്ചതു ശരിയായില്ലെന്നു ആയിരുന്നു അയാളുടെ പരാതി. അന്ത്യനിമിഷത്തിൽ അവരിങ്ങനെ വിട്ടു പിരിഞ്ഞതു മുസ്‌ലിം സൈന്യത്തിന് വലിയൊരടിയായിരുന്നു. ഇപ്പോൾ നബി(സ)തിരുമേനിയുടെ നേതൃത്വത്തിൽ എഴുന്നൂറോളം മുസ്‌ലിമീംകൾ മാത്രമാണുള്ളത്. അവരേക്കാൾ നാലു മടങ്ങ് വലിയ സേനാവിഭാഗത്തെയാണവർക്ക് നേരിടേണ്ടിയിരുന്നത്. ആയുധത്തിലാണെങ്കിൽ എത്രയോ മടങ്ങ് ശക്തിയുള്ളവർ. മക്കാസൈന്യത്തിൽ എഴുന്നൂറോളം വില്ലാളി വീരന്മാർ തന്നെയുണ്ടായിരുന്നു. മുസ്‌ലിംകളിലാണെങ്കിൽ നൂറു പേർ മാത്രവും. 200 കുതിരപ്പടയാളികൾ ശത്രുക്കൾക്കുണ്ടായിരുന്നു. മുസ്‌ലിംകൾക്കാകട്ടെ രണ്ടേ രണ്ടു കുതിരകളേ ഉണ്ടായിരുന്നുള്ളൂ. നബി(സ)തിരുമേനി ഉഹുദിലെത്തി. ചെറിയൊരു മലയിടുക്കിൽ നിയതസ്ഥാനത്ത് അവിടന്ന് 50 പടയാളികളടങ്ങിയ ഒരു കാവൽ സംഘത്തെ നിറുത്തി. ശത്രുക്കൾ അതിന്റെ നേരെ ആക്രമണം നടത്തുകയോ ആ മർമസ്ഥാനം പിടിച്ചടക്കാൻ പണിപ്പെടുകയോ ചെയ്കയാണെങ്കിൽ അവരെ പിന്തിരിപ്പിക്കേണ്ട സർവഭാരവും അവരുടെ ചുമലിലർപ്പിച്ചു. അവരുടെ കടമകളും ഗൗരവതരമായ ഉത്തരവാദിത്വങ്ങളും തിരുമേനി അവർക്ക് വ്യക്തമാക്കിക്കൊടുക്കുകയും ചെയ്തു. അവർ മറ്റൊരു കൽപന കിട്ടുന്നതുവരെ നിലയുറപ്പിച്ച സ്ഥാനത്തുനിന്നു തെറ്റരുതെന്നു തർജ്ജനം ചെയ്യപ്പെട്ടിരുന്നു. ശേഷിച്ച 650 ഭടന്മാരോടുകൂടി അഞ്ചു മടങ്ങു വലിയ ശത്രു സേനയോടു യുദ്ധം ചെയ്യാൻ നബി(സ)തിരുമേനി മുമ്പോട്ടു നീങ്ങി. ദൈവസഹായത്താൽ അൽപസമയത്തിനുള്ളിൽ ആ 650 മുസ്‌ലിംകൾ മൂവായിരം വരുന്ന ശത്രുഭടന്മാരെ വിരട്ടിയോടിച്ചു. മുസ്‌ലിമീംകൾ അവരെ പിന്തുടർന്നു കൊണ്ടി

രുന്നു. അമ്പതു മുസ്‌ലിം ഭടൻമാരെ കാവൽ നിറുത്തിയ ആ മലയിടുക്കിന്റെ പിന്നിലോളമവർ എത്തി. കാവൽ ഭടന്മാർ തങ്ങളുടെ നായകനോടു പറഞ്ഞു: "ശത്രുസേന പരാജയപ്പെട്ടു കഴിഞ്ഞു. നമുക്കും യുദ്ധത്തിൽ പങ്കെടുത്തു വീര സ്വർഗം വരിക്കാനുള്ള അവസരം ഇതാ വന്നെത്തിയിരിക്കുന്നു." സേനാധിപൻ അവരെ വിലക്കി. തിരുനബിയുടെ വ്യക്തമായ കൽപനയെ കുറിച്ചു അദ്ദേഹം അവരെ ഉണർത്തുകയും ചെയ്തു. തിരുനബിയുടെ കൽപന അതിന്റെ പൊരുളിലാണ് അക്ഷരാർഥത്തിലല്ല എടുക്കേണ്ടതെന്നു അവർ തട്ടുത്തരം നൽകി. "ശത്രുഭടന്മാർ പ്രാണരക്ഷാർഥം ഓടിത്തുടങ്ങിയിരിക്കെ മലയിടുക്കും കാത്ത് കുത്തിയിരിക്കുന്നതിൽ എന്താണർഥം?"

തർക്കിച്ചു തർക്കിച്ചു അവരൊടുവിൽ മർമപ്രധാനമായ ആ മലയിടുക്കിൽ നിന്നു നീങ്ങി യുദ്ധക്കളത്തിലെത്തി. പലായനം ചെയ്യുന്ന മക്കാസൈന്യത്തിൽ ഖാലിദ് ബിൻ വലീദ് ഉണ്ടായിരുന്നു. പിൽക്കാലത്ത് ഒരു വലിയ മുസ്‌ലിം സേനാനിയെന്ന നിലയിൽ കീർത്തി പരത്തിയ ഖാലിദ് ബിൻ വലീദ്(റ)! അദ്ദേഹത്തിന്റെ സൂക്ഷ്മദൃഷ്ടികൾ ആ മലയിടുക്കിൽ പതിഞ്ഞു. അവിടെ ഏതാനും പേരെ കാവലിനുള്ളൂ. ഖാലിദ് മറ്റൊരു മക്കാസേനാപതിയായ അംറ് ബിൻ ആസിനെ വിളിച്ചു. പിന്നിലുള്ള മലയിടുക്കിലേക്കൊന്നു ദൃഷ്ടികൾ പായിക്കാൻ സൂചന നൽകി. അംറ് അപ്രകാരം തിരിഞ്ഞു നോക്കി. അപൂർവ്വലബ്ധമായ ഒരു സുവർണാവസരമിതാ കൈവന്നിരിക്കുന്നു! രണ്ടു സേനാപതിമാരും തങ്ങളുടെ സൈന്യങ്ങളെ സംഘടിപ്പിച്ചു കുന്നിൻ മുകളിലേക്ക് കയറി. ആ മലയിടുക്ക് കാത്തുകൊണ്ടിരുന്ന ഏതാനും മുസ്‌ലിമീംകളെ അവർ കൊന്നു. ഉയരത്തിൽ കയറിനിന്നു മുസ്‌ലിം ഭടന്മാരുടെ നേർക്കു ശരവർഷം തുടങ്ങി. പോർവിളികേട്ടു മക്കക്കാരുടെ സൈന്യം വീണ്ടും ഒരുമിച്ചുകൂടി. അവർ സ്വയം സംഘടിച്ചു സമരക്കളത്തിലേക്കു തിരിച്ചു വന്നു. മക്കാ സൈന്യത്തെ അനുധാവനം ചെയ്തുകൊണ്ടിരുന്ന മുസ്‌ലിം ഭടന്മാർ യുദ്ധമൈതാനിയിൽ മുഴുവൻ പരന്നു കിടക്കുകയായിരുന്നു. അതിനാൽ അവർക്ക് ധിറുതിയിൽ സംഘടിച്ചു അക്രമികളെ തുരത്താൻ കഴിഞ്ഞില്ല. മുസ്‌ലിം ഭടന്മാർ ഒറ്റൊയ്ക്കൊറ്റയ്ക്ക് ശത്രുവിനെ എല്ലായിടത്തും ചെറുത്തുകൊണ്ടിരുന്നു. അനേകംപേർ പൊരുതി മരിച്ചു. വളരെപേർ നിഗ്രഹിക്കപ്പെട്ടു. ഒരു ചെറിയ വിഭാഗം ഭടന്മാർ തിരുമേനിയെ രക്ഷിക്കാനായി വളഞ്ഞുകൂടി. അവരാകെക്കൂടി ഇരുപതിലധികം പേരുണ്ടാവില്ല. മക്കക്കാരുടെ സൈന്യം ഈ വളയം ഭേദിക്കാൻ ഭയങ്കരമായ ആക്രമണം നടത്തി. ശത്രുക്കളായ പടയാളികളുടെ വെട്ടും നീട്ടും കാരണം വളഞ്ഞു കൂടിയ മുസ്‌ലിം ഭടന്മാർ ഓരോരുത്തരായി നിലം പതിക്കാൻ തുടങ്ങി. കുന്നിൻ പുറത്തുനിന്നു ശരങ്ങൾ മഴ പോലെ വരികയായിരുന്നു. തദവസരത്തിൽ ഖുറയ്ശിയും ഒരു മുഹാജിറും(മദീനയിൽ അഭയം തേടിയ മക്കാ മുസ്‌ലിം) ആയ ത്വൽഹാ(റ) ആ ശരങ്ങളത്രയും നബിനായകരുടെ തിരുമുഖത്തെയാണ് ലക്ഷ്യമാക്കിയിരിക്കുന്നതെന്നു കണ്ടു, തന്റെ കൈ രക്ഷാകവചമായി നീട്ടിപ്പിടിച്ചു. തുരുതുരെ വന്നു കൊണ്ടിരുന്ന അസ്ത്രങ്ങൾ ത്വൽഹയുടെ കൈക്ക് തറച്ചുകൊണ്ടിരുന്നു. എന്നാൽ, ആ കൈ താണുപോയില്ല. അമ്പുകൾ കൈ തുളച്ചു കടന്നു. മുറിഞ്ഞ കൈകളിൽ നിന്നു ചോരയൂറി. എന്നാലത് സ്ഥാനത്തു നിന്നു അനങ്ങിയില്ല. ത്വൽഹായ്ക്ക് ഒടുവിൽ തന്റെ കൈ നഷ്ടപ്പെടുക തന്നെ ചെയ്തു. പിൽക്കാലമത്രയും അദ്ദേഹം ഒറ്റക്കയ്യനായി കഴിച്ചുകൂട്ടേണ്ടി വന്നു. നാലാം ഖലീഫയുടെ കാലത്ത് കലാപവും ഛിദ്രവും തലപൊക്കിത്തുടങ്ങിയപ്പോൾ ത്വൽഹായുടെ ഒരു ശത്രു അദ്ദേഹത്തെ 'കൈമുറിയൻ ത്വൽഹാ' എന്നു പറഞ്ഞു പരിഹസിക്കുകയുണ്ടായി. ഉടൻ ത്വൽഹായുടെ ഒരു സ്നേഹിതൻ വായടപ്പൻ മറുപടി നൽകി: "കൈമുറിയൻ ത്വൽഹ! അല്ലേ? ത്വൽഹക്കു കൈ നഷ്ടപ്പെട്ടതെങ്ങനെയെന്നറിയാമോ? ഉഹുദ് യുദ്ധത്തിൽ വെച്ച് നബിതിരുമേനിയുടെ മുഖാരവിന്ദം ശത്രുക്കളുടെ ശരങ്ങളിൽനിന്നു രക്ഷിക്കാൻ ത്വൽഹാ തന്റെ കൈ നീട്ടിയപ്പോൾ!"

ഉഹുദ് യുദ്ധത്തിനു എത്രയോ കാലശേഷം ഹദ്റത്ത് ത്വൽഹായുടെ സ്നേഹിതന്മാർ അദ്ദേഹത്തോടൊരിക്കൽ ചോദിച്ചു: "അസ്ത്രങ്ങൾ കൈക്ക് തറച്ചു കൊണ്ടിരുന്നപ്പോൾ താങ്കൾക്ക് വേദന തോന്നിയില്ലേ?" ത്വൽഹ(റ) മറുപടി നൽകി; "കൈ വേദനിക്കുകയും കടഞ്ഞു മുറിയുകയും ചെയ്തിരുന്നു. എനിക്കു കരയാൻ തോന്നാതിരുന്നുമില്ല. എന്നാൽ, എന്റെ കൈ തെല്ലെങ്കിലും ഒന്നനങ്ങിപ്പോയാൽ ശത്രുക്കളുടെ അമ്പുകൾ തറക്കുന്നതു തിരുനബിയുടെ വദനബിംബത്തിലായിരിക്കുമെന്ന ചിന്ത നിമിത്തം അതൊക്കെ സഹിക്കുകയല്ലാതെ ഗത്യന്തരമുണ്ടായിരുന്നില്ല."

നബി(സ)തിരുമേനിയോടൊപ്പമുണ്ടായിരുന്ന ചുരുക്കം മുസ്‌ലിമീംകൾക്ക് ശത്രുസേനയ്ക്കെതിരിൽ പൊരുതി നിൽക്കാൻ കഴിഞ്ഞില്ല. ഒരു കൂട്ടം ശത്രുഭടന്മാർ ഇരച്ചു കയറി അവരെ തള്ളിമാറ്റി. തിരുമേനി(സ) ഒരു ഭിത്തികണക്കെ ഉറച്ചു നിന്നു. ഊക്കോടെ വന്ന ഒരു ശിലാത്തുണ്ടം പെട്ടന്നു തിരുമേനിയുടെ ഫാലദേശത്തിൽ പതിച്ചു. ആഴത്തിൽ ഒരു മുറിവുണ്ടാക്കി. മറ്റൊന്നു ശിരാടയുടെ വലയം ഭേദിച്ചു കപോലത്തിൽ കൊണ്ടു. അപ്പോഴും ഇടതടവില്ലാതെ ബാണങ്ങൾ വന്നു വീഴുകയായിരുന്നു. പരിക്കേറ്റ നിലയിൽ നബി(സ)തിരുമേനി പ്രാർഥിച്ചു: "ഓ ദൈവമേ! ഇവർക്ക് നീ പൊറുത്തു കൊടുക്കണേ, തങ്ങൾ ചെയ്യുന്നതെന്താണെന്നവർക്കറിയില്ല." (മുസ്‌ലിം)

അതോടെ തിരുമേനി മൃതശരീരങ്ങൾക്കു മേൽ ബോധം കെട്ടു വീണു. തന്റെ രക്ഷക്കായി പടവെട്ടി മരിച്ചു വീണ മുസ്‌ലിമീംകളുടെ മൃതശരീരങ്ങളിന്മേൽ! മറ്റു മുസ്‌ലിമീംകൾ അപ്പോഴേക്കും തിരുനബിയുടെ ശുശ്രൂഷയ്ക്കും രക്ഷയ്ക്കുമായി പാഞ്ഞെത്തി. അവരും മരിച്ചു വീണു. ഈ മൃതപിണ്ഡങ്ങൾക്കിടയിൽ തിരുനബിയുടെ ചാരുകളേബരം വീണു കിടന്നു. ശത്രുക്കൾ ഇതു കണ്ടപ്പോൾ മുഹമ്മദ് നബി(സ) മരിച്ചു പോയെന്നു തെറ്റുധരിച്ചു. ജയിച്ചു കഴിഞ്ഞെന്ന ഭാവത്തിൽ പിൻവാങ്ങിയ ശേഷം അവർ വീണ്ടും അണിനിരന്നു തുടങ്ങി. നബി നായകർ(സ)തിരുമേനിയുടെ അംഗരക്ഷകരായി പൊരുതിയവരിൽ ഒരാൾ ഹദ്റത്ത് ഉമർ(റ) ആയിരുന്നു. ശത്രുസൈന്യത്തിന്റെ അപ്രതിരോധ്യമായ തള്ളിക്കേറ്റത്തിൽ അദ്ദേഹം തെറിച്ചു ഒറ്റതിരിഞ്ഞു പോയിരുന്നു. യുദ്ധം നിലച്ചു. രണഭൂമി നിശ്ചലമായി. നബി(സ)തിരുമേനി അന്ത്യശ്വാസം വെടിഞ്ഞുവെന്നു തന്നെ ഉമർ(റ) ഉറപ്പിച്ചു കഴിഞ്ഞിരുന്നു. ഉമർ(റ) ഒരു വീരപുരുഷനായിരുന്നു. അദ്ദേഹം അത് ആവർത്തിച്ചാവർത്തിച്ചു തെളിയിച്ചിട്ടുണ്ട്. വമ്പിച്ച സാമ്രാജ്യങ്ങളായ റോമിനും ഇറാനുമെതിരിൽ ഒരേ അവസരത്തിൽ ദ്വിമുഖാക്രമണം നടത്തിക്കൊണ്ടു അദ്ദേഹം തന്റെ രണശൂരത വ്യക്തമാക്കിയിട്ടുണ്ട്. പരാജയങ്ങളിലും പരിക്ലേശങ്ങളിലും ആ ഹൃദയം പതറിപ്പോയതായറിവില്ല. ഈ ഉമർ(റ) ഒരു പാറക്കല്ലിന്മേൽ കൂനിച്ചിരുന്നു കേഴുകയാണ്; ഒരു പിഞ്ചുപൈതലിനെ പോലെ വിതുമ്പി വിതുമ്പിക്കരയുന്നു! ആ അവസരത്തിൽ ആ വഴിയിലൂടെ ഒരു മുസ്‌ലിം ഭടൻ അനസ് ബിൻ നദ്ർ കടന്നു വരികയായിരുന്നു. മുസ്‌ലിമീംകൾ വിജയിച്ചു കഴിഞ്ഞെന്ന ഭാവത്തിലാണദ്ദേഹം വരുന്നുണ്ടായിരുന്നത്. മുസ്‌ലിം സൈന്യം ശത്രുക്കളെ പരാജയപ്പെടുത്തിയതും ശത്രുഭടന്മാർ തോറ്റോടുന്നതും അദ്ദേഹം കണ്ടതാണ്. എന്നാൽ, തലേന്നു രാത്രി മുതൽ ഒന്നും ഭക്ഷിച്ചിട്ടില്ലാത്ത ആ ഭടൻ യുദ്ധക്കളത്തിൽ നിന്നു ഏതാനും കാരക്കകളുമായി തെല്ലിട മാറി നിന്നതായിരുന്നു. ഉമർ(റ) കരഞ്ഞിരിക്കുന്നത് കണ്ടപ്പോൾ അദ്ദേഹം വിസ്മയം പൂണ്ടു ചോദിച്ചു: "ഉമർ, മുസ്‌ലിമീംകൾ ഈ മഹത്തായ വിജയം കൈവരിച്ചു കഴിഞ്ഞിട്ടും അങ്ങു ഇവിടെയിരുന്നു കരയുകയാണോ?" ഉമർ(റ) ഉത്തരം പറഞ്ഞു, "അനസേ! യുദ്ധരംഗത്ത് എന്തു നടന്നു എന്ന് താങ്കൾക്കറിഞ്ഞുകൂടാ. പ്രഥമഗതി മാത്രമേ താങ്കൾ കണ്ടുള്ളൂ. പിന്നീട്, കുന്നിൻപുറത്തെ ആ മർമസ്ഥാനം ശത്രുക്കൾ പിടിച്ചടക്കിയതും ഭയങ്കരമായി തിരിച്ചടി നടത്തിയതും താങ്കളറിഞ്ഞിട്ടില്ല. മുസ്‌ലിമീംകൾ ചിന്നിച്ചിതറിപ്പോയിരുന്നു. തങ്ങൾ ജയിച്ചു കഴിഞ്ഞെന്നാണവർ കരുതിയിരുന്നത്. ശത്രുക്കളുടെ പിന്നീടുള്ള ആക്രമണം ചെറുക്കാനാരുമുണ്ടായിരുന്നില്ല. തിരുനബിയും ഒരു പിടി അംഗരക്ഷകരും മാത്രം ആ പന്ഥികുലത്തെയാകമാനം എതിർത്തുനിന്നു. അവരെല്ലാം മരിച്ചു വീണിരിക്കുന്നു!"

അനസ്(റ) ഉദ്വേഗപൂർവം പറയുകയുണ്ടായി. "ഇതു ശരിയാണെങ്കിൽ പിന്നെ, നമ്മളിവിടെയിരുന്നു കരഞ്ഞിട്ടെന്തു കാര്യം? വരൂ! നമുക്കും പോകാം. നമ്മുടെ പ്രിയപ്പെട്ട യജമാനൻ പോയേടത്തു നമുക്കും പോകാം!"

അനസിന്റെ കൈയിൽ ഒരു കാരക്കയെ ബാക്കിയുണ്ടായിരുന്നുള്ളു. അതു വായിലിടാൻ പോകുകയായിരുന്നു. അതദ്ദേഹം വലിച്ചെറിഞ്ഞു കൊണ്ട് പറഞ്ഞു: "അല്ലയോ കാരക്കപ്പഴമേ, അനസിനും സ്വർഗത്തിനുമിടയിൽ നീയല്ലാതെ മറ്റെന്തെങ്കിലുമുണ്ടോ?"

ഇതും പറഞ്ഞു ഉറയിൽനിന്നു വാളൂരിക്കൊണ്ട് അനസ്(റ) ശത്രുപട നിരയിലേക്കു ഒരു കുതികുതിച്ചു! മൂവ്വായിരം ഭടന്മാർക്കെതിരിൽ ഒറ്റക്ക് പൊരുതാൻ! അദ്ദേഹത്തിനെന്തു ചെയ്യാൻ കഴിയും? എന്നാലും, ഒരു വിശ്വാസിയുടെ വീര്യം അനേകങ്ങളെ വെല്ലുവാൻ പോരുന്നതാണ്. ധീരധീരം പൊരുതിക്കൊണ്ടു അനസ്(റ) പരിക്കേറ്റ് വീണു. വീണിട്ടും പൊരുതി. അവസാന ശ്വാസം വരെ പൊരുതി! ഒരു കൂട്ടം ശത്രുഭടന്മാർ അദ്ദേഹത്തിന്റെമേൽ ചാടി വീണു. ബർബ്ബരമായ പ്രതികാരത്തിന്റെ വേലത്തരങ്ങൾ മുഴുവനും അവർ കാട്ടിക്കൂട്ടി. യുദ്ധം കഴിഞ്ഞ് മൃതശരീരങ്ങൾ തിരഞ്ഞു നോക്കിയപ്പോൾ അനസിന്റെ ശരീരം തിരിച്ചറിയാൻ കഴിഞ്ഞില്ല. അനേകം നുറുങ്ങുകളായിത്തീർന്നിരുന്നു ആ ശരീരം! ഒടുവിൽ, അനസിന്റെ ഒരു സഹോദരി ഒരു ചതഞ്ഞ വിരൽ തിരിച്ചറിഞ്ഞു, "ഇതാ ഇതെന്റെ പൊന്നാങ്ങളയുടെ കൈവിരൽ തന്നെ!" അവർ പറഞ്ഞു. (ബുഖാരി).

നബി(സ)തിരുമേനിയെ രക്ഷിക്കാൻ വളഞ്ഞു കൂടുകയും പിന്നീടു തള്ളിമാറ്റപ്പെടുകയും ചെയ്ത മുസ്‌ലിം ഭടന്മാർ ശത്രു സൈന്യം പിൻവാങ്ങിക്കൊണ്ടിരിക്കെ വീണ്ടും ഒരുമിച്ചു ചേർന്നു. മൃതശരീരങ്ങൾക്കിടയിൽനിന്നു അവർ തിരുനബിയെ പൊക്കിയെടുത്തു അബൂ ഉബയ്ദാ ബിൻ അൽ ജർറാഹ്, തിരുകപോലത്തിനുള്ളിലമർന്നു പോയ വളയങ്ങൾ പല്ലുകൾക്കിടയിൽനിന്നു വലിച്ചെടുത്തു.

ആ ശ്രമത്തിൽ അദ്ദേഹത്തിന്റെ രണ്ടു പല്ലുകൾ കൊഴിഞ്ഞുപോയി!

അൽപ്പനേരം കഴിഞ്ഞപ്പോൾ തിരുനബിക്ക് ബോധം വന്നു. ആ പുണ്യപൂമാനെ ചുറ്റിക്കൂടിയ അംഗരക്ഷകന്മാർ മുസ്‌ലിമീംകളോടു വീണ്ടും ഒരുമിച്ചു കൂടാൻ ചൊല്ലിയയച്ചു. ചിതറിപ്പോയ ഒരു സൈന്യം പിന്നെയും ഒരുമിച്ചു കൂടാൻ തുടങ്ങി. ആ കുന്നിന്റെ അടിവാരത്തിലേക്കു അവർ തിരുമേനിയെ എടുത്തുകൊണ്ടുപോയി. ഈ ശേഷിച്ച മുസ്‌ലിം വിഭാഗത്തെ കണ്ടിട്ടു ശത്രുസേനാനിയായ അബൂസുഫിയാൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു:

ഞങ്ങൾ മുഹമ്മദിനെ കൊന്നിരിക്കുന്നു!

അഹങ്കാരപ്രമത്തത അലതല്ലിയ ആ വിജയാട്ടഹാസം നബി(സ)തിരുമേനി കേൾക്കാതിരുന്നില്ല. പരിക്ഷീണിതവും വിഗതവീര്യവുമായ മുസ്‌ലിം സേനാവിഭാഗത്തെ വീണ്ടും ആക്രമിക്കുമെന്നു കരുതി അവർക്കുത്തരം നൽകരുതെന്നു തിരുമേനി താക്കീതു ചെയ്തു. മറുപടിയില്ലെന്നു കണ്ടപ്പോൾ മുഹമ്മദ്(സ) മരിച്ചതു തന്നെയെന്നു അബൂസുഫിയാൻ തീർച്ചയാക്കി. ഉന്മത്തരൂക്ഷമായ വിജയത്തിമർപ്പോടെ പിന്നെയും ശത്രുസേനാനി ജയാരവം ഉയർത്തി:

"ഞങ്ങൾ അബൂബക്കറിനെയും കൊന്നിരിക്കുന്നു!"

മറുപടി നൽകരുതെന്നു നബി(സ)തിരുമേനി അബൂബക്കറിന്റെ നേരെയും തർജ്ജനി ഉയർത്തി. അബൂസുഫിയാൻ മൂന്നാമതും വിളിച്ചു പറഞ്ഞു:

"ഞങ്ങൾ ഉമറിനെയും കൊന്നിരിക്കുന്നു!"

മറുപടി നൽകരുതെന്നു നബി(സ)തിരുമേനി ഹദ്റത്ത് ഉമറിനെയും വിരോധിച്ചു. മൂന്നു മഹാരഥന്മാരെയും തങ്ങൾ വധിച്ചു കഴിഞ്ഞെന്നു ശത്രുസേനാനി അത്യുച്ചത്തിൽ പ്രഖ്യാപിച്ചു. ഹദ്റത്ത് ഉമറിനു അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം മറുപടി നൽകി, "ഞങ്ങളെല്ലാം ദൈവേച്ഛയാ ജീവിച്ചിരിക്കുന്നു! നിങ്ങളോടു പൊരുതാൻ ഇതാ തയ്യാറാണ്!"

അബൂസുഫിയാൻ മക്കക്കാരുടെ ദേശീയ ജയഭേരി മുഴക്കി: ഉഅ്ലു ഹുബൽ! ഉഅ്ലു ഹുബൽ!! (ഹുബൽ കീ ജേ! ഹുബൽ കീ ജേ!!)

എന്തെന്നാൽ, ഹുബൽ ഇസ്‌ലാമിനു അറുതി വരുത്തിയിരിക്കുന്നു!!! (മക്കക്കാരുടെ ദേശീയ ദേവതയാണ് ഹുബൽ)

ഏകനായ, ഏകമാത്രനായ സത്യദൈവത്തിനെതിരിൽ, പൊയ് ദൈവത്തിനു മുഴക്കപ്പെട്ട ആ ജയഭേരി കേട്ടു സഹിക്കാൻ നബി തിരുമേനിക്കു കഴിഞ്ഞില്ല. താനും മുസ്‌ലിമീംകളെല്ലാം തന്നെയും ആ ഏകനായ സത്യദൈവത്തിനു വേണ്ടി എല്ലാം എല്ലാം ത്യജിക്കുവാൻ തയ്യാറല്ലേ? താൻ മരിച്ചു പോയെന്ന ശത്രുവിന്റെ പ്രഖ്യാപനത്തെ തിരുത്താൻ നബി(സ) ബദ്ധപ്പെട്ടില്ല. അബൂബക്കറിന്റെയും ഉമറിന്റെയും മരണത്തെക്കുറിച്ചുള്ള തെറ്റുധാരണ നീക്കാനും തയ്യാറായില്ല. അതിനെല്ലാം തന്ത്രപരമായ കാരണങ്ങളുണ്ടായിരുന്നു! തുലോം ശോഷിച്ച ഒരു സൈന്യവിഭാഗമേ ശേഷിച്ചിരിക്കുന്നുള്ളു താനും; ശത്രുസേനയാണെങ്കിൽ വമ്പിച്ചതും സർവായുധസജ്ജീകൃതവും. ഏതു നിസ്സാര പ്രകോപനവും അപകടപൂർണ്ണമാണ്.എന്നാലും, ശത്രു ഇപ്പോൾ ദൈവത്തെയാണ് അവഹേളിച്ചിരിക്കുന്നത്. അത്തരം അവഹേളനങ്ങളെ പൊറുക്കാൻ അല്ലാഹുവിന്റെ പ്രവാചകനു ഒരിക്കലും സാധ്യമല്ല. ആ ദിവ്യപുരുഷന്റെ ആത്മവീര്യം ഉജ്ജ്വലിതമായി. അദ്ദേഹം ധർമരോഷത്തോടെ ചുറ്റുമുള്ള ഭക്തജനത്തെ നോക്കി! "എന്തേ മിണ്ടാതിരിക്കുന്നു? മറുപടി നൽകാത്തതെന്തേ? ഏകനായ സത്യദൈവത്തെ അവിശ്വാസികൾ അവഹേളിച്ചിരിക്കുന്നതു കേട്ടില്ലേ?"

എന്തു മറുപടിയാണ് അല്ലാഹുവിന്റെ റസൂലേ ഞങ്ങൾ നൽകേണ്ടത്? അവർ ചോദിച്ചു. "അല്ലാഹു അഅ്‌ലാ വ അജല്ല, അല്ലാഹു അഅ്‌ലാ വ അജല്ല" (അല്ലാഹു അത്രെ ഏറ്റവും ഉന്നതൻ, അവനത്രെ മഹനീയൻ; അല്ലാഹു അത്രെ ഏറ്റവും ഉന്നതൻ, അവനത്രെ മഹനീയൻ) എന്നു വിളിച്ചു പറയാൻ നബി കൽപിച്ചു.

ആ വീറുറ്റ സങ്കര ശബ്ദം അന്തരീക്ഷത്തിൽ മേഘനിർഘോഷങ്ങളുണ്ടാക്കി. അതിന്റെ അനുസ്വാനങ്ങൾ ശത്രുഹൃത്തടങ്ങളിൽ കിടിലങ്ങൾ സൃഷ്ടിച്ചു. അതു അവരെ കബളിപ്പിക്കുക തന്നെ ചെയ്തു. മുഹമ്മദ്(സ) ജീവിച്ചിരിക്കയാണെന്നോർത്തപ്പോൾ അവരുടെ മുഖം ചുളുങ്ങിപ്പോയി! അവരുടെ മുമ്പിലിതാ ഒരു കൈപ്പിടി മുസ്‌ലിമീംകൾ. പരിക്കേറ്റ് അർധപ്രാണരായ തളർന്നു തകർന്ന ഒരു പറ്റം പടയാളികൾ. അവരെ ശരിപ്പെടുത്തുക ശത്രുക്കൾക്ക് തുലോം നിസ്സാരമായ ഒരു കാര്യമായിരുന്നു. പക്ഷേ, ഒരിക്കൽകൂടി മുന്നേറുവാൻ അവർക്ക് ധൈര്യമുണ്ടായില്ല! ആ മുസ്‌ലിം സൈന്യത്തെ ആക്രമിക്കാനൊരുങ്ങാതെ അത്രയും കൊണ്ടുള്ള ഒരു വിജയത്തിൽ തൃപ്തിപ്പെട്ടു ജയഭേരിയടിച്ചു അവർ മടങ്ങിപ്പോയി!

ഉഹുദ് യുദ്ധത്തിൽ മുസ്‌ലിമീംകളുടെ വിജയം അപജയമായി മാറി. എങ്കിലും, തിരുനബിയുടെ സത്യത ആ യുദ്ധം ഒരിക്കൽകൂടി തെളിയിച്ചു. എന്തെന്നാൽ, യുദ്ധത്തിനു പുറപ്പെടുന്നതിനു മുമ്പേ നബി(സ)തിരുമേനി ചെയ്തിട്ടുള്ള പ്രവചനങ്ങളെല്ലാം ഈ യുദ്ധത്തിൽ പൂർത്തിയായി. ആദ്യത്തിൽ മുസ്‌ലിംകൾക്കാണ് വിജയം ലഭിച്ചിരുന്നത്. തിരുനബിയുടെ പ്രിയപ്പെട്ട പിതൃവ്യൻ ഹംസ(റ) പൊരുതി മരിച്ചു. ശത്രുപടത്തലവൻ യുദ്ധാരംഭത്തിൽ തന്നെ വധിക്കപ്പെട്ടിട്ടുണ്ടായിരുന്നു. തിരുനബിക്കു തന്നെയും പരിക്ക് പറ്റി. അനേകം മുസ്‌ലിമീംകൾ കൊല്ലപ്പെടുകയുണ്ടായി. തിരുനബി(സ) ദർശനത്തിൽ കണ്ടതിൻ പ്രകാരം പ്രവചിച്ചതിനൊത്തു എല്ലാം പുലർന്നു!

ഈ യുദ്ധത്തിൽ മുൻകൂട്ടി ചെയ്ത ദീർഘദർശനങ്ങൾ പുലർന്നുവെന്നു മാത്രമല്ല, മുസ്‌ലിമീംകളുടെ ആത്മാർഥതയും ഭക്തിയും തെളിയിക്കുന്ന അനേകം സംഭവങ്ങളും ഉണ്ടായി. ചരിത്രത്തിൽ തുല്യത കാണാനില്ലാത്ത തരത്തിലുള്ളതായിരുന്നു മുസ്‌ലിമീംകളുടെ ആ മാതൃകാപരമായ പെരുമാറ്റം. ചില ഉദാഹരണങ്ങൾ വിവരിക്കാം. തിരുസഹാക്കൾ പ്രദർശിപ്പിച്ച വിശ്വാസ സ്ഥൈര്യവും ഭക്തിപ്രശ്രയവും അതു ലോകത്തിനു കാണിച്ചു കൊടുക്കുന്നു. നബി(സ)തിരുമേനി ആ മലയുടെ അടിയോരത്തിൽ ഏതാനും മുസ്‌ലിമീംകളുമൊത്ത് വിശ്രമിക്കുകയായിരുന്നപ്പോൾ രണാങ്കണത്തിൽ പരിക്കേറ്റു കിടക്കുകയായിരുന്ന ഭടന്മാരെ ശുശ്രൂഷിക്കാനായി അദ്ദേഹം ചില സ്വഹാബിമാരെ നിയോഗിച്ചയച്ചു. ഒരു സ്വഹാബി കുറേ തിരഞ്ഞപ്പോൾ മദീനയിലെ ഒരു മുസ്‌ലിം പരിക്കേറ്റു കിടക്കുന്നതു കണ്ടെത്തി. അദ്ദേഹം ആസന്നമരണനായിരുന്നു. സ്വഹാബി കുനിഞ്ഞു ആ മുസ്‌ലിം ഭടനു സലാം ചെയ്തു. വേപഥു പൂണ്ട കൈകൾ ഉയർത്തി പ്രസ്തുത ഭടൻ ആഗന്തുകന്റെ കരംഗ്രഹിച്ചു.

"ആരാകിലും എന്റെ സമീപത്തു എത്തിപ്പെടട്ടെ എന്നു ഞാനാശിച്ചു കൊണ്ടിരിക്കയായിരുന്നു." ഇടറുന്ന സ്വരത്തിൽ ആ പടയാളി പറഞ്ഞു. "ഗുരുതരമാണല്ലോ താങ്കളുടെ സ്ഥിതി! ബന്ധുക്കളെ എന്തെങ്കിലും അറിയിക്കാനുണ്ടോ?" ആഗതൻ അന്വേഷിച്ചു."അതെ ഉണ്ട്! എന്റെ ബന്ധുക്കൾക്കെല്ലാം സലാം പറയണം. വിലയേറിയ ഒരു 'അമാനത്ത്' (സൂക്ഷിപ്പു മുതൽ) തങ്ങളെ ഏൽപ്പിച്ചു കൊണ്ടാണ് ഞാനിവിടെ മരിക്കുന്നതെന്നു അവരോടു പറയണം. ആ അമാനത്ത് മുതൽ അല്ലാഹുവിന്റെ പ്രവാചകനല്ലാതെ മറ്റൊന്നുമല്ല! എന്റെ ബന്ധുക്കൾ ആ അനർഘനിധിയെ കാത്തു രക്ഷിയ്ക്കുമെന്നു എനിയ്ക്ക് വിശ്വാസമുണ്ട്. എന്റെ ഈ അന്തിമാഭിലാഷം അവരെ അറിയിച്ചേക്കൂ!"

മരിക്കുവാൻ പോകുന്നവർക്കെല്ലാം തങ്ങളുടെ ബന്ധുക്കളോടെന്തെങ്കിലും പറയാനുണ്ടാകും. എന്നാൽ, ഈ പൂർവ മുസ്‌ലിമീംകൾ അന്ത്യശ്വാസം വെടിയുമ്പോഴും ഓർത്തുകൊണ്ടിരുന്നത് തങ്ങളുടെ ബന്ധുക്കളെ കുറിച്ചല്ല, മക്കളെക്കുറിച്ചല്ല, ഭാര്യമാരെകുറിച്ചല്ല, തങ്ങളുടെ സ്വത്തിനെയും സമ്പത്തിനെയും കുറിച്ചുമല്ല. പിന്നെയോ, പൊന്നുതിരുമേനിയെ കുറിച്ചായിരുന്നു. നബി(സ)തിരുമേനി മനുഷ്യവർഗത്തിന്റെ പരിത്രാതാവുതന്നെയെന്ന ദൃഢവിശ്വാസത്തോടെയാണ് അവർ മരണത്തെ ആശ്ലേഷിച്ചതു! അവരുടെ സന്താനങ്ങൾ, അവർ തിരുനബിയെ അതിജീവിച്ചിരുന്നുവെങ്കിൽ തന്നെ ഒന്നും നേടിയിട്ടുണ്ടാകുമായിരുന്നില്ല. അഥവാ, തിരുനബിയുടെ രക്ഷയ്ക്കായി പൊരുതി മരിക്കുകയാണുണ്ടായതെങ്കിൽ, അവർ ദൈവത്തെയും മനുഷ്യരെയും സേവിച്ചു എന്നു പറയാം. തങ്ങളുടെ കുടുംബാദികളെ ബലിയർപ്പിക്കുക മൂലം മനുഷ്യവർഗത്തെയും ദൈവത്തെയും തങ്ങൾ സേവിക്കുകയാണെന്നു ആ സഖാക്കൾ ദൃഢമായി വിശ്വസിച്ചിരുന്നു. മരണത്തെ മാടിവിളിച്ചു കൊണ്ടു അവർ മനുഷ്യ വർഗത്തിനൊട്ടുക്കുമായുള്ള ജീവിതത്തെ നിത്യരക്ഷയിലാക്കുകയാണ് ചെയ്തതു.

പരുക്കേറ്റവരെയും മരണപ്പെട്ടവരെയുമെല്ലാം ഒരുമിച്ചു കൂട്ടുവാൻ നബി(സ)തിരുമേനി കൽപിച്ചു. പരുക്കേറ്റവർക്കു പ്രഥമശുശ്രൂഷകൾ നൽകുകയും കൊല്ലപ്പെട്ടവരെ മറമാടുകയും ചെയ്തു. മുസ്‌ലിമീംകളുടെ നേരെ ഏറ്റവും കിരാതമായിട്ടാണ് പെരുമാറിയിരുന്നതെന്നു നബി(സ)തിരുമേനി അപ്പോൾ അറിയുമാറായി. അവർ മൃതദേഹങ്ങളെ അംഗഭംഗപ്പെടുത്തുകയും ചിലരുടെ മൂക്കും ചിലരുടെ കാതും അരിഞ്ഞു കളയുകയും ചെയ്തിരുന്നു. അങ്ങനെ വികൃതമാക്കപ്പെട്ട മൃതദേഹങ്ങളിലൊന്ന് തിരുനബിയുടെ പിതൃവ്യനായ ഹദ്റത്ത് ഹംസ(റ)യുടേതായിരുന്നു. അതു കണ്ടപ്പോൾ തിരുനബി(സ) വികാരവിജൃംഭിതനായിക്കൊണ്ടു ഇപ്രകാരം പറഞ്ഞു: "അവിശ്വാസികളുടെ ചെയ്തികൾ, നാമിതുവരെ അന്യായമെന്നു കരുതിപ്പോന്നിട്ടുള്ളതിനെയെല്ലാം ന്യായീകരിച്ചിരിക്കുന്നു." അദ്ദേഹമിതു പറഞ്ഞു കഴിഞ്ഞപ്പോൾ തന്നെ അവിശ്വാസികളെ അവരുടെ ഹിതത്തിനു വിടുവാനും അവരോടു അനുകമ്പ കാണിക്കുന്നതു തുടരുവാനും ദൈവകല്പനയുണ്ടായി.

## ഉഹുദ് യുദ്ധത്തിൽനിന്ന് തിരിച്ചുവരവും മദീനക്കാരുടെ ഉൾക്കടമായ വികാരങ്ങളും

ഉഹുദിൽ നബി(സ)തിരുമേനി ചരമമടഞ്ഞുവെന്നും മുസ്‌ലിം സൈന്യം ചിന്നിച്ചിതറിപ്പോയെന്നുമുള്ള ഒരപശ്രുതി സൈന്യത്തിലെ അവശേഷിച്ച വിഭാഗങ്ങൾ മദീനയിൽ തിരിച്ചെത്തുന്നതിനു മുമ്പേ തന്നെ അവിടെ പരന്നു കഴിഞ്ഞിരുന്നു. മദീനയിലെ സ്ത്രീക

ളും കുട്ടികളുമെല്ലാം ഈ വാർത്തകേട്ടു പരിഭ്രാന്തരായി ഉഹുദിലേയ്ക്ക് നീങ്ങിത്തുടങ്ങി. അവരിൽ പലരും മടങ്ങുന്ന ഭടന്മാരെ വഴിക്കൽ കണ്ടു മുട്ടി യാഥാർഥ്യം മനസ്സിലാക്കിയതോടെ മദീനയിലേക്കു തന്നെ തിരിച്ചുപോയി. ബനൂദീനാർ ഗോത്രത്തിൽപെട്ട ഒരു സ്ത്രീരത്നം ഉഹുദിലോളം കിതച്ചെത്തി. യുദ്ധത്തിൽ ആ സ്ത്രീയുടെ ഭർത്താവും പിതാവും സഹോദരനും കൊല്ലപ്പെട്ടു പോയിരുന്നു. ചില നിവേദനങ്ങൾ പ്രകാരം അവരുടെ ഒരു പുത്രനും കൊല്ലപ്പെട്ടിരുന്നു. തിരിച്ചു പോരുകയായിരുന്ന ഒരു ഭടൻ അവരെ കണ്ടപ്പോൾ അവരുടെ പിതാവ് മരണപ്പെട്ട വിവരം അറിയിക്കുകയുണ്ടായി. "എന്റെ പിതാവിന്റെ കാര്യമല്ല അറിയേണ്ടത്, നബിതിരുമേനിയ്ക്ക് എങ്ങനെ?" ആ സ്ത്രീ തിരക്കി. തിരുനബി(സ) ജീവിച്ചിരിക്കുന്നുണ്ടെന്നതിൽ ആശ്വാസം കൊണ്ടിരുന്ന ആ ഭടൻ ചോദ്യത്തിനു ഉടനുത്തരം നൽകാതെ അവരുടെ ഭർത്താവും സഹോദരനുംകൂടി കൊല്ലപ്പെട്ടിരിക്കുകയാണെന്നറിയിച്ചു. എന്നാൽ, ഓരോ വിവരം പറയുമ്പോഴും ആ മഹിളാമണി ഒരു ഭാവപ്പകർച്ചയും കാണിക്കാതെ വീണ്ടും വീണ്ടും *മാ ഫഅല റസൂലുല്ലാഹി സ്വല്ലല്ലാഹു അലയ്ഹിവസല്ലം* 'അല്ലാഹുവിന്റെ പ്രവാചകൻ എന്തേ ചെയ്തത്?' എന്നിങ്ങനെ ചോദിച്ചു കൊണ്ടിരുന്നു! അതൊരു വല്ലാത്ത ഭാവപ്രകടനമായിരുന്നു! എങ്കിലും ഒരു സ്ത്രീയാണിങ്ങനെ ചോദിച്ചതെന്നതു ആശ്ചര്യം തന്നെ. ആ സ്ത്രീയുടെ വികാരവായ്പ്, മനസ്സിലാക്കാവുന്നതേയുള്ളൂ. മരിച്ചു പോയവരെ, അവർ കേൾക്കുന്നു എന്ന ഭാവത്തിൽ പലപ്പോഴും സ്ത്രീകൾ വിളിച്ചു കേഴാറുണ്ട്, ഉറ്റവരാരാനുമാണെങ്കിൽ, അവരുടെ പേർ ചൊല്ലി വിളിച്ചു തങ്ങളെ ഉപേക്ഷിച്ചു പോയ്ക്കളഞ്ഞതെന്തേ എന്നും തങ്ങളെ അനാഥരാക്കിയിട്ടു പോകയാണോ എന്നും മറ്റും പറഞ്ഞു വിലപിക്കും. ഏറ്റവും പ്രിയപ്പെട്ടവരെ ചൊല്ലി പെണ്ണുങ്ങൾ ഇങ്ങനെ വിലപിക്കുന്നതു സ്വഭാവികമാണ്. അതിനാൽ, തിരുനബിയുടെ വിയോഗത്തിൽ അനുശോചിച്ചു ഈ മഹിളാമണി ആ രീതിയിൽ ചോദിച്ചതിൽ അസംഗതമായിട്ടൊന്നും തന്നെ ഇല്ല. ഈ വനിതാരത്നം തിരുനബിയെ അങ്ങേയറ്റം പ്രിയപ്പെട്ടിരുന്നു. അതിനാൽ തിരുമേനി ചരമം പ്രാപിച്ചു എന്നു കേട്ടിട്ടും അതു വിശ്വസിക്കാൻ കൂട്ടാക്കിയില്ല; അതേ അവസരത്തിൽ തന്നെ ആ വാർത്തയെ കളവാക്കിത്തള്ളാതെ ഒരു സ്ത്രീയുടെ സ്വഭാവികമായ വികാരവായ്പോടെ 'അല്ലാഹുവിന്റെ പ്രവാചകൻ എന്തേ ചെയ്തത്?' എന്നിങ്ങനെ ചോദിച്ചു കൊണ്ടിരുന്നു. നബി(സ)തിരുമേനി ജീവിച്ചിരിക്കുന്നുണ്ടെന്ന ഭാവത്തിൽ, അവിടത്തെപോലെ കൂറുള്ളൊരു നേതാവ് അങ്ങനെ തങ്ങളെ വേർപെട്ടു പോയ്ക്കളഞ്ഞല്ലോ എന്നു ആവലാതിപ്പെടുകയായിരുന്നു അവർ!

ഈ സ്ത്രീ തന്റെ പിതാവിന്റെയും സഹോദരന്റെയും ഭർത്താവിന്റെപോലും നിര്യാണത്തെ ഗണ്യമാക്കുന്നില്ലെന്നറിഞ്ഞപ്പോൾ തിരുനബി(സ)യോടു അവർക്കുള്ള അവാച്യമായ സ്നേഹത്തിന്റെ ആഴം കണ്ടറിഞ്ഞ ആ യോദ്ധാവ് അവരെ സമാശ്വസിപ്പിച്ചു കൊണ്ട് പറഞ്ഞു: "തിരുമേനിയോ, തിരുനബി(സ) ജീവിച്ചിരിക്കുന്നുണ്ടല്ലോ!" നബി തിരുമേനിയെ കാണിച്ചുകൊടുക്കണമെന്നായി അപ്പോൾ ആ സ്ത്രീയുടെ പ്രാർഥന. പടക്കളത്തിന്റെ ഒരു ഭാഗത്തേക്ക് വിരൽ ചൂണ്ടിക്കൊണ്ടു ആ ഭടൻ പറഞ്ഞു! "അതാ അവിടെ നബി(സ)തിരുമേനി വിശ്രമിക്കുകയാണ്!" ആ മഹിളാമണി ആ ഭാഗത്തേക്ക് കുതിച്ചു. തിരുമേനിയെ സമീപിച്ചു അവിടത്തെ വസ്ത്രതുഞ്ചം കൈയിലെടുത്തു ചുംബിച്ചുകൊണ്ടു പറഞ്ഞു: "എന്റെ ബാപ്പയും എന്റെ ഉമ്മയും അങ്ങേയ്ക്ക് ബലിയായിരിക്കട്ടെ! അല്ലാഹുവിന്റെ റസൂലേ, അങ്ങു ജീവിച്ചിരിക്കുന്നു എങ്കിൽ ആരോ മരിച്ചോട്ടെ, എനിക്കെന്ത്?"

മുസ്‌ലിമീംകൾ–പുരുഷൻമാരും സ്ത്രീകളും ഒരുപോലെ– ഈ ഉഹുദ് യുദ്ധത്തിൽ കാണിച്ച സ്ഥൈര്യവും കൂറും എത്തരത്തിലുള്ളതായിരുന്നുവെന്നു നമുക്കിതിൽനിന്നു മനസ്സിലാക്കാം. ക്രിസ്തീയ ചരിത്രകാരന്മാർ മഗ്ദലനമറിയത്തിന്റെയും കൂട്ടുകാരുടെയും കഥ അഭിമാനപൂർവം വിവരിക്കുകയും അവരുടെ ഭക്തിയെയും ധൈര്യത്തെയും കുറിച്ച് എടുത്തു പറയുകയും ചെയ്യാറുണ്ട്. വെളുപ്പിന് മുമ്പേ ജൂതൻമാരുടെ കണ്ണു വെട്ടിച്ച് അവർ യേശുവിന്റെ ഖബ്റന്നിരികെ കുതിച്ചെത്തിയതായി പറയുന്നു. എന്നാൽ, ബനൂദീനാർ ഗോത്രത്തിലെ ഈ മഹിളാമണിയുടെ ഭക്തി പ്രശ്രയത്തിനും സ്നേഹപാരവശ്യത്തിനും മുമ്പിൽ അതിനെന്ത് താരതമ്യം?

ചരിത്രത്തിൽ മറ്റൊരു സംഭവം കൂടി രേഖപ്പെട്ടു കിടക്കുന്നുണ്ട്. യുദ്ധത്തിൽ മരിച്ചു വീണവരെയെല്ലാം സംസ്കരിച്ചശേഷം നബി(സ)തിരുമേനി മദീനയിലേക്ക് മടങ്ങുമ്പോൾ അദ്ദേഹത്തെ സ്വീകരിക്കാനായി മദീനയിൽനിന്നു പുറപ്പെട്ടു വരികയായിരുന്ന സ്ത്രീകളെയും കുട്ടികളെയും അദ്ദേഹം കണ്ടു. തിരുനബിയുടെ ഒട്ടകത്തിന്റെ മൂക്കുകയർ പിടിച്ചിരുന്നത് മദീനാ നേതാവായിരുന്ന സഅദ് ബിൻ മുആദ് (റ) ആയിരുന്നു. സഅദ് വലിയ ജയഘോഷത്തോടെ ഒട്ടകത്തെ നയിച്ചു വരികയായിരുന്നു. തിരുനബിയെ സുഖത്തോടും ആരോഗ്യത്തോടും കൂടി മദീനയിലേക്ക് തിരിച്ചുകൂട്ടി കൊണ്ടു വരാൻ തങ്ങൾക്ക് സാധിച്ചു എന്നു ലോകം മുഴുവനും വിളിച്ചു പറയാനുള്ള വീര്യം അദ്ദേഹത്തിന്റെ മുഖത്ത് കാണാമായിരുന്നു. സഅദ് മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നപ്പോൾ തന്റെ മാതാവും കൂട്ടത്തിൽ തങ്ങളെ സ്വീകരിക്കാൻ വരുന്നതായി കണ്ടു. ആ വൃദ്ധയ്ക്ക് നല്ലവണ്ണം കണ്ണു കാണുന്നുണ്ടായിരുന്നില്ല. സഅദ് തന്റെ മാതാവിനെ തിരിച്ചറിഞ്ഞു. ഉടൻ നബിയുടെ നേരെ തിരിഞ്ഞുകൊണ്ടദ്ദേഹം പറഞ്ഞു; യാ റസൂലുല്ലാഹ് ഉമ്മീ 'അല്ലാഹുവിന്റെ റസൂലേ, എന്റെ ഉമ്മയാണിത്!' 'വന്നാലും, വന്നാലും!' നബി അവരെ അടുത്തേയ്ക്ക് ക്ഷണിച്ചു.വൃദ്ധ മെല്ലെ മെല്ലെ മുമ്പോട്ടു നീങ്ങി നബിയുടെ മുഖാരവിന്ദം ചുഴിഞ്ഞു നോക്കി. പ്രഭാമയമായ വദനബിംബം കണ്ടപ്പോൾ അവർ, സന്തുഷ്ടയായി. അവരെ നോക്കി തിരുമേനി പറഞ്ഞു: "ഉമ്മ, നിങ്ങളുടെ മകൻ മരണപ്പെട്ടു പോയതിൽ എനിയ്ക്ക് അതിയായ ദുഃഖമുണ്ട്!" "പക്ഷേ, അങ്ങയെ ജീവനോടുകൂടി കണ്ടതോടെ ഞാനെന്റെ സകലസങ്കടങ്ങളും വിഴുങ്ങിക്കളഞ്ഞു." ആ വൃദ്ധസ്ത്രീ മറുപടി നൽകി. അറബിശൈലിയിൽ "ഞാൻ എന്റെ നിർഭാഗ്യങ്ങളെല്ലാം വറുത്തു തിന്നു" എന്നാണവർ പറഞ്ഞത്. ഇതു സൂചിപ്പിക്കുന്ന വികാരത്തിന്റെ ആഴം ആലോചിച്ചു നോക്കൂ. സാധാരണ ദുഃഖം ആളുകളെ കാർന്നു തിന്നുകളയാറാണ്, ഇവിടെയിതാ ഒരു വൃദ്ധ! അവരുടെ മകൻ മരണപ്പെട്ടു, വാർധക്യത്തിൽ തന്റെ ഊന്നുവടിയാണാ മകൻ. എന്നിട്ടും അവർ പറയുന്നു, ആ ദുഃഖം തന്നെ കാർന്നു തിന്നുന്നതിനു പകരം താനാ ദുഃഖത്തെ വിഴുങ്ങിക്കളഞ്ഞുവെന്നു! തന്റെ മകൻ തിരുനബി(സ)യ്ക്ക് വേണ്ടിയാണ് ജീവൻ ബലിയർപ്പിച്ചതെന്ന വസ്തുത തുടർന്നുള്ള കാലമത്രെയും ആ വൃദ്ധയ്ക്ക് ജീവൻ നൽകുന്ന ഓർമയായിരുന്നു. അൻസ്വാറേ! എന്റെ ജീവൻ നിങ്ങൾക്കു തെണ്ടമാണ്! നിങ്ങൾ എത്ര പുണ്യമാണ് കൊണ്ടുപോയത്!

**(മർഹൂം എൻ.എ)**

# അധ്യാപനങ്ങൾ

1. "വിഭാഗ്യതയിലേക്കു ക്ഷണിക്കുന്നവൻ നമ്മിൽപ്പെട്ടവനല്ല. അതിനുവേണ്ടി യുദ്ധം ചെയ്യുന്നവനും അതിൽ മരണം വരിക്കുന്നവനും നമ്മുടെ മാർഗം പു ൽകിയവനുമല്ല."(അബൂദാവൂദ്)

2. "ഒരിക്കൽ തബൂക്കിൽവച്ച് ഒരു അൻസ്വാരിയുമായി വഴക്കു കൂടിയ മുഹാജിർ അയാളെ അടിച്ചു. ഇരു വിഭാഗവും ആളെക്കൂട്ടി. ഇതറിഞ്ഞ നബി(സ)പറഞ്ഞു:'തീർച്ചയായും ഇത് ദുർഗന്ധം വമിക്കുന്ന ജാഹിലിയ്യാ കാലഘട്ടത്തിലെ ദുഷിച്ച സംസ്കാരമാണ്. അതിനാൽ നിങ്ങളിതു വെടിയുക."(ബുഖാരി,മുസ്‌ലിം)

1. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്(റ)ൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: 'ആരുടെ കൈയിൽനി ന്നും നാവിൽനിന്നും മുസ്‌ലിംകൾ സുരക്ഷിതരായിരിക്കുന്നുണ്ടോ അവനാണ് യഥാർഥ മുസ്‌ലിം.' (ബുഖാരി ).

3. "ആരിൽനിന്നും സകല മനുഷ്യരും സമാധാനത്തിലായിരിക്കുന്നുണ്ടോ അവനാ ണ് മുഅ്മിൻ അഥവാ വിശ്വാസി" (അഹ്മദ്).

4. "ഒരിക്കൽ ഖുറയ്ശികളോടു പറഞ്ഞു, നിങ്ങൾ നിങ്ങളുടെ ശരീരം നരകത്തിൽനിന്ന് രക്ഷിക്കുവിൻ. നിങ്ങൾക്കായി അല്ലാഹുവിന്റെ അടുക്കൽ എന്തെങ്കിലും നേടിത്തരാൻ എനിക്കു സാധ്യമല്ല. എന്നാൽ, നിങ്ങളുമായുള്ള കുടുംബ ബന്ധം ഞാൻ നനച്ചു വളർത്തുക തന്നെ ചെയ്യും." (മുസ്‌ലിം)

## ഹദീസുന്നബ്‌വി(സ)

**"ഞാനെന്റെ ദാസനോട് പെരുമാറുന്നത് എന്നോടുള്ള അവന്റെ വിശ്വാസവും പ്രതീക്ഷയും അനുസരിച്ചാണ്. അതുകൊണ്ട് അവനെന്നെപ്പറ്റി അവനുദ്ദേശിച്ചവിധം പ്രതീക്ഷിച്ചുകൊള്ളട്ടെ." (ബുഖാരി)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin ,**
**Ameer Ahmadiyya Jama-ath Kannur Town, Kerala.**

## ഹദീസുന്നബ്‌വി(സ)

**"വിശുദ്ധ ഖുർആൻ പഠിക്കുകയും മറ്റുള്ളവർക്ക് പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നവനാരോ അവനാണ് നിങ്ങളിൽവെച്ച് ഏറ്റവും ഉത്തമൻ"(ബുഖാരി)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

2018 ജൽസാ സാലാനാ ഖാദിയാൻ പ്രഭാഷണം

# നബിﷺ തിരുമേനിയുടെ ജീവചരിത്രം (മാനവികതയോടുള്ള ആദരവ്)

(മുഹമ്മദ് ഇനാം ഗോറി, നാളിർ അഅ്ലാ സദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ)

അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു:

وَلَقَدْ كَرَّمْنَا بَنِيٓ ءَادَمَ وَحَمَلْنَٰهُمْ فِى ٱلْبَرِّ
وَٱلْبَحْرِ وَرَزَقْنَٰهُم مِّنَ ٱلطَّيِّبَٰتِ وَفَضَّلْنَٰهُمْ
عَلَىٰ كَثِيرٍ مِّمَّنْ خَلَقْنَا تَفْضِيلًا

തീർച്ചയായും ആദം സന്തതികളെ നാം ബഹുമാനിച്ചിരിക്കുന്നു. കരയിലും കടലിലും നാം അവരെ വാഹനത്തിൽ കയറ്റുകയും നല്ല വിഭവങ്ങളിൽനിന്ന് അവർക്ക് ആഹാരം നല്കുകയും നാം സൃഷ്ടിച്ച നിരവധി സൃഷ്ടികളേക്കാൾ അവരെ ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു. (17:71)

വിശുദ്ധഖുർആന്റെ പ്രസ്തുത ആയത്തിനു ശേഷം അതേ വിഷയത്തിൽ ഒരു ഖുദ്സിയായ ഹദീഥുണ്ട്. അതിൽ നബി(സ)തിരുമേനി പറയുന്നു:

''اَرَدْتُ اَنْ اُعْرَفَ فَخَلَقْتُ اٰدَمَ''

(മുസീലുൽ ഖിഫാഇ, വൽഅൽബാസി, വാല്യം 2, പേജ് 132, ഗ്രന്ഥകർത്താവ് ഇസ്മായീൽ മുഹമ്മദ് അൽഅജ്‌ലാനീ)

അതായത് അല്ലാഹു പറയുന്നു: ഞാൻ തിരിച്ചറിയപ്പെടണമെന്ന് ആഗ്രഹിച്ചു. ആ ഉദ്ദേശ്യ സാഫല്യത്തിന് ഞാൻ ആദമിനെ സൃഷ്ടിച്ചു.

മറ്റൊരു ഹദീഥിൽ നബി(സ)തിരുമേനി പറയുന്നു: അല്ലാഹു പറയുന്നു.

''خَلَقَ اللّٰهُ اٰدَمَ عَلٰى صُوْرَتِهٖ''

(ബുഖാരി, കിതാബുൽ ഇസ്തൻദാൻ, ബാബു ബദ്ഉൽഅദാൻ)

അതായത് അല്ലാഹു ആദമിനെ തന്റെ ആകൃതിയിലും രൂപത്തിലും സൃഷ്ടിച്ചു. അല്ലാഹുവിന് ഒരു ആകൃതിയും രൂപവും ഇല്ലെന്നുള്ളത് പ്രകടമാണ്. അതിന്റെ ഉദ്ദേശ്യം മനുഷ്യൻ അല്ലാഹുവിന്റെ സത്തയുടേയും സവിശേഷഗുണങ്ങളുടേയും കണ്ണാടിയാണെന്നാണ്. അതേ! നിബന്ധനയെന്താണെന്നാൽ, അവൻ യഥാർഥ അർഥങ്ങളിൽ മനുഷ്യനായിരിക്കണം. ഇനി നോക്കേണ്ടത് മനുഷ്യന്റെ യാഥാർഥ്യമെന്താണെന്നുള്ളതാണ്? അതിന് ഓർമിക്കേണ്ടതാണ്, 'ഇൻസാൻ' ഒരു അറബിപദമാണ്. അതായത് എങ്ങനെയുള്ള അസ്തിത്വമാണെന്നാൽ അവന്റെ ഉള്ളിൽ രണ്ട് സ്നേഹം അതായത് രണ്ടു സ്നേഹം ഉണ്ടായിരിക്കേണ്ടതാണ്. ഒന്ന് അല്ലാഹുവിനോടുള്ള സ്നേഹം രണ്ട് അവന്റെ സൃഷ്ടികളോടുള്ള സ്നേഹം.

അല്ലാഹു എല്ലാ മനുഷ്യരുടേയും പ്രകൃതിയിൽ ഈ രണ്ട് സ്നേഹം നിക്ഷേപിച്ചിരിക്കുന്നു. ചിലരിൽ ആ സ്നേഹങ്ങളുടെ തിളക്കം കൂടുതൽ പ്രകടമാകും, ചിലരിൽ കുറയും. ഇത് വേറെ കാര്യമാണ്. ചിലരിൽ തങ്ങളുടെ ദു ഷ്കർമം കാരണത്താൽ തികച്ചും അത് മങ്ങിപ്പോകുന്നു. ഇക്കാരണത്താൽ അവരും മൃഗങ്ങളും തമ്മിൽ വ്യത്യാസമൊന്നുമുണ്ടാകുകയില്ല.

അല്ലാഹു ആദം സന്തതികളിൽ ഈ രണ്ട് സ്നേഹവും അതിന്റെ പൂർണതയിലെത്തിച്ച് സൃഷ്ടിച്ച ഒരു മനുഷ്യനുമുണ്ടായിരുന്നു. അദ്ദേഹം അല്ലാഹുവിനോടുള്ള സ്നേഹത്തിലും അവനോടുള്ള സാമീപ്യത്തിലും ഉയർന്നുകൊണ്ടേപോയി. അല്ലാഹുവിൽ എങ്ങനെ അലിഞ്ഞുചേർന്നുവെന്നാൽ എതിരാളികളും പറഞ്ഞുതുടങ്ങി, عَشِقَ مُحَمَّدٌ رَبَّهٗ അതായത് മുഹമ്മദ് തന്റെ റബ്ബിൽ അനുരക്തനായിപ്പോയി (സ).

പിന്നീട് സൃഷ്ടികളിലേക്ക് ശ്രദ്ധിച്ചപ്പോൾ എത്രത്തോളം സൃഷ്ടികളോടുള്ള സഹതാപത്തിൽ ലയിച്ചുവെന്നാൽ അർശിൽനിന്ന് رَحْمَةٌ لِّلْعٰلَمِيْنَ എന്നും **റഊഫുൻ വ റഹീമുൻ** എന്നുമുള്ള സ്ഥാനം പ്രദാനം ചെയ്യപ്പെട്ടു.

അല്ലാഹുവിനോടും അല്ലാഹുവിന്റെ സൃഷ്ടികളോടുമുള്ള സ്നേഹത്തിലും സാമീപ്യത്തിലും സഹതാപത്തിലും ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) അങ്ങേയറ്റം ഉന്നതമായ സ്ഥാനം കരസ്ഥമാക്കി. ഇക്കാരണത്താൽ അവിടന്ന് പരിപൂർണ മനുഷ്യൻ എന്നു പറയപ്പെട്ടു.

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) പരിപൂർണമനുഷ്യൻ ആയതിനെ സംബന്ധിച്ച് അങ്ങേയറ്റം കർണാനന്ദകരമായ വാക്കുകളിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരും നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമിയുമായ ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:

"മനുഷ്യരിൽവച്ച് ഏറ്റവും പരിപൂർണനായ മനുഷ്യന് പ്രദാനം ചെയ്യപ്പെട്ട ആ അതിമഹത്തായ പ്രകാശം മലക്കുകളിലോ നക്ഷത്രങ്ങളിലോ ചന്ദ്രനിലോ സൂര്യനിലോ സമുദ്രത്തിലോ നദിയിലോ ഉണ്ടായിരുന്നില്ല. വൈഡൂര്യങ്ങളിലോ മാണിക്യക്കല്ലുകളിലോ രത്നങ്ങളിലോ മുത്തുകളിലോ അത് കണ്ടെത്താവുന്നതായിരുന്നില്ല. ചുരുക്കത്തിൽ ഭൗമികമോ വാനവമോ ആയ ഒരു വസ്തുവിലും അതുണ്ടായിരുന്നില്ല. അത് മനുഷ്യരിൽ മാത്രമേയുള്ളൂ; പരിപൂർണനായ മനുഷ്യനിൽ. എന്നുവച്ചാൽ അതിശ്രേഷ്ഠവും പരിപൂർണവും ഉദാത്തവും സർവോത്തരവും അത്യുൽകൃഷ്ടവും ആയ സ്ഥാനമുടയ വ്യക്തിയിൽ. നബിമാരുടെ നായകരും ആത്മീയമായി ജീവിച്ചിരിക്കുന്നവരുടെയെല്ലാം നേതാവും ആയ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)തിരുമേനിയിൽ മാത്രമാണ് തികവാർന്ന നിലയിൽ അത് വെളിപ്പെട്ടത്." (ആയിനയെ കമാലാത്തെ ഇസ്‌ലാം, റൂഹാനീ ഖസാഇൻ, വാല്യം 5, പേജ് 160–161)

ലോകത്ത് ഏതേതെല്ലാം രംഗത്താണ് ഈ പരിപൂർണമനുഷ്യൻ മാനവികതയുടെ ആദരവ് സ്ഥാപിക്കാൻ ശ്രമിച്ചത്. ഇതിനെ സംബന്ധിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. വബില്ലാഹിത്തൗഫീഖ്

സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)യുടെ നിയോഗത്തിനു മുമ്പേ മാനവികതയ്ക്ക് ഒരു ആദരവുമുണ്ടായിരുന്നില്ല. മനുഷ്യരോടുള്ള കടമകളെപ്പറ്റി ഒരു സങ്കല്പംപോലും ഉണ്ടായിരുന്നില്ല. 'ആരുടേതാണോ വടി അവന്റേതാണ് എരുമ' എന്ന നിയമമായിരുന്നു നടപ്പിലുണ്ടായിരുന്നത്. സ്ത്രീകൾ, അടിമകൾ, അടിമസ്ത്രീകൾ തുടങ്ങിയ അവശവിഭാഗങ്ങൾ സ്വത്തുക്കളുടെ കൂട്ടത്തിൽ ഗണിക്കപ്പെട്ടിരുന്നു. അക്കാലഘട്ടത്തിൽ അറേബ്യാരാജ്യം അവിടെ നില്ക്കട്ടെ, എല്ലാ സംസ്കാര സമ്പന്നരാഷ്ട്രങ്ങളിലും വിജയികളായ ജനതകളുടെ തടവുകാരെ അടിമകളാക്കുന്ന സമ്പ്രദായം സാധാരണമായിരുന്നു. യുദ്ധങ്ങളൊന്നും കൂടാതെതന്നെ ദരിദ്രരും നിരാലംബരുമായ പുരുഷന്മാരേയും സ്ത്രീകളേയും വിറ്റിരുന്നു. അടിമയാക്കുക എന്ന അക്രമപരമായ രീതി നടന്നുവരികയായിരുന്നു.

എന്നാൽ, നബി(സ)തിരുമേനി ഏറ്റവുമാദ്യം അടിമകളെ മോചിപ്പിക്കുന്ന പരമ്പരയാണ് ആരംഭിച്ചത്. അവിടത്തെ പരിശുദ്ധ പത്നി ഹദ്റത്ത് ഖദീജ(റ) വിവാഹത്തിനു ശേഷം തന്റെ ധനവും അടിമയുമെല്ലാം അവിടത്തെ സന്നിധിയിൽ സമർപിച്ചപ്പോൾ അവിടന്ന് എല്ലാ അടിമകളേയും മോചിപ്പിച്ചു. സ്വതന്ത്രനായ ഒരു മനുഷ്യനെ അയാളുടെ ദാരിദ്ര്യവും നിരാശ്രയവും കാരണത്താൽ വിൽക്കുന്നതും അടിമത്വത്തിന്റെ ചങ്ങലകളിൽ തളയ്ക്കുന്നതും ഇസ്‌ലാം ഒരിക്കലും അനുവദിച്ചിരുന്നില്ല. നബി(സ)തിരുമേനി പറഞ്ഞു: "ഒരു സ്വതന്ത്രനായ മനുഷ്യനെ വില്ക്കുന്നവന്റെമേൽ സ്വർഗത്തിലെ കാറ്റുപോലും സ്പർശിക്കുകയില്ല." (ബുഖാരി, കിതാബുൽ ബയ്അ്)

വിശുദ്ധഖുർആനിലെ മുഹമ്മദ് എന്ന അധ്യായത്തിന്റെ അഞ്ചാംവചനത്തിൽ 'അങ്ങനെ അവരെ കീഴ്പ്പെടുത്തിക്കഴിഞ്ഞാൽ (യുദ്ധത്തടവുകാരെ) ഒന്നുകിൽ ഔദാര്യം കാണിച്ച് വിട്ടയക്കുക, അല്ലെങ്കിൽ അവരിൽനിന്ന് പ്രായശ്ചിത്തം വാങ്ങിവിടുക' എന്നു പറഞ്ഞിരിക്കുന്നു. ഈ ദൈവനിർദേശം പാലിച്ചുകൊണ്ടുള്ള നബി(സ)തിരുമേനിയുടെ ജീവിതമാതൃക നിരവധി സംഭവങ്ങളാൽ പ്രശോഭിക്കുന്നു. ഒരു സംഭവം സമർപിക്കുകയാണ്.

ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥാ(റ)യെ ഒരു അടിമയെന്ന രീതിയിൽ നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹദ്റത്ത് ഖദീജ(റ) ഹാജരാക്കി. അവിടന്ന് അദ്ദേഹത്തെ സ്വതന്ത്രനാക്കിയെന്നു മാത്രമല്ല, ദത്തുപുത്രനാക്കുകയും ചെയ്തു. എത്രമാത്രം സ്നേഹത്തോടും വാത്സല്യത്തോടുമാണ് അദ്ദേഹത്തോടു പെരുമാറിയതെന്നാൽ, സയ്ദിന്റെ യഥാർഥ മാതാപിതാക്കൾ അദ്ദേഹത്തെ അന്വേഷിച്ച് അദ്ദേഹത്തെ കൊണ്ടുപോകാൻ വന്നപ്പോൾ ഹദ്റത്ത് സയ്ദ് തന്റെ മാതാപിതാക്കളോടൊപ്പം പോകാൻ തയ്യാറായില്ല; നബി(സ)തിരുമേനിയുടെ കൂടെ ജീവിക്കാൻ മുൻഗണന നല്കി!

പിന്നീട് ഇതേ മോചിപ്പിച്ച അടിമയുടെ മകൻ ഉസാമയെ എത്രത്തോളം ആദരിച്ചുവെന്നാൽ തന്റെ ജീവിതത്തിന്റെ അവസാനനാളുകളിൽ യുദ്ധത്തിനു പോകാൻ സൈന്യത്തെ തയ്യാറാക്കിയപ്പോൾ നേതൃസ്ഥാനം അദ്ദേഹത്തെയാണ് ഏല്പിച്ചത്.

അതിനാൽ മാനവികതയോടുള്ള ആദരവ്, പ്രകടമാകുന്നത് നമ്മൾ ജനതയോടും സാമാജികരോടും ദുർബലരോടും അവശവിഭാഗത്തോടും എങ്ങനെ പെരുമാറുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. ഇല്ലെങ്കിൽ ഇന്ന് സംസ്കാരസമ്പന്നരെന്നും സിവിലൈസ്ഡ് എന്നും പറയുന്ന ലോകത്ത് ഈയിടെയായി ദരിദ്രരായ ജോലിക്കാരോടും തൊഴിലാളി

കളോടും മൃഗങ്ങളോടുള്ള പെരുമാറ്റമാണ് നമ്മൾ കാണുന്നത്. പക്ഷേ, മാനവികതയുടെ ഉപകാരി ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) പറയുന്നു: 'നിങ്ങളുടെ അടിമ നിങ്ങളുടെ സഹോദരനാണ്. അതിനാൽ ആരുടെയെങ്കിലും കീഴിൽ അടിമയുണ്ടെങ്കിൽ അവൻ താൻ തിന്നുന്നത് അവനെ തീറ്റുകയും സ്വയം അണിയുന്നത് അവനെ അണിയിക്കുകയും ചെയ്യേണ്ടതാണ്. നിങ്ങൾ നിങ്ങളുടെ അടിമയോടു അവന് എടുക്കാൻ പറ്റാത്ത ജോലി പറയരുത്. ഇനി എപ്പോഴെങ്കിലും അങ്ങനെ കൊടുക്കേണ്ടിവന്നാൽ, നിങ്ങൾ സ്വയം അവനെ സഹായിക്കേണ്ടതാണ്.' (ബുഖാരി, കിതാബുൽ ഇത്ഖ്)

മുഹമ്മദ് മുസ്തഫാ(സ)യുടെ ഈ നിർദേശങ്ങളും കർമപരമായ മാതൃകകളും അവിടത്തെ ആദരണീയരായ സ്വഹാബത്ത് പൂർണമായും പിൻപറ്റുകയും അനുസരിക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് അബൂദർ(റ)നെ കുറിച്ച് വന്നിരിക്കുന്നു: 'അദ്ദേഹം ഒരു വസ്ത്രം അണിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ അടിമയും അതേ വസ്ത്രം അണിഞ്ഞിരുന്നു.' ഇപ്രകാരംതന്നെ സ്വഹാബത്ത് തങ്ങളുടെ അടിമകളോടൊപ്പം എവിടെയെങ്കിലും യാത്ര പോകുകയാണെങ്കിൽ യാത്രാവാഹനം ഒന്നുമാത്രമുള്ളപ്പോൾ ഊഴമനുസരിച്ചാണ് യാത്ര ചെയ്തിരുന്നത്. അടിമകളെ വാഹനത്തിൽ യാത്ര ചെയ്യിക്കുകയും സ്വയം നടക്കുകയും ചെയ്യുമായിരുന്നു.

ഇപ്രകാരം സമൂഹത്തിൽ സ്ത്രീകളും അബലരായും പീഢിതരായും ഗണിക്കപ്പെടുന്നു. നബി(സ)തിരുമേനിയുടെ നിയോഗ കാലഘട്ടത്തിൽ സ്ത്രീകളെ മനുഷ്യരായിത്തന്നെ മനസ്സിലാക്കിയിരുന്നില്ല. പെൺകുട്ടി പിറന്നാൽ എത്രത്തോളം അശുഭമായി കരുതിയിരുന്നുവെന്നാൽ ചില കഠിനഹൃദയർ ജീവനോടെ തന്നെ കുഴിച്ചുമൂടിയിരുന്നു; പെൺകുട്ടി പിറന്നാൽ അപമാനംകൊണ്ട് അവർ ജനതയിൽനിന്ന് ഒളിച്ചുനടക്കുമായിരുന്നു.

ഇപ്പറഞ്ഞത് ഇന്നേക്ക് 1400 വർഷം മുമ്പേയുള്ള ജാഹിലിയ്യ കാലഘട്ടത്തിലെ കാര്യങ്ങളായിരുന്നു. അതിനെ സംബന്ധിച്ച് വിശുദ്ധഖുർആനിൽനിന്നും തിരുഹദീഥുകളിൽ നിന്നും നമുക്കറിയാൻ കഴിയുന്നു. പക്ഷേ, ഇന്നത്തെ സംസ്കാരസമ്പന്നമായ ലോകത്തും നോക്കുക, മാനുഷികമായ സമത്വത്തിനും സ്ത്രീപുരുഷന്മാരുടെയിടയിൽ എല്ലാതരം വിവേചനത്തേയും വ്യത്യാസത്തേയും അവസാനിപ്പിക്കുമെന്ന് വാദിക്കുന്നവർക്കുപോലും വയറ്റിൽ കിടക്കുന്ന കുഞ്ഞ് ആൺകുട്ടിയാണോ പെൺകുട്ടിയാണോ എന്ന് അറിയുന്നത് കുറ്റകരമാണെന്നുള്ള നിയമം ഉണ്ടാക്കേണ്ടി വന്നിരിക്കുന്നു. ആശുപത്രികൾക്ക് വെളിയിൽ ഇരത്തിലുള്ള ബോർഡുകൾ പ്രദർശിപ്പിക്കുന്നതിന്റെ അർഥമെന്താണ്? അതിന്റെ അർഥം ഇന്നും ചില വീട്ടുകാർ പെൺകുട്ടികളുടെ ജനനം അശുഭമായി കരുതുന്നുവെന്നാണ്. ഗർഭത്തിൽ വളരുന്നത് പെൺകുട്ടിയാണെന്ന് അറിഞ്ഞാൽ ഭ്രൂണഹത്യ നടത്താൻ ശ്രമിക്കുന്നു.

എന്നാൽ, ആ മാനവികതയുടെ ഉപകാരി ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) പെൺകുട്ടികളുടെ ഉദാത്തമായ വിദ്യാഭ്യാസത്തിലേക്കും ശിക്ഷണത്തിലേക്കും ശ്രദ്ധ ക്ഷണിച്ചുകൊണ്ടു പറഞ്ഞു: 'രണ്ട് പെൺകുട്ടിക്ക് നല്ലനിലയിൽ ശിക്ഷണം നല്കിയവനും ഞാനും പുനരുഥാന നാൾ ഇങ്ങനെ ഒന്നിച്ചായിരിക്കും; ഇതു പറഞ്ഞുകൊണ്ട് അവിടന്ന് തന്റെ രണ്ടുവിരൽ ചേർത്തുകാണിച്ചു.' (മുസ്‌ലിം)

ഭാര്യമാരോടുള്ള സൽപെരുമാറ്റത്തെ സംബന്ധിച്ച് ഉപദേശിച്ചുകൊണ്ടു പറഞ്ഞു: 'തന്റെ ഭാര്യയോടു ഏറ്റവും നല്ലരീതിയിൽ പെരുമാറുന്നവനാണ് ഉത്തമനായ മനുഷ്യൻ. പിന്നീട് തന്റെ മാതൃക കാണിച്ചുകൊണ്ടു പറഞ്ഞു: 'അനാ ഖയ്റുക്കും ലിഅഹ്‌ലീ നോക്കൂ! ഞാൻ എന്റെ ഭാര്യയോടു പെരുമാറുന്നതിൽ നിങ്ങളെക്കാൾ ഉത്തമനാണ്.' (തുർമുദി)

പിന്നീട് മാതാവിനോടുള്ള ആദരവും ബഹുമാനവും എത്രത്തോളം സ്ഥാപിച്ചുവെന്നാൽ അവിടന്ന് പറഞ്ഞു: 'സ്വർഗം നിങ്ങളുടെ മാതാക്കളുടെ കാൽക്കീഴിലാണ്.' (നസാഇ)

എല്ലാ നിലയിലും സ്ത്രീയെ അനന്തരാവകാശത്തിൽ ഭാഗഭാക്കാക്കി. അവളുടെ സമ്മതം കൂടാതെ അവളുടെ ധനം നിയന്ത്രിക്കാൻ ഭർത്താവിന് അനുവാദം നല്കിയില്ല.

സമൂഹത്തിലെ സാധാരണ ദരിദ്രരേയും അശരണരേയും ആളുകൾ എങ്ങനെ അവശരും ഗതികെട്ടവരുമായി മനസ്സാലിക്കുന്നുവെന്നാൽ അവരുടെ മുഖം കാണാൻപോലും ഇഷ്ടപ്പെടുന്നില്ല. തന്റെ അടുത്തിരിക്കുന്നതും അല്ലെങ്കിൽ കൂടെയിരിക്കുന്നതും സഹിക്കുന്നില്ല. അവരുടെ കൂടെ നടക്കുന്നതും നിന്ദ്യതയായി മനസ്സിലാക്കുന്നു.

എന്നാൽ, നമ്മുടെ മാനവികതയുടെ സഹായിയുടെ തേജോവിലാസം തന്നെ വ്യത്യസ്തമാണ്. അവിടന്ന് അധികവും ഇങ്ങനെ ദുആ ചെയ്യുമായിരുന്നു: 'അല്ലാഹുവേ! എന്നെ മിസ്ക്കീനാക്കി ജീവിപ്പിക്കേണമേ. മിസ്ക്കീൻമാരുടെ സംഘത്തിൽ അതേ അവസ്ഥയിൽ എന്നെ ഉയർത്തേണമേ.' (തുർമുദി)

ഹദ്റത്ത് അനസ്(റ)വിവരിക്കുന്നു: 'സാഹിർ എന്നുപേരുള്ള ഒരു ഗ്രാമീണൻ, രൂപത്തിലും ആകൃതിയിലും സാധാരണക്കാരൻ ഒരിക്കൽ ചന്തയിൽ തന്റെ സാധനങ്ങൾ വില്ക്കുകയായിരുന്നു; ശരീരം വിയർപ്പുകൊണ്ട് നിറഞ്ഞിരുന്നു. അവിടന്ന് പിന്നിൽ കൂടെച്ചെന്ന് തന്റെ കൈ കഴുത്തിലിട്ടു. അത് നബി(സ)തിരുമേനിയാണെന്ന് അയാൾക്ക് മനസ്സിലായപ്പോൾ തന്റെ പുറംഭാഗംകൊണ്ട് നബി(സ)തിരുമേനിയുടെ പരിശുദ്ധശരീരത്തിൽ ഉരസാൻ തുടങ്ങി. 'എനിക്കൊരു അടിമയുണ്ട്. ആരെങ്കിലുമുണ്ടോ വാങ്ങാൻ' എന്ന് നബി(സ)തിരുമേനി ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അങ്ങനെയാണെങ്കിൽ താങ്കളെന്നെ ഏറ്റവും മോശപ്പെട്ട കച്ചവടച്ചരക്കായി കാണുന്നതാണ്; എന്നെ ആര് വാങ്ങാനാണ്?' നബി(സ)തിരുമേനി പറഞ്ഞു: 'അങ്ങനെയല്ല. അല്ലാഹുവിന്റെ പക്കൽ താങ്കൾ വിലയില്ലാത്ത ചരക്കല്ല. താങ്കൾക്ക് വലിയ വിലയും നിലയുമാണുള്ളത്.' (മുസ്നദ് അഹ്മദ് വാല്യം 3)

നബി(സ)തിരുമേനി ദരിദ്രരേയും അശരണരേയും ഭക്ഷണസൽക്കാരങ്ങളിലും മറ്റും വിളിക്കണമെന്ന് വളരെ താക്കീത് ചെയ്തിരുന്നു. അവിടന്ന് പറഞ്ഞു: 'സമ്പന്നരെ മാത്രം വിളിക്കുകയും ദരിദ്രരെ ഒഴിവാക്കുകയും ചെയ്യുന്ന സൽക്കാരം വളരെ മോശമാണ്.' (ബുഖാരി, കിതാബുന്നിക്കാഹ്)

നബി(സ) തിരുമേനിയുടെ കഴിവുകൾ ദൈവഹിതമനുസരിച്ച് എത്രമാത്രം വ്യക്തമായി സാധാരണക്കാരുടെ ഇടയിൽ വരികയും കർമപഥത്തിൽ ഇറങ്ങുകയും ചെയ്തുവെന്നാൽ മാനവികതയുടെ ഉദ്ദേശ്യം പൂർത്തിയായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'നമ്മുടെ നബി(സ)തിരുമേനിയിലുണ്ടായ റൂഹുൽഖുദുസിന്റെ ദിവ്യജ്യോതിസ് മറ്റെല്ലാ ജ്യോതിസിനെക്കാളുമുപരിയാണ്. റൂഹുൽ ഖുദുസ് (പരിശുദ്ധാത്മാവ്) ചിലപ്പോൾ ഒരു നബിയിൽ പ്രാവിന്റെ രൂപത്തിൽ വെളിപ്പെട്ടു. ചിലപ്പോൾ നബിയുടേയോ അവതാരത്തിന്റേയോ മേൽ പശുവിന്റെ രൂപത്തിൽ വെളിപ്പെട്ടു. ചിലരിൽ മറ്റു രൂപത്തിൽ വെളിപ്പെട്ടു. അന്നൊന്നും മനുഷ്യന്റെ രൂപത്തിൽ വെളിപ്പെട്ടിരുന്നില്ല; പരിപൂർണനായ മനുഷ്യൻ അതായത് നമ്മുടെ നബി(സ)തിരുമേനി നിയോഗിതനാകുന്നതുവരെ. നബി(സ)തിരുമേനി നിയമിതനായപ്പോൾ പരിപൂർണമനുഷ്യനായതുകൊണ്ട് റൂഹുൽഖുദുസും മനുഷ്യരൂപത്തിൽത്തന്നെ വെളിപ്പെട്ടു.' (കശ്തിയെനൂഹ്, റൂഹാനീ ഖസാഇൻ, വാല്യം 19, പേജ് 83–85)

മാനവികത, ഹ്യൂമാനിറ്റി വെറും പാഴായ വസ്തുക്കൾ കൊണ്ടുണ്ടാക്കിയ പ്രതിമയുടെ പേരല്ല; ഉയർന്ന സ്ഥലത്തുവച്ച് അതിനെ ആദരിക്കാൻ. അതിനെ പൂജിക്കാൻ. മറിച്ച് മാനവികത എന്നാൽ, അവന്റെ മനസും ബുദ്ധിയും കൊണ്ടുള്ള ചിന്തകളുടേയും അവന്റെ വികാരങ്ങളുടേയും ബോധങ്ങളുടേയും അവന്റെ ആത്മാവിന്റേയും അവന്റെ ധാർമികതയുടേയും ആത്മീയാവസ്ഥകളുടേയും പേരാണ്. ഈ മൂല്യങ്ങളെ സംരക്ഷിക്കുകയാണെങ്കിൽ അതിനെ പരിപാലിക്കുകയും അതിന്റെ അഭിവൃദ്ധിക്കായി ശ്രമിക്കുകയുമാണെങ്കിൽ, അവൻ മാനവികതയുടെ ആദരവ് സ്ഥാപിച്ചുവെന്ന് പറയാവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നമ്മൾ നമ്മുടെ യജമാനരായ മുഹമ്മദ് മുസ്തഫാ(സ)യുടെ പരിശുദ്ധജീവിതത്തിൽ ദൃഷ്ടി പായിക്കുമ്പോൾ അത്ഭുതകരങ്ങളായ ദൃശ്യങ്ങളുടെ മാതൃക കാണാൻ കഴിയുന്നു. അതിന്റെ ഉദാഹരണം മറ്റെങ്ങും കിട്ടുകയില്ല. ഒരു മനുഷ്യൻ തന്റെ സുഹൃത്തുക്കൾ, ബന്ധുക്കൾ, സ്വന്തം വിശ്വാസക്കാർ, സ്വന്തം മതക്കാർ എന്നിവരോടു സഹിഷ്ണുതയോടെ പെരുമാറുന്നു. പക്ഷേ, നോക്കേണ്ടത് അവൻ അന്യരോടും അവന്റെ എതിരാളിയോടും എങ്ങനെ പെരുമാറുന്നുവെന്നാണ്!

✸ ഒരിക്കൽ മദീനയിൽ ഒരു യഹൂദിയുടെ ജനാസ കൊണ്ടുവരികയായിരുന്നു. നബി(സ) തിരുമേനി ജനാസയെ ആദരിച്ച് എഴുന്നേറ്റു നിന്നു. ഇത് യഹൂദിയുടെ ജനാസയാണെന്ന് ആരോ പറഞ്ഞു. അവിടന്ന് പറഞ്ഞു, 'ഇയാളിൽ ജീവൻ ഉണ്ടായിരുന്നില്ലേ? ഇയാൾ മനുഷ്യൻ ആയിരുന്നില്ലേ?' (ബുഖാരി, കിതാബുൽ ജനാഇസ്)

✸ ഹദ്റത്ത് യഅ്‌ലാ ബിൻ മുർറ(റ) വിവരിക്കുന്നു: 'ഞാൻ നബി(സ) തിരുമേനിയോടൊപ്പം ധാരാളം യാത്ര ചെയ്തിട്ടുണ്ട്. ഏതെങ്കിലും മനുഷ്യന്റെ മൃതദേഹം കിടക്കുന്നത് കണ്ടിട്ട് അത് മറവടപ്പിക്കാതെ അവിടന്ന് പോയതായി ഞാൻ ഒരിക്കലും കണ്ടിട്ടില്ല. അവിടന്ന് ഒരിക്കലും ഇത് മുസ്‌ലിമിന്റേതാണോ അവിശ്വാസിയുടേതാണോ എന്ന് ചോദിച്ചിട്ടില്ല.'

ബദ്ർ യുദ്ധത്തിൽ നാശമടഞ്ഞ അന്യാരാധകരുടെ 24 നേതാക്കളേയും അവിടന്ന് സ്വയം ബദ്ർ മൈതാനിയിൽ ഒരു കുഴിയെടുത്ത് മറയടക്കിച്ചിരുന്നു. ഇതിനെ 'ഖലീബെ ബദ്ർ' എന്നു പറയുന്നു. (ബുഖാരി, കിതാബുൽമഗാസി)

✸ അഹ്സാബ് യുദ്ധത്തിൽ അന്യാരാധകരുടെ ഒരു നേതാവ് നൗഫൽ ബിൻ അബ്ദുല്ലാഹ് മഖ്സൂമി പോരാട്ടത്തിൽ നാശമടഞ്ഞു. മക്കയിലെ അന്യാരാധകർ ഉഹുദു യുദ്ധത്തിൽ റസൂലുല്ലായുടെ പിതൃവ്യനായ ഹദ്റത്ത് ഹംസയുടെ മൂക്കും ചെവിയും അറുത്ത് അദ്ദേഹത്തിന്റെ മയ്യിത്ത് വിരൂപമാക്കിയിരുന്നു. ഇതായിരുന്നു അവരുടെ രീതി. തങ്ങളുടെ നേതാക്കളോടും അങ്ങനെതന്നെ ചെയ്യുമോ എന്ന് അവർ ഭയപ്പെട്ടു. നബി(സ)തിരുമേനിക്ക് പതിനായിരം ദിർഹം വാങ്ങി നൗഫലിന്റെ മൃതശരീരം മടക്കിത്തരാൻ അവർ സന്ദേശമയച്ചു.

നബി(സ)തിരുമേനി പറഞ്ഞു: 'ഞങ്ങൾ മൃതദേഹങ്ങൾക്ക് വില വാങ്ങാറില്ല. നിങ്ങൾ നിങ്ങളുടെ മൃതശരീരം തിരിച്ചുകൊണ്ടുപോകുക.' (ദലാഇലുന്നുബുവ്വ ലിൽബയ്ഹഖി വാള്യം 3)

മദീനയിലെ ഒരു യഹൂദി കുട്ടിയെ അവിടന്ന് തന്റെ വീട്ടിൽ സേവനത്തിന് വച്ചിരുന്നു. അവൻ രോഗിയായപ്പോൾ അവനെ കാണുന്നതിന് അവിടന്ന് അവന്റെ വീട്ടിൽ പോയി. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 3)

നബി(സ) തിരുമേനിയുടെ ഒരു സ്വഹാബിയായിരുന്നു ഥമാമ ബിൻ ഉഥ്ഥാൽ. അദ്ദേഹം യമാമയിലാണ് താമസിച്ചിരുന്നത്. മക്കക്കാർക്കുവേണ്ടി അദ്ദേഹം ഗോതമ്പ് അയക്കുമായിരുന്നു. അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചപ്പോൾ, നബി(സ)തിരുമേനിയോടു മക്കക്കാർ മോശമായി പെരുമാറുന്നുവെന്നറിഞ്ഞു. അപ്പോൾ ഇനി ഇവിടെനിന്ന് ഒരു മണിധാന്യംപോലും അവിടെ പോകുകയില്ലെന്ന് അദ്ദേഹം തീരുമാനിച്ചു. മക്കക്കാർ ആകെ ദുരിതത്തിലായി. ഥമാമ ബിൻ ഉഥ്ഥാൽ മക്കയിൽ വന്നപ്പോൾ അദ്ദേഹം മക്കക്കാരോടു പറഞ്ഞു: എന്റെ പ്രിയപ്പെട്ടയാൾ അനുവാദം തരാതെ യമാമയിൽനിന്ന് ഗോതമ്പിന്റെ ഒരു വാഹനംപോലും വരികയില്ല. അപ്പോൾ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി മക്കക്കാർ അപേക്ഷിച്ചു: താങ്കൾ ചാർച്ചയെ ചേർക്കാൻ അധ്യാപനം നല്കുന്നു. ഞങ്ങളുടെ ഗോതമ്പ് വരവ് നിലച്ചുപോയിരിക്കുന്നു. ഞങ്ങൾ വിശപ്പുകൊണ്ട് മരിക്കാൻ തുടങ്ങിയിരിക്കുകയാണ്. ഞങ്ങളിൽ കരുണചെയ്താലും. അപ്പോൾ നബി(സ) തിരുമേനി ഥമാമയോടു പറഞ്ഞു: 'ഥമാമാ! അവരുടെ ഗോതമ്പ് തടയരുത്.' അങ്ങനെ മാനവികതയുടെ ഉപകാരിയുടെ ഈ വാത്സല്യത്താൽ മക്കക്കാർക്ക് വീണ്ടും ഗോതമ്പ് ലഭിക്കാൻ തുടങ്ങി. (അസ്സീറത്തുന്നബ്വിയ്യ ലിഇബ്നി ഹിശാം)

ലാഹോറിൽനിന്ന് പ്രസിദ്ധീകരിക്കുന്ന സത് ഉപദേശ് എന്ന മാസികയിൽ പത്രാധിപർ 1915 ജൂലായ് 7ന്റെ പ്രസിദ്ധീകരണത്തിലെഴുതി.

"ആളുകൾ പറയുന്നത് ഇസ്‌ലാം വാളിന്റെ ശക്തിയാൽവ്യാപിച്ചുവെന്നാണ്. എന്നാൽ, നാം ഒരിക്കലും ഈ അഭിപ്രായത്തോടു യോജിക്കുന്നില്ല. എന്തുകൊണ്ട്? കാരണം ഇസ്‌ലാമിന്റെ സ്ഥാപകരുടെ ഉള്ളിൽ ആത്മീയമായ ശക്തി ഉണ്ടായിരുന്നു. മനുഷ്യകുലത്തോടു പ്രേമമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഉള്ളിൽ സ്നേഹവും കാരുണ്യത്തിന്റെ പരിശുദ്ധവികാരവും പ്രവർത്തിച്ചിരുന്നു. സദ്വിചാരങ്ങൾ അദ്ദേഹത്തെ നയിച്ചിരുന്നു."

നബി(സ)തിരുമേനി മാനവികതയുടെ ആദരവിന്റെ പരമ്പരയിൽ കാണിച്ച ഉദാരമായ സ്വഭാവത്തിന്റെ ഒരു നേട്ടമാണിത്. പക്ഷേ, കൂടുതൽ വിശദീകണത്തിലേക്ക് പോയി പരിശോധിക്കുകയാണെങ്കിൽ ഓരോ മനുഷ്യന്റെ ശരീരവും ആത്മാവും അടിസ്ഥാനപരമായി ആവശ്യപ്പെടുന്നത് ആരെങ്കിലും അവന്റെ വിശപ്പകറ്റുക എന്നതാണ്. ആരെങ്കിലും അവനെ നല്ലവെള്ളം കുടിപ്പിക്കുക എന്നാണ്. ആരെങ്കിലും അവന്റെ നഗ്നത മറയ്ക്കാനുള്ള ഏർപ്പാട് ചെയ്യുക എന്നതാണ്. ആരെങ്കിലും അവനെ തുറന്ന ആകാശത്തിൻ കീഴിൽ കിടക്കാൻ സമ്മതിക്കാതിരിക്കുക എന്നതാണ്. ഇന്നത്തെ വികസിത രാജ്യത്തും മനുഷ്യന്റെ ഈ അടിസ്ഥാനപരമായ ആവശ്യങ്ങൾ ഭക്ഷണം, വസ്ത്രം, പാർപ്പിടം ലഭ്യമാക്കുന്നത് മാനവികതയുടെ സേവനത്തിന്റെ ഉയർച്ചയായി മനസ്സിലാക്കുന്നു. പക്ഷേ, ഇന്നും നമ്മൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് ഈ മുദ്രാവാക്യം മുഴക്കുന്നവർ വലിയ വലിയ വികസിത ഭരണകൂടങ്ങൾപോലും ഈ നടപടികളിൽ നൂറുശതമാനം വിജയിക്കുന്നില്ല എന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വികസിത രാജ്യങ്ങളിൽ മാനവികത ലജ്ജിക്കുന്നതായി കാണുന്നു.

എന്നാൽ, ഇന്നേക്ക് 1400 വർഷം മുമ്പേ വിശുദ്ധഖുർആൻ മാനവകുലത്തിന്റെ ഈ അടിസ്ഥാനപരമായ അവകാശത്തെ അംഗീകരിച്ചുകൊണ്ട് വിളംബരം ചെയ്തു.

اِنَّ لَكَ اَلَّا تَجُوْعَ فِيْهَا وَلَا تَعْرٰى ﴿١١٩﴾

وَاَنَّكَ لَا تَظْمَؤُا فِيْهَا وَلَا تَضْحٰى ﴿١٢٠﴾

തീർച്ചയായും നിനക്ക് ഇതിൽ വിശക്കേണ്ടതില്ല. നഗ്നനാകേണ്ടതുമില്ല (എന്നത് നിശ്ചയിക്കപ്പെട്ടിരിക്കുന്നു). തീർച്ചയായും നിനക്കിതിൽ ദാഹവുമുണ്ടാവുകയില്ല. വെയിലിന്റെ ഉഷ്ണമേൽക്കുകയുമില്ല." (20:119–120)

നബി(സ)തിരുമേനിയുടേയും അവിടത്തെ ചില മാന്യന്മാരായ ഖലീഫമാരുടേയും കാലഘട്ടത്തിൽ ഈ അധ്യാപനമനുസരിച്ച് പ്രവർത്തിച്ച് കാണിക്കുകയും ചെയ്തു. പക്ഷേ ദൗർഭാഗ്യവശാൽ മുസ്‌ലിം ഭരണകൂടങ്ങളുടെ നേതാക്കന്മാരിൽ മാനവികതയോടുള്ള ആദരവ് ഇല്ലാതാകുകയും ഭൗതികതയുടേയും വ്യക്തിപരമായ നേട്ടങ്ങളുടേയും മുൻഗണന സ്ഥലം നേടുകയും ചെയ്തപ്പോൾ പൊതുജനവും മാനവികതയുടെ അടിസ്ഥാനപരമായ നിർബന്ധകാര്യങ്ങൾ നിഷേധിക്കപ്പെട്ടുകൊണ്ടു പോയി. ഇന്ന് പൊതുജനവും ഭരണകൂടങ്ങളുടെ നേതാക്കന്മാരും പരസ്പരം പരസ്യമായി പോരാടുന്നവരായി കാണാൻ കഴിയുന്നു.

മറുഭാഗത്ത് വികസിത രാജ്യങ്ങൾ മാനവികതയുടെ ഈ അടിസ്ഥാനപരമായ ആവശ്യങ്ങൾക്കും അതിന്റെ പൂർത്തീകരണത്തിനുമായി വലിയ വലിയ പദ്ധതികളുണ്ടാക്കി. മൂല്യാധിഷ്ഠിത വ്യവസ്ഥിതിക്കെതിരിൽ കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതി മുന്നിൽവന്നു. എന്നിട്ടും സമ്പന്നർക്കും ദരിദ്രർക്കുമിടയിൽ സമത്വം സ്ഥാപിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടു. സമ്പന്നർ അതിസമ്പന്നരായും ദരിദ്രർ അതിദരിദ്രരായും പൊയ്ക്കൊണ്ടിരിക്കുന്നു. ഇക്കാരണത്താൽ മനുഷ്യൻ മനുഷ്യന്റെ ശത്രുവായിക്കൊണ്ടിരിക്കുന്നു.

ഓരോ മനുഷ്യന്റേയും അടിസ്ഥാനപരമായ ആവശ്യങ്ങൾ നിജപ്പെടുത്തി അവ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥിതി ഉണ്ടാകാത്തിടത്തോളം മാനവികതയുടെ ആദരവ് സ്ഥാപിതമാകുകയില്ല. മനുഷ്യന് സമാധാനത്തോടും ശാന്തിയോടും ജീവിക്കാനും സാധിക്കുകയില്ല. ഇത് സാധ്യമാകുന്നത് ശരിയായ അർഥങ്ങളിൽ ഇസ്‌ലാമിന്റെ സാമ്പത്തികവ്യവസ്ഥിതിയനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ്. നബി(സ)തിരുമേനിയുടെ അധ്യാപനങ്ങളും ജീവചരിത്രവും അനുസരിച്ച് കർമങ്ങൾ ചെയ്യുക. അതിന്റെ ഒന്നാമത്തെ നിയമം സമ്പത്ത് ശരിയായ നിലയിൽ വീതിക്കാനും നിയന്ത്രിക്കാനുമുള്ള ഏർപാട് ചെയ്യുക എന്നതാണ്. ഇതിനുവേണ്ടി ഇസ്‌ലാം അനന്തരാവകാശം വീതിക്കാനുള്ള വ്യവസ്ഥിതി സ്ഥാപിച്ചിരിക്കുന്നു. കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ആൺകുട്ടിയാണെങ്കിലും പെൺകുട്ടിയാണെങ്കിലും അനന്തരാവകാശത്തിൽ അവകാശിയാണ്. ഈ രീതിയിൽ ഭൂസ്വത്തുക്കൾ വീതിക്കപ്പെട്ട് വെറും കുറച്ചാളുകളുടെ കൈയിൽ ഇരിക്കുകയില്ല.

രണ്ടാമത്തെ നിയമം സമ്പത്തിന്റെ ശരിയായ വീതിക്കലിന് വിവരിക്കപ്പെട്ടിരിക്കുന്നത്, രൂപ സ്വരുകൂട്ടിവെക്കുന്നത് നിരോധിച്ചു. അല്ലാഹു പറയുന്നു: 'അവർ സംഭരിച്ചുവെക്കുന്ന സ്വർണവും വെള്ളിയും നരകാഗ്നിയിൽ ചുട്ടുപഴുപ്പിക്കപ്പെട്ട് പുനരുത്ഥാനനാളിൽ അവരെ പൊള്ളിക്കുന്നതാണ്.' (9:34–35) പുരുഷന്മാരെ പ്രത്യേകിച്ചും പട്ടും സ്വർണവും ഉപയോഗിക്കുന്നത് നിരോധിച്ചു. വീടുകളിൽ സ്വർണത്തിന്റേയും വെള്ളിയുടേയും പാത്രങ്ങൾ ഉപയോഗിക്കുന്നതും തടഞ്ഞു.

മൂന്നാമത്തെ നിയമം പലിശ നിരോധനവുമായി ബന്ധപ്പെട്ടതാണ്. കാരണം ഇത് രൂപകൊണ്ട് രൂപ സമ്പാദിക്കലാണ്. ഇതുമുഖേന സമ്പന്നൻ ഒരു അധ്വാനവും ബുദ്ധിമുട്ടും കൂടാതെ അതിസമ്പന്നനായിക്കൊണ്ടുപോകുന്നു. അതിനാൽ പലിശ ഒരു വലിയ ശാപമാണ്. അത് മനുഷ്യകുലത്തിന്റെ തലയ്ക്കുമേൽ ആധിപത്യം സ്ഥാപിച്ചിരിക്കുന്നു. ലോകം സമാധാനത്തിന്റേയും സുഖത്തിന്റേയും സ്വസ്ഥതയുടേയും ശ്വാസമെടുക്കാനാഗ്രഹിക്കുന്നെങ്കിൽ അതിനുള്ള മാർഗം, ലോകത്തുനിന്ന് പലിശ ഉന്മൂലനം ചെയ്യുക എന്നതാണ്. ഇപ്രകാരം സമ്പത്ത് കുറച്ചാളുകളുടെ കൈയിൽ കൂടുന്നതിൽനിന്ന് തടയുക.

നാലാമത്തെ നിയമം മനുഷ്യകുലത്തിന്റെ സഹതാപത്തിന്റേയും ഖിന്നതയുടേയും വികാരങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ്. ഇത് സംബന്ധമായുള്ള ഇസ്‌ലാമിന്റെ അധ്യാപനം ഇതാണ്. അല്ലാഹു പറയുന്നു:

هُوَ الَّذِىْ خَلَقَ لَكُمْ مَّا فِى الْاَرْضِ جَمِيْعًا (2:30)

ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം സൃഷ്ടിച്ചത് അല്ലാഹുതന്നെയാണ്. അതായത് ഈ ലോകത്തുള്ളതെല്ലാം മനുഷ്യകുലത്തിന്റെ കൂട്ടുസ്വത്താണ്. ആരുടെയെങ്കിലും ബുദ്ധിപരമായ കഴിവും കഠിനാധ്വാനവും പരിഗണിച്ച് കൂടുതൽ സമ്പന്നരായാൽ അവർ ദൃഢമായും വിശ്വസിക്കേണ്ടത്, അവരുടെ അധികമുതലിൽ കഴിവില്ലാത്ത ദരിദ്രരുടേയും അശരണരുടേയും ഭാഗവുമുണ്ടെന്നാണ്. അതിനാണ് ഇസ്‌ലാം സക്കാത്തിന്റെ കല്പന തന്നിട്ടുള്ളത്. അതിന് ഒരു തോത് നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം ചെലവഴിക്കപ്പെടാതെ വർഷം മുഴുവൻ കെട്ടികിടക്കുന്ന ധനത്തിന് സക്കാത്ത് ചുമത്തി. അതുപോലെ ആവശ്യത്തിലേറെ വീട്ടിൽ ധരിക്കുന്ന ആഭരണങ്ങൾക്കും സക്കാത്ത് ചുമത്തിയിട്ടുണ്ട്. ഇങ്ങനെ സഹതാപവികാരത്തോടെ അർഹരായ അവകാശികളുടെ ആവശ്യങ്ങൾ പൂർത്തിയാക്കാൻ സൗകര്യമൊരുക്കിയിരിക്കുന്നു.

ഇതിനു പുറമെയും മാനവികതയ്ക്കുണ്ടായിരുന്ന ഭീഷണി, അത് ഇന്നുമുണ്ട്. അതാണ് വംശീയമായ വിവേചനം. വർണവർഗ വ്യത്യാസം. പിന്നീട് മതപരമായ അഭിപ്രായ ഭിന്നതകൾ. അത് മനുഷ്യനെ എത്രത്തോളം അധഃപതിപ്പിക്കുന്നുവെന്നാൽ കൊലയും കൊള്ളയുംവരെ കാര്യങ്ങൾ ചെന്നെത്തുന്നു. മാനുഷികമായ ഭീകരപ്രവർത്തനത്തിനും ചാവേർ ആക്രമണങ്ങൾക്കും പുറമെ അങ്ങേയറ്റം നാശകരമായ ആയുധങ്ങൾകൊണ്ടും ഡ്രോൺ ആക്രമണങ്ങൾകൊണ്ടും വൃദ്ധരും കുട്ടികളും സ്ത്രീകളും നിരപരാധികളായ ആളുകളും നിഷ്കരുണം വധിക്കപ്പെടുന്ന സംഭവങ്ങൾ നിത്യവും നാം കേൾക്കുന്നു. കണ്ടുകൊണ്ടുമിരിക്കുന്നു. വിശുദ്ധഖുർആൻ അത്തരം നിരപരാധികളെ വധിക്കുന്നത് മുഴുവൻ മനുഷ്യരേയും വധിക്കുന്നതിനു തുല്യമാണെന്ന് പറയുന്നു.

مَنْ قَتَلَ نَفْسًا بِغَيْرِ نَفْسٍ اَوْ فَسَادٍ فِى الْاَرْضِ فَكَاَنَّمَا قَتَلَ النَّاسَ

جَمِيْعًا ؕ وَمَنْ اَحْيَاهَا فَكَاَنَّمَاۤ اَحْيَا النَّاسَ جَمِيْعًا ؕ

ആരെങ്കിലും മറ്റൊരാളെ വധിക്കുകയോ നാട്ടിൽ കുഴപ്പമുണ്ടാക്കുകയോ ചെയ്യാത്ത നിലയിൽ നിരപരാധിയായ ഒരാളെ വധിച്ചാൽ

അയാൾ മനുഷ്യരെ മുഴുവൻ വധിച്ചതുപോലെയാകുന്നു. ഇനി ആരെങ്കിലും ഒരാളുടെ ജീവനെ രക്ഷിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ രക്ഷിച്ചതുപോലെയാകുന്നു. (5:33)

അതിനാൽ മുസ്‌ലിം ഭീകരവാദിയാണെങ്കിലും അമുസ്‌ലിം ഭീകരവാദിയാണെങ്കിലും വികസിത രാജ്യങ്ങളിലെ നാശകരമായ ആയുധങ്ങൾ വിതരണം ചെയ്യുന്നവരായാലും വികസ്വര രാജ്യങ്ങളിലെ വിതരണക്കാരനാണെങ്കിലും ഈ നാശകരമായ ആയുധങ്ങൾ വാങ്ങി ഉപയോഗിക്കുന്നവരായാലും മാനവികതയുടെ സഹായിയുടെ ഈ അടിസ്ഥാനപരമായ അധ്യാപനമനുസരിച്ച് പ്രവർത്തിക്കാത്തിടത്തോളം മാനവികതയ്ക്ക് എന്നും ഭീഷണി തന്നെയായിരിക്കും.

ഈ സമാധാനപ്രദമായ സന്ദേശവുമായി നമ്മുടെ പ്രിയങ്കരനായ ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹ് ലോകത്തിലെ പരമോന്നത നേതാക്കൾക്ക്, വലിയ വലിയ രാജകൊട്ടാരങ്ങളിലും പാർലമെന്റുകളിൽ ചെന്ന് ലോകജനതയ്ക്ക് മുന്നറിയിപ്പ് നല്കുന്നു.

ഹുദൂർ അയ്യദഹുല്ലാഹ് 2013 ജൂൺ 11ന് ഇംഗ്ലണ്ടിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ശതവാർഷിക പരിപാടികളുടെ പരമ്പരയിൽ ലണ്ടൻ പാർലമെന്റ് ഹൗസിൽ ചെയ്ത പ്രസംഗത്തിൽ പറഞ്ഞു: "ഇപ്രകാരം പരിശുദ്ധ പ്രവാചകൻ തന്റെ ജീവിതം മുഴുവൻ ലോകത്ത് സമാധാനം വ്യാപിപ്പിക്കാനായി വിനിയോഗിച്ചു. അതായിരുന്നു അദ്ദേഹത്തിന്റെ ഉന്നതമായ ദൗത്യം. തീർച്ചയായും തീവ്രവാദത്തിന്റെ അധ്യാപനങ്ങളൊന്നുംതന്നെ അദ്ദേഹം കൊണ്ടുവന്നില്ലെന്ന് ലോകജനത തിരിച്ചറിയും. മനസ്സിലാക്കുകയും ചെയ്യും. ഒരുനാൾ വരികതന്നെ ചെയ്യും. അന്ന് അവർ അദ്ദേഹം കൊണ്ടുവന്നത് സമാധാനത്തിന്റേയും സ്നേഹത്തിന്റേയും അനുകമ്പയുടേയും സന്ദേശമായിരുന്നുവെന്ന് തിരിച്ചറിയും. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പിന്തുടരുന്നതും ആശ്രയിക്കുന്നതും ഈ അധ്യാപനങ്ങളെയാണ്. പരസ്പരധാരണയുടേയും സഹിഷ്ണുതയുടേയും അനുകമ്പയുടേയും ഈ അധ്യാപനങ്ങളാണ് ഞാൻ പ്രോത്സാഹിപ്പിക്കുന്നതും ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിക്കുന്നതും. തീവ്രവും ഭയാനകവുമായ ക്രൂരതകളും പീഢനങ്ങളും വർഷങ്ങളോളം നേരിട്ടതിനുശേഷം മക്കയുടെ തെരുവുകളിലേക്ക് വിജയശ്രീലാളിതനായി തിരിച്ചുചെന്ന പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ) പ്രാവർത്തികമാക്കി കാണിച്ച ദയയുടേയും മനുഷ്യസ്നേഹത്തിന്റേയും സമാനതകളില്ലാത്ത, ചരിത്രപ്രാധാന്യമുള്ള മാതൃകയാണ് ഞങ്ങൾ പിന്തുടരുന്നത്.' (ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും, മലയാളം പേജ് 133–134)

ഇംഗ്ലണ്ടിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സംഘടിപ്പിച്ച 9–ാമത് സമാധാനവാർഷിക സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു:

'അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങളായ ഞങ്ങൾ കഴിയുന്നിടത്തോളം ലോകത്തേയും മാനവികതയേയും നാശത്തിൽനിന്ന് രക്ഷിക്കുന്നതിനുള്ള ശ്രമത്തിൽ മുഴുകിയിരിക്കുകയാണ്. അതിനു കാരണം ഇക്കാലഘട്ടത്തിലെ ഇമാമിനെ ഞങ്ങൾ സ്വീകരിച്ചിരിക്കുന്നു എന്നതാണ്. അദ്ദേഹത്തെ അല്ലാഹു വാഗ്ദത്ത മസീഹാക്കി അയച്ചു. അദ്ദേഹം ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി(സ)യുടെ സേവകൻ എന്ന നിലയിൽ നിയമിതനായി. ഞങ്ങൾ ഞങ്ങളുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ അധ്യാപനങ്ങളനുസരിച്ച് ആത്മാർഥമായി പ്രവർത്തിക്കുന്നു. അതുകൊണ്ട് ലോകത്തിന്റെ അവസ്ഥ കാണുമ്പോൾ ഞങ്ങളുടെ മനസ് വിഷമിക്കുകയും ബുദ്ധിമുട്ടിൽ അകപ്പെടുകയും ചെയ്യുന്നു. മാനവികതയെ നാശത്തിൽനിന്നും വിപത്തുകളിൽനിന്നും രക്ഷിക്കുന്നതിനുള്ള ഞങ്ങളുടെ ശ്രമങ്ങളുടെ പിന്നിൽ ഇതേ ദുഃഖവും ബുദ്ധിമുട്ടുമാണുള്ളത്. അതുകൊണ്ട് ഈ വിനീതനും എല്ലാ അഹ്മദീ മുസ്‌ലിംകളും ലോകത്ത് സമാധാനം കിട്ടുന്നതിന് അവരവരുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.' (ആലമീബ ുഹ്റാനും സമാധാനത്തിന്റെ വഴിയും പേജ് 46)

2013 ജൂൺ 11ന് ലണ്ടനിലെ പാർലമെന്റ് ഹൗസിൽ ചെയ്ത പ്രസംഗത്തിൽ പറഞ്ഞു: 'സമയത്തിന് പ്രധാന ആവശ്യമുണ്ട്. ആഗോള സമാധാനവും സൗഹാർദവും ഉറപ്പാക്കുന്നതിനുള്ള പരിശ്രമത്തിൽ എല്ലാ ജനങ്ങളും അന്യോന്യവും എല്ലാ മതങ്ങളോടും പരസ്പര ബഹുമാനം പ്രകടിപ്പിക്കേണ്ടതാണ്. ഇത് ഇക്കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇതിന് ബദലുകളെല്ലാംതന്നെ ഞെട്ടിപ്പിക്കുന്നവയാണ്.

ലോകമിന്ന് ആഗോളഗ്രാമമായി മാറിയിരിക്കുകയാണ്. അതിനാൽ സമാധാനപ്രചാരണത്തിന് ഒന്നിച്ചുനിൽക്കുന്നതിനുള്ള പരാജയവും പരസ്പര ബഹുമാനത്തിന്റെ കുറവും ഒരു പ്രദേശത്തെയോ നാഗരത്തെയോ രാജ്യത്തെയോ മാത്രമല്ല അപായപ്പെടുത്തുക. മറിച്ച് യഥാർഥത്തിൽ മുഴുവൻ ലോകത്തിന്റേയും സമ്പൂർണ നാശത്തിലേക്കായിരിക്കും ആത്യന്തികമായി നയിക്കുക.

കഴിഞ്ഞ രണ്ട് ലോകമഹായുദ്ധങ്ങൾ മൂലമുണ്ടായ ഞെട്ടിപ്പിക്കുന്ന സമ്പൂർണ നാശത്തെക്കുറിച്ച് നമുക്കെല്ലാവർക്കും അറിവുള്ളതാണ്. ചില രാജ്യങ്ങളുടെ പ്രവർത്തനങ്ങൾ കാരണമിന്ന് ചക്രവാളത്തിൽ മറ്റൊരു ലോകയുദ്ധത്തിന്റെ ലക്ഷണങ്ങൾ കാണപ്പെടുന്നു.

ഒരു ലോകമഹായുദ്ധമിന്ന് പൊട്ടിപ്പുറപ്പെടുകയാണെങ്കിൽ അതിന്റെ ദൂരവ്യാപകവും വനാശകരവുമായ പ്രത്യാഘാതങ്ങൾ പാശ്ചാത്യലോകത്തേയും ആഴത്തിൽ ബാധിക്കുന്നതായിരിക്കും. അത്തരത്തിലുള്ള സമ്പൂർണ നാശത്തിൽനിന്ന് നമുക്ക് നമ്മെ രക്ഷിക്കാം. യുദ്ധത്തിന്റെ ദുരിതാനുഭവങ്ങളിൽനിന്നും സംഹാരാത്മകമായ പ്രത്യാഘാതങ്ങളിൽനിന്നും നമുക്ക് ഭാവിതലമുറയെ രക്ഷിക്കാം. ഏറ്റവും ഭീതിജനകമായ യുദ്ധം ആണവയുദ്ധം തന്നെയായിരിക്കുമെന്നത് വ്യക്തമാണ്. തീർച്ചയായും ഏതു രീതിയിലാണോ ലോകമിന്ന് മുന്നോട്ടുപോകുന്നത് അതിലൊരു ആണവയുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനുള്ള എല്ലാ അപകട സാധ്യതയും കാണപ്പെടുന്നുണ്ട്. അത്തരത്തിലുള്ളൊരു പരിണിതഫലം തടയുന്നതിന് നാം നീതിയും സ്വഭാവദാർഢ്യതയും സത്യസന്ധതയും കൈക്കൊള്ളണം. ലോകസമാധാനം തകർക്കാനാഗ്രഹിക്കുന്ന, വിദ്വേഷം പരത്താനാഗ്രഹിക്കുന്ന ഗ്രൂപ്പുകളെ തടയുകയും അടിച്ചമർത്തുകയും ചെയ്യാൻ ഒന്നിച്ചണിചേരണം.

ഈ ഉദ്യമത്തിൽ നിഷ്കപടവും നീതിപൂർവ്വവുമായ നിലയിൽ ലോകത്തിലെ പ്രബല ശക്തികൾക്ക് തങ്ങളുടെ ഉത്തരവാദിത്വങ്ങളും കടമകളും ശരിയാംവണ്ണം നിർവഹിക്കാൻ സർവശക്തനായ ദൈവം സാധ്യമാക്കിത്തീർക്കട്ടെ. ഇതെന്റെ പ്രതീക്ഷയും പ്രാർഥനയുമാണ്.' (Ibid, പേജ് 135–136)

മാനവികതയുടെ പ്രവാചകൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തന്റെ ജീവിതത്തിന്റെ അവസാനം ചെയ്ത പ്രസംഗം 'ഹജ്ജത്തുൽ വിദാ' എന്ന പേരിൽ പ്രസിദ്ധമാണ്. അതിൽ ആ മഹാത്മാവ് ചെയ്ത പ്രസംഗം എന്നെന്നും തലയുയർത്തിപ്പിടിക്കുന്ന ഉദാത്തമായ പതാകയാണ്. അത് പുനരുഥാനനാൾവരെ പാറിപറന്നുകൊണ്ടിരിക്കും. മനുഷ്യകുലത്തിന് മാനവികതയുടെ ഉപദേശം നല്കിക്കൊണ്ടിരിക്കും.

അവിടന്ന് ഹിജറ 9 ദിൽഹജ് 11ന് അവിടെ സന്നിഹിതരായിരുന്ന മുസ്‌ലിമീംകളുടെ മുമ്പിൽനിന്നുകൊണ്ട് നല്കിയ ഖുത്ബയിൽ പറഞ്ഞു: "അല്ലയോ ജനങ്ങളേ! കേട്ടുകൊള്ളുക. നിങ്ങളുടെ ദൈവം ഏകനാകുന്നു. ഇപ്രകാരം തന്നെ നിങ്ങളുടെ പിതാവും ഏകനാകുന്നു. (അതായത് നിങ്ങളെല്ലാം ആദമിന്റെ സന്താനപരമ്പരയുമായി ബന്ധപ്പെട്ടിരിക്കുന്നു). ഏതെങ്കിലും അറബിക്ക് അനറബിയുടെമേലോ ഏതെങ്കിലും വെളുത്തവന് കറുത്തവന്റെമേലോ ഏതെങ്കിലും കറുത്തവന് വെളുത്തവന്റെമേലോ ഒരു ശ്രേഷ്ഠതയുമില്ല; തഖ്‌വ കൈക്കൊള്ളുന്ന സാത്വികനൊഴികെ. ഓർമിച്ചു കൊള്ളുക! അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ ഏറ്റവും ആദരണീയൻ ഏറ്റവും അധികം ഭക്തനും സൂക്ഷ്മതയുള്ളവനുമാകുന്നു."

തുടർന്നു ആ മഹാത്മാവ് പറഞ്ഞു: 'എല്ലാ മനുഷ്യരും അവർ ഏതു ജനതയിലുള്ളവരായാലും ഏതു നിലയ്ക്കുള്ളവരായാലും മനുഷ്യനെന്ന നിലയിൽ ഒരേയൊരു സ്ഥാനം ഉൾക്കൊള്ളുന്നു.'

ഇത്രയും പറഞ്ഞശേഷം നബി(സ)തിരുമേനി തന്റെ കൈകൾ ഉയർത്തി ഒരു കൈയിലെ വിരലുകൾ മറ്റേ കൈയിലെ വിരലുകളോടു കോർത്തുപിടിച്ചുകൊണ്ട് പറഞ്ഞു: "രണ്ട് കൈകളിലേയും വിരലുകൾ തുല്യമായിരിക്കുന്നതുപോലെ മനുഷ്യരെല്ലാം തുല്യരാകുന്നു. ഒരാൾക്കും മറ്റൊരാളേക്കാൾ ഒരു അധികാരവും മേന്മയുമില്ല. നിങ്ങളെല്ലാം പരസ്പരം സഹോദരന്മാരെ പോലെയാകുന്നു."

ഇത് സുദീർഘമായൊരു പ്രഭാഷണമാണ്. അതിൽ കീഴിലുള്ളവരോടും അടിമകളോടും സ്ത്രീകളോടും നല്ലരീതിയിൽ പെരുമാറണമെന്ന് ഉപദേശിച്ചുകൊണ്ട് അവസാനം പറഞ്ഞു. "ഞാൻ ഇന്ന് പറഞ്ഞിരിക്കുന്നതെന്തോ അത് നിങ്ങൾ ഭൂമിയുടെ കോണുകളോളം എത്തിക്കണം. എന്റെ ഈ പ്രസംഗം കേട്ടിട്ടില്ലാത്തവർ ഒരുപക്ഷേ, കേട്ടിട്ടുള്ളവരെക്കാൾ അതിൽനിന്നു ഫലം എടുത്തുവെന്നുവരാം." (ബുഖാരി, കിതാബുൽ മഗാസി, ബാബ് ഹജ്ജത്തുൽ വിദാ)

ഒരു ഇന്ത്യൻ ഫിലോസഫർ മിസ്റ്റർ കെ. എസ്. രാമകൃഷ്ണറാവു –പല ഗ്രന്ഥങ്ങളുടേയും കർത്താവാണ് അദ്ദേഹം, 2011ൽ ഭാരത സർക്കാർ അദ്ദേഹത്തിന് പത്മശ്രീ അവാർഡ് നല്കി അനുഗ്രഹിച്ചിട്ടുണ്ട്– 1991–ൽ നബി(സ)തിരുമേനിയുടെ പരിശുദ്ധ ജീവിതത്തിലും മാനവികതയെ ആദരിച്ചുകൊണ്ടു ചെയ്ത പ്രവർത്തനങ്ങളിലും ആകർഷിതനായി ഏത് വാക്കുകളിലാണ് അഭിവാദ്യം അർപ്പിച്ചത്, അദ്ദേഹത്തിന്റെ ഒന്നു രണ്ട് ഉദ്ധരണി ഇംഗ്ലീഷിൽനിന്ന് ഉർദുവിൽ തർജമ ചെയ്ത് കേൾപ്പിക്കുകയാണ്.

"ആഗോള സാഹോദര്യബന്ധത്തിന്റെ നിയമങ്ങളും മാനുഷിക സമത്വത്തിന്റെ അധ്യാപനവും അദ്ദേഹം അവതരിപ്പിച്ചത് മാനവികതയുടെ സാമൂഹികമായ പരിണാമത്തിൽ അവിടത്തെ മഹത്തായ പങ്കാളിത്തത്തെ പ്രതിബിംബിക്കുന്നു. എല്ലാ വലിയ മതങ്ങളും ഇതേ അധ്യാപനങ്ങളാണ് നല്കിയത്. പക്ഷേ, ഇസ്‌ലാമിന്റെ സ്ഥാപകർ ഈ വീക്ഷണത്തിന്റെ കർമപരമായ മാതൃക അവതരിപ്പിച്ചു. നൂറ്റാണ്ടുകൾക്കുശേഷം അന്താരാഷ്ട്ര മനസ്സാക്ഷി ഉണരുന്നതുമൂലം വംശീയ പക്ഷപാതി

ത്വം അവസാനിക്കുകയും എല്ലാ മനുഷ്യരും സാഹോദര്യത്തിന്റെ മാലയിൽ കോർക്കപ്പെടുകയും ചെയ്യുമ്പോൾ ഇക്കാര്യത്തിന്റെ പ്രാധാന്യത്തിന്റെ മതിപ്പുളവാക്കിയേക്കാം. ശക്തന്മാർ, കരബലംകൊണ്ട് അനന്തരാവകാശം കൈക്കലാക്കിയിരുന്ന സമ്പ്രദായം അറബികളിലുണ്ടായിരുന്നു. എന്നാൽ ഇസ്‌ലാം ദുർബല വിഭാഗത്തിന്റെ ധ്വജവാഹകരായി. അത് സ്ത്രീകളെ മാതാപിതാക്കൾ വിട്ടുപോകുന്ന സ്വത്തിന്റെ അനന്തരാവകാശികളാക്കി. ജനാധിപത്യത്തിന്റെ പ്രാരംഭപാഠശാല എന്നു പറയപ്പെടുന്ന ഇംഗ്ലണ്ടിൽ 1881–ൽ ഇസ്‌ലാമിന്റെ ഈ നിയമം സ്വായത്തമാക്കപ്പെട്ടു. ഈ നിയമം The Married Woman's Act എന്ന പേരിൽ അറിയപ്പെട്ടു. ചരിത്രപരമായ രേഖകളിൽനിന്ന് വ്യക്തമാകുന്നത് മുഹമ്മദിന്റെ കൂടെ ഉണ്ടായിരുന്ന എല്ലാവരും മിത്രങ്ങളാവട്ടെ, ശത്രുക്കളാവട്ടെ, മുഹമ്മദ്(സ)ന്റെ പ്രതാപപരമായ പ്രത്യേകതകളും നിർമലമായ വിശ്വസ്തതയും, ജീവപരിത്യാഗവും ഭയഭക്തിയും അതിനുപുറമെ ജീവിതത്തിന്റെ എല്ലാ രംഗത്തുമുള്ള മാനുഷികമായ ശീലങ്ങളിലും ജീവിതരീതികളിലുമുള്ള അവിടത്തെ മാതൃകയെ ഉത്തമമായി അംഗീകരിക്കുന്നു. ഒരു വിശ്വസ്തനായ മനുഷ്യൻ ദൈവത്തിന്റെ ഉത്തമസൃഷ്ടിയാണെന്ന് പറയപ്പെടുന്നു. മുഹമ്മദ്, വിശ്വസ്തതയിലും സത്യസന്ധതയിലും ഉന്നതസ്ഥാനീയനായിരുന്നു. മാനവികത അദ്ദേഹത്തിൽ അലിഞ്ഞുചേർന്നിരുന്നു. അവിടത്തെ ആത്മാവ് സൃഷ്ടികളോടുള്ള സ്നേഹത്തിന്റേയും അനുകമ്പയുടേയും ഗാനം ആലപിക്കാറുണ്ടായിരുന്നു. മനുഷ്യന് സേവനം ചെയ്യൽ, മനുഷ്യന് ഉയർച്ച നല്കൽ, മനുഷ്യനെ സംസ്കരിച്ചെടുക്കുക, മനുഷ്യനെ പഠിപ്പിക്കുക എന്നു തുടങ്ങി മനുഷ്യനെ മനുഷ്യനാക്കുക എന്നത് അദ്ദേഹത്തിന്റെ ലക്ഷ്യസ്ഥാനവും ജീവിതോദ്ദേശ്യവുമായിരുന്നു. അവിടത്തെ ജീവിതത്തിന്റെ ഏകചാലകശക്തിയും, മാർഗദർശന സിദ്ധാന്തവും, അത് അദ്ദേഹത്തിന്റെ ചിന്താധാരയിൽനിന്നും വാക്കുകളിൽനിന്നും കർമങ്ങളിൽനിന്നും വ്യക്തമായും പ്രകടമാകുന്ന മാനവികതയുടെ നന്മയാണ്.' (ഉസ്‌വയെ ഇൻസാനെ കാമിൽ ഹാഫിള് മുസഫ്ഫർ അഹ്മദ്, പേജ് 628–629 ൽ നിന്നെടുത്തത്)

അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

*കഹ്ത്തെ യൂറോപ് കെ നാദാൻ*
*ഈ നബി കാമിൽ നഹീ*
*വഹ്ശിയോംമെ ദീൻകാ ഫൈലാനാ*
*യെ കിയാ മുശ്കിൽ ഥാ കാർ*
*പർ ബനാനാ ആദ്മീ വഹ്ശീ*
*കൊ ഹെ ഇക് മുഅ്ജിസ*
*മഅ്നയെ റാസ് നുബുവ്വത്ത്*
*ഹെ ഉസീസെ ആശിക്കാർ*

ഇത് യാഥാർഥ്യമാണ്. നബി(സ)തിരുമേനിയുടെ ദിവ്യാത്ഭുതങ്ങളിൽ ഒരു ദിവ്യാത്ഭുതമാണ് അവിടന്ന് അറേബ്യയിലെ കാട്ടറബികളും മൃഗസ്വഭാവമുള്ളവരുമായ ജനതയെ മാനുഷികമൂല്യങ്ങൾ പഠിപ്പിച്ചത്. കാട്ടാളനെ മനുഷ്യനായും പിന്നെ അവനെ ധാർമിക മനുഷ്യനായും ഒടുക്കം ആത്മസിദ്ധികളോടുകൂടിയ ദൈവഭക്തനായും പരിണമിപ്പിച്ചു. മാനവികതയുടെ ആദരവിനെ അത്യുന്നതിയിലെത്തിച്ചു.

يَارَبِّ صَلِّ عَلٰى نَبِيِّكَ دَائِمًا
فِيْ هٰذِهِ الدُّنْيَا وَ بَعْثٍ ثَانٍ
اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَعَلٰى اٰلِ مُحَمَّدٍ
وَبَارِكْ وَسَلِّمْ اِنَّكَ حَمِيْدٌ مَجِيْدٌ

.........☆.........☆.........☆.........

## മതിമതി, വിധിയിതു തന്നെയല്ലോ!

**ഹദ്റത്ത് അഹ്മദ് (അ)**

ആരുടെ തേജസ്സിപ്പാരിടത്തെ
ആഭായമാക്കുന്ന, തെന്റെ ഗുരു
നാമാഭിധാനം മുഹമ്മദു താൻ
പ്രാണപ്രിയനിതുതന്നെയല്ലോ!

ദൈവദൂതന്മാർ പരിശുദ്ധന്മാർ
ചിലരോ ചിലരിലും ശ്രേഷ്ഠന്മാരും
എങ്കിലും സർവാധിനാഥൻ പക്കൽ
'ഖയ്റുൽവറാ' യതു തന്നെയല്ലോ

മുൻ കഴിഞ്ഞോരിലുമുന്നതൻ താൻ
ഉന്നതിയിലൊരു ചന്ദ്ര ബിംബം
അത്തിങ്കളിൽ സർവ ദൃഷ്ടികളും
'ബദ്റുദ്ദുജാ' യിതു തന്നെയല്ലോ!

പൂർവന്മാർ വഴിയിൽ കുഴഞ്ഞുനിന്നു
അക്കരെയെത്തിച്ചീത്തോണിക്കാരൻ
അത്തിരുസന്നിധി പൂകട്ടെ ഞാൻ
പെരിയൊരു നാവികൻ തന്നെയല്ലോ!

എങ്ങും നിറഞ്ഞവനാമപ്രേമൻ
ഏറ്റം രഹസ്യനായുള്ള കാമ്യൻ
അത്തിരുവാനനം കണ്ടതു മീ
മാർഗോപദേശിയാൽ തന്നെയല്ലോ!

അങ്ങിന്നു 'ദീനി'ന്റെ ചക്രവർത്തി
അങ്ങു പ്രവാചക പൊൻകിരീടം
അങ്ങു ശുദ്ധാത്മാവ്, വിശ്വസ്ത നീ
കീർത്തനമൊത്തതു തന്നെയല്ലോ!

അങ്ങു തൻ ദൃഷ്ടികൾ ക്രാന്തമല്ലോ
അങ്ങുതൻ ഹൃത്തടം ദൈവാപ്തവും
കൈകളിൽ ധർമത്തിൻ ദീപ ശിഖ
ആ ദിവ്യനൊളിപൂരം തന്നെയല്ലോ!

ഗഹനമാംമതതത്ത്വ ദർശനങ്ങൾ
അവിടന്നു വിവരിച്ചു കാട്ടിയല്ലോ
സമ്പത്തു വിതറുന്ന ധന്യാത്മനാം
രാജാധിരാജാവു തന്നെയല്ലോ!

ആ ദിവ്യ ദീപ്തിയ്ക്ക് മുമ്പിലിതാ
തെണ്ടമാക്കീടുന്നെൻ ജീവഭാരം
അങ്ങാണ്! ഞാനൊരു തുച്ഛനത്രെ
മതിമതി, വിധിയിതു തന്നെയല്ലോ!

**(റൂഹാനീ ഖസായിൻ വാല്യം 20, പേജ് 456,**
**ഖാദിയാൻ കെ ആര്യ ഔർ ഹം, പേജ് 40)**

**വിവ: എൻ അബ്ദുർറഹീം മർഹൂം**

(– പേജ് 12ൽ നിന്ന്)

കുറച്ചേ പ്രകടമാകുകയുള്ളൂ.(മക്തൂബാത്തെ അഹ്മദ്, വാല്യം 1, പേജ് 535, മീർ അബ്ബാസ് അലിക്കെഴുതിയ കത്ത്, നമ്പർ 18)

അതിനാൽ അങ്ങേയറ്റം വ്യക്തിപരമായ അഭിനിവേശത്തോടും സ്നേഹവികാരത്തോടുംകൂടി സ്വലാത്ത് ചൊല്ലേണ്ടതാണ്. സ്വലാത്ത് ചൊല്ലാനുള്ള ഈ അഭിനിവേശം അല്ലാഹു നമ്മളിൽ ഉണ്ടാക്കുമാറാകട്ടെ. നമ്മൾ യഥാർഥത്തിൽ നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുന്നവരായിത്തീരട്ടെ. അല്ലാഹു വാഗ്ദാനം ചെയ്ത ആ വിജയങ്ങളും സഫലതകളും കാണുന്നവരും അതിൽ ഭാഗഭാക്കാകുന്നവരും ആയിത്തീരട്ടെ. അത് സത്യസന്ധനായ പ്രേമി മുഖേന ഇക്കാലഘട്ടത്തിൽ വിധിക്കപ്പെട്ടിട്ടുള്ളതാണ്. നമ്മൾ മുസ്‌ലിമാണെന്നതിന് നമുക്കേതെങ്കിലും ഭരണകൂടത്തിന്റേയോ മതപണ്ഡിതന്റേയോ നാമമാത്ര ആലിമിന്റേയോ സർട്ടിഫിക്കേറ്റിന്റെ ആവശ്യമില്ല. ഏതെങ്കിലും ഫോറത്തിൽ എഴുതുന്നതുകൊണ്ട് നമ്മൾ മുസ്‌ലിമോ അമുസ്‌ലിമോ ആകുകയുമില്ല. നമുക്ക് വേണ്ടുന്നത് ഒരേയൊരു സർട്ടിഫിക്കേറ്റാണ്; അത് അല്ലാഹുവിന്റെ തൃപ്തിയാണ്. അല്ലാഹു നമ്മെ തൃപ്തിപ്പെടണം. നമ്മൾ യഥാർഥത്തിൽ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ ഉമ്മത്തിനോടുള്ള കടമ നിറവേറ്റുന്നവരും ആ ധന്യാത്മാവിനെ പിൻപറ്റുന്നവരുമാകുമ്പോഴുമാണ് അല്ലാഹു ആ സർട്ടിഫിക്കേറ്റ് നമുക്ക് നല്കുക. നമ്മുടെ സ്വലാത്ത് നബി(സ)തിരുമേനിവരെ എത്തി പിന്നീട് നമ്മെയേയും നബി(സ)തിരുമേനിയോടു അല്ലാഹു വാഗ്ദാനം ചെയ്ത ആ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാക്കുന്നവരാകുമ്പോഴുമാണ് അല്ലാഹു ആ സർട്ടിഫിക്കേറ്റ് നമുക്ക് നല്കുക. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

അങ്ങനെ ഈ വർഷവും ഇവിടെ അവസാനിക്കുകയാണ്. ചില രാജ്യങ്ങളിൽ 24 മണിക്കൂറും ചിലയിടങ്ങളിൽ രണ്ടുപകലും രണ്ടു രാവും ബാക്കിയുണ്ട്. അതിനാൽ ഈ അവസാനനാളുകളേയും സ്വലാത്തുകൊണ്ട് നിറയ്ക്കുക. എത്രയും വേഗം നമ്മൾ നബി(സ) തിരുമേനിയുമായി ബന്ധപ്പെട്ടിരിക്കുന്ന ആ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവരാകാൻ നവവർഷത്തെ സ്വലാത്തും സലാമുംകൊണ്ട് വരവേല്ക്കുക. അല്ലാഹു നമുക്കതിന് തൗഫീഖു നല്കുമാറാകട്ടെ. എല്ലാ ശത്രുക്കളിൽനിന്നും നമ്മെ കാത്തുരക്ഷിക്കുമാറാകട്ടെ. അവരുടെ ദ്രോഹപ്രവർത്തികൾ അവരിൽത്തന്നെ പതിക്കുമാറാകട്ടെ. ഇനി നമ്മൾ ദുആ ചെയ്യുന്നതാണ്. എന്നോടൊപ്പം നിങ്ങളും ദുആയിൽ പങ്കെടുക്കുക. ദുആയ്ക്കുശേഷം ഹുദൂർ പറഞ്ഞു: ഖാദിയാനിലെ ജൽസസാലാനയിൽ പതിനെട്ട് പത്തൊമ്പതിനായിരമാളുകൾ പങ്കെടുത്തിട്ടുണ്ടെന്ന് ഞാൻ പറഞ്ഞിരുന്നു. ഇപ്പോൾ യഥാർഥ കണക്ക് മുമ്പിൽ വന്നിരിക്കുന്നു. അതുപ്രകാരം 18864പേരാണ് പങ്കെടുത്തിട്ടുള്ളത്. 48 രാജ്യത്തുനിന്ന് പ്രതിനിധികൾ പങ്കെടുത്തു. അല്ലാഹു ഇവരെയെല്ലാം അനുഗ്രഹിക്കുമാറാകട്ടെ. വിവിധ രാജ്യങ്ങളിൽനിന്ന് അതിഥികൾ അവിടെ എത്തിയിട്ടുണ്ട്. പാക്കിസ്താനിൽനിന്നും എത്തിയിട്ടുണ്ട്. അല്ലാഹു അവരെയെല്ലാം സുഖമായി തങ്ങളുടെ വീടുകളിൽ എത്തിക്കുമാറാകട്ടെ. ഇവിടെ യു.കെയിൽ 5368 പേരാണ് പങ്കെടുത്തിട്ടുള്ളത്. ഏകദേശം 2400 സ്ത്രീകളും 2600 പുരുഷന്മാരുമാണ് പങ്കെടുത്തിട്ടുള്ളത്. ഇനി ഖാദിയാൻകാർ അവർക്ക് അവതരിപ്പിക്കാനുള്ള പരിപാടികൾ അവതരിപ്പിക്കുക. ●

# സ്വലാത്തിന്റെ അനുഗ്രഹങ്ങളും ആത്മീയ സ്വാധീനങ്ങളും

ത്വാഹിർ അഹ്മദ് ചീമ, ഉസ്താദ് ജാമിഅ അഹ്മദിയ്യ

إِنَّ اللّٰهَ وَمَلٰٓئِكَتَهٗ يُصَلُّوْنَ عَلَى النَّبِيِّ ؕ يٰٓاَيُّهَا الَّذِيْنَ اٰمَنُوْا صَلُّوْا عَلَيْهِ وَسَلِّمُوْا تَسْلِيْمًا ﴿۵۷﴾

(33:57)

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബി(സ)തിരുമേനിയുടെമേൽ കാരുണ്യം വർഷിക്കുന്നു. അല്ലയോ വിശ്വാസികളേ! നിങ്ങളും അദ്ദേഹത്തിനുമേൽ നല്ലവണ്ണം സ്വലാത്ത് ചൊല്ലുക.

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّعَلٰٓى اٰلِ مُحَمَّدٍ كَمَا صَلَّيْتَ عَلٰٓى اِبْرَاهِيْمَ وَعَلٰٓى اٰلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْدٌ اَللّٰهُمَّ بَارِكْ عَلٰى مُحَمَّدٍ وَّعَلٰٓى اٰلِ مُحَمَّدٍ كَمَا بَارَكْتَ عَلٰٓى اِبْرَاهِيْمَ وَعَلٰٓى اٰلِ اِبْرَاهِيْمَ اِنَّكَ حَمِيْدٌ مَّجِيْدٌ

ഈ ദൈവവചനത്തിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഈ ആയത്തിൽനിന്ന് പ്രകടമാകുന്നത് നബി(സ) തിരുമേനിയുടെ കർമങ്ങൾ എങ്ങനെയുള്ളതായിരുന്നുവെന്നാൽ, അല്ലാഹു അവയെ സ്തുതിക്കുന്നതിനോ സവിശേഷഗുണങ്ങൾ ക്ലിപ്തപ്പെടുത്തുന്നതിനോ ഒരു വാക്കും പ്രത്യേകമായി പറഞ്ഞില്ല എന്നതാണ്. വാക്കുകൾ കിട്ടുമായിരുന്നു. പക്ഷേ, സ്വയം അത് ഉപയോഗിച്ചില്ല. അതായത് നബി(സ)തിരുമേനിയുടെ സർകർമങ്ങളുടെ സ്തുതി ക്ലിപ്തപ്പെടുത്തുന്നതിന് അതീതമായിരുന്നു. ഇത്തരത്തിലുള്ള വചനം മറ്റൊരു നബിയുടേയും തേജോവിലാസത്തിന് ഉപയോഗിച്ചില്ല. നബി(സ) തിരുമേനിയുടെ റൂഹിൽ അതായത് ആത്മാവിൽ സത്യസന്ധതയും പരിശുദ്ധിയുമുണ്ടായിരുന്നു. അവിടത്തെ കർമങ്ങൾ ദൈവദൃഷ്ടിയിൽ എത്ര മാത്രം ഇഷ്ടപ്പെട്ടതായിരുന്നുവെന്നാൽ അല്ലാഹു എന്നെന്നേക്കുമായി നന്ദി എന്ന നിലയിൽ സ്വലാത്ത് ചൊല്ലാൻ കല്പന പുറപ്പെടുവിച്ചു." (അൽഹക്കം പത്രം വാല്യം 7, പേജ് 25)

അല്ലാഹു വളരെ വലിയ ഔദാര്യമാണ് ചെയ്തിട്ടുള്ളത്; അവൻ ദൈവകൃപകളിൽനിന്നും നബി(സ)തിരുമേനിയുടെ അറ്റമില്ലാത്ത പ്രകാശങ്ങളിൽനിന്നും അനുഗ്രഹങ്ങളിൽനിന്നും ഭാഗമെടുക്കുന്നതിനു വേണ്ടിയുള്ള ഒരു മാർഗമായി സ്വലാത്തിനെ വെച്ചിരിക്കുന്നു. ഇതിൽനിന്ന് എല്ലാ ഓരോ മുഅ്മിനും തന്റെ കഴിവും തൗഫീഖുമനുസരിച്ച് അനുഗ്രഹം കരസ്ഥമാക്കാവുന്നതാണ്.

സ്വലാത്തിന്റെ അനുഗ്രഹങ്ങളുടെ ചർച്ചയിൽ എണ്ണമറ്റ ഹദീഥുകൾ നബി(സ)തിരുമേനിയിൽനിന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. അവയിൽ ചിലത് നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബീ ത്വൽഹ(റ) തന്റെ പിതാവിൽനിന്ന് നിവേദനം: 'ഒരിക്കൽ നബി(സ)തിരുമേനി വന്നു. അവിടത്തെ മുഖത്ത് സന്തോഷം പ്രകടമായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: ജിബ്രീൽ(അ) എന്റെയടുത്തുവന്നു. അദ്ദേഹം ചോദിച്ചു, താങ്കളുടെ ഉമ്മത്തിൽനിന്ന് ആരെങ്കിലുമൊരാൾ താങ്കളുടെമേൽ സ്വലാത്ത് ചൊല്ലിയാൽ ഞാൻ അയാളുടെമേൽ പത്തുപ്രാവശ്യം സ്വലാത്തും സലാമും ചൊല്ലുമെന്നതിൽ താങ്കൾ സന്തോഷവാനല്ലേ?'

ഒരു മുസ്‌ലിം എന്റെമേൽ സ്വലാത്ത് ചൊല്ലുമ്പോൾ അല്ലാഹു അവന്റെമേൽ ആശംസകൾ നേരുന്നുവെന്ന് മറ്റൊരു നിവേദനത്തിലുണ്ട്. ഇതു കൂടുതലോ കുറച്ചോ ചൊല്ലുക എന്നത് മനുഷ്യനുമായി ബന്ധപ്പെട്ടതാണ്. (ഇബ്നുമാജ, കിതാബു ഇഖാമുസ്സലാത്ത്, ബാബ് സ്വലാത്തു അലന്നബിയ്യ്(സ)

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അല്ലാഹു സ്വലാത്തിന്റെ ഫലമായി സ്വലാത്തു ചൊല്ലുന്നവന്റെ പത്ത് കുറ്റം അകറ്റിക്കൊടുക്കുന്നു. അവന്റെ പത്തു പദവി ഉയർത്തുകയും ചെയ്യുന്നു. (നസാഇ കിതാബു അസ്സഹ്‌ഉൽഫള്‌ലി ഫിസ്സലാത്തി അലന്നബിയ്യി)

സ്വലാത്തിന്റെ ബർക്കത്തുകളിലൊന്ന് അതുമുഖേന ദുഃഖവും വിഷമവും അകലുന്നുവെന്നതാണ്. ഇത് പാപപ്പൊറുതിക്കുള്ള മാർഗമാണ്. ഹദ്റത്ത് അബീ ബിൻ കഅ്ബ്(റ) വിവരിക്കുന്നു: 'ഞാൻ ചോദിച്ചു. യാ റസൂലല്ലാഹ്! ഞാൻ അങ്ങയുടെമേൽ അധികമധികമായി സ്വലാത്ത് ചൊല്ലുന്നു. ഞാൻ എത്ര സ്വലാത്ത് ചൊല്ലണമെന്ന് അങ്ങുതന്നെ പറഞ്ഞുതന്നാലും.' അവിടന്ന് പറഞ്ഞു: 'നീ ആഗ്രഹിക്കുന്നത്ര ചൊല്ലിക്കൊള്ളുക.' അദ്ദേഹം പറയുന്നു: 'ഞാൻ ചോദിച്ചു: 'നാലിൽ ഒന്ന്?' അവിടന്ന് പറഞ്ഞു: 'നീ ആഗ്രഹിക്കുന്നത്ര. താങ്കൾ അതിനേക്കാൾ കൂടുതൽ സ്വലാത്ത് ചൊല്ലിയാൽ അത് താങ്കൾക്ക് ഉത്തമമാണ്.' നിവേദകൻ പറയുന്നു: 'ഞാൻ ചോദിച്ചു: 'പകുതി'? അവിടന്ന് പറഞ്ഞു:'നീ ആഗ്രഹിക്കുന്നത്ര. താങ്കൾ അതിനേക്കാൾ കൂടുതൽ സ്വലാത്ത് ചൊല്ലിയാൽ അത് താങ്കൾക്ക് ഉത്തമമാണ്.' നിവേദകൻ പറയുന്നു: ഞാൻ ചോദിച്ചു: 'നാലിൽ മൂന്ന്?' അവിടന്ന് പറഞ്ഞു: 'നീ ആഗ്രഹിക്കുന്നത്ര. താങ്കൾ അതിനേക്കാൾ കൂടുതൽ സ്വലാത്ത് ചൊല്ലിയാൽ അത് താങ്കൾക്ക് ഉത്തമമാണ്.' നിവേദകൻ പറയുന്നു: ഞാൻ പറഞ്ഞു: 'ഇനി മുതൽ ഞാനെന്റെ ദുആകളെല്ലാം തുടങ്ങുന്നത് സ്വലാത്തുകൊണ്ടായിരിക്കും.' നബി(സ) തിരുമേനി പറഞ്ഞു: 'ഇപ്രകാരം താങ്കളുടെ എല്ലാ ദുഃഖവും വിഷമവും അകലുന്നതായിരിക്കും. താങ്കളുടെ പാപം പൊറുക്കപ്പെടുന്നതായിരിക്കും.' (തുർമുദി, കിതാബു സിഫ്ത്തുൽ ഖിയാമത്തി)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് മുഫ്തീ മുഹമ്മദ് സ്വാദിഖ് സാഹിബ്(റ) വിവരിക്കുന്നു: 'ഈ ഹദീഥ് വായിച്ചപ്പോൾ ഞാനും അങ്ങനെതന്നെ ചെയ്യണമെന്ന മോഹം എന്റെ മനസ്സിലും അലതല്ലി. അങ്ങനെ ഒരു ദിവസം ഖാദിയാനിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തിരുസന്നിധിയിൽ ഞാൻ പറഞ്ഞു: 'ഞാനാഗ്രഹിക്കുന്നത് എന്റെ എല്ലാ ആഗ്രഹങ്ങളും ഉദ്ദേശ്യങ്ങളും പറയുന്നതിനു പകരം സ്വലാത്തിന്റെതന്നെ ദുആ ചെയ്യാമെന്നാണ്.'

ഹുദൂർ(അ) അപ്പോൾ അതിഷ്ടപ്പെട്ടതായി പ്രകടിപ്പിച്ചു. സന്നിഹിതരായവരെല്ലാം കൈയുയർത്തി ആ നേരത്ത് എനിക്കുവേണ്ടി ദുആ ചെയ്തു. അപ്പോൾ മുതൽ ഞാൻ അതനുസരിച്ച് പ്രവർത്തിക്കുന്നു; എല്ലാ ആഗ്രഹങ്ങളും സ്വലാത്തിന്റെ ദുആയിൽ ഉൾപ്പെടുത്തി അല്ലാഹുവിനോടു യാചിക്കുന്നു. (ദിക്റെ ഹബീബ്, പേജ് 236)

ഹദ്റത്ത് അനസ്(റ) രിവായത്ത് ചെയ്യുന്നു: നബി(സ) തിരുമേനി പറഞ്ഞു: 'ആരാണോ ഒരു ദിവസം ആയിരം തവണ എന്നിൽ സ്വലാത്ത് ചൊല്ലുന്നത് അവൻ ഈ ജീവിതത്തിൽത്തന്നെ സ്വർഗത്തിൽ സ്ഥാനം കാണുന്നതായിരിക്കും.'

ഈ ഹദീഥിൽനിന്ന് സ്ഥാപിതമാകുന്നത്, നബി(സ)തിരുമേനിയുടെമേൽ അധികമായി സ്വലാത്ത് ചൊല്ലുന്നയാൾ അടുത്തവഴിയിലൂടെ

"تَتَنَزَّلُ عَلَيْهِمُ الْمَلٰٓئِكَةُ اَلَّا تَخَافُوْا وَلَا تَحْزَنُوْا وَاَبْشِرُوْا بِالْجَنَّةِ الَّتِيْ كُنْتُمْ تُوْعَدُوْنَ"

എന്ന സ്ഥാനത്തെത്തുമെന്നാണ്. ഇതനുസരിച്ച് തന്റെ ജീവിതത്തിൽത്തന്നെ സ്വർഗത്തിന്റെ സുവാർത്ത എന്നല്ല സ്വയം സ്വർഗം പ്രാപിക്കുമെന്നാണ്. ഇതിനേക്കാളുപരി സ്വലാത്തിന്റെ അനുഗ്രഹങ്ങളിൽ മറ്റെന്തു ബർക്കത്താണ് വേണ്ടത്?

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് ശേയ്ഖ് കറം ഇലാഹീ സാഹിബ് പട്ടിയാലവിയുടെ വിവരണമുണ്ട്. അദ്ദേഹം പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുഗൃഹീത കാലഘട്ടത്തിൽ ഒരിക്കൽ ഖാദിയാനിൽനിന്ന് തിരിച്ചുപോകാൻ തയ്യാറായി. ഞാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)നോടു പറഞ്ഞു: എനിക്കെന്തെങ്കിലും 'ജപം' പറഞ്ഞുതന്നാലും. അവിടന്ന് പറഞ്ഞു: 'ഹദ്റത്ത് സാഹിബ് അധികവും സ്വലാത്ത് ശരീഫും ഇസ്തിഗ്ഫാറും ധാരാളമായി ചൊല്ലാനാണ് പറയാറുള്ളത്. അതിനേക്കാൾ കൂടുതൽ ഞാനെന്തു പറയാനാണ്. അതിനാൽ എത്രത്തോളം സ്വലാത്ത് ചൊല്ലാൻ കഴിയുമോ ചൊല്ലുക. നടന്നും ഇരുന്നുമൊക്കെ ഇസ്തിഗ്ഫാർ ചെയ്യുക.' അദ്ദേഹം പറയുന്നു: 'കഴിവനുസരിച്ച് ഞാൻ അങ്ങനെ ചെയ്തുവരുന്നു.'

വീണ്ടും പറയുന്നു: 'ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) മസ്ജിദ് മുബാറക്കിൽ ഖുദ്ദാമിനോടൊപ്പം ഭക്ഷണം കഴിക്കുകയായിരുന്നു. ഞാൻ വിരിപ്പിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ അടുത്താണ് ഇരുന്നിരുന്നത്. ഹദ്റത്ത് മൗലവി സാഹിബ് പതുക്കെ എന്നോടു ചോദിച്ചു. 'മഗ്‌രിബ് നമസ്കാരം കഴിഞ്ഞ് എത്ര സമയം ആയിട്ടുണ്ടാകും?' ഞാൻ പറഞ്ഞു, 'ഏകദേശം ഒരു മണിക്കൂ ർ.' അവിടന്ന് പറഞ്ഞു: 'നാം ആരോടെങ്കിലും സ്വലാത്തു ചൊല്ലാനും ഇസ്തിഗ്ഫാർ ചെയ്യാനും പറയുമ്പോൾ മിക്ക ആളുകളും സമയമില്ലെന്നും സമയം കുറവാണെന്നും ഒഴികഴിവ് പറയാറുണ്ട്. എന്നാൽ, ഈ ഒഴികഴിവ് ശരിയല്ല. നോക്കുക! നാം ഹദ്റത്ത് സാഹിബ്

പറയുന്ന കാര്യങ്ങളും ശ്രദ്ധിച്ച് കേട്ടുകൊണ്ടിരിക്കുന്നു. ഈ ഒരു മണിക്കൂറിനോടു അടുത്ത നേരത്തിനുള്ളിൽ അഞ്ഞൂറ് പ്രാവശ്യം നാം സ്വലാത്ത് ചൊല്ലി..... ഈ സുവർണമായ നിയമം പാലിച്ചതിനാൽ അല്ലാഹുവിന്റെ കൃപയാൽ ഞാൻ ഒരുപാട് ഫലം നേടി. അശ്രദ്ധയും ദുഷ്കർമവും മറയായി വരുന്നില്ലെങ്കിൽ ഇപ്രകാരം മനുഷ്യന് സമയം പാഴാക്കുന്നതിൽനിന്ന് ഒരു പരിധിവരെ രക്ഷപ്പെടാൻ സാധിക്കുന്നതാണ്. വബില്ലാഹിത്തൗഫീഖ്.'

നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് പൂർണമായ ശ്രദ്ധയോടും വിശ്വാസത്തോടും യഥാർഥ സ്നേഹത്തോടും അനുഭാവപൂർവവും ചൊല്ലേണ്ടതാണ്. അധികമായി ചൊല്ലുക എന്നതു വലിയ ശ്രേഷ്ഠമായ കാര്യമൊന്നുമല്ല. മറിച്ച്, ശ്രേഷ്ഠതയുള്ളത് നബി(സ) തിരുമേനിയുടെമേൽ ഏറ്റവും നല്ലനിലയിൽ സ്വലാത്ത് ചൊല്ലുന്നതിലാണ്.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി (സ) തിരുമേനി പറഞ്ഞു: 'എന്നിൽ സ്വലാത്തു ചൊല്ലുക. എന്റെമേൽ നിങ്ങളുടെ സ്വലാത്ത് ചൊല്ലൽ സ്വയം നിങ്ങളുടെ പരിശുദ്ധിക്കും അഭിവൃദ്ധിയ്ക്കുമുള്ള മാർഗമാണ്.'

ഈ ഹദീഥിന്റെ വിഷയം തികച്ചും വ്യക്തമാണ്; സ്വലാത്ത് പരിശുദ്ധി കരസ്ഥമാക്കുന്നതിനുള്ള മാർഗമാണ്. അതുമുഖേന ചിന്തകൾ പരിശുദ്ധമാകുന്നു. കർമങ്ങൾ പരിശുദ്ധമാകുന്നു. ആരെങ്കിലും പരീക്ഷിച്ചുനോക്കുന്നുവെങ്കിൽ, തീർച്ചയായും പരീക്ഷിച്ചുനോക്കുക. അധികമായി ആയിരം എണ്ണത്തിൽ സ്വലാത്ത് ചൊല്ലുകയും ഒപ്പം പലിശ വാങ്ങിത്തിന്നുകയും, വിശ്വാസവഞ്ചന കാണിക്കുകയും, മറ്റുള്ളവരെ മാനസികമായി വിഷമിപ്പിക്കുകയും ചെയ്താൽ സ്വലാത്തിന്റെ ബർക്കത്തുകൾ നമ്മൾ സ്വയം നമ്മുടെ കൈകൊണ്ട് നഷ്ടപ്പെടുത്തുകയായിരിക്കും ചെയ്യുന്നത്.

സ്വലാത്ത് ചൊല്ലുമ്പോൾ ഒന്ന് അല്ലാഹുവിനോടുള്ള സ്നേഹം മനസ്സിൽ ശക്തിപിടിക്കുന്നു. രണ്ട് നബി(സ)തിരുമേനിയുമായി മനസ്സിന് ഇണക്കമുണ്ടാകുന്നു. നബി(സ)തിരുമേനി ചെയ്ത പ്രവൃത്തി മനുഷ്യൻ ചെയ്യുന്നു. അതായത് അയാൾ റസൂലിന്റെ സുന്നത്തിന്റെ പ്രേമിയും പിൻപറ്റുന്ന ആളുമായിത്തീരുന്നു. സ്വലാത്ത് മനുഷ്യനെ ആത്മീയമായ രോഗങ്ങളിൽനിന്ന് പരിശുദ്ധനാക്കി ഉന്നതമായ കഴിവുകൾ പ്രദാനം ചെയ്യുന്നു.

*ഭേജ് ദുറൂദ് ഉസ് മുഹ്സിൻ പർ*
*തൊ ദിൻമെ സൗസൗ ബാർ*
*പാക് മുഹമ്മദ് മുസ്തഫാ*
*നബിയോം കാ സർദാർ.*

*ഔദാര്യം ചെയ്ത ആ മഹാനുഭാവനുമേൽ നിത്യവും നൂറുനൂറു സ്വലാത്തു ചൊല്ലുക;*
*പരിശുദ്ധനായ മുഹമ്മദു മുസ്തഫാ(സ)നബിമാരുടെ നേതാവാകുന്നു.*

സ്വലാത്ത് ശരീഫിന്റെ അനുഗ്രഹങ്ങളാൽ മനുഷ്യന് ശാന്തി കൈവരുന്നു. മനുഷ്യൻ അവിടെ നില്ക്കട്ടെ,അതുമുഖേന പക്ഷിമൃഗാദികൾപോലും ഫലമെടുക്കുന്നു.

ഹയാത്തെ ഖുദ്സി ഭാഗം നാലിൽ പേജ് 36 –ൽ ഹദ്റത്ത് ഗുലാം റസൂൽ സാഹിബ് രാജേകി(റ)യുടെ സംഭവം വരുന്നുണ്ട്. ഖാദിയാനിലെ താമസ കാലത്ത് ഒരിക്കൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഹദ്റത്ത് ഗുലാം റസൂൽ സാഹിബ് രാജേകിക്ക് കുറച്ച് എഴുത്തു ജോലി നല്കി. അതിന്നിടയിൽ സ്വലാത്തിന്റെ അനുഗ്രഹത്തിന്റെ ഒരു സംഭവമുണ്ടായി. അദ്ദേഹം പറയുന്നു: 'ഞാൻ ഉപദേശമനുസരിച്ച് ആ പുണ്യത്തിന് ജോലി ചെയ്യാൻ തുടങ്ങി. 12 മണിക്ക് സ്കൂളിൽനിന്ന് വന്ന് ബാക്കിയുള്ള സമയം എഴുത്തിൽ ചെലവഴിച്ചു. അക്കാലത്ത് ഞാൻ താമസിച്ചിരുന്നത് നഗരത്തിലെ ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബിന്റെ വീടിന്റെ ഒരു മുറിയിലായിരുന്നു. സമാനമായ മുറികളുടെ വരാന്തയിൽ രണ്ട് കാട്ടുപ്രാവുകൾ മുട്ടകളിട്ടിരുന്നു. ഒരു ദിവസം അടിച്ചുവാരുന്നയാൾ വീട് വൃത്തിയാക്കുമ്പോൾ അവയുടെ കൂട് തകർത്തുകളഞ്ഞു. മുട്ടകൾ പൊട്ടിനിലത്തു വീണു. ഞാൻ അപ്പോൾ എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. കൂട് തകർന്നത് പ്രാവുകൾ കണ്ടപ്പോൾ വേദനാജനകമായ ശബ്ദത്തിൽ ചിറകടിച്ച് പറക്കാൻ തുടങ്ങി. അവയുടെ വേദനാനിർഭരമായ ശബ്ദവും അസ്വസ്ഥതയും എന്നെ വല്ലാതെ സ്വാധീനിച്ചു. ഞാൻ എന്റെ പേന അവിടെവെച്ച് അവയിലേക്ക് ശ്രദ്ധിച്ചു. കണ്ണീരുകൊണ്ട് അവയുടെ ദുഃഖത്തിൽ ഭാഗഭാക്കായി. ഞാൻ ഒരുപാട് നേരം ചിന്തിച്ചിരുന്നു; സംസാരിക്കാൻ കഴിയാത്ത ഈ പക്ഷികളെ എങ്ങനെയാണ് സമാധാനിപ്പിക്കുക! പക്ഷേ ഒന്നും കണ്ടില്ല. സ്വലാത്ത് സ്വീകരിക്കപ്പെട്ട ദുആയാണല്ലോ എന്ന് ഞാൻ വിചാരിച്ചു. അതുകൊണ്ട് അതിന്റെ പുണ്യം എനിക്ക് നല്കുന്നതിനു പകരം അല്ലാഹു ആ പക്ഷികളുടെ സമാധാനത്തിന്റെ രൂപത്തിൽ നല്കുന്നതിന് സ്വലാത്ത് ചൊല്ലാമെന്ന് കരുതി. അങ്ങനെ ഞാൻ ആ നിയ്യത്തോടു കൂടി സ്വലാത്ത് ചൊല്ലാൻ തുടങ്ങി. തുടർന്ന് ആ പക്ഷികളുടെ അസ്വസ്ഥത നീങ്ങി. അവ സമാധാനമായി ഇരുന്നു. അവ സമാധാനത്തോടെ ഇരിക്കുന്നത് കണ്ട ഞാൻ പേനയെടുത്തു. സ്വലാത്ത് ചൊല്ലൽ നിറുത്തിക്കൊണ്ട് എഴുത്തിൽ മുഴുകി. പക്ഷേ, ഞാൻ കുറച്ച് വരികളേ എഴുതിയുള്ളൂ, പ്രാവുകൾ വീണ്ടും ചിലയ്ക്കാൻ തുടങ്ങി. അവയുടെ വേദന കണ്ട് ഞാൻ വീണ്ടും സ്വലാത്ത് ചൊല്ലാൻ തുടങ്ങി. അതിന്റെ ഫലമായി അവ വീണ്ടും സമാധാനത്തോടെ ഇരുന്നു. പക്ഷേ അത് കണ്ട് ഞാൻ പേനയെടുത്തപ്പോൾ വീണ്ടും അവയുടെ അവസ്ഥ മാറി. മൂന്നുനാല് തവണ ഇങ്ങനെ മാറിമാറി വന്നു. അതിനുശേഷം ബാങ്ക് കൊടുത്തതോടെ ഞാൻ വാതിലടച്ച് മസ്ജിദിൽ പോകുകയും പ്രാവുകൾ പറന്നുപോവുകയും ചെയ്തു.

ഇക്കാലഘട്ടത്തിൽ ഏറ്റവുമധികം സ്നേഹത്തോടും അനുരക്തിയോടുംകൂടി സ്വലാത്ത് ചൊല്ലുന്നയാൾ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനി, മസീഹ് മൗഊദ്(അ) ആണ്. സ്വലാത്തിന്റെ ആ ബന്ധംകൊണ്ടാണ് ആ മഹാത്മാവ് ഈ സ്ഥാനം പ്രാപിച്ചത്. അവിടന്ന് പറയുന്നു: 'ഒരിക്കൽ നബി(സ)തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലുന്നതിൽ ഞാൻ അങ്ങേയറ്റം മുഴുകിയിരുന്നു. കാരണം അല്ലാഹുവിന്റെ വഴികൾ അതിസൂക്ഷ്മമാണെന്ന് എനിക്കറിയാമായിരുന്നു. അത് നബി(സ)തിരുമേനിയുടെ വസീല (മധ്യസ്ഥത)കൂടാതെ കിട്ടുകയില്ല.

ابْتَغُوٓا إِلَيْهِ الْوَسِيلَةَ (5:36) അവനിലേക്കുള്ള മധ്യസ്ഥമാർഗ്ഗം അന്വേഷിക്കുക എന്ന് അല്ലാഹുവും പറയുന്നു. അങ്ങനെ കുറച്ചുകാലത്തിനുശേഷം ഞാൻ ജാഗ്രദർശനത്തിൽ വെള്ളം കോരുന്ന രണ്ടുപേർ വന്നതായി കണ്ടു; ഒരാൾ ഉള്ളിലെ വഴിയിലൂടെയും മറ്റെയാൾ പുറത്തെ വഴിയിലൂടെയും. അവർ എന്റെ വീട്ടിൽ പ്രവേശിച്ചു. അവരുടെ ചുമലുകളിൽ പ്രകാശത്തിന്റെ കുടങ്ങൾ ഉണ്ടായിരുന്നു. അവർ *ഹാദാ ബിമാ സല്ലയ്ത്ത അലാ മുഹമ്മദിൻ* എന്ന് പറഞ്ഞുകൊണ്ടിരുന്നു; ഈ അനുഗ്രങ്ങൾ നബിയുടെമേൽ താങ്കൾ ചൊല്ലിയ സ്വലാത്തിന്റെ ഫലമാണ്.' (ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ, വാല്യം 22, പേജ് 131)

അവിടന്ന് പറഞ്ഞു: 'ഒരിക്കൽ രക്തംപോക്ക് എന്ന രോഗമുണ്ടായി. 16 ദിവസം മൂലത്തിലൂടെ ചോര പൊയ്ക്കൊണ്ടിരുന്നു. അസഹ്യ മായ വേദനയുമുണ്ടായിരുന്നു; അത് വിവരണാതീതമാണ്. എന്റെ ഈ രോഗം പാരമ്യതയിലെത്തിയപ്പോൾ അല്ലാഹു എന്റെ മനസ്സിലിട്ടു; 'എല്ലാ ചികിത്സയും നിറുത്തുക. നദിയിലെ പച്ചമണ്ണ് കൊണ്ടുവന്ന് തസ്ബീഹും സ്വലാത്തും ചൊല്ലി ശരീരത്തിൽ പുരട്ടുക.' ഉടനെതന്നെ നദിയിൽനിന്ന് പച്ചമണ്ണ് കൊണ്ടുവന്നു. ഞാൻ ***സുബ്ഹാനല്ലാഹി വ ബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം*** എന്നതിനോടൊപ്പം സ്വലാത്തും ചൊല്ലി ആ മണ്ണ് ദേഹത്ത് തേയ്ക്കാൻ തുടങ്ങി. ഓരോ പ്രാവശ്യം തേയ്ക്കുമ്പോഴും എന്റെ ശരീരം അഗ്നിയിൽനിന്ന് മോചനം നേടുന്നതുപോലെ തോന്നി. നേരം വെളുക്കുന്നതിനുള്ളിൽ ആ രോഗം ഭേദമായി.' (ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ, വാല്യം 22, പേജ് 246, അടിക്കുറിപ്പ്)

ഒരിടത്ത് അവിടന്ന് പറയുന്നു: 'സ്ഥിരചിത്തത കൈവരിക്കുന്നതിനുള്ള ഒരു ഉത്തമ മാർഗമാണ് സ്വലാത്ത്. അത് അധികമായി ചൊല്ലുക. ചടങ്ങ് എന്ന നിലയിലോ ആചാരമെന്ന നിലയിലോ അല്ല. മറിച്ച്, നബി(സ)തിരുമേനിയുടെ നിലകളും പദവികളും അഭിവൃദ്ധിപ്പെടുന്നതിനും, അവിടത്തെ വിജയങ്ങൾക്കും വേണ്ടി ആ മഹാത്മാവിന്റെ സൗന്ദര്യവും ഔദാര്യവും മുന്നിൽവച്ചുകൊണ്ട് ചൊല്ലുക. അതിന്റെ ഫലമായി ദുആ സ്വീകാര്യതയുടെ മാധുര്യമേറിയതും ആസ്വാദ്യകരവുമായ ഫലം നിങ്ങൾക്ക് ലഭിക്കുന്നതായിരിക്കും." (മൽഫൂദാത്ത്, വാല്യം 3, പേജ് 33)

നമ്മുടെ ഇപ്പോഴത്തെ ഇമാമും ഇടയ്ക്കിടെ ജമാഅത്തംഗങ്ങളെ സ്വലാത്ത് ചൊല്ലുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ടിരിക്കുന്നു. ഖിലാഫത്ത് ജൂബിലിയുടെ അവസരത്തിൽ ഹുദൂർ ഏതെല്ലാം ദുആകളിലേക്കാണോ ശ്രദ്ധ ക്ഷണിച്ചത്, അതിൽ സ്വലാത്തിനെ കുറിച്ച് പറഞ്ഞു: 'കുറഞ്ഞത് 33 പ്രാവശ്യം നിത്യവും സ്വലാത്ത് ചൊല്ലുക.' 2014 മെയ് 11 ന് ജുമുഅ ഖുത്ബയിൽ ഈ ദുആകൾ ആവർത്തിച്ചു. സ്വലാത്ത് അധികമായി ചൊല്ലാൻ ഉപദേശിച്ചു. ശത്രുക്കൾ നബി(സ)തിരുമേനിയെ ആക്ഷേപിക്കുമ്പോഴെല്ലാം ഹുദൂർ അധികമായി സ്വലാത്ത് ചൊല്ലാൻ പറയുന്നു.

ഹുദൂർ അയ്യദഹുല്ലാഹ് പറയുന്നു: 'കോടിക്കണക്കിനും ശതകോടിക്കണക്കിനും സ്വലാത്ത് ചൊല്ലുക. സ്വലാത്തിൽ ശ്രദ്ധ ഉണ്ടായിരിക്കുവോളം അതിന്റെ ബർക്കത്തുകൊണ്ട് ജമാഅത്തിന്റെ അഭിവൃദ്ധിയും ഖിലാഫത്തുമായിട്ടുള്ള ബന്ധവും അതിന്റെ സംരക്ഷണത്തിനുള്ള ഏർപാടും ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. ഇന്ന് ഇസ്‌ലാമിന്റെ ശത്രുക്കൾ നബി(സ) തിരുമേനിയുടെമേൽ ചെളിവാരി എറിയാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ ശ്രമത്തിന് ദുർപര്യവസാനമല്ലാതെ ഒരു ഫലവുമുണ്ടാകുകയില്ല. പക്ഷേ, അവരുടെ ഈ നിന്ദ്യമായ ശ്രമത്തിന്റെ ഫലമായി അഹ്മദികളായ നമ്മൾ, നബി(സ)തിരുമേനിയുടെമേൽ കോടിക്കണക്കിന് ശതകോടിക്കണക്കിന് പ്രാവശ്യം സ്വലാത്ത് ചൊല്ലേണ്ടതാണ്." (അൽഫള്ൽ ഇന്റർനാഷണൽ 2008 ഏപ്രിൽ 18)

വീണ്ടും പറയുന്നു: 'നബി(സ)തിരുമേനിയ്ക്കെതിരിൽ കൊടുങ്കാറ്റുപോലെ ആക്ഷേപശരങ്ങൾ ഉയരുമ്പോൾ തീർച്ചയായും അല്ലാഹുവിന്റെ മലക്കുകൾ നബിയുടെമേൽ സ്വലാത്ത് ചൊല്ലി

**(ശേഷം പേജ് 28ൽ)**

(- പേജ് 3ൽ നിന്ന്)

തർക്കുത്തരംകൊണ്ട് പാതിരി സാഹിബിനെ സേവിച്ചു. തീർച്ചയായും അത് അയാളുടെ ബുദ്ധിയുടെ എല്ലാ ചൂടും അകറ്റിയിട്ടുണ്ടാകും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'താങ്കളുടെ പക്കൽ സർക്കാരിന്റെ നിയമത്തിന്റെ എല്ലാ കാര്യങ്ങളും കുറ്റവിമുക്തമാണെങ്കിൽ, ദൈവഗ്രന്ഥങ്ങളെപോലെ എന്നല്ല അവയേക്കാൾ ശ്രേഷ്ഠമാണെങ്കിൽ ഞാൻ താങ്കളോടു ചോദിക്കുന്നു, ബ്രിട്ടീഷ് നിയമത്തിനു വിരുദ്ധമായി ഏതെല്ലാം നബിമാരാണോ ലക്ഷക്കണക്കിന് മുലകുടിക്കുന്ന കുഞ്ഞുങ്ങളെ കൊന്നൊടുക്കിയത് അവർ ഇക്കാലത്ത് ജീവിച്ചിരിപ്പുണ്ടെങ്കിൽ സർക്കാർ അവരോടു എങ്ങനെയായിരിക്കും പെരുമാറുക.

മറ്റുള്ളവരുടെ വയലുകളിലെ കുലകൾ പൊട്ടിച്ചു തിന്നിരുന്നവർ സർക്കാരിനു മുമ്പിൽ കുറ്റക്കാരായി വന്നിരുന്നെങ്കിൽ സർക്കാർ അവർക്കും അവർക്ക് അനുവാദം നല്കിയവർക്കും എന്തെന്തു ശിക്ഷ കൊടുക്കുമായിരുന്നു?

വീണ്ടും ഞാൻ ചോദിക്കുകയാണ് അത്തിപ്പഴം തിന്നാൻ ഓടിപ്പോയിരുന്നയാൾ- അത്തിമരം അയാളുടേതല്ല എന്നത് ഇഞ്ചീലിൽനിന്ന് സ്ഥാപിതമാണ്, മറിച്ച് അന്യരുടെ സ്വത്തായിരുന്നു- സർക്കാരിന്റെ മുമ്പിൽ ഇങ്ങനെ ചെയ്താൽ സർക്കാർ അയാൾക്ക് എന്ത് ശിക്ഷ നല്കും.

ഉടമയാരെന്ന് അറിയാത്ത ധാരാളം പന്നികളെ മസീഹ് നശിപ്പിച്ചു വെന്ന് ഇഞ്ചീലിൽനിന്ന് സ്ഥാപിതമാണ്. പാതിരി ക്ലാർക്ക് പറഞ്ഞത് അവയുടെ എണ്ണം രണ്ടായിരമാണെന്നാണ്. ഇനി താങ്കൾതന്നെ പറയുക. ശിക്ഷകളുടെ അടിസ്ഥാനത്തിൽ അതിനുള്ള ശിക്ഷ എന്താണ്? ഇപ്പോൾ ഇത്രമാത്രം എഴുതിയത് മതിയായതാണ്. മറുപടി തീർച്ചയായും എഴുതണം. എങ്കിലല്ലെ കൂടുതൽ ചോദിക്കാൻ പറ്റൂ.

പാതിരി സാഹിബ് താങ്കളുടെ ചോദ്യമാണിത്. മുഹമ്മദിനെപോലെ അത്തരം വ്യക്തി ഇന്ന് ബ്രിട്ടീഷ് സർക്കാരിന്റെ കാലത്തുണ്ടായിരുന്നെങ്കിൽ സർക്കാർ എന്തായിരിക്കും ചെയ്യുക? താങ്കൾ വ്യക്തമായും മനസ്സിലാക്കുക, ആ ഇരുലോകത്തിന്റേയും നേതാവ് ഈ സർക്കാരിന്റെ കാലത്തുണ്ടായിരുന്നെങ്കിൽ ഈ ഭാഗ്യമുള്ള സർക്കാർ ഈ സേവകനെ തങ്ങളുടെ അന്തസ്സായി മനസ്സിലാക്കുമായിരുന്നു; റോമാചക്രവർത്തി വെറും പടം കണ്ടുകൊണ്ട് എഴുന്നേറ്റു നിന്നതുപോലെ. ഈ സർക്കാരിനെ സംബന്ധിച്ച് അവർ ദൈവത്തിന്റെ പരിശുദ്ധന്മാരുടെ ശത്രുവാണെന്ന നിലയിൽ താങ്കൾ ഇത്തരം തെറ്റായ ധാരണകൾ വെച്ചുപുലർത്തുന്നത് താങ്കളുടെ അയോഗ്യതയും ദൗർഭാഗ്യവുമാണ്. ഈ സർക്കാർ ഇക്കാലത്ത് മുസ്‌ലിംകളിലെ ചെറിയ ചെറിയ അമീർമാരെപോലും ആദരിക്കുന്നവരാണ്. നോക്കുക! നസ്റുല്ലാഹ് ഖാൻ അദ്ദേഹം ഈയുള്ളവന്റെ ദാസരിൽ അത്ര ഉയർന്ന സ്ഥാനമുള്ള ആൾ അല്ലെങ്കിലും നമ്മുടെ ഇന്ത്യയിലെ രാജ്ഞി എങ്ങനെയാണ് അദ്ദേഹത്തെ ആദരിച്ചത്. അപ്പോൾ ഈ ലോകത്തും സ്ഥാനമുൾക്കൊള്ളുന്ന ആ ഉന്നതനായ പരിശുദ്ധ വ്യക്തി(സ)യുടെ മുമ്പിൽ രാജാവുപോലും അദ്ദേഹത്തിന്റെ കാലിൽ വീണിരുന്നു. അദ്ദേഹം ഇക്കാലത്തുണ്ടായിരുന്നെങ്കിൽ സംശയമൊന്നുമില്ല ഈ സർക്കാർ അദ്ദേഹത്തോട് ആദരണീയമായ രീതിയിൽ പെരുമാറുമായിരുന്നു. ദൈവിക സർക്കാരിനു മുമ്പിൽ മാനുഷികമായ സർക്കാരുകൾക്ക് വിനയത്തോടെ പെരുമാറുകയല്ലാതെ ഒന്നും നടക്കുകയില്ല. താങ്കൾക്കറിയില്ലേ? നബി(സ) തിരുമേനിയുടെ കാലത്തുണ്ടായിരുന്ന ക്രൈസ്തവരാജാവായ റോമാചക്രവർത്തി ഈ സർക്കാരിന്റെ സ്ഥാനത്തേക്കാൾ കുറച്ചു കുറവായിരുന്നുവോ? അദ്ദേഹം പറയുന്നു, ആ മഹാനായ നബിയുടെ സഹവാസത്തിൽ കഴിയാൻ എനിക്കു ഭാഗ്യമുണ്ടായിരുന്നെങ്കിൽ, ഞാൻ അദ്ദേഹത്തിന്റെ കാല് കഴുകുമായിരുന്നു. അതിനാൽ റോമാചക്രവർത്തി പറഞ്ഞതുതന്നെ തീർച്ചയായും ഈ ഭാഗ്യശാലിയായ സർക്കാരും പറയുമായിരുന്നു. എന്നല്ല, അതിനെക്കാൾ കൂടുതൽ പറയുമായിരുന്നു. ഹദ്റത്ത് മസീഹിനെ കുറിച്ച് അക്കാലത്തെ ഒരു ചെറിയ ജന്മിപോലും റോമാചക്രവർത്തി നബി(സ) തിരുമേനിയെ കുറിച്ച് പറഞ്ഞതുപോലെ- അത് ഇന്നേവരെ അങ്ങേയറ്റം ശരിയായ ചരിത്രത്തിലും ഹദീഥുകളിലും രേഖപ്പെടുത്തിയിട്ടുള്ളതാണ്- പറഞ്ഞതായി താങ്കൾ സ്ഥാപിച്ചുകാണിച്ചാൽ ഞാൻ താങ്കൾക്ക് ഇപ്പോൾതന്നെ ആയിരം രൂപ രൊക്കം സമ്മാനമായി നല്കുന്നതായിരിക്കും. ഇനി താങ്കൾക്ക് ഇതിന് തെളിവ് നല്കാൻ കഴിഞ്ഞില്ലെങ്കിൽ ഈ നിന്ദ്യമായ ജീവിതത്തേക്കാൾ മരിക്കുന്നതായിരിക്കും താങ്കൾക്ക് നല്ലത്. കാരണം റോമാചക്രവർത്തി ഈ ഉന്നതമായ സർക്കാരിന്റെ തുല്യതയുള്ള ആളായിരുന്നു. എന്നല്ല ചരിത്രത്തിൽനിന്ന് മനസ്സിലാകുന്നത് അക്കാലത്ത് അവരുടെ ശക്തിക്ക് സമാനമായ ഒരു ശക്തിയും ലോകത്തുണ്ടായിരുന്നില്ല എന്നാണ്. നമ്മുടെ സർക്കാർ ആ നിലവരെ എത്തിയിട്ടില്ല. എന്നിട്ടും റോമാചക്രവർത്തി ആ രാജത്വത്തിന്റെ മറനീക്കി പറയുന്നു; എനിക്ക് ആ ഉന്നതവ്യക്തിയുടെ തിരുസന്നിധിയിലെത്താൻ കഴിഞ്ഞിരുന്നെങ്കിൽ ആ പരിശുദ്ധന്റെ കാലു കഴുകുമായിരുന്നുവെന്ന്! അപ്പോൾ ഈ സർക്കാർ അതിനേക്കാൾ കുറഞ്ഞ ഭാഗ്യമുള്ളവരാണോ? തീർച്ചയായും ഈ സർക്കാരും അത്തരം രാജാവിന്റെ കാലിൽ വീഴുന്നത് അന്തസ്സായി മനസ്സിലാക്കുമായിരുന്നുവെന്ന് ഞാൻ വാദത്തോടെ പറയുന്നു. കാരണം ഈ സർക്കാർ ആ ആകാശരാജാവിനെ നിഷേധിക്കുന്നവരല്ല. അവന്റെ ശക്തിയുടെ മുമ്പിൽ മനുഷ്യൻ ഒരു ചത്ത കീടത്തിനുപോലും തുല്യനല്ല. നാം വിശ്വസനീയമായ മാർഗ്ഗത്തിലൂടെ കേട്ടു, നമ്മുടെ രാജ്ഞി യഥാർഥത്തിൽ ഇസ്‌ലാമിനെ സ്നേഹിക്കുന്നുണ്ടെന്ന്. അവരുടെ മനസ്സിൽ നബി(സ)തിരുമേനിയോടു വളരെ ബഹുമാനമുണ്ടെന്ന്. അതുകൊണ്ട് നിങ്ങൾ ഈ നിലയിലുള്ള സർക്കാരിനേയും തരംതാണതും വൃത്തികെട്ടതുമായ പാതിരിയെപോലെ കരുതുന്നത് അങ്ങേയറ്റം തെറ്റാണ്.

ആർക്കാണോ അല്ലാഹു രാജ്യവും സമ്പത്തും നല്കുന്നത് അവർക്ക് യുക്തിജ്ഞാനവും ബുദ്ധിയും നല്കുന്നു. ഈ സർക്കാരിന്റെ നാട്ടിൽ താൻ ദൈവമാണെന്നും ദൈവത്തിന്റെ പുത്രനാണെന്നും പറഞ്ഞ് ബഹളംവെക്കുമ്പോൾ സർക്കാർ അതിനെ എന്തു കൊണ്ട് അകറ്റുന്നില്ലാ എന്ന് ചോദിക്കുകയാണെങ്കിൽ, അതിനുള്ള മറുപടി ഈ വാത്സല്യനിധിയായ സർക്കാർ അവനെ ചികിത്സിച്ച് ഭേദപ്പെടുത്താൻ ഏതെങ്കിലും ഡോക്ടറെ ഏല്പിക്കുന്നുവെന്നാണ്. അല്ലെങ്കിൽ വലിയ വീട്ടിൽ സുരക്ഷിതമായി അവനെ താമസിപ്പിക്കുന്നു. ലാഹോറിൽ ഇത്തരത്തിലുള്ള ഒരു പാടാളുകൾ ഒരുമിച്ചുകഴിയുന്നുണ്ട്.

റോമാചക്രവർത്തി ഈ ആഗ്രഹം പ്രകടിപ്പിച്ചത് ഏതു ഗ്രന്ഥത്തിലാണുള്ളതെന്ന് ചോദിക്കുകയാണെങ്കിൽ അതിനുള്ള മറുപടിയായി അല്ലാഹുവിന്റെ ഗ്രന്ഥത്തിനുശേഷമുള്ള അസ്വിഹുൽകിതാബായ ബുഖാരിയിലെ വാക്യം എഴുതുകയാണ്. കണ്ണു തുറന്ന് വായിക്കുക. അതിതാണ്. *വഖദ് കുൻതു അഅ്‌ലമു അന്നഹൂ ഖാരിജുൻ വലം അക്കുൻ അളുന്നു അന്നഹൂ മിൻകും ഫലൗ അന്നാ അഅ്‌ലമു ഇന്നീ അഖ്‌ലുസ്വു ഇലയ്ഹി ലതജശ്ശംത്തു ലിഖാഅഹൂ വലൗ കുൻതു ഇൻദഹു ലഗസൽത്തു അൻഖദമയ്ഹി.* അതായത് അവസാനകാലത്തെ നബി ആഗതനാകുമെന്ന് എനിക്കറിയാമായിരുന്നു. എന്നാൽ, അദ്ദേഹം നിങ്ങളിൽനിന്നാണ് വരുന്നതെന്ന് (അറേബ്യക്കാരേ!) എനിക്കറിയില്ലായിരുന്നു. എനിക്ക് അദ്ദേഹത്തിന്റെ സന്നിധിയിൽ എത്താൻ കഴിഞ്ഞാൽ, അദ്ദേഹത്തിന്റെ ദർശനം എനിക്കുണ്ടാകാൻ ഞാൻ ധാരാളം പരിശ്രമിക്കുമായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ സന്നിധിയിൽ ഉണ്ടായിരുന്നെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ കാൽ കഴുകുമായിരുന്നു. ഇനി എന്തെങ്കിലും നാണമോ ലജ്ജയോ ഉണ്ടെങ്കിൽ, മസീഹിന് ഏതെങ്കിലും രാജാവിൽനിന്ന് അക്കാലത്ത് ഈ മഹത്ത്വം കിട്ടിയിട്ടുണ്ടെങ്കിൽ സമർപിക്കുക. ആയിരം രൂപ രൊക്കം എന്നിൽനിന്ന് വാങ്ങിക്കൊള്ളുക. ഇഞ്ചീലിൽനിന്നുതന്നെ സമർപിക്കണമെന്ന നിർബന്ധമില്ല. മാലിന്യത്തിൽ കിടക്കുന്ന ഏതെങ്കിലും കടലാസ് സമർപിച്ചാലും മതി. ഇനി രാജാവോ അമീറോ ഇല്ലെങ്കിൽ ഏതെങ്കിലും ചെറിയ നവാബിനെ സമർപിക്കുക. ഓർമിച്ചുകൊള്ളുക. ഒരിക്കലും സമർപിക്കാൻ കഴിയുകയില്ല. ഈ ശിക്ഷയും നരകത്തേക്കാൾ ഒട്ടും കുറവല്ല; താങ്കൾതന്നെ കാര്യത്തെ പൊക്കി, പിന്നെ താങ്കൾ സ്വയം കുറ്റവാളിയുമാക്കി. ശബാശ്!ശബാശ്! ശബാശ്!പാതിരി, നല്ലതുതന്നെ." (വിശദീകരണത്തിന് നൂറുൽ ഖുർആൻ 2, റൂഹാനീ ഖസാഇൻ, വാല്യം 9 വായിക്കുക)

ഇന്നും നബി(സ) തിരുമേനിക്കെതിരിൽ വ്യക്തിപരമായ ആരോപണങ്ങളും ആക്ഷേപങ്ങളും തുടർന്നു വരുന്നുണ്ട്. മുസ്‌ലിംകളുടേയും ദൗർഭാഗ്യത എന്നു പറയട്ടെ, അവരും അല്ലാഹുവിന്റെ ഒരു പുണ്യനബി മസീഹ് മൗഊദിനേയും മഹ്ദിയെ മഅ്ഹൂദിനേയും അപമാനിക്കുന്നതിൽ മുൻപന്തിയിലാണ്. അല്ലാഹു അത്തരക്കാർക്ക് ബുദ്ധിയും ഗ്രാഹ്യശക്തിയും നല്കുമാറാകട്ടെ. അവർ അല്ലാഹുവിന്റെ നബിയെ നിന്ദിച്ച് ദുൻയാവും ആഖിറത്തും നശിപ്പിക്കുകയാണ്.'

**(മൻസ്വൂർ അഹ്മദ് മസ്റൂർ)**

.........☆.........☆.........☆.........




## ഹദീസുന്നബ്‌വി(സ)

**നിങ്ങൾ നല്ല ആരോഗ്യവാനും സ്വയം ആവശ്യക്കാരനുമായ സ്ഥിതിയിൽ, ദാരിദ്ര്യത്തെ ഭയന്നുകൊണ്ടും ഐശ്വര്യത്തെ ആഗ്രഹിച്ചുകൊണ്ടുമിരിക്കുന്ന അവസ്ഥയിൽ നിങ്ങൾ ദാനധർമ്മം ചെയ്യുക. (മിശ്ക്കാത്ത്)**

**ത്വാലിബെ ദുആ:**
**M.P.Haneef Ahmad**
**Ameer Ahmadiyya Jama-ath Koodali, Kerala.**

## ഹദീസുന്നബ്‌വി(സ)

**അല്ലാഹുവാണെ സത്യം നിന്നെക്കൊണ്ട് അല്ലാഹു ഒരൊറ്റയാളെയെങ്കിലും നേർവഴിയിലാക്കുന്നത് നിനക്ക് ചുവന്ന ഒട്ടകങ്ങൾ ലഭിക്കുന്നതിനേക്കാൾ ഗുണകരമാണ്. (മുസ്‌ലിം)**

**ത്വാലിബെ ദുആ**
**C. Shameem Ahmad**
**Ahmadiyya Jama-ath Calicut, Kerala.**

# നബി(സ)തിരുമേനിയുടെ വിട്ടുവീഴ്ചയും മാപ്പും

ഉൽക്കൃഷ്ടസ്വഭാവങ്ങളുടെ അടിത്തറ ദൈവത്തിന്റെ സവിശേഷഗുണങ്ങളാണെന്ന് നബി(സ)തിരുമേനി പറഞ്ഞിരിക്കുന്നു. കഴിവിന്റെ പരമാവധി ആ വിശേഷഗുണങ്ങൾ സ്വായത്തമാക്കാൻ ഉപദേശിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ ഒരു വിശേഷഗുണമാണ് 'അഫുവ്വ്'. അതായത് അവൻ വളരെയധികം മാപ്പ് കൊടുക്കുന്നവനാണ്. ഒരു സമ്പൂർണ്ണമനുഷ്യനായിത്തീരാൻ അല്ലാഹുവിന്റെ ഈ വിശേഷഗുണത്തിൽ വിഭൂഷിതനാകേണ്ടത് മനുഷ്യന് നിർബ്ബന്ധമാണ്.

നബി(സ) തിരുമേനിക്ക് മാപ്പ് കൊടുക്കുക എന്ന ധാർമികഗുണം പ്രത്യേകമായ നിലയിൽ നല്കപ്പെട്ടിരിക്കുന്നു. അല്ലാഹു നബി(സ)തിരുമേനിയെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: "അല്ലാഹുവിന്റെ പ്രത്യേകമായ കാരുണ്യം കൊണ്ടുതന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ അവർ നിന്റെ ചുറ്റുംനിന്ന് ചിതറിപ്പിരിഞ്ഞ് പൊയ്ക്കളയുമായിരുന്നു. അതിനാൽ അവർക്ക് നീ മാപ്പ് നല്കുകയും അവർക്കായി പാപമോചനത്തിനുവേണ്ടി പ്രാർഥിക്കുകയും ചെയ്യുക" (3:10).

**ചില സംഭവങ്ങൾ:**

✳ മദീനയിൽ വന്നതിനുശേഷം ഒരിക്കൽ നബി(സ) അൻസ്വാരികളുടെ നേതാവും രോഗബാധിതനുമായിരുന്ന ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയെ കാണാൻ പോയി. വഴിയിൽ യഹൂദികളായ അന്യാരാധകരുടേയും മുസ്‌ലിംകളുടേയും ഒരു സഭയിൽ കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ഉണ്ടായിരുന്നു. നബി(സ) തിരുമേനിയുടെ യാത്രാവാഹനം വന്നുനിന്നപ്പോൾ പൊടിപാറി. അപ്പോൾ അയാൾ വാപൊത്തി. നബി(സ)തിരുമേനിയെ അധിക്ഷേപിച്ചു പറയാൻ തുടങ്ങി. നബി(സ) സഅ്ദ് ബിൻ ഉബാദയുടെ വീട്ടിലെത്തിയപ്പോൾ അദ്ദേഹത്തോട് ആ സംഭവം പറഞ്ഞു. മദീനയുടെ പ്രത്യേക പരിതസ്ഥിതിയിൽ അബ്ദുല്ലാഹ് ബിൻ ഉബയ്യിന് മാപ്പ് കൊടുക്കാൻ അദ്ദേഹം അപേക്ഷിച്ചു. നബിതിരുമേനി അദ്ദേഹത്തിന് മാപ്പ് കൊടുക്കുകയും ചെയ്തു." (ബുഖാരി)

✳ ദാത്തുർരിഖാഅ് യുദ്ധത്തിൽ, നബി(സ) തിരുമേനിയെ വധിക്കുക എന്ന ഉദ്ദേശ്യത്തോടെ പിന്തുടർന്നുവന്ന ഗൗരിഥ് ബിൻ ഹാരിഥിനും ആ മഹാത്മാവ് മാപ്പ് കൊടുക്കുകയുണ്ടായി. നബിതിരുമേനി ഉറങ്ങുമ്പോൾ, ആ മഹാത്മാവിനെ കൊല്ലുക എന്ന ഉദ്ദേശ്യത്തോടെ ആ മഹാത്മാവിന്റെതന്നെ വാൾ അയാൾ കൈവശപ്പെടുത്തി. എന്നാൽ, ആ പുണ്യാത്മാവിന്റെ ദൈവദത്തമായ ഗൗരവഭാവവും അന്യരിൽ ഉളവാക്കിയ ആദരയുക്തമായ ഭയവുംകൊണ്ട് അയാൾക്ക് ആ ദിവ്യാത്മാവിനെ കൊല്ലാൻ കഴിഞ്ഞില്ല. ആ വർഗ്ഗശത്രുവിനും നബി(സതിരുമേനി മാപ്പ് കൊടുത്തു" (ബുഖാരി).

✳ ഖയ്ബർ യുദ്ധത്തിനുശേഷം പ്രസിദ്ധനായ യഹൂദീ ജേർണൽ മർഹബിന്റെ സഹോദരി ആട്ടിറച്ചിയിൽ വിഷം കലർത്തി വേവിച്ച് നബി(സ)യുടെ സന്നിധിയിൽ സമ്മാനമെന്നോണം കൊടുത്തയച്ചു. നബി(സ) തിരുമേനി കൈയുടെ ഭാഗത്തുള്ള ഇറച്ചി ഭക്ഷിക്കാൻ തുടങ്ങി; മറ്റു സഹാബാക്കളും. ഉടനെ നബി(സ) ആരും അത് തിന്നരുതെന്ന് പറഞ്ഞ് വിലക്കി. പിന്നീട് ആ യഹൂദസ്ത്രീയെ ആ മഹാത്മാവ് വിളിപ്പിച്ചുകൊണ്ട് ചോദിച്ചു: 'നീ ഈ ഭക്ഷണത്തിൽ വിഷം ചേർത്തിട്ടുണ്ടോ?' 'ഉണ്ട്' എന്നവൾ പറഞ്ഞു. എന്നിട്ട് അത് എങ്ങനെ താങ്കൾ അറിഞ്ഞുവെന്ന്' അവൾ ചോദിച്ചു. നബി(സ) ആ കൈയുടെ ഭാഗത്തുള്ള ഇറച്ചിയിലേക്ക് ചൂണ്ടിക്കൊണ്ട് പറഞ്ഞു, 'അതാണ് എന്നോട് പറഞ്ഞത്.' നീ ഇതുകൊണ്ട് എന്താണ് ഉദ്ദേശിച്ചതെന്നും നബി(സ) ചോദിച്ചു. അവൾ പറഞ്ഞു, 'അങ്ങ് നബിയാണെങ്കിൽ ഈ വിഷം അങ്ങയ്ക്ക് ഒരു കേടും വരുത്തുകയില്ല. ഇനി അങ്ങനെയല്ലെങ്കിൽ അങ്ങയിൽനിന്ന് ഞങ്ങളുടെ ജീവൻ രക്ഷപ്പെടും.' നബി(സ) ആ സ്ത്രീക്ക് മാപ്പ് കൊടുത്തു. അവളെ ശിക്ഷിച്ചില്ല. ആ ഇറച്ചി ഭക്ഷിച്ച് ഒരു സ്വഹാബി മരിച്ചിരുന്നു. ആ വിഷത്തിന്റെ ദൂഷ്യഫലം നബി(സ) യുടെ അവസാനത്തെ രോഗത്തിലും പ്രകടമായിരുന്നു. ഇക്കാരണത്താൽ നബിതിരുമേനിക്ക് തൊണ്ടയിൽ ബുദ്ധിമുട്ടുണ്ടാകുമായിരുന്നു" (അബൂദാവൂദ്).

✳ അബ്ദുല്ലാഹ് ബിൻ സഅ്ദ് ബിൻ അബീസർഹും നബി(സ)യ്ക്കുണ്ടാകുന്ന വെളിപാടുകൾ എഴുതുന്ന ആളുകളിൽപെട്ടയാളായിരുന്നു. അയാൾ ദൈവികവചനത്തിൽ മാറ്റത്തിരുത്തലുകളും വഞ്ചനയും നടത്തി എന്ന കുറ്റത്തിന് വിധേയനായി. അയാളുടെ ആ കളവ് പിടിക്കപ്പെട്ടപ്പോൾ ധിക്കാരവും മതത്യാഗവും സ്വീകരിച്ച് മുസ്‌ലിംകളുടെ ശത്രുക്കളായ മക്കയിലെ ഖുറയ്ശികളോടൊപ്പം പോയിച്ചേർന്നു. അവിടെച്ചെന്നിട്ട് തന്റെ കുറ്റം തുറന്നനിലയിൽ അയാൾ പ്രചരിപ്പിച്ചു. താൻ പറഞ്ഞതുപോലെയാണ് വെളിപാടുണ്ടാക്കി എഴുതിയിരുന്നതെന്ന് അയാൾ പറഞ്ഞുനടന്നു. അയാളുടെ ധിക്കാരപരമായ നടപടി കാരണം അയാൾ വധാർഹനാണെന്ന് വിധിക്കപ്പെട്ടു. 'അല്ലാഹുവിന്റേയും റസൂലിന്റേയും ആ ശത്രുവിനെ തങ്ങൾ വധിക്കു'മെന്ന് ചില മുസ്‌ലിംകൾ തീരുമാനിച്ചു. എന്നാൽ, ഇയാൾ തന്റെ മുലകുടി സഹോദരനായ ഹദ്റത്ത് ഉഥ്മാൻ ഗനി(റ)യുടെ അഭയത്തിൽ വന്ന് മാപ്പുചോദിച്ചു. നബി(സ) ആദ്യം അത് നിഷേധിച്ചു. എന്നാൽ, ഹദ്റത്ത് ഉഥ്മാൻ(റ) ആവർത്തിച്ചാവർത്തിച്ച് അപേക്ഷിക്കുകയും, താൻ അയാൾക്ക് അഭയം വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് പറയുകയും ചെയ്തപ്പോൾ നബി(സ) അയാൾക്ക് മാപ്പ് കൊടുത്തു. അയാളുടെ ബയ്അത്ത് സ്വീകരിക്കുകയും ചെയ്തു.

✳ നിർബന്ധമായും വധിക്കപ്പെടണമെന്ന് വിധിക്കപ്പെട്ട കുറ്റവാളികളിൽ ഒരാളായിരുന്നു ഹബ്ബാർ ബിൻ അസ്‌വദ്. നബി(സ)യുടെ മകളായ ഹദ്റത്ത് സയ്നബിന്റെമേൽ മക്കയിൽനിന്ന് മദീനയിലേക്ക് അവർ ഹിജ്റത്ത് ചെയ്യുന്ന നേരത്ത് അയാൾ വധശ്രമം നടത്തി. ഒട്ടകത്തിൽനിന്ന് അവർ ഒരു പാറയുടെമേൽ വീണു. അങ്ങനെ അവരുടെ ഗർഭം അലസിപ്പോയി. ഗുരുതരമായേറ്റ ആ പരിക്കിൽതന്നെയാണ് അവർ മരിച്ചതും. ഈ കുറ്റത്തിനാണ് ഹബ്ബാറിനെ വധിക്കാൻ നബി(സ) തിരുമേനി ഉത്തരവിട്ടത്. മക്കാവിജയത്തിന്റെ വേളയിൽ ഇയാൾ എവിടേയ്ക്കോ ഓടിപ്പോയി. പിന്നീട് നബി(സ) മദീനയിൽ തിരിച്ചെത്തിയപ്പോൾ ഹബ്ബാർ, ആ പുണ്യാത്മാവിന്റെ സന്നിധിയിൽ ഹാജരായി മാപ്പിന്നപേക്ഷിച്ചുകൊണ്ടു പറഞ്ഞു: 'അങ്ങയോടുള്ള ഭയം കൊണ്ടാണ് ഞാൻ ആദ്യം ഓടിപ്പോയത്. പിന്നീട് അങ്ങയുടെ മാപ്പിന്റേയും കരുണയുടേയും വിചാരമാണ് എന്നെ അങ്ങയുടെ അടുക്കൽ തിരിച്ചുകൊണ്ടുവന്നിരിക്കുന്നത്. അല്ലാഹുവിന്റെ നബിയെ, ഞങ്ങൾ അജ്ഞതയിലും അന്യാരാധനയിലും അകപ്പെട്ടിരിക്കുകയായിരുന്നു. അങ്ങ് മുഖേന അല്ലാഹു ഞങ്ങൾക്ക് സന്മാർഗ്ഗം നല്കുകയും നാശത്തിൽനിന്ന് രക്ഷിക്കുകയും ചെയ്തു. അതുകൊണ്ട് എന്റെ അജ്ഞാനകാലത്തെ ചെയ്തികൾ അങ്ങ് മാപ്പാക്കിത്തന്നാലും. നിസ്സംശയം! ഞാൻ എന്റെ കുറ്റങ്ങളും അതിക്രമങ്ങളും അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു."

മാപ്പിന്റേയും ഉദാരതയുടേയും ആ ആൾരൂപം തന്റെ മകളുടെ ആ ഘാതകനും പൊറുത്തുകൊടുത്തു. അയാളോടു പറഞ്ഞു, 'ഹബ്ബാറേ, താങ്കൾ പോയ്ക്കൊള്ളുക! ഞാൻ താങ്കൾക്ക് മാപ്പ് തന്നിരിക്കുന്നു. അല്ലാഹു താങ്കൾക്ക് ഇസ്‌ലാം സ്വീകരിക്കാൻ ഭാഗ്യം നല്കിയെന്നത് അവന്റെ ഔദാര്യമാണ്.' പിന്നീട് ലോകത്തിന്റെ കാരുണ്യമായ നബി(സ) തിരുമേനി, ഹബ്ബാറിനെ ഇങ്ങനെസമാധാനപ്പെടുത്തി: 'ഇസ്‌ലാം സ്വീകരിക്കുക എന്നത് മുൻകഴിഞ്ഞ പാപങ്ങളുടെ ദൂരീകരണമാണ്.

✳ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട കുറ്റവാളികളിൽ, ഇസ്‌ലാമിന്റെ കൊടുംശത്രുവായ അബൂജഹ്‌ലിന്റെ മകനും, മക്കയിലെ അന്യാരാധകരുടെ നേതാവുമായ ഇക്‌രിമയുമുണ്ടായിരുന്നു. അയാൾ തന്റെ ജീവിതം മുഴുവൻ എതിർപ്പിലും ശത്രുതയിലും കഴിച്ചുകൂട്ടി. മുസ്‌ലിംകളേയും ഇസ്‌ലാംമത സ്ഥാപകരേയും നാട്ടിൽനിന്ന് പുറത്താക്കി. മദീനയിലും സമാധാനത്തോടെ ജീവിക്കാൻ അവരെ അനുവദിച്ചില്ല. അവരുടെമേൽ യുദ്ധം അടിച്ചേൽപ്പിച്ചു. അവർക്കെതിരിൽ സൈന്യത്തെ അണിനിരത്തി. ഹുദയ്ബിയ്യ എന്ന സ്ഥലത്തുവെച്ച് ഉംറ ചെയ്യാൻ വന്ന മുസ്‌ലിംകളെ അവർ തടഞ്ഞു. ആ സന്ദർഭത്തിൽ ചെയ്ത ഉടമ്പടി ലംഘിക്കുന്നതിലും ചവിട്ടിമെതിക്കുന്നതിലും വ്യക്തമായ പങ്കാണ് ഇക്‌രിമ വഹിച്ചത്. ഇതിനേക്കാളൊക്കെ ഉപരിയായി മക്കാ

(ശേഷം പേജ് 28ൽ)

# മക്കളുടെ ശിക്ഷണവും നബി ﷺ തിരുമേനിയുടെ മാതൃകയും

നിയാസ് അഹ്മദ് നാഇക്, ഉസ്താദ് ജാമിഅ അഹ്മദിയ്യ ഖാദിയാൻ

لَقَدْ كَانَ لَكُمْ فِي رَسُولِ اللَّهِ أُسْوَةٌ حَسَنَةٌ
(33:22)

നബി(സ)തിരുമേനി നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും പിൻപറ്റുന്നതിന് അർഹനും വഴികാട്ടിയുമാണ്.

എല്ലാവിധത്തിലും അന്ധകാരവും ഇരുട്ടിന്റെ കാളിമയും വ്യാപിച്ചിരുന്ന കാലഘട്ടത്തിലാണ് നബി(സ)തിരുമേനി ജനിച്ചത്. മക്കളുടെ ശിക്ഷണത്തിന്റെ കാര്യത്തിലും അറേബ്യൻജനത നീചതയുടെ വേട്ടയായിരുന്നു. പെൺകുട്ടിയുടെ ജനനം വെറുപ്പോടെയാണ് അവർ കണ്ടിരുന്നത്. ചില ഗോത്രങ്ങളിൽ പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടിയിരുന്നു. കുട്ടികളോടു കാഠിന്യത്തോടും കാർക്കശ്യത്തോടും പെരുമാറിയിരുന്നു. ഒരിക്കൽ ഒരു ഗ്രാമീണനായ അറബി ഇഖ്റാ ബിൻ ഹാബിസ് നബി(സ) തിരുമേനി കുട്ടികൾക്ക് മുത്തംകൊടുക്കുന്നതു കണ്ടു. അപ്പോൾ അയാൾ നബി(സ)തിരുമേനിയോടു അത്ഭുതത്തോടെ ചോദിച്ചു: 'അത്തഖബ്ബിലൂന സിബ്യാനക്കും താങ്കൾ കുട്ടികൾക്ക് മുത്തം കൊടുക്കുകയോ? അവരെ സ്നേഹിക്കുകയോ?'

വളർന്ന് വലുതായി യുദ്ധങ്ങളിലും ബലാൽക്കാരങ്ങളിലും പങ്കെടുത്ത് ജനതയുടെ അന്തസ്സിന് നിമിത്തമാകുന്നതിനുവേണ്ടി മാത്രമായിരുന്നു അവർ കുട്ടികളെ സ്നേഹിച്ചിരുന്നത്. അവരുടെ പേരുതന്നെ 'ഹർബി' എന്നും 'ജംഗി'(യുദ്ധംചെയ്യുന്നവൻ) എന്നും വെച്ചിരുന്നു. ഹദ്റത്ത് അലിയുടെ ആദ്യത്തെ മകൻ ഹസൻ ജനിച്ചപ്പോൾ അദ്ദേഹത്തിന്റെ പേര് 'ഹർബ്' എന്നാണ് വെച്ചത്. ഹർബ് എന്നതിന്റെ അർത്ഥം യുദ്ധമെന്നാണ്. നബി(സ) തിരുമേനി ഇതറിഞ്ഞപ്പോൾ ഇഷ്ടപ്പെട്ടില്ല. അദ്ദേഹത്തിന്റെ പേര് ഹർബ് എന്ന് മാറ്റി ഹസൻ എന്നുവച്ചു.

അതായത് നബി(സ)തിരുമേനിയുടെ നിയോഗം കുട്ടികളുടെ ശിക്ഷണത്തിന്റെ പരമ്പരയിലും കാരുണ്യത്തിന് കാരണമാകുകയും മക്കളുടെ തർബിയ്യത്തിന്റെ പരമ്പരയിൽ നബി(സ) തിരുമേനി മാർഗദർശനത്തിന്റെ അടിസ്ഥാനപരമായ തത്ത്വം വ്യക്തമാക്കുകയും ചെയ്തു. അത് നമുക്ക് വിശുദ്ധഖുർആനിലും തിരുഹദീഥുകളിലും തുടരെ ലഭിക്കുന്നു. അവയെല്ലാം ഇവിടെ വലയം ചെയ്യുക എന്നത് കൂജയിൽ സമുദ്രത്തെ ഒതുക്കി നിറുത്തുന്നതുപോലെയാണ്. ചില കാര്യങ്ങൾ പ്രതിപാദിക്കുകയാണ്.

നബി(സ)തിരുമേനി സന്താനങ്ങളുടെ തർബിയ്യത്തിന്റെ വിഷയത്തിൽ സ്വീകരിച്ച മാർഗം വിശുദ്ധഖുർആന്റെ അധ്യാപനങ്ങളനുസരിച്ചായിരുന്നു. ഹദ്റത്ത് ആഇശ(റ)പറഞ്ഞു: കാന ഖുലുഖുഹുൽ ഖുർആൻ. അവിടന്ന് വിശുദ്ധ ഖുർആന്റെ കർമപരമായ ചിത്രമായിരുന്നു. സന്താനങ്ങളുടെ തർബിയ്യത്തിനെ സംബന്ധിച്ച് വിശുദ്ധഖുർആനിൽ വന്നിട്ടുള്ള അധ്യാപനങ്ങളെല്ലാം അനുസരിച്ച് അവിടന്ന് കർമം ചെയ്തുകാണിച്ചു.

നബി(സ) തിരുമേനിയുടെ മാതൃക അനുസരിച്ച് നമുക്കറിയാൻ കഴിയുന്നത് സന്താനങ്ങളുടെ ശിക്ഷണം ജനിക്കുന്നതിനു മുമ്പേ തുടങ്ങുന്നുവെന്നാണ്. അതുകൊണ്ടാണ് അവിടന്ന് പറഞ്ഞത് നിക്കാഹിന് നല്ലതും സ്നേഹിക്കുന്നവളുമായ ഭാര്യയെ തിരഞ്ഞെടുക്കുക എന്ന്. നബി(സ)തിരുമേനിയുടെ അടുത്ത് ഒരാൾ വന്നു ചോദിച്ചു: 'ഖിയാമത്ത് എപ്പോഴാണ് വരുന്നത്?' അവിടന്ന് ചോദിച്ചു: 'അതിനുവേണ്ടി താങ്കൾ എന്തു തയ്യാറെടുപ്പാണ് നടത്തിയത്?' ഇതിൽനിന്ന് നമുക്ക് മനസ്സിലാകുന്നത് ഏതെങ്കിലും സംഭവത്തിനുള്ള തയ്യാറെടുപ്പ് അത് വെളിച്ചത്തു വരുന്നതിനു മുമ്പേ കൂടുതൽ പ്രാധാന്യമുള്ളതാണെന്നാണ്. ഇപ്രകാരംതന്നെ വിവാഹം കഴിക്കുന്നതിനേക്കാൾ കൂടുതൽ പ്രധാനപ്പെട്ടത് അതിനുമുമ്പേയുള്ള വിലയിരുത്തലും തിരഞ്ഞെടുപ്പുമാണ്. ഇത് കെട്ടിടത്തിന്റെ അടിക്കല്ലാണ്. ഇത് ശരിയായാൽ മുഴുവൻ സന്താനപരമ്പരയും ശരിയായിരിക്കും. ഇതു വളഞ്ഞുപോയാൽ കെട്ടിടവും വളഞ്ഞിരിക്കും.

നബി(സ)തിരുമേനി പറഞ്ഞു: കുട്ടി ഗർഭസ്ഥ ശിശുവായിരിക്കുന്ന അവസ്ഥയിലും അതിന്റെ ശിക്ഷണവും മേൽനോട്ടവും ശ്രദ്ധിക്കേണ്ടതാണ്. അക്കാലത്ത് മാതാവിന്റെ ചായ്വുകളിൽ കുട്ടി ആകർഷിക്കപ്പെടുന്നുവെന്നത് അംഗീകരിക്കപ്പെട്ട വസ്തുതയാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) വിവരിക്കുന്നു: 'എന്റെ മകൻ അബ്ദുൽ ഹയ്യ് തന്റെ ഉമ്മയുടെ വയറ്റിലായിരുന്നപ്പോൾ ഞാൻ എന്റെ ഭാര്യയോടു ഈ സമയത്ത് നീ കൂടുതൽ എഴുതാനും വായിക്കാനും ശ്രദ്ധ ചെലുത്തണമെന്ന് പറഞ്ഞു. പിന്നീട് അബ്ദുൽ ഹയ്യ് ജനിച്ചപ്പോൾ അവന്റെ ചായ്വും വായിക്കുന്നതിലേക്കും എഴുതുന്നതിലേക്കും കൂടുതലായിരുന്നു. കുട്ടിക്കാലത്ത് ഒരിക്കൽ അവന്റെ മുമ്പിൽ പേനയും നാണയവും വെച്ചുകൊടുത്തു. അവൻ പേന തന്നെയാണ് എടുത്തത്. ഇതൊരു അന്തർസ്ഥമായുള്ള അനുകൂല സംഭവമായിരുന്നു.' ഒരിക്കൽ ഒരാൾ നബി(സ)തിരുമേനിയുടെ അടുത്തുവന്നു. തനിക്ക് കുട്ടിക്ക് ശിക്ഷണം നൽകാൻ എന്തെങ്കിലും ഉപദേശം തരണമെന്ന് പറഞ്ഞു. അപ്പോൾ നബി(സ) തിരുമേനി ചോദിച്ചു: 'താങ്കളുടെ കുട്ടിക്ക് എത്ര വയസ്സായി?' ഒരു വയസ്സായെന്ന് അയാൾ പറഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു: 'താങ്കൾ കുട്ടിയുടെ ശിക്ഷണകാര്യത്തിൽ താമസിച്ചുപോയി!' അവിടത്തെ ഈ വാക്യത്തിൽനിന്ന് പുതിയതായി പിറക്കുന്ന കുട്ടിയുടെ തർബിയ്യത്ത് എത്രമാത്രം പ്രധാനപ്പെട്ടതും ആവശ്യമുള്ളതുമാണെന്ന് നല്ലവണ്ണം മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ടാണ് കുട്ടിയുടെ ചെവിയിൽ ആദ്യം 'ബാങ്കു'കൊടുക്കാൻ നബി(സ)തിരുമേനി പ്രേരിപ്പിച്ചത്. അതിനുശേഷം ശിക്ഷണപരമായ പോയിന്റുകൾ വിവരിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു: *'ഇഫ്ത്തഹൂ അലാ സ്വിബ്യാനിക്കും ഔവ്വലു കലിമത്തഹു ബി ലാഇലാഹ ഇല്ലല്ലാഹ്.'* **ലാഇലാഹ ഇല്ലല്ലാഹ്** ആയിരിക്കണം കുട്ടികളെ ആദ്യം പഠിപ്പിക്കേണ്ടത്. അതായത് നബി(സ)തിരുമേനി പറയുന്നത്, ആദ്യത്തെ പാഠം കുട്ടികളുടെ ചെവിയിൽ പതിയേണ്ടത് അല്ലാഹുവിന്റെ മഹത്ത്വവും വലിപ്പത്തവുമായിരിക്കണം. കുട്ടി പഠിക്കേണ്ട ആദ്യത്തെ പാഠവും വായകൊണ്ട് പറയേണ്ടതും അല്ലാഹുവിന്റെ വലിപ്പത്തിന്റേയും അവന്റെ ഏകത്വത്തിന്റേയും സ്നേഹത്തിന്റേയും പാഠമായിരിക്കണം. ആ മഹാത്മാവ് തന്റെ ദൗഹിത്രന്മാരെ ഒരുപാട് സ്നേഹിച്ചിരുന്നു. ഒരിക്കൽ നബി(സ)തിരുമേനിയോടു ആ ദൗഹിത്രന്മാർ ചോദിച്ചു: 'അങ്ങ് ഞങ്ങളേയും സ്നേഹിക്കുന്നു. അല്ലാഹുവിനേയും സ്നേഹിക്കുന്നു. ഒരേസമയത്ത് രണ്ടു സ്നേഹം എങ്ങനെയാണ് സാധിക്കുന്നത്?' അവിടന്ന്(സ)പറഞ്ഞു: 'നിങ്ങളേയും അല്ലാഹുവിനേയും സ്നേഹിക്കുന്നതിന്റെ മത്സരമുണ്ടാകുമ്പോൾ അവിടെ അല്ലാഹുവിനോടുള്ള സ്നേഹം തന്നെയായിരിക്കും വിജയിക്കുക.'

നബി(സ)തിരുമേനി പറഞ്ഞു: 7–ാം ദിവസം കുട്ടിയുടെ 'അഖീഖ' നടത്തുക. കുട്ടിക്ക് പേരിടുക. കുട്ടിക്ക് ഏഴു വയസ്സായാൽ നമസ്കരിക്കാൻ പറയുക. കുട്ടിക്ക് പത്തുവയസ്സായാൽ നമസ്കരിക്കുന്നതിന് നിർബന്ധിക്കുക; ശിക്ഷിക്കേണ്ടിവന്നാൽ ശിക്ഷിക്കുക. കുട്ടിയുടെ കിടക്ക വേർപെടുത്തുക.' അതിനുശേഷം 12, 13,14 വയസ്സായാൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറഞ്ഞു: 'പിന്നീട് ദുആയിലൂടെ കുട്ടിയുടെ ശിക്ഷണം നടത്തേണ്ടതാണ്. കാരണം അതിനുശേഷം ബലം പ്രയോഗിച്ചാൽ കുട്ടി രാജ്യദ്രോഹിയായി മാറുന്നതായിരിക്കും.'

സന്താനങ്ങളുടെ ശിക്ഷണത്തെ സംബന്ധിച്ച് നബി(സ)തിരുമേനി മാർഗദർശനപരമായിട്ടുള്ള തത്ത്വമാണ് പറഞ്ഞത്. *ഇക്‌രിമൂ ഔലാദക്കും വ അഹ്സനൂ അദബഹും.* കുട്ടികളെ ആദരിക്കുക. അവരെ നല്ല സ്വഭാവവും മര്യാദകളും പഠിപ്പിക്കുക. കുട്ടികളെ ആദരിക്കുന്നതിൽ അവരോടുള്ള സംസാരരീതിയും സംബോധന ശൈലിയും മാർദവമുള്ളതും മധുരമുള്ളതുമായിരിക്കണം. നമ്മൾ വിശുദ്ധഖുർആനിൽ ഇടയ്ക്കിടെ പ്രവാചകന്മാർ തങ്ങളുടെ മക്കളെ യാ ബനീ എന്റെ മക്കളേ! എന്ന് വിളിക്കുന്നത് കാണുന്നു. സംസാരത്തിന്റെ ഈ രീതി വളരെ പ്രിയങ്കരവും വാത്സല്യം നിറഞ്ഞതുമാണ്. പക്ഷേ, കുട്ടികളോടു ദ്വേഷത്തോടും മയമില്ലാതെയും സംസാരിക്കുകയാണെങ്കിൽ ന്യൂട്ടന്റെ To every action there is equal and opposite reaction എന്ന സിദ്ധാന്തമനുസരിച്ച് കുട്ടികളും ദ്വേഷത്തോടും മയമില്ലാതെയും മറുപടി പറയുന്നതായിരിക്കും. 'നാവിന്റെ മധുരം നാടിന്റെ വികസനം' എന്നു പറയാറുണ്ട്. മാധുര്യമായ നാവുകൊണ്ട് രാജ്യങ്ങൾക്കു മേൽ ഭരണം നടത്താൻ കഴിയുമെങ്കിൽ തങ്ങളുടെ മക്കളിൽ ഈ കുറിപ്പടി എന്തുകൊണ്ട് നടപ്പിൽ വരുത്തിക്കൂടാ.

നബി(സ)തിരുമേനി കുട്ടികളെ എല്ലാവിധത്തിലും മര്യാദ പഠിപ്പിച്ചു. ഭക്ഷണം കഴിക്കുന്നതിനും വെള്ളം കുടിക്കുന്നതിനുമുള്ള മര്യാദ, വീട്ടിൽ പ്രവേശിക്കേണ്ട മര്യാദ, സഭകളിലെ മര്യാദ, മസ്ജിദിലെ മര്യാദ, വീടുകളിലെ മര്യാദ, ഇടവഴികളിലെ മര്യാദ. കുട്ടികൾക്ക് സലാം പറയുന്നതിൽ നബി(സ)തിരുമേനി എപ്പോഴും മുൻകടക്കുമായിരുന്നു. അതായത് ആദ്യം സലാം പറയും. നബി(സ)തിരുമേനിയുടെ ഉപദേശമാണ് സലാം പ്രചരിപ്പിക്കുക എന്നത്. കാരണം ഇത് പരസ്പരമുള്ള സ്നേഹത്തിന്റെ മാർഗമാണ്. നമ്മുടെ കുട്ടികൾ

ഇത് നടപ്പിൽ വരുത്തുകയാണെങ്കിൽ അവരിൽ പരസ്പര സ്നേഹവും സൗഹാർദവും ഉണ്ടാകുന്നതായിരിക്കും. കുട്ടികൾ പരസ്പരം കലഹിക്കുന്നതാണ് പൊതുവെ കാണുന്നത്. ഇതിൽ ചിലപ്പോൾ കുട്ടികളുടെ വീട്ടുകാരും ഇൻവോൾവായിത്തീരുന്നു. സലാമിന്റെ സമ്പ്രദായം സ്വായത്തമാക്കുന്ന കാരണത്താൽ കലഹവും വഴക്കും കുറയുന്നതായിരിക്കും. ഇനി –അല്ലാഹു അങ്ങനെ വരുത്താതിരിക്കട്ടെ– ഉണ്ടായാൽതന്നെ ക്ഷണത്തിൽ ഐക്യപ്പെടുകയും ചെയ്യും.

ഹദ്റത്ത് ഉമർ ബിൻ സലമ വിവരിക്കുന്നു: 'ഞാൻ നബി(സ) തിരുമേനിയുടെ സംരക്ഷണത്തിലായിരുന്നു. എന്റെ കൈ ഭക്ഷണത്തളികയിൽ അവിടേയും ഇവിടേയും കറങ്ങിക്കൊണ്ടിരിക്കുന്നു. അവിടന്ന്(സ) എന്നോടു പറഞ്ഞു: *'യാ ഗുലാമു സമ്മില്ലാഹ വകുൽ ബിയമീനിക്ക വകുൽ മിമ്മാ യലീക്ക* മകനേ, അല്ലാഹുവിന്റെ നാമത്തിൽ തിന്നുകയും വലംകൈകൊണ്ട് തിന്നുകയും നിന്റെ മുമ്പിൽനിന്ന് തിന്നുകയും ചെയ്യുക. ഭക്ഷണം കഴിക്കുന്നതിനെ സംബന്ധിച്ച് ഈ സംഭവം മുന്നിൽവെക്കേണ്ട ആവശ്യമുണ്ട്. കുട്ടികൾ അവരിഷ്ടപ്പെടുന്നതുപോലെ തിന്നോട്ടെ എന്ന് നമ്മൾ ചിലപ്പോൾ വിചാരിക്കും. പക്ഷേ, മുഹമ്മദ്(സ)ന്റെ മാതൃക സ്വായത്തമാക്കുക തന്നെയാണ് നമ്മുടെ മക്കളുടെ ശരിയായ ശിക്ഷണത്തിനും അവരുടെ വിജയത്തിനും ജാമ്യം നല്കുന്നത്.

നബി(സ)തിരുമേനിയുടെ മാർഗത്തിൽനിന്നും ശിക്ഷണരീതിയിൽനിന്നും നമുക്ക് മനസ്സിലാകുന്നത്, അവിടന്ന് കുട്ടികൾക്ക് പ്രത്യേകം ശിക്ഷണം കൊടുത്തിരുന്നുവെന്നു മാത്രമല്ല തന്റെ മജ്ലിസുകളിലും അവരെ പങ്കെടുപ്പിച്ചിരുന്നുവെന്നാണ്. ഹദ്റത്ത് അനസ് ബിൻ മാലിക്ക്, ഹദ്റത്ത് ഇബ്നു അബ്ബാസ്, ഹദ്റത്ത് ഇബ്നു ഉമർ(റ)എന്നിവരെപോലുള്ള ജലീലുൽ ഖദ്ർ സ്വഹാബത്ത് ആ മജ്ലിസുകളിലാണ് വളർന്നത്. അത്തരം ഒരു മജ്ലിസിലെ സംഭവമുണ്ട്. അതിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറും ഉണ്ടായിരുന്നു. നബി(സ)തിരുമേനി ചോദിച്ചു: *'അശ്ശജറു ശജ്റത്തുൻ ലായസ്ഖുത്വു വറഖുഹാ വ ഇന്നഹാ മിഥ്ലുൽ മുസ്ലിമി ഫ ഹദ്ദിഥൂനീ മാഹിയ.'* അതായത് ഒരു മരമുണ്ട്. അതെപ്പോഴും വസന്തമായിരിക്കുന്നു. അതിന്റെ ഫലത്തിന്റെ അടിസ്ഥാനത്തിൽ മുസ്ലിമിനോടു സാദൃശ്യവുമുള്ളതാണ്. ആ മരം ഏതാണ്? സ്വഹാബത്ത് കാട്ടിലെ മരങ്ങൾ എണ്ണാൻ തുടങ്ങി. ആ മജ്ലിസിലെ ഏറ്റവും കുറഞ്ഞപ്രായക്കാരനും പ്രായപൂർത്തിയാകാത്ത ആളുമായ അബ്ദുല്ലാഹ് ബിൻ ഉമർ(റ) പറയുന്നു: 'അത് ഈത്തപ്പനയാണെന്ന് എനിക്കു തോന്നി. പക്ഷേ, ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ഉമർ തുടങ്ങിയവരെപോലുള്ള വ്യക്തിത്വങ്ങൾ മൗനംപാലിക്കുന്നതു കണ്ടപ്പോൾ ഞാനും നാണിച്ച് മിണ്ടാതിരുന്നു.' നബി(സ)തിരുമേനി പറഞ്ഞു: 'അത് ഈത്തപ്പനയാണ്.' പിന്നീട് ഞാൻ എന്റെ മനസ്സിൽ തോന്നിയ കാര്യം എന്റെ പിതാവ് ഹദ്റത്ത് ഉമറിനോട് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: *ല ഇൻ തകൂന ഖുൽത്തഹാ അഹബ്ബ ഇലാ മിൻ അൻ അക്കൂനലീ ഹുമുറുന്നഅ്മി.* ഇക്കാര്യം പറയുന്നയാൾ നീ ആയിരുന്നെങ്കിൽ അതെനിക്ക് ചെമന്ന ഒട്ടകങ്ങളെക്കാൾ കൂടുതൽ അന്തസാകുമായിരുന്നു.

ഈ സംഭവത്തിൽനിന്ന് നമുക്ക് കിട്ടുന്ന പാഠം, നമ്മൾ നമ്മുടെ മജ്ലിസുകളിൽ കുട്ടികളെ പങ്കെടുപ്പിക്കണം എന്നുള്ളതാണ്. അവരുടെ ഗ്രാഹ്യശക്തിയും ബുദ്ധിയും വർധിക്കുന്നതിന് അവർക്കുവേണ്ടി വൈജ്ഞാനികവും മര്യാദ പഠിപ്പിക്കുന്നതുമായ മജ്ലിസുകൾ സംഘടിപ്പിക്കേണ്ടതാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) തഫ്സീറെ കബീറിൽ ഒരിടത്തു പറയുന്നു: 'മുഗൾ ഭരണത്തിന്റെ അധഃപതനത്തിനുള്ള കാര്യങ്ങളിലൊന്ന് അവർ രാജകുമാരന്മാരെ ഭരണകാര്യങ്ങളിൽ അശ്രദ്ധരാക്കിവെക്കാൻ തുടങ്ങിയെന്നതാണ്. അവർ സുഖലോലുപതയുടെ ജീവിതത്തിലായി. രാജ്യത്തിനുമേൽ എന്തെങ്കിലും വിപത്തുണ്ടായാൽ അത് കൈകാര്യം ചെയ്യുന്നതിൽ പരാജയപ്പെട്ടിരുന്നു. അതുകൊണ്ട് സന്താനങ്ങളിൽ വിശ്വാസമുണ്ടാക്കാൻ അവരെ തങ്ങളോടൊപ്പം ഇരുത്തേണ്ടതും സംസാരങ്ങളിലും കൂടിയാലോചനകളിലും പങ്കെടുപ്പിക്കേണ്ടതുമാണ്.

നബി(സ) തിരുമേനി പറഞ്ഞു: *'അക്‌രിമിശ്ശഅ്റ'* അതായത് നിങ്ങളുടെ മുടികളെ ആദരിക്കുക. ഇതുകൊണ്ടുള്ള ഉദ്ദേശ്യം മുതിർന്നവരെ ആദരിക്കുക എന്നതാണ്. നമുക്ക് നമ്മുടെ കുട്ടികളെ മുതിർന്നവരെ ആദരിക്കാനും അവരോടു മര്യാദ പാലിക്കാനും പഠിപ്പിക്കേണ്ടതാണ്. മുതിർന്നവരോടു മര്യാദയോടുള്ള പെരുമാറ്റത്തിലും അവരെ ആദരിക്കുന്നതിലുമാണ് വലുപ്പത്തിന്റേയും വിജയത്തിന്റേയും രഹസ്യം അടങ്ങിയിരിക്കുന്നത്.

മക്കളുടെ ശിക്ഷണത്തെ സംബന്ധിച്ച് അവിടന്ന് അത്യാവശ്യമായ കാര്യം പറഞ്ഞത്, കുട്ടികളെ കളവിൽനിന്ന് രക്ഷിക്കുക എന്നതാണ്. മാതാപിതാക്കൾതന്നെയും എല്ലാ പാപങ്ങളുടേയും വേരായ ഈ കളവിൽനിന്ന് പിന്മാറേണ്ടതാണ്. തങ്ങളുടെ മക്കളേയും ഇതിൽനിന്ന് എല്ലാവിധത്തിലും രക്ഷിക്കേണ്ടതാണ്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ആമിർ(റ) വിവരിക്കുന്നു: 'എന്റെ മാതാവ് എന്നോട് ഞാൻ നിനക്ക് ഒരു സാധനം തരാം, വരൂ എന്ന് ഒരിക്കൽ പറഞ്ഞു.' അപ്പോൾ നബി(സ)തിരുമേനി വീട്ടിൽ ഇരിപ്പുണ്ടായിരുന്നു. അവിടന്ന് എന്റെ മാതാവിനോടു ചോദിച്ചു: 'അവൻ വരികയാണെങ്കിൽ എന്തുകൊടുക്കാനാണ് നീ ആഗ്രഹിച്ചത്?' അവർ പറഞ്ഞു: 'ഞാൻ അവന് ഒരു ഈത്തപ്പഴം കൊടുക്കാൻ ആഗ്രഹിച്ചിരുന്നു.' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അവനെ വിളിച്ച് നീ ഒന്നും കൊടുത്തില്ലായിരുന്നെങ്കിൽ നിന്റെ കർമപുസ്തകത്തിൽ ഒരു കളവ് എഴുതപ്പെടുമായിരുന്നു.' ഇപ്രകാരം കളവിനെ ചില ഘട്ടങ്ങളിൽ കളവാണെന്ന് മനസ്സിലാക്കുകയില്ല. കുട്ടികൾ പറഞ്ഞാൽ കേൾക്കുന്നില്ലെങ്കിൽ ഇപ്രകാരമുള്ള ചാറ്റിംഗ് കുട്ടികളോടു മാതാപിതാക്കളുടെ ഭാഗത്തുനിന്ന് ഉണ്ടാകാറുണ്ട്. ഈ മാർഗം അവരെ കളവിന് പ്രേരിപ്പിക്കുകയായിരിക്കും ചെയ്യുന്നത്. മാതാപിതാക്കളുടെ കർമപുസ്തകത്തിലും കളവ് ആഡ് ചെയ്യപ്പെടുന്നു.

ഇതുപോലെതന്നെ കുട്ടികളുടെ ശിക്ഷണത്തെ സംബന്ധിച്ച് നബി(സ)തിരുമേനിയുടെ മാതൃകയായിരുന്നു അവരെ വിശ്വസ്തരും സത്യസന്ധരും ആക്കുക എന്നത്. ഒരിക്കൽ ഹദ്റത്ത് ഹസൻ(റ) സ്വദഖയുടെ ഈത്തപ്പഴങ്ങളിൽനിന്ന് ഒരെണ്ണം വായിലിട്ടു. അവിടന്ന് അത് വായിൽനിന്ന് വെളിയിലെടുപ്പിച്ചു. ഇത് വിശ്വസ്തതയുടെ ആവശ്യമായിരുന്നു. പൊതുസ്വത്തുക്കളേയും സാധനങ്ങളേയും സംരക്ഷിക്കുന്നതിനും അവ കരസ്ഥമാക്കുന്നതിൽനിന്ന് രക്ഷപ്പെടാൻ കുട്ടികൾക്കുള്ള പ്രേരണയുമായിരുന്നു. ഇന്ന് ഈ മാതൃകയനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ, മൂന്നാം നിര ലോകത്തിന് പ്രത്യേകിച്ചും സാമ്പത്തിക അഴിമതികളിൽ മുങ്ങിത്താഴുന്നതിൽനിന്ന് രക്ഷപ്പെടാവുന്നതാണ്.

കുട്ടികളുടെ ശിക്ഷണത്തിന് ഒരു കുറിപ്പടി അവിടന്ന് പറഞ്ഞത്, കുട്ടികൾക്കുവേണ്ടി ദുആ ചെയ്യുക എന്നതാണ്. ദുആയുടെ പ്രാധാന്യവും അനുഗ്രഹങ്ങളും ഒരു പ്രത്യേക വിഷയമാണ്. ഇത്രമാത്രമേ പറയുന്നുള്ളൂ; ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'മരിച്ചവർ ജീവിക്കുകയാണെങ്കിൽ, ദുആ മുഖേന. ദുആ മുഖേന ഉണങ്ങിയ ശാഖ പച്ചളിപ്പുള്ളതായിത്തീരുന്നു.' അതുകൊണ്ട് കുട്ടികളെ പച്ചളിപ്പുള്ളതാക്കാൻ അവർക്കുവേണ്ടി ദുആ ചെയ്യേണ്ടതാണ്. നബി(സ)തിരുമേനി പറഞ്ഞു: പിതാവ് കുട്ടികൾക്കുവേണ്ടി ചെയ്യുന്ന ദുആ സ്വീകരിക്കപ്പെടുന്നു. അവിടന്ന് പറയാറുണ്ടായിരുന്നു: 'ഞാൻ എന്റെ പിതാവ് ഇബ്റാഹീമിന്റെ ദുആ ആകുന്നു.' അവിടന്ന് തന്റെ ദൗഹിത്രന്മാരായ ഹസനേയും ഹുസയ്നേയും മടിയിലിരുത്തി മുത്തംവെക്കുമായിരുന്നു. അവർക്കുവേണ്ടി അല്ലാഹുവിനോടു ദുആ ചെയ്യുമായിരുന്നു. 'അല്ലാഹുവേ! ഞാനിവരെ സ്നേഹിക്കുന്നു. നീയും ഇവരെ സ്നേഹിച്ചാലും.' ആരെയാണോ അല്ലാഹു സ്നേഹിക്കുന്നത്, ആരാണോ അവന്റെ സ്നേഹിതനും പ്രിയപ്പെട്ടവനുമാകുന്നത് അവന് എന്തിന്റെ കാര്യത്തിലാണ് ദുഃഖം. എന്തു ചിന്ത ഉണ്ടാകാനാണ്?

മാതാപിതാക്കളുടെ നന്മകളുടെ സ്വാധീനശക്തികൾ കുട്ടികളിൽ അനുക്രമമായുണ്ടാകുന്നു. അതേ സ്വാധീനശക്തികളുടെ ഫലങ്ങളുടെ രുചി കുട്ടികൾ ആസ്വദിക്കുന്നു. ഈ പരമ്പര തലമുറ തലമുറയായി നടന്നുപോകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹു മുത്തഖിയെ ഏഴു തലമുറവരെ പരിഗണിക്കുന്നു.' വിശുദ്ധഖുർആനിലും വന്നിട്ടുണ്ട്. വീഴാൻ പോകുന്ന ഒരു ഭിത്തി ഹദ്റത്ത് ഖിള്ർ(അ) രക്ഷിച്ചത് *വ കാന അബൂഹുമാ സ്വാലിഹൻ* ആയിരുന്നതുകൊണ്ടാണ്. അവരുടെ പിതാവ് സ്വാലിഹായിരുന്നു. അദ്ദേഹത്തിന്റെ സാത്വികത കാരണത്താൽ രണ്ട് യതീം കുട്ടിയ്ക്കുള്ള ഖജനാവ് ആ ഭിത്തിക്കു കീഴെ അല്ലാഹു വെച്ചു; അവർ വലുതാകുമ്പോൾ അവർക്ക് അത് ചെലവഴിക്കാൻ.

സന്താനങ്ങളുടെ ശിക്ഷണത്തിന് മാർഗദർശനപരമായിട്ടുള്ള ഒരു തത്ത്വം നബി(സ)തിരുമേനി പറഞ്ഞത്, ദൈവത്തിന്റെ മുമ്പിൽ ചോദ്യം ചെയ്യപ്പെടും എന്നതാണ്. *കുല്ലുക്കും റാഇൻ വകുല്ലുക്കും മസ്ഊലിൻ അൻ റഅ്യത്തിഹീ.* നിങ്ങളിൽ ഓരോരുത്തരും മേൽനോട്ടക്കാരനാണ്. ഓരോരുത്തരും അവരുടെ മേൽനോട്ടത്തെക്കുറിച്ച് ചോദ്യം ചെയ്യപ്പെടും. ഒരാൾ തന്റെ മാത്രം ഉത്തരവാദിയല്ല മറിച്ച് തന്റെ കുടുംബത്തിന്റേയും ഉത്തരവാദിയാണ്. അവരെയും ഈ നരകത്തിന്റെ അഗ്നിയിൽനിന്ന് രക്ഷിക്കേണ്ടതണ്. കവി അക്ബർ അലഹാ ബാദി വ്യംഗ്യമായ പരിഹാസച്ചുവയും തമാശരീതിയും സ്വീകരിച്ചുകൊണ്ട് ഒരു യാഥാർഥ്യത്തിൽനിന്ന് മറനീക്കി, കവിതാ ശകലത്തിൽ പറഞ്ഞു:

ബേ പർദ കൽ ജോ നള്ര് ആയീ ചന്ദ് ബീബിയാൻ
അക്ബർ സമീൻ മെ ഗയ്റത്തെ ഖൗമീ സെ ഗഡ്ഗയാ
പൂച്ഛാ ജോ ഉൻസെ ആപ്കാ പർദ വൊ കിയാ ഹുവാ
കഹ്നെ ലഗെ കെ അഖൽ പേ മർദോം കി ജാ പഡാ

ഇത് പുരുഷന്മാർ മേൽനോട്ടത്തിന്റേയും രക്ഷാധികാരത്തിന്റേയും(4:35) ഉത്തരവാദിത്വത്തിൽ ശ്രദ്ധ പതിപ്പിക്കാത്തതിന്റെ ഫലമാണ്; കുടുംബക്കാർ ശിക്ഷണമില്ലാത്തവരായിത്തീരുന്നു. അല്ലാഹു നമുക്ക് ഇതുസംബന്ധമായി നമ്മുടെ ഉത്തരവാദിത്വം മനസ്സിലാക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.

നബി(സ)തിരുമേനിയുടെ കുട്ടികളോടുള്ള സൽപെരുമാറ്റത്തെക്കുറിച്ച് നിരവധി സംഭവങ്ങളുണ്ട്. ഓരോ സംഭവവും അതിരില്ലാത്ത യുക്തി

ജ്ഞാനവും തത്വജ്ഞാനങ്ങൾ ഉൾക്കൊള്ളുന്നതുമാണ്. ആ സംഭവങ്ങൾ നമ്മൾ വായിക്കുക എന്നതാണ് ആവശ്യം. അതിൽ ചിന്തിക്കുക. അവ നമ്മുടെ കുട്ടികളുടെ തർബിയ്യത്തിനു വേണ്ടി ഉപയോഗിക്കുക. 'ഉമയ്ർ' എന്നു പേരുള്ള ഒരു കുട്ടി ഒരു പക്ഷിയെ വളർത്തിയിരുന്നു. ആ പക്ഷി ചത്തുപോയി. അപ്പോൾ നബി(സ)തിരുമേനി ആ കുട്ടിയുടെ വിഷമം അകറ്റിക്കൊണ്ട് ഔപചാരികത ഒന്നും കൂടാതെ ചോദിച്ചു: 'യാ അബാ ഉമയ്ർ മാഫഅലുന്നുഗയ്ർ' അബൂ ഉമയ്റേ! പക്ഷിക്കെന്തു പറ്റി.' നോക്കുക! ഇരുലോകത്തിന്റേയും നേതാവ് എവിടെ നില്ക്കുന്നു; ആ കുട്ടിയോടുള്ള ഔപചാരികത ഒന്നുമില്ലാത്ത പെരുമാറ്റം എവിടെ നില്ക്കുന്നു. ഈ സംഭവത്തിൽനിന്ന് നമുക്ക് മനസ്സിലാകുന്നത് നബി(സ)തിരുമേനി കുട്ടികളുടെ ചായ്‌വുകളും അവരുടെ ഹോബികളും ശ്രദ്ധിക്കാറുണ്ടായിരുന്നുവെന്നാണ്. നബി(സ) തിരുമേനി കുട്ടികളുടെ വിനോദങ്ങളും സംഘടിപ്പിക്കുമായിരുന്നു. കുട്ടികളുടെ ശിക്ഷണത്തിന് നബിയുടെ ഈ മാതൃക ഇക്കാലത്ത് സ്വായത്തമാക്കേണ്ടത് വളരെ ആവശ്യമാണ്. കാരണം ഇന്റർനെറ്റും സ്മാർട്ട് ഫോണും കുട്ടികളെ വിനോദങ്ങളുടെ മൈതാനത്തുനിന്ന് അകറ്റിക്കളഞ്ഞിരിക്കുന്നു. അവർ എല്ലാ കളികളും ഇപ്പോൾ സ്മാർട്ട് ഫോണിലും ടേബിൾസിലുമാണ് കളിക്കുന്നത്. ഇക്കാരണത്താൽ അവരുടെ ആരോഗ്യവും മോശമാകുന്നു. അവരുടെ സ്വഭാവം പരുക്കനായിത്തീരുന്നു. മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യായുടെ സ്ഥാപകർ പറഞ്ഞു: 'കുട്ടികൾ 24 മണിക്കൂറും കളിക്കുകയാണെങ്കിൽ അതിൽ എനിക്ക് ഒരു ആശങ്കയുമില്ല. കാരണം കളിക്കുന്നതുകൊണ്ട് ആരോഗ്യമുണ്ടാകുന്നു.' ഒന്ന് നമുക്ക് കുട്ടികളെ ഇന്റർനെറ്റിൽനിന്ന് പുറത്തുകൊണ്ടുവന്ന് കളിയുടെ മൈതാനത്തിലേക്ക് തിരിച്ചുവിടേണ്ടതാണ്. ഇന്റർനെറ്റിൽ വ്യർഥമായ പരിപാടികൾക്കു പകരം എം.ടി.എയിലേക്ക് അവരുടെ ശ്രദ്ധ കൊണ്ടുവരണം. ഹുദൂർ പറഞ്ഞു: 'നിത്യവും കുറഞ്ഞത് ഒരു മണിക്കൂർ വീട്ടിൽ എം.ടി.എ കാണേണ്ടതാണ്.' ഹുദൂർ ഇങ്ങനേയും പറഞ്ഞു: 'ടി.വിയുടെ ശബ്ദം കൂട്ടിവെക്കുക. ശബ്ദം കുട്ടികളുടെ ചെവികളിൽ പതിയുന്നതിന്.'

അവിടന്ന് പറയുന്നു: 'ഖജനാവുള്ളിടത്താണ് കള്ളനും ഉണ്ടാകുക. ഖാദിയാൻ ദാറുൽ അമാൻ ഒരു ആത്മീയ ഖജനാവാണ്. പക്ഷേ, കള്ളനായ ശയ്ത്വാൻ അവിടെയായിരിക്കും കൂടുതൽ ആക്ടീവ്. ഇവിടുത്തെ കുട്ടികൾ സ്വിറാത്തെ മുസ്തഖീമിൽ നടക്കാൻ അവൻ ആഗ്രഹിക്കുകയില്ല. നമ്മളും നമ്മുടെ കുട്ടികളും അല്ലാഹുവിനോടു സഹായം തേടിക്കൊണ്ടും മുഹമ്മദ്(സ)ന്റെ മാതൃക സ്വായത്തമാക്കിക്കൊണ്ടും ശയ്ത്വാനെ ഉന്മൂലനം ചെയ്യേണ്ടതാണ്. അല്ലാഹു നമുക്കെല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ.

.........☆.........☆.........☆.........

## മഹാകവി വള്ളത്തോൾ

**നബി(സ)തിരുമേനിയെക്കുറിച്ച്**
**മഹാകവി വള്ളത്തോൾ**
**ഇങ്ങനെ വിശേഷിപ്പിക്കുന്നു:**

**രജസ്തമോ മോഷമകറ്റി**
**പാരിൽ സ്വത്വം പരത്താൻ**
**വന്നൊരു സത്യവാനെ**
**രജസ്സു വർഷിച്ച് മുഖം കെടുത്താൻ**
**തുനിഞ്ഞു പോൽ**
**മർത്ത്യകുലേ പിറന്നോർ**

**വീണ്ടും പറയുന്നു:**
**അധൈര്യമേ,**
**നിൻ കെടുമഞ്ഞു വീഴാ-**
**യ്കഹമ്മദിൻ സജ്ജ്വരമായ നെഞ്ചിൽ:**
**ചന്ദ്രാർക്കരെ കൈകളിൽ**
**വച്ചു തന്നാൽ**
**പ്പോലും നിറുത്തില്ലവനി പ്രയത്നം.**

**(– പേജ് 23ൽ നിന്ന്)**

ക്കൊണ്ടിരിക്കുന്നതായിരിക്കും. ചൊല്ലിക്കൊണ്ടിരിക്കുന്നു. നമ്മൾ നമ്മളെ നബി(സ)തിരുമേനിയുടെ സത്യവാനായ പ്രേമിയുടേയും കാലത്തിന്റെ ഇമാമിന്റേയും ജമാഅത്തിൽ ബന്ധപ്പെടുത്തിയിരിക്കുകയാണ്. അപ്പോൾ നമ്മുടെ പ്രവൃത്തിയാണ് നമ്മുടെ ദുആകളെ സ്വലാത്തിൽ വാർത്തെടുക്കുക എന്നത്. സത്യ ഹൃദയത്തോടുകൂടി എത്രമാത്രം സ്വലാത്ത് അന്തരീക്ഷത്തിൽ വിതറണമെന്നാൽ അന്തരീക്ഷത്തിന്റെ ഓരോ അണുവും അതുമുഖേന പരിമളമാകണം. നമ്മുടെ എല്ലാ ദുആകളും ഈ സ്വലാത്തിന്റെ മധ്യസ്ഥതയിൽ അല്ലാഹുവിന്റെ ദർബാറിലെത്തി, സ്വീകാര്യതയുടെ പദവി പ്രാപിക്കുന്നതായിരിക്കും. നമുക്ക് നബി(സ)തിരുമേനിയോടു ഉണ്ടായിരിക്കേണ്ട സ്നേഹത്തിന്റേയും അനുരക്തിയുടേയും പ്രകടനമാണ് ഇത്. ഇതുതന്നെയാണ് നബി(സ) തിരുമേനിയുടെ കുടുംബാദികളോടും ഉണ്ടായിരിക്കേണ്ടത്.' (ഖുത്ബാത്തെ മസ്റൂർ, വാല്യം 4, പേജ് 115)

ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വലാത്തിന്റെ അനുഗ്രഹങ്ങളേയും അതിന്റെ ആത്മീയമായ സ്വാധീനങ്ങളേയും സംബന്ധിച്ച് പറയുന്നു: 'സ്വലാത്തിന്റെ എത്രമാത്രം ശ്രേഷ്ഠതകൾ വിവരിച്ചാലും അത് കുറവായിരിക്കും. ഞാൻ അതിന് അനുഭവജ്ഞനാണ്. എന്നിലുണ്ടായിട്ടുള്ള ഉപഹാരങ്ങളിൽ അധികഭാഗവും സ്വലാത്തിന്റെ അനുഗ്രങ്ങളും സ്വാധീനങ്ങളുമാണ്. സ്വലാത്ത് ചൊല്ലുന്നവൻ പരലോക പുണ്യം പ്രാപിക്കുന്നുവെന്നു മാത്രമല്ല ഈ ലോകത്തും ആദരവ് നേടുന്നു. പക്ഷേ, ഇങ്ങനെയാണെങ്കിലും 'മനുഷ്യനെ അല്ലാഹുവിൽനിന്ന് അനിഷ്ടനാക്കുന്നതും സ്വലാത്തുചൊല്ലിയതിനു ശേഷം നിയതിനിയമത്തിന്റെ കല്പനകൾ അല്ലാഹുവിന്റെ കൈയിൽ ഇരിക്കാത്തതും സ്വലാത്ത് ചൊല്ലുന്നവൻ അവയിൽ വിധികർത്താവാകുകയും ചെയ്യുന്ന സ്വലാത്തിൽ ഞാൻ വിശ്വസിക്കുന്നില്ല.' ഇതു പറഞ്ഞപ്പോൾ ഹുദൂറിന്റെ വാക്യത്തിൽ ദ്വേഷത്തിന്റെ ലക്ഷണം വ്യക്തമായി. മുഖം ചെമന്നുതുടുത്തു. പറഞ്ഞു: സ്വലാത്തിന് വലിയ അനുഗ്രഹങ്ങളും സ്വാധീനങ്ങളും ഉണ്ടെന്നതിൽ സംശയമില്ല. അതിന്റെ ആധിക്യംകൊണ്ട് മനുഷ്യനിൽ ബർക്കത്തുകൾ ഇറങ്ങുന്നു. അതിന്റെ ബർക്കത്തുകൊണ്ട് ദുആകൾ സ്വീകരിക്കപ്പെടുന്നു. അതിന് എണ്ണമറ്റ ശ്രേഷ്ഠതകളുണ്ട്. പക്ഷേ ഇങ്ങനെയാണെങ്കിലും മനുഷ്യൻ ഒരിക്കലും അല്ലാഹുവിനെ വകവെക്കാതിരിക്കുകയോ വണക്കത്തിൽനിന്ന് അശ്രദ്ധനോ ആകാതിരിക്കേണ്ടതാണ്. നബി(സ) തിരുമേനിയുടെമേൽ സ്വലാത്ത് ചൊല്ലി നന്മയും ബർക്കത്തും ആളുകൾ പ്രാപിച്ചിരുന്ന ഒരു കാലവും ഉണ്ടായിരുന്നു. അവനുതന്നെയും അല്ലാഹുവിന്റെ കല്പനകൾക്കു മുമ്പിൽ വന്ദിക്കുകയും തൃപ്തിപ്പെടുകയുമല്ലാതെ രക്ഷയില്ല. അതിനാൽ സ്വലാത്ത് നല്ലവണ്ണം ചൊല്ലുക. അധികമധികമായി ചൊല്ലുക. അല്ലാഹുവിനെ സർവശക്തനും നിരാശ്രയനുമായ ദൈവമെന്ന നിലയിൽ വന്ദിക്കുകയും തൃപ്തിപ്പെടുകയും അതിൽ ഈമാനിന്റെ അടിത്തറവെക്കുക യും ചെയ്യണമെന്ന കാര്യവും എപ്പോഴും മുന്നിൽവെക്കുക.' (ഹദ്റത്ത് മൗലാനാ മുഹമ്മദ് ഇസ്മായിൽ സാഹിബ് ഹലാൽപൂരിയുടെ പേരിൽ കത്ത്, രിസാല ദുറൂദ്ശരീഫ് പേജ് 292)

അവസാനം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളോടെ ഈ വിഷയം അവസാനിപ്പിക്കുകയാണ്. അവിടന്ന് പറയുന്നു: 'പ്രിയപ്പെട്ട അല്ലാഹുവേ, ആരംഭകാലം മുതൽ ആരുടെമേലും നീ വർഷിച്ചിട്ടില്ലാത്ത റഹ്മത്തും സ്വലാത്തും ഈ പ്രിയപ്പെട്ട നബിയുടെമേൽ നീ വർഷിച്ചാലും. അല്ലാഹുവേ! ഈ മഹാനായ നബി ലോകത്ത് വന്നില്ലായിരുന്നെങ്കിൽ, എത്രത്തോളം ചെറിയ ചെറിയ നബിമാർ ലോകത്തുവന്നുവോ അവരുടെ സത്യതയ്ക്കുള്ള തെളിവ് ഞങ്ങളുടെ കൈയിൽ ഉണ്ടാകുമായിരുന്നില്ല. *അല്ലാഹുമ്മ സ്വല്ലിവസല്ലിം വ ബാരിക് അലയ്ഹി വ ആലിഹി വ അസ്ഹാബിഹി അജ്മഈൻ* (അത്മാമുൽഹുജ്ജ, പേജ് 78)

يارب صلِّ علىٰ نبيك دائماً
فى هٰذه الدنيا وبعثٍ ثان
اللهم صلِّ علىٰ محمدٍ
وبارك وسلم انك حميد مجيد

.........☆.........☆.........☆.........

**(– പേജ് 25ൽ നിന്ന്)**

വിജയത്തിന്റെ ഘട്ടത്തിൽ, സമാധാനം നല്കപ്പെടുമെന്ന വിളംബരമുണ്ടായിട്ടും ആയുധമിടാൻ അയാൾ തയ്യാറായില്ല. എന്നല്ല തന്റെ കൂട്ടുകാരോടൊപ്പം ഖാലിദ് ബിൻ വലീദിന്റെ സൈന്യത്തിനുമേൽ ആക്രമണം നടത്തി ഹറമിൽ– കഅ്ബ മന്ദിരത്തിന്റെ പരിസരത്ത് രക്തമൊഴുക്കുന്നതിന് അയാൾ കാരണക്കാരനായി. താൻ ചെയ്ത അറപ്പുളവാക്കുന്ന കുറ്റകൃത്യത്തിന് മാപ്പ് കിട്ടില്ല എന്നു കണ്ട്, മക്കാ വിജയത്തിനുശേഷം ഇക്രിമ യമനിലേക്ക് ഓടിപ്പോയി. അയാളുടെ ഭാര്യ ഉമ്മു ഹക്കീം മുസ്‌ലിമയായി കഴിഞ്ഞിരുന്നു. അവർ നബി(സ) തിരുമേനിയോട് തന്റെ ഭർത്താവിനുവേണ്ടി മാപ്പിനും അഭയത്തിനും അപേക്ഷിച്ചു. അല്ലാഹുവിന് സ്തുതി. നബി(സ) തിരുമേനി ആ വർഗ്ഗശത്രുവിനും മാപ്പ് നല്കി.

അയാളുടെ ഭാര്യ അയാളെ അന്വേഷിച്ച് പിന്നാലെ പോയി. അയാളെ കണ്ടു. അവർ പറഞ്ഞു: 'അങ്ങേയറ്റം ദയ കാണിക്കുന്ന മഹാനായ ഒരു മനുഷ്യന്റെ അടുത്തുനിന്നാണ് ഞാൻ വരുന്നത്. താങ്കൾ താങ്കളെ നശിപ്പിക്കരുത്. ഞാൻ താങ്കൾക്കുവേണ്ടി അഭയത്തിന്റെ ആജ്ഞാപത്രവുമായിട്ടാണ് വന്നിട്ടുള്ളത്.'

താൻ ചെയ്ത കുറ്റകൃത്യങ്ങളെക്കുറിച്ചോർത്തപ്പോൾ മാപ്പ് കിട്ടി എന്ന കാര്യം വിശ്വസിക്കാനയാൾക്കായില്ല. എങ്കിലും തന്റെ ഭാര്യയെ വിശ്വസിച്ചുകൊണ്ട് അയാൾ തിരിച്ചുപോയി. നബി(സ) തിരുമേനിയുടെ തിരുസന്നിധിയിൽ കടന്നപ്പോൾ ആ മഹാത്മാവ് അദ്ദേഹത്തിനും മാപ്പുകൊടുത്തു. (അൽ ഹൽബിയ)